G.57
250656

# ജീവൻ, വെളിച്ചം, വെടിപ്പ്

## സ്കൂൾ ഉപയോഗത്തിന്നായുള്ള സുഖാധാര വിഷയ ആദ്യ പുസ്തകം.

G 57

പാഞ്ചാലരാഷ്ട്രത്തിൽ വിദ്യാശാലാധികാരികളായ ഡയരക്ടർ
അവർകളുടെ അധികാരത്തിന്നുൾപ്പെട്ടു
പ്രസിദ്ധമാക്കപ്പെട്ടതു.

SEN GUPTA MEMORIAL
READING ROOM & LIBRARY
PUTHIYARA.

മദിരാശി:

ഗവൎമ്മെണ്ട് അച്ചുക്കൂടം സൂപ്രെഡെണ്ടിനാൽ അച്ചടിക്കപ്പെട്ടതു.

1913.

371.7
ED

# അനുക്രമണിക.

---

## 1 - ാം അദ്ധ്യായം.


ഭാഗം

രോഗത്തിൽനിന്നൊഴിഞ്ഞിരിപ്പാൻ ആവശ്യമായ അറിവു സമ്പാദിപ്പാനുള്ള ശക്തി ദൈവം മനുഷ്യൎക്കു കൊടുത്തിരിക്കുന്നു. ചില സുഖാധാര നിയമങ്ങൾ. ദേഹവൃത്തി. വസ്ത്രച്ചെടിപ്പ. ശുചിയായഭക്ഷണം. ശുദ്ധജലം. ശുദ്ധവായു. വ്യായാമം. മിതാനുഭവം. 1


## 2 - ാം അദ്ധ്യായം.


നല്ല ഒരു കിണർ. അതിലെ വെള്ളം സ്വച്ഛമായും ശുദ്ധമായും സൂക്ഷിക്കുന്നതു എങ്ങിനെയെന്നു. നല്ല കിണർ ജനങ്ങളെ വിഷൂചികയിൽനിന്നു രക്ഷിക്കുന്നു. വിഷൂചിക ഉണ്ടാകുന്നതു എങ്ങിനെയെന്നു. വിഷൂചിക പകരുന്നതു എങ്ങിനെയെന്നു. 8


## 3 - ാം അദ്ധ്യായം.


സുഖാധാര നിയമങ്ങളാൽ ഉണ്ടാകുന്ന നന്മ. തങ്ങളുടെ ഭവനങ്ങളിൽ ശുദ്ധവായുവുണ്ടായിരിപ്പാൻ ഒരു ഗ്രാമക്കാർ എന്തു ചെയ്യേണം. ഗ്രാമത്തിലേക്കുവററിയ സുഖമുള്ളൊരു ഭവനം. തണുപ്പില്ലാതിരിപ്പാൻ തക്കവണ്ണം ഭവനം പണിചെയ്യിപ്പിക്കുന്നതെങ്ങിനെ. ധാന്യം ശേഖരിക്കേണ്ടതെവിടെ. കന്നുകാലികളെ സൂക്ഷിക്കേണ്ടതെവിടെ. ശുദ്ധവായു. വെളിച്ചം. ജനല്പകൾ 13


## 4 - ാം അദ്ധ്യായം.


ഒരു ഗ്രാമം വെടിപ്പാക്കിവെക്കുന്നതു എങ്ങിനെ. ഗരംച്ചകൾ ഉണ്ടാകുന്നതിന്റെ കാരണം. ദുർവായുകൊണ്ടുണ്ടാകുന്ന രോഗങ്ങൾ. ഗരംച്ചകൾ മൂലം ഉണ്ടാകുന്ന രോഗങ്ങൾ. 18


## 5 - ാം അദ്ധ്യായം.


മലമ്പനി. ക്വിനീൻ എന്ന ഔഷധം ജനങ്ങളെ മലമ്പനിയിൽനിന്നു രക്ഷിക്കുന്നു. ക്വിനീൻ ഏതൊരു വൃക്ഷത്തിൽനിന്നുണ്ടാക്കപ്പെടുന്നുവെന്നു. ശിങ്കോനാവൃക്ഷം ഇന്ത്യയിൽ കൊണ്ടുവരപ്പെട്ടതു എങ്ങിനെയെന്നു. പരന്ന ക്വിനീൻ ഗുളികകൾ. 22


## 6 - ാം അദ്ധ്യായം.


കണ്ണുകാണാതെ ആകുന്നതിന്റെ രണ്ടു കാരണങ്ങൾ. വസൂരി. വസൂരി കീറിവെക്കുന്നതിനാൽ വസൂരി ഒഴിക്കാവുന്നതാണ്. രണ്ടു പ്രാവശ്യം കീറിവെക്കേണ്ട ആവശ്യം. കീറിവെക്കുന്നതിന്നുള്ള ഗോവസൂരിച്ചലം ഉണ്ടാക്കുന്നതു എങ്ങിനെയെന്നു 25


## 7 - ാം അദ്ധ്യായം.


ആരോഗ്യ രക്ഷാനിയമങ്ങളാൽ രാജ്യനിവാസികൾക്കു എത്ര അധികം നന്മയുണ്ടാകുന്നുണ്ടെന്നു. 28

## 8 - ാം അദ്ധ്യായം.

ഭാഗം

പാൎപ്പിന്നു സുഖമുള്ള നഗരിയിൽ നിരത്തുകൾ പടുക്കപ്പെടേണ്ടതു എങ്ങിനെയെന്നും, ചാലുകൾ ഏതു വിധത്തിൽ ആയിരിക്കേണമെന്നും, നഗരി ശുചീകരിക്കപ്പെടേണ്ടതു എങ്ങിനെയെന്നും, ചാലുകൾ വെടിപ്പായി സൂക്ഷിക്കുന്നതു എങ്ങിനെയെന്നും, വീടുകൾ നന്നെ അടുത്തുകൂടി ഇരിക്കരുതെന്നും, വീടുകളുടെ മുൻഭാഗവും പിൻഭാഗവും നല്ലവണ്ണം വെളിച്ചം കയറുന്നതായിരിക്കേണമെന്നും, തെരുവുകൾ വിശാലമായിരിക്കേണമെന്നും. 32

## 9 - ാം അദ്ധ്യായം.

ആസ്പത്രികൾ. നേത്രരോഗങ്ങൾ. തിമിരരോഗം. അശ്മരി (കല്ലടപ്പ്). ത്വക്ക് രോഗങ്ങൾ. ആസ്പത്രികൾമൂലമുണ്ടാകുന്ന നന്മ. ആസ്പത്രി ചികിത്സയുടെ പൂൎണ്ണഗുണം ലഭിക്കേണ്ടതു എങ്ങിനെ കിനീനെന്ന ഔഷധം എടുക്കപ്പെടുന്നവൃക്ഷം ഇന്ത്യയിലെ മലകളിൽ വളൎത്തപ്പെടുന്നു. ഭ്രാന്തൻ നായ് കടിച്ച ആളുകളെ ചികിത്സിക്കുന്നതിനുള്ള പ്രത്യേക ആസ്പത്രികൾ. പരന്ന കിനിൻ ഗുളികകൾ. വസൂരി കീറിവെക്കുന്നതിന്നുള്ള ഗോവസൂരിച്ചലം. ഡാക്ടർ ജന്നർ. 35

## 10 - ാം അദ്ധ്യായം.

ചീത്തവെള്ളം കുടിക്കുന്നതിനാലുള്ള അപകടം. ചീത്തവായു ശ്വസിക്കുന്നതിനാലുള്ള അപകടം. രോഗങ്ങൾക്കു കാരണം വിധിയല്ല. 41

## 11 - ാം അദ്ധ്യായം.

മലമ്പനി. മലമ്പനിയെങ്ങിനെ ഉണ്ടാകുന്നുവെന്നു. രക്തത്തിലുള്ള പ്രാണികൾ. കൊതുകൾ മലമ്പനിയുണ്ടാക്കുന്നതെങ്ങിനെയെന്നു. കൊതുകൾ വൎദ്ധിക്കുന്നതെങ്ങിനെയെന്നു. കൊതുകളുടെ വൎദ്ധനയെ നിൎത്തുവാൻ ചെയ്യപ്പെടേണ്ട കാൎയ്യങ്ങൾ. 48

## 12 - ാം അദ്ധ്യായം.

പെറു എന്ന രാജ്യം. കിനീൻ കണ്ടു പിടിക്കപ്പെട്ടതു .. .. 56

## 13 - ാം അദ്ധ്യായം.

കിനീൻ മലമ്പനി ഭേദപ്പെടുത്തുന്നതെങ്ങിനെ. മലമ്പനി മാറുവാൻ കിനീൻ സേവിക്കേണ്ടും ക്രമം മലമ്പനി പിടിക്കാതെ ഒരുവനെ കിനീൻ രക്ഷിക്കുന്നതെങ്ങിനെ. മലമ്പനി പിടിക്കാതിരിപ്പാൻ കിനീൻ സേവിക്കേണ്ടതെങ്ങിനെ. കിനീൻ ഉപദ്രവകരമല്ലെന്നു. 61

## 14 - ാം അദ്ധ്യായം.

പ്ലേഗ് എലിയാലുണ്ടാക്കപ്പെടുന്നതു. സുൽത്താന്റെയും, പ്ലേഗിന്റെയും, എലികളുടെയും കഥ. 66

## 15 - ാം അദ്ധ്യായം.

ജനങ്ങൾക്കു, എലികളിൽനിന്നു പ്ലേഗ് പിടിക്കുന്നതെങ്ങിനെ. എലികളുടെ ശരീരത്തിലുള്ള ചെള്ളുകൾ. പ്ലേഗ് പിടിച്ച എലി, മടയിൽനിന്നു പുറത്തേക്കു വന്നു ചാകുന്നതെന്തിന്നായിട്ടു എന്നു. 73

## 16 - ാം അദ്ധ്യായം.

ഭാഗം

പ്ലേഗുകൊണ്ടു മരിക്കുന്നതിൽനിന്നു രക്ഷപ്പെടുവാനുള്ള അഞ്ചു മാൎഗ്ഗങ്ങൾ. എലികൾ ചെയ്യുന്ന നാശം. മനുഷ്യന്റെയും എലിയുടെയും കഥ. എലികളെ കെണിയിൽ പിടിക്കേണ്ടതെങ്ങിനെ. എലികളെ വിഷംകൊടുത്തു കൊല്ലേണ്ടതെങ്ങിനെ. ഗ്രാമംതോറും പ്ലേഗ് വ്യാപിക്കുന്നതു നിൎത്തൽ ചെയ്യേണ്ടതെങ്ങിനെ. എലികൾ ചത്തിട്ടുള്ള ഭവനമാകട്ടെ, ഗ്രാമമാകട്ടെ വിടുന്നതുചിതം. പ്ലേഗ് ബാധിച്ചിട്ടുള്ള വീട്ടിൽ രാത്രി പോകുന്നതിനാലുള്ള അപകടം. പ്ലേഗ് ബാധിച്ച ഭവനത്തെ ശുചീകരിക്കേണ്ടതെങ്ങിനെ. പ്ലേഗ് കീറി വെക്കുന്നതിനാലുള്ള ഗുണം. പ്ലേഗ് ബാധിച്ച ജനങ്ങളെ ശുശ്രൂഷിക്കുകയും രോഗം ബാധിച്ചവരെ മരണത്തിൽനിന്നു രക്ഷിക്കുകയും ചെയ്യേണ്ടുന്ന ക്രമങ്ങൾ. 77

## 17 - ാം അദ്ധ്യായം.

വിഷൂചിക. വിഷൂചിക പരക്കുന്നതെങ്ങിനെ. വിഷൂചികയെ തടുക്കേണ്ടതെങ്ങിനെ. അശുചിയായ വെള്ളത്താലും പഴുക്കാത്ത പഴത്താലുമുണ്ടാകുന്ന അപകടം. വിഷൂചികക്കു ചികിത്സിക്കേണ്ടും മാൎഗ്ഗം. 88

## 18 - ാം അദ്ധ്യായം.

കുടിക്കുന്ന വെള്ളമെടുക്കുന്നതായ കിണറുകൾക്കൊ, ഉറവുകൾക്കൊ സമീപം വസ്ത്രങ്ങൾ നനച്ചിടുന്നതിനാലുള്ള അപകടം. 94

## 19 - ാം അദ്ധ്യായം.

വിഷൂചിക ബാധിക്കാതിരിപ്പാൻ സൂക്ഷിക്കേണ്ടതെങ്ങിനെയെന്നും, വിഷൂചിക ബാധിച്ചാൽ അതിനെ അമൎത്തേണ്ടതെങ്ങിനെയെന്നും. 98

## 20 - ാം അദ്ധ്യായം.

വൃത്തികേടായ നടവടികൾ. ദീനംപിടിച്ച നായ്ക്കളാലുണ്ടാകുന്ന അപകടം. തുപ്പുന്നതിനാലുള്ള അപകടം. ക്ഷയം. ക്ഷയരോഗത്തെ തടുക്കേണ്ടതെങ്ങിനെ. മലിനമായ പല്ലുകളാലുണ്ടാകുന്ന അപകടം. ക്ഷയരോഗത്തിന്നുള്ള ചികിത്സ. ക്ഷയരോഗം മാറുവാനുള്ള രണ്ടു വലിയ മരുന്നുകൾ. സമാപ്തി. 102

## ഗുരുനാഥന്നു.

ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന വിഷയം പഠിപ്പിക്കുന്നതിൽ നിങ്ങൾക്കുള്ള അദ്ധ്വാനം ചുരുക്കുവാൻ എഴുത്തുകാരൻ കഴിയുന്നത്ര ശ്രമിച്ചിരിക്കുന്നുവെന്നു വിശ്വസിക്കുന്നു.

ഒന്നാമതായി ഇതിലടങ്ങിയിരിക്കുന്ന സംഗതികളെ നിങ്ങൾ തന്നെ ഭംഗിയിൽ കരസ്ഥമാക്കുക. ആ സംഗതികൾ നിങ്ങൾക്കു നല്ല പരിചയം ആകുകയും പുസ്തകത്തിലെ ആലോചനകളോടു നിങ്ങൾ പൂൎണ്ണമനസ്സോടെ യോജിക്കയും ചെയ്യാതിരുന്നാൽ, അതിൽ അടങ്ങിയിരിക്കുന്ന തത്വം പഠിപ്പിക്കുന്നതു നിങ്ങൾക്കു അസാദ്ധ്യമായിരിക്കും.

ഒരു പുസ്തകം തന്നെ താണ തരങ്ങളിലേക്കും ഉയൎന്ന തരങ്ങളിലേക്കും ഉപയോഗിക്കേണ്ടിവരുന്നതു നിങ്ങളുടെ ബുദ്ധിമുട്ടുകളിൽ ഒന്നായിരിക്കും നിശ്ചയം. എന്നാൽ ഈ പുസ്തകത്തിന്റെ ഭാഗങ്ങൾ ചേൎത്തു കൂട്ടിയിരിക്കുന്ന ക്രമം, മേൽപറഞ്ഞ ബുദ്ധിമുട്ടിൽ നിങ്ങളെ ഏററവും സഹായിക്കുന്നതായി കാണപ്പെടും. വിഷയത്തെ സംബന്ധിച്ചു ഒരു വിധം അറിവു സ്കൂളിലേക്കു വരുന്ന ഏതൊരു കുട്ടിക്കും കൊടുക്കേണ്ടതു ആവശ്യം. ഏററവും പ്രായം കുറഞ്ഞ കുട്ടികൾ മുതൽ ഉയൎന്ന വിദ്യാൎത്ഥികൾവരെയുള്ളവരെ നാലു ക്ലാസ്സുകളായി തിരിക്കാം. ആരംഭക്ലാസിൽ ഒന്നാം അദ്ധ്യായത്തിൽ അടങ്ങിയിരിക്കുന്ന സുഖാധാരനിയമങ്ങൾ എല്ലാമെങ്കിലും പഠിപ്പിക്കുക.

രണ്ടാം ക്ലാസിൽ ഒന്നുമുതൽ ആറുവരെയുള്ള അദ്ധ്യായങ്ങളും, ഇരുപതാം അദ്ധ്യായവും, പ്ലേഗ് എന്ന മഹാരോഗത്തെ സംബന്ധിച്ചും കിനീൻ എന്ന മരുന്നു കണ്ടുപിടിച്ച വൃത്താന്തത്തെ സംബന്ധിച്ചും ഉള്ള അദ്ധ്യായങ്ങളിൽനിന്നു തിരഞ്ഞെടുക്കുന്ന സംഗതികളും പഠിപ്പിക്കുക. മൂന്നാംക്ലാസിൽ ഒന്നുമുതൽ പത്തുവരെയുള്ള അദ്ധ്യായങ്ങളും, രണ്ടാം ക്ലാസിലേക്കു പറഞ്ഞിരിക്കുന്ന വിഷയങ്ങളും പഠിപ്പിക്കാം. ഏററവും ഉയൎന്ന നാലാംക്ലാസിൽ പുസ്തകം മുഴുവനും പഠിപ്പിക്ക. ഇവ, നിങ്ങൾക്കു സഹായമായി വരുന്ന സൂചനകൾ മാത്രമാണ്. പലവിധ വിദ്യാൎത്ഥികളുടെ ആവശ്യത്തിന്നനുസരിച്ചു പുസ്തകത്തിൽനിന്നു ഭാഗങ്ങൾ തിരഞ്ഞെടുത്തു പഠിപ്പിക്കുന്നതിന്നു പലവിധ ക്രമങ്ങൾ നിങ്ങൾക്കു തന്നെ തോന്നാവുന്നതുമാണ്.

## വിദ്യാൎത്ഥികൾ.

ഠരം പുസ്തകത്തിന്റെ ആദ്യത്തെ പകുതി ഭാഗത്തിൽ, നിങ്ങളുടെ മുമ്പാകെ രണ്ടു രാജ്യങ്ങളുടെ വൎണ്ണനകൾ വെപ്പാൻ ഞാൻ ശ്രമിച്ചിരിക്കുന്നു. രണ്ടു രാജ്യങ്ങളും നിങ്ങളുടെ രാജ്യംപോലെ തന്നെയാണ്. ഒരു വ്യത്യാസം മാത്രമെയുള്ളു. നിങ്ങളുടെ സ്വന്ത രാജ്യത്തിൽ നിവസിക്കുന്ന ജനങ്ങൾ എല്ലാവരും സുഖാധാര നിയമങ്ങളും വ്യവസ്ഥകളും അനുസരിച്ചുപോരുന്നതായാൽ നിങ്ങളുടെ രാജ്യം ഏതു വിധം ആയിത്തീരുവാനിടയുണ്ടോ ആ വിധത്തിലാണ് ജ്ഞാനിയായ മഹാരാജാവിന്റെ രാജ്യത്തിന്റെ സ്ഥിതി.

നിങ്ങളും, നിങ്ങളുടെ ചുററിലും നിവസിക്കുന്നവരും, അനേകവിധ ദീനങ്ങളിൽനിന്നു രക്ഷപ്പെടേണ്ടതിന്നു എന്തെല്ലാം ചെയ്യേണ്ടതാണെന്നു പുസ്തകത്തിന്റെ രണ്ടാംഭാഗം നിങ്ങളെ പഠിപ്പിക്കുന്നു.

നിങ്ങളുടെ രാജ്യം പെട്ടെന്നു ആ ജ്ഞാനിയായ മഹാരാജാവിന്റെ രാജ്യംപോലെ ആയിത്തീരുക സാദ്ധ്യമല്ലെങ്കിലും, അങ്ങിനെ ആയിത്തീരുന്നതിലേക്കുള്ള ഗതി ഇപ്പോൾ തന്നെ ആരംഭിക്കാവുന്നതാണ്. ഠരം പുസ്തകം പഠിക്കുന്ന നിങ്ങളിൽ ഓരോരുത്തരും പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന ഉപദേശങ്ങൾക്കനുസരിച്ചു പ്രവൃത്തിക്കുന്നതായാൽ, നിങ്ങളുടെ രാജ്യം ജ്ഞാനിയായ മഹാരാജാവിന്റെ രാജ്യംപോലെ ആക്കിത്തീൎക്കുവാൻ, അതു സഹായമായ്വരും നിശ്ചയം. വായിപ്പാൻ നിങ്ങൾ പഠിച്ചിരിക്കുന്നതു നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ഒരു വലിയ അനുഗ്രഹമത്രെ. ആ അനുഗ്രഹം ലഭിച്ചിട്ടില്ലാത്തവരായി നിങ്ങൾക്കു ചുററും അനേകരുണ്ട്. ഇന്ത്യാരാജ്യനിവാസികൾ തങ്ങൾക്കു ചുററുമുള്ളവരോടു കാണിച്ചുപോരുന്ന ദയ സൎവ്വത്ര പ്രസിദ്ധമാണെല്ലൊ. ആയതുകൊണ്ടു ഠരം ചെറിയ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന സാരങ്ങൾ നിങ്ങൾ തന്നെ പഠിച്ചതു കൊണ്ടു തൃപ്തിപ്പെടാതെ നിങ്ങൾക്കു ചുററും വായിപ്പാൻ ശീലമില്ലാതെ ഇരിക്കുന്ന ജനങ്ങൾക്കും അതിലെ പാഠം പഠിപ്പിച്ചു കൊടുപ്പാൻ നിങ്ങളാൽ ആവതും ശ്രമിക്ക.

## ജീവൻ, വെളിച്ചം, വെടിപ്പു.

---

ജീവവ്യവസ്ഥകൾ, സുഖാധാര നിയമങ്ങൾ, രോഗങ്ങൾ ഒഴിപ്പാനുള്ള മാൎഗ്ഗങ്ങൾ എന്നിവയെപ്പററി (പഞ്ചാബു) രാജ്യനിവാസികൾക്കു വേണ്ടപ്പെട്ട പാഠങ്ങൾ.

ഇന്ത്യാ ചക്രവൎത്തി തിരുമനസ്സിലെ ആജ്ഞയിൻ കീഴുള്ള മഹാജനങ്ങളുടെ സുഖരക്ഷമാദികൾ മേല്ക്കുമേൽ വൎദ്ധിപ്പിച്ചു കൊണ്ടുവരുവാനുള്ള ശ്രമം തങ്ങളുടെ കൎത്തവ്യകൎമ്മമെന്നു ബോധിക്കയും അങ്ങിനെയുള്ള ശ്രമത്തിൽ ഏൎപ്പെട്ടിരിക്കുന്നതു തങ്ങളുടെ ഒരു വലിയ അവകാശമെന്നു എണ്ണുകയും ചെയ്തു പോരുന്ന ബ്രിട്ടീഷു ജനങ്ങളുടെ ദാസനായ ഒരുവനാൽ എഴുതപ്പെട്ടതു.

1912

SEN GUPTA MEMORIAL
PUTHIYARA.
READING ROOM & LIBRARY

---

# 1-ാം അദ്ധ്യായം.

രോഗത്തിൽനിന്നൊഴിഞ്ഞിരിപ്പാൻ ആവശ്യമായ അറിവു സമ്പാദിപ്പാനുള്ള ശക്തി ദൈവം മനുഷ്യൎക്കു കൊടുത്തിരിക്കുന്നു. ചില സുഖാധാര നിയമങ്ങൾ. ദേഹ വൃത്തി. വസ്ത്രവെടിപ്പു. ശുചിയായ ഭക്ഷണം. ശുദ്ധജലം. ശുദ്ധവായു. വ്യായാമം. മിതാനുഭവം.

വളരെ വിശേഷമായൊരു രാജ്യം ഭരിച്ചുകൊണ്ടിരുന്ന ഒരു രാജാവു ഇന്ത്യയിൽ ഒരിടത്തുണ്ടായിരുന്നു. അദ്ദേഹം നീതിയോടെ രാജ്യം ഭരിക്കയും, പ്രജകളുടെക്ഷേമം മേൽക്കുമേൽവൎദ്ധിപ്പിക്കുന്നതിന്നാവശ്യമായ നിയമങ്ങൾ ഏൎപ്പെടുത്തുന്നതിൽ അധികസമയം ചിലവഴിച്ചുപോരുകയും, ചെയ്യുതിനാൽ പ്രജകൾക്കു അദ്ദേഹത്തോടുണ്ടായ സ്നേഹം അല്പമല്ലായിരുന്നു. ആ രാജ്യത്തിൽ വെള്ളം ധാരാളമുണ്ടായിരുന്നു, മണ്ണു ഏററവും വളമുള്ളതും ഫലപുഷ്ടിയോടു കൂടിയതും, കന്നുകാലികൾ അനേകവും പുഷ്ടിയുള്ളവയും ആയിരുന്നു. ഇവകൾക്കു മേയുവാൻ പുല്ലു വേണ്ടത്രയുമുണ്ടായിരുന്നു.

എന്നാൽ ആ രാജ്യത്തിൽ എല്ലായ്പ്പോഴും ജനങ്ങളുടെയിടയിൽ രോഗങ്ങൾ വളരെ ഉണ്ടായിരുന്നതിനാൽ രാജാവിന്റെ ഹൃദയം സദാ ക്ലേശിച്ചുകൊണ്ടിരുന്നു. അനേകം ആളുകൾ ജ്വരംകൊണ്ടും അതിസാരംകൊണ്ടും മരിക്കുക പതിവായിരുന്നു. ഇതിന്നും പുറമെ കുറെ സംവത്സരങ്ങൾ ഇടവിട്ടു്, ക്രമമായി വിഷൂചിക ജനങ്ങളെ ആക്രമിക്കയും അവരിൽ അനേകരെ ഒന്നായി നശിപ്പിച്ചുപോരുകയും പതിവായി.

ഒരു ദിവസം രാജാവു ഡർബാർ കൂടിയിരിക്കെ പ്രധാന മന്ത്രിയോടും പ്രഭുക്കളോടും പറഞ്ഞതാവിതു:—"ഈ രാജ്യത്തിലെ പ്രജകൾ സാധുസ്വഭാവികളും അറിവില്ലാത്തവരുമാണ്. അവരുടെയിടയിൽ സദാ നാശംവരുത്തുന്നവയായ രോഗങ്ങളിൽനിന്നു തങ്ങളെതന്നെ രക്ഷപ്പെടുത്തുന്നതിന്നുള്ള മാൎഗ്ഗങ്ങൾ ഒന്നും തന്നെ അവൎക്കറിഞ്ഞുകൂടാ. രോഗങ്ങൾ വന്നു പിടിപെടുന്നതു വിധിയെന്നു അവർ കരുതുകയും അവർ മരിക്കുന്നതു ഈശ്വര കല്പിതമെന്നു പറഞ്ഞുവരികയും ചെയ്യുന്നു. ഞാൻ ഈശ്വരന്റെ എളിയ ഒരു ദാസനും, വാസ്തവത്തിൽ ദൈവേഷ്ടമെന്നു വിശ്വസിക്കുന്നതിന്നു കീഴ്പെടുവാൻ ഒരുക്കമനസ്സുള്ളവനും ആണ്. എന്നാൽ

ഈ കാൎയ്യത്തെ സംബന്ധിച്ചു ദീൎഘാലോചന ചെയ്തതിന്റെ ശേഷം ഒരു കാൎയ്യം എനിക്കു നിശ്ചയമായിരിക്കുന്നു. ഭക്ഷണസാധനങ്ങൾ സമൃദ്ധിയിൽ ഉണ്ടാകത്തക്കവണ്ണം നിലം കൃഷിചെയ്യേണ്ടതു എങ്ങിനെയെന്നു ശീലിപ്പാൻ ഈ ജനങ്ങളെ അനുവദിക്കയും, അവൎക്കു പാനം ചെയ്വാൻ പാലും വസ്ത്രങ്ങൾ ഉണ്ടാക്കുവാൻ രോമവും കിട്ടത്തക്കവണ്ണം ആട്ടുമാട്ടുകളെ അനവധിയായി അവൎക്കു നല്കിയിരിക്കയും, ചെയ്ത ഈശ്വരൻ, ഇത്ര അധികം ദോഷം വരുത്തിക്കൂട്ടുന്ന രോഗങ്ങൾ ഒഴിപ്പാനുള്ള മാൎഗ്ഗങ്ങൾ ഏവയെന്നു മനസ്സിലാക്കുവാൻ അവരെ അനുവദിക്കാതെ ഇരിക്കയില്ല. ആയതുകൊണ്ടു ഈ വക സംഗതികളെ കുറിച്ചു ജനങ്ങൾക്കു അറിവുണ്ടാക്കിത്തീൎക്കേണ്ടതിന്നു എന്തുചെയ്യേണമെന്നു നിങ്ങൾ എനിക്കുപദേശിച്ചാലും”.

സഭയിലുണ്ടായിരുന്ന ഒരു വലിയ കച്ചവടക്കാരൻ അപ്പോൾ മറുപടി പറഞ്ഞതു: “അല്ലയൊ രാജാവെ! തിരുമനസ്സുകൊണ്ടു ഈ കാൎയ്യത്തെ സംബന്ധിച്ചു അരുളിച്ചെയ്തതു സത്യംതന്നെ. കൊള്ളക്കൊടുക്കക്കായി അനേക ദൂര രാജ്യങ്ങളിൽ സഞ്ചരിപ്പാൻ അടിയനിടയായിട്ടുണ്ടു. ആ രാജ്യങ്ങളിൽ പലതിലും പ്രത്യേക നിയമങ്ങൾ നിൎമ്മിച്ചു വ്യവസ്ഥകൾ ഏൎപ്പെടുത്തീട്ടുണ്ടു. എങ്ങിനെയുള്ളവയെന്നാൽ—ആ വക നിയമങ്ങൾ അനുസരിക്കുന്നതിനാൽ ആ രാജ്യങ്ങളിലെ ജനങ്ങളുടെ ഇടയിൽനിന്നു വിഷൂചിക, ജ്വരം, അതിസാരം, രക്താതിസാരം, പ്ലേഗ്, വസൂരി, മുതലായ ദീനങ്ങൾ കേവലം പുറത്താക്കപ്പെട്ടിരിക്കുന്നു. ദേഹം ദിവസംതോറും വെള്ളം കൊണ്ടു കഴുകൽ, ദേഹത്തിന്മേൽ ധരിക്കുന്നതായ വസ്ത്രത്തിന്റെ വെടിപ്പു, ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുകയും പാകം ചെയ്കയും ചെയ്യുന്നതിൽ വെടിപ്പു, കുടിക്കുന്നവെള്ളത്തിന്റെ ശുചി, പാന പാത്രങ്ങളുടെ വെടിപ്പു, ദിവസം പ്രതിയുള്ള ദേഹവ്യായാമം, എന്നിത്യാദി അനേക സംഗതികളെ സംബന്ധിച്ച നിയമങ്ങൾതന്നെ. അവയെ അനുസരിക്കാത്തവന്നു ശക്തിയൊ നല്ല ദേഹസുഖമൊ അനുഭവിപ്പാൻ ഇടവരുമെന്നു യാതൊരു ആശയും ഇല്ല.

“ജനസമൂഹത്തിന്റെ സൌഖ്യരക്ഷയെ സംബന്ധിക്കുന്ന കാൎയ്യങ്ങളെക്കുറിച്ചാണ് നിയമങ്ങൾ ഏൎപ്പെടുത്തിയിരിക്കുന്നതു. ഭവനങ്ങൾ പണിയിക്കുമ്പോൾ സ്വല്പം പോലും തണുപ്പു നില്ക്കാതെ നല്ലവണ്ണം വരണ്ടതായും, വായുവും വെളിച്ചവും ധാരാളം കയറുന്ന

തായും, വിശാലമായും, വെടിപ്പാകുവാൻ എളുപ്പമായും ഉള്ള വിധത്തിൽ ഉണ്ടാക്കേണ്ടതാണെന്നുള്ളതു ൟ നിയമങ്ങളിൽ ഒന്നാകുന്നു. മറ്റുള്ള നിബന്ധനകൾ, വീടുകളിൽനിന്നും ഗ്രാമങ്ങളിൽനിന്നും സകല അഴുക്കും ദിവസംതോറും അകറ്റുക, നിരത്തുകൾ ചന്തസ്ഥലങ്ങൾ ഇവ ദിവസംതോറും ശുദ്ധിയാക്കിവെക്കുക, എല്ലാ ഓവുകളും ചാലുകളും ദിനംപ്രതി അടിച്ചു കഴുകി വെടിപ്പാക്കുക, പൊടി പൊന്തിവരാതിരിക്കത്തക്കവണ്ണം നിരത്തുകൾ ദിവസംതോറും നനക്കുക, മുതലായ സംഗതികളെ കുറിച്ചാണ.

“ആ രാജ്യങ്ങളിൽ നടപ്പാക്കിയിരിക്കുന്ന വേറെ ചില നിയമങ്ങൾ, നല്ല കിണറുകൾ ഉണ്ടാക്കുക, അവയിലെ വെള്ളം ശുദ്ധിയുള്ളതായി കുടിക്കുന്നതിന്നു പററിയതായി എന്നും ഇരിക്കത്തക്കവണ്ണം അവയെ കൊല്ലന്തോറും തേകി വെടിപ്പാക്കുകയും കേടുകൾ തീർക്കുകയും ചെയ്ക, അവയിലെ വെള്ളം അശുദ്ധമാക്കി കുടിക്കുന്നതിന്നു പററാത്തതാക്കിത്തീർക്കുന്ന യാതൊരു അഴുക്കും കുളങ്ങളിലും കിണറുകളിലും വന്നു ചേരാതവണ്ണം അവയെ സൂക്ഷിക്കുക, എന്ന കാൎയ്യങ്ങളെ പററിയാണ്. ആ രാജ്യങ്ങളിൽ ഇവയെയും ഇവയെപ്പോലെയുള്ള മററു അനേകം കാൎയ്യങ്ങളെയും ക്രമപ്പെടുത്തേണ്ടതിന്നായി ബുദ്ധിപൂൎവ്വകമായ നിയമങ്ങൾ ഉണ്ടു. ആ രാജ്യങ്ങളിലെ ജനങ്ങൾക്കു ൟ നിയമങ്ങൾ മൂലമുണ്ടാകുന്ന നന്മ വളരെ അധികം തന്നെ. ൟ നിയമങ്ങൾ അനുസരിക്കുന്നതു ജനങ്ങൾക്കു ഒരു പ്രയാസമായി തോന്നുന്നില്ല. നേരെ മറിച്ചു അവർ അവയെ സന്തോഷത്തോടെ പ്രമാണിച്ചു വരുന്നു. ഒരു പട്ടണത്തിലെയൊ ഗ്രാമത്തിലെയൊ ജനങ്ങൾ അവയെ എല്ലായ്പോഴും സന്തോഷത്തോടുകൂടെ പ്രമാണിക്കാഞ്ഞാൽ ആ പട്ടണമാകട്ടെ ഗ്രാമമാകട്ടെ രോഗങ്ങളിൽനിന്നു രക്ഷപ്പെടുകയൊ അതു ജനനിവാസത്തിന്നു സുഖവും സന്തോഷവുമുള്ള ഒരു സ്ഥലമായിത്തീരുകയൊ ചെയ്യുന്നതു അസാദ്ധ്യമായിരിക്കത്തക്കവണ്ണം അവ അത്ര അത്യാവശ്യമായ നിബന്ധനകളാകയാൽ തന്നെ.

“സ്വാമി! ഒരു കാൎയ്യംകൂടെ ഞാൻ ആ രാജ്യങ്ങളിൽ കണ്ടിട്ടുണ്ടു. ജനങ്ങൾ സന്തോഷത്തോടുകൂടെ ൟ നിയമങ്ങളെ പ്രമാണിക്കുന്ന രാജ്യങ്ങളിൽ പൈതങ്ങൾ ശക്തിയും സുഖവുമുള്ളവരായി വളൎന്നു വരുന്നു; യുവാക്കൾ ബലവാന്മാരും പരാക്രമശാലികളും മിക്കവാറും എല്ലാവരും വളരെ ദീൎഘായുസ്സുള്ളവരുമായി കാണപ്പെടുന്നു.

“ അതിലൊരു രാജ്യത്തിലേക്കു ഞാൻ പല പ്രാവശ്യവും പോയിട്ടുണ്ടു. അതു ഏററവും ജ്ഞാനിയായ ഒരു മഹാരാജാവിനാൽ ഭരിക്കപ്പെടുന്നു. അദ്ദേഹം മേൽപറഞ്ഞപ്രകാരമുള്ള നിയമങ്ങൾ ഉണ്ടാക്കുന്നതിനെ കുറിച്ചു ദീൎഘാലോചന ചെയ്കയും ആ നിയമങ്ങൾ ക്രമപ്പെടുത്തി നടത്തുന്നതിന്നു തനിക്കു സഹായികളായി ജ്ഞാനികളും വിദ്വാന്മാരുമായ അനേക വൈദ്യന്മാരെ തൻെറ അധീനത്തിൽ ചേൎത്തിയിരിക്കുകയും ചെയ്തിട്ടുണ്ടു.

“ രോഗങ്ങളെ സംബന്ധിച്ചും അവയുടെ കാരണങ്ങളെ സംബന്ധിച്ചും വളരെ അറിവും പഠിത്തവുമുള്ളവരാണ് ഈ വൈദ്യന്മാർ. രോഗങ്ങൾ ജനങ്ങളുടെ ഇടയിൽ പരക്കുന്ന മാൎഗ്ഗങ്ങൾ ഏവയെന്നു അവൎക്കു നല്ലവണ്ണം അറിയാം. ആ രോഗങ്ങൾ ഉണ്ടായി, പരന്നു ജനങ്ങളെ നശിപ്പിക്കാതെയിരിപ്പാനെന്തെല്ലാം കാൎയ്യങ്ങൾ ചെയ്യേണ്ടതാണെന്നു കണ്ടുപിടിക്കുന്നതിൽ അവർ മഹാസമൎത്ഥന്മാരുമാണ്.

“ അയ്യയോ സ്വാമി! ജനങ്ങളുടെയിടയിൽ കടന്നുകൂടി അത്യന്തം നാശം വരുത്തിക്കൂട്ടുന്ന രോഗങ്ങളിൽനിന്നു ഈ രാജ്യത്തിലെ ജനങ്ങളെ രക്ഷിക്കേണ്ടതിലേക്കായി ഏതെല്ലാം നിബന്ധനകളും നിയമങ്ങളും ഉണ്ടാക്കേണ്ടതാണെന്നു നമ്മെ പഠിപ്പിപ്പാൻ, ജ്ഞാനികളും വിദ്വാന്മാരുമായ ആ വൈദ്യന്മാരിൽ ഒരാളെ ഈ രാജ്യത്തിലേക്കു അയച്ചുതരേണമെന്നു ആ മഹാരാജാവു തിരുമനസ്സിലേക്കു ഒരു കത്തെഴുതി ദൂതന്മാർ മുഖാന്തരം കൊടുത്തയച്ചാലും.”

കപ്പപടക്കാരൻ പറഞ്ഞതു രാജാവിന്നു വളരെ ബോധിച്ചു. ആ ശ്രേഷ്ഠ മഹാരാജാവിൻെറ രാജ്യത്തിലേക്കു പോവാനായി യാത്രക്കൊരുങ്ങുവാൻ പ്രഥമപുത്രനായ ഇളയരാജാവിനോടു ഉടനെ കല്പിക്കയും, മഹാരാജാവിൻെറ രാജ്യം അനേക ആഴ്ച്ചവഴിദൂരമാകയാൽ രാജകുമാരനോടൊരുമിച്ചു പോകുവാൻ വളരെ കാവൽ പടയാളികളെയും പരിചാരകന്മാരെയും കല്പിച്ചയക്കയും, തിരുമുല്ക്കാഴ്ച്ചയായി ഒരു ആനയെയും വളരെ സ്വൎണ്ണാഭരണങ്ങളെയും കൊടുത്തയക്കുകയും, ജനങ്ങളുടെയിടയിൽ അത്യന്തം നാശംചെയ്യുന്ന രോഗങ്ങളിൽ നിന്നു അവരെ രക്ഷിക്കേണ്ടതിലേക്കു ആവശ്യമായ നിബന്ധനകളും നിയമങ്ങളും ഏൎപ്പെടുത്തുന്നതിൽ സഹായിപ്പാനായി ശാസ്ത്രജ്ഞനായ ഒരു വൈദ്യനെ അയച്ചുതരേണമെന്നു മഹാരാജാവി

ദനാട്ട അപേക്ഷിക്കുന്നതായി ഒരു കത്തു എഴുതി രാജകുമാരന്റെ പക്കൽ ഏല്പിക്കയും ചെയ്തു.

അനേക വിദേശ രാജ്യങ്ങളിൽ കൂടി സഞ്ചരിച്ചു പലവിധമായ ജനങ്ങളെയും കണ്ടു വളരെ ആഴ്ചകൾ കഴിഞ്ഞ ശേഷം രാജകുമാരനും പരിചാരക സൈന്യവും ആ ശ്രേഷ്ഠ മഹാരാജാവിന്റെ രാജ്യത്തിലെത്തി.

രാജ്യത്തിലെത്തിയപ്പോൾ അതിൽ നിവസിക്കുന്ന ജനങ്ങളേയും എല്ലാ ഭാഗത്തും കാണ്മാനുണ്ടായിരുന്ന വർദ്ധന സൂചനകളെയും സൂക്ഷിച്ചു അവർ അത്യന്തം ആശ്ചര്യപ്പെട്ടു.

ആ രാജ്യത്തിലെ ജനങ്ങൾ യോഗ്യരും ബലശാലികളുമായൊരു വർഗ്ഗമത്രെ; ശൈശവത്തിലൊ, യൌവനത്തിലൊ, ഉണ്ടാകുന്ന മരണങ്ങൾ അവരുടെഇടയിൽ വളരെ ദുർല്ലഭം. ആ രാജ്യത്തിൽ മിക്കപേരും എല്ലാവരും പൂർണ്ണവാർദ്ധക്യത്തിലെക്കു എത്തുകയും എഴുപതൊ എണ്പതൊ വയസ്സാകുന്നതുവരെ നല്ല സുഖവും ശക്തിയുമുള്ളവരായിരിക്കുകയും സാധാരണയാണ്. തങ്ങളുടെ സ്വരാജ്യത്തിൽ സാധാരണയായി കണ്ടുവരുംപോലെ വസൂരിക്കല ഉള്ളവരെയാകട്ടെ, അനേക കുരുടന്മാരെയാകട്ടെ, ആ രാജ്യത്തിൽ കാണ്മാനില്ല. ഇതിങ്കൽ രാജകുമാരനുണ്ടായ അത്ഭുതം അല്പമല്ലായിരുന്നു. കാരണം രാജ്യസ്ഥിതിയിൽ മഹാരാജാവിന്റെ രാജ്യവും തന്റെ പിതാവിന്റെ രാജ്യവും ഒരുപൊലെ; കാലാവസ്ഥയും ഒന്നുതന്നെ; വേനൽക്കാലവും വർഷകാലവും, ഉഷ്ണവും തണുപ്പും, രണ്ടു രാജ്യങ്ങളിലും ഭേദമില്ല.

രാത്രിതോറും രാജകുമാരൻ പരിചാരക സൈന്യത്തോടുകൂടെ രാജ്യത്തിലുള്ള ഏതെങ്കിലും ഒരു പട്ടണത്തിലൊ ഗ്രാമത്തിലൊ താമസിക്കും. അതിലെ ജനങ്ങൾ അവർക്കു സ്വാഗതം ചൊല്ലിവേണ്ടപ്പെട്ട സൽക്കാരങ്ങളോടുകൂടെ അവരെ സ്വീകരിക്കും. രാജകുമാരൻ അവരോടു മഹാരാജാവിന്റെ ആ രാജ്യത്തെ സംബന്ധിച്ചു അനേക ചോദ്യങ്ങൾ ചോദിക്കുക പതിവാണ്. "ഈ രാജ്യത്തിലെ ജനങ്ങൾ ഇത്ര യോഗ്യരും ബലശാലികളും ആയിത്തീർന്നിരിക്കുന്നതെങ്ങിനെ?" എന്നു താൻ അവരോടു ചോദിച്ചു.

"ഈ രാജ്യത്തിലെ ജനങ്ങൾ ഇത്ര യോഗ്യരും ബലശാലികളുമാവാനുള്ള കാരണം അവർ കുട്ടിക്കാലം മുതൽക്കെ സുഖാധാര നിയമങ്ങൾ അനുസരിച്ചുപോരുന്നതുകൊണ്ടാണ്" എന്നു അവരുത്തരം പറഞ്ഞു.

രാജകുമാരൻ—"സുഖാധാര നിയമങ്ങൾ ഉളവയെന്നും അവയെ അനുസരിക്കുന്നതു എളുപ്പമാണൊ എന്നും എന്നോടു പറഞ്ഞാലും".

ജനങ്ങൾ—"സുഖാധാര നിയമങ്ങൾ എണ്ണത്തിൽ ഒട്ടു വളരെയുണ്ടെങ്കിലും അവയെല്ലാം അനുസരിപ്പാൻ എളുപ്പമായവയാണു."

രാജകുമാരൻ—"അവയിൽ ചിലതു കേൾക്കട്ടെ."

ജനങ്ങൾ—"സുഖാധാര നിയമങ്ങളിൽ ഒന്നു, ദിവസത്തിൽ ഒരു പ്രാവശ്യം ദേഹം മുഴുവനും വെള്ളം കൊണ്ടു കഴുകുക എന്നതത്രെ. സ്നാനം, മാംസപേശികൾക്കു ശക്തിയും ആരോഗ്യവുമുള്ളവയാക്കുന്നുവെന്നതും, തൊലിയിനെ ശുദ്ധീകരിച്ചു ആ മാർഗ്ഗമായി രക്തത്തിലുള്ള അശുദ്ധ സാധനങ്ങളെ പോക്കുന്നുവെന്നതുമാകുന്നു ഈ നിയമത്തിൻെറ ആധാരയുക്തി.

"വേറൊരു സുഖാധാര നിയമം, ദേഹത്തിന്മേൽ ധരിക്കുന്ന എല്ലാ വസ്ത്രങ്ങളും ആഴ്ചയിൽ ഒരു പ്രാവശ്യം കഴുകി വെടിപ്പാക്കേണമെന്നതത്രെ. വസ്ത്രങ്ങൾ കൂടക്കൂടെ വെടിപ്പാക്കാഞ്ഞാൽ, രക്തത്തിൽനിന്നു പുറപ്പെട്ടു തൊലിയിൽകൂടെ പുറത്തേക്കു വരുന്ന അനേക അശുദ്ധ സാധനങ്ങൾ വസ്ത്രങ്ങളിൽ കടന്നുകൂടി അവയെ അശുദ്ധമാക്കി രോഗകാരണമാക്കിത്തീർക്കുമെന്നതാണ്, ഈ നിയമത്തിൻെറ ന്യായം.

"വേറൊരു സുഖാധാരനിയമം, വളരെ ശുചിയുളെളാരു സ്ഥലത്തുവെച്ചു വളരെ വെടിപ്പുളള പാത്രങ്ങളിൽ പാകം ചെയ്യു വളരെ ശുചിയായ ഭക്ഷണം മാത്രമെ കഴിക്കാവൂവെന്നതത്രെ. ഇതിൻെറ ന്യായമെന്തെന്നാൽ രോഗമുണ്ടാക്കുന്ന അശുദ്ധസാധനങ്ങൾ അനേകവും ആദ്യമായി ഭക്ഷണത്തിൽ കടന്നുകൂടുകയും പിന്നെ ഭക്ഷണം കഴിക്കയിൽ അവ ഉളളിലേക്കു ചെന്നു രക്തത്തിൽ പ്രവേശിച്ചു രക്തത്തിൽ രോഗം ജനിപ്പിക്കയും ചെയ്യുന്നുവെന്നതാണ്.

"വേറൊരു സുഖാധാര നിയമം, ശുദ്ധിയുളെളാരു കിണററിൽനിന്നൊ ശുദ്ധിയുളള നീരുറവിൽനിന്നൊ ശുദ്ധിയുളള കുഴലിൽനിന്നൊ വെടിപ്പുളള പാത്രത്തിൽ എടുത്ത ഏററവും ശുദ്ധമായ ജലം മാത്രമെ കുടിക്കാവൂ എന്നത്രെ. രോഗമുണ്ടാക്കുന്ന അശുദ്ധ

സാധനങ്ങളിൽ അനേകം ആദ്യം വെള്ളത്തിലേക്കു കടന്നു ആ വെള്ളത്തോടുകൂടെ ഉള്ളിലേക്കു ചെന്നു രക്തത്തിൽ പ്രവേശിച്ചു രക്തത്തിൽ രോഗം ജനിപ്പിക്കുന്നുവെന്നതാണ്, ഈ നിയമത്തിന്റെ കാരണം. വെള്ളം കുടിച്ചു കഴിഞ്ഞാലുടനെ അതു ആമാശയത്തിൽ ചെല്ലുന്നു. അവിടെനിന്നു ഉടനെതന്നെ രക്തത്തിൽ പ്രവേശിക്കുന്നു. ആകയാൽ കുടിക്കുന്ന വെള്ളത്തിൽ അഴുക്കുണ്ടായിരുന്നാൽ രക്തവും അശുദ്ധിയായിത്തീരുന്നു. രക്തം ശുദ്ധിയായിരിക്കാഞ്ഞാൽ ദേഹത്തിന്നു സുഖമുണ്ടാകുമെന്നു ആശിക്കയുംവേണ്ട.

"സുഖാധാര നിയമങ്ങളിൽ വേറൊന്നു, അഴുക്കും ദുർഗ്ഗന്ധവും ഇല്ലാത്ത സ്വച്ഛമായും ശുദ്ധമായും ഉള്ള വായുവേ ശ്വസിക്കാവൂ എന്നതാണ്. ഇതിന്റെ കാരണം രോഗങ്ങളെ ഉണ്ടാക്കുന്ന അശുദ്ധ സാധനങ്ങളിൽ അനേകം ആദ്യം വായുവിൽ പരക്കുകയും അതിന്റെ ശേഷം നെഞ്ചിന്നുള്ളിലേക്കു ഉച്ഛ്വസിക്കുമ്പോൾ അവിടെനിന്നു രക്തത്തിൽ കടന്നു രക്തത്തിൽ രോഗം ഉണ്ടാക്കിത്തീർക്കുമെന്നതാണ്.

"സുഖാധാര നിയമങ്ങളിൽ വേറൊന്നു, നടത്തം, ഓട്ടം, കുതിരസവാരി, കളി, മുഷ്ടിയുദ്ധം, മരഉരുളകൾവീശിക്കളി, വ്യായാമശാസ്ത്രപ്രകാരമുള്ള മററെന്തെങ്കിലും അഭ്യാസം, എന്നിവയിൽ ഏതെങ്കിലും ക്രമമായി ദിവസന്തോറും ഒരു മണിക്കൂറുനേരം ശീലിച്ചു ദേഹത്തിലുള്ള എല്ലാ മാംസപേശികൾക്കും വ്യായാമത്തെ കൊടുക്കേണമെന്നാണ്. ദേഹത്തിലുള്ള മാംസപേശികൾ ദിവസന്തോറും ഊർജ്ജിതമായി ഉപയോഗിക്കപ്പെട്ടാൽ അവകു കരുത്തു വർദ്ധിച്ചുവരികയും ദേഹം തടിവെച്ചുപോകാതെ ഇരിക്കുകയും ചെയ്യുമെന്നതാണ് ഇതിന്റെ ആധാരയുക്തി. എന്നുമാത്രമല്ല, ദേഹത്തിലുള്ള മാംസപേശികൾ ഊർജ്ജിതമായി ഉപയോഗിക്കപ്പെടുമ്പോൾ രക്തകോശം വേഗത്തിൽ അടിക്കയും അധികം രക്തം മാംസപേശികളിൽ കൂടി ഒഴുകുകയും അവയിലുള്ള അഴുക്കുകളെ കഴുകിനീക്കുകയും ചെയ്യുമളവിൽ ത്വക്ക് ധാരാളമായി വിയപ്പ് പുറപ്പെടുവിക്കയും ഠരം വിയപ്പിൽ കൂടി അഴുക്കുകൾ എല്ലാം പുറത്തേക്കു തള്ളപ്പെടുകയും ചെയ്യും.

"സുഖാധാര നിയമങ്ങളിൽ വേറൊന്നു, ആവശ്യത്തിന്നുമാത്രം ഭക്ഷിക്കയും കുടിക്കയും ഉറങ്ങുകയും ചെയ്യേണമെന്നും ഇവയിൽ ഒന്നുപോലും അധികമായിപ്പോകരുതെന്നുമത്രെ. കാരണം, അനാ

വശ്യമായി അധികം ഭക്ഷിക്കയൊ കുടിക്കയൊ ഉറങ്ങുകയൊ ചെയ്യുന്നവൻ സുഖമായിരിക്കുന്നതു അസാദ്ധ്യം, തടിവെക്കുകയെയുള്ളു.

"സുഖാധാര നിയമങ്ങളിൽ അത്യാവശ്യമായ ചിലവയാണ് ഠരം പറഞ്ഞവ. അവയിൽ ഒന്നെങ്കിലും അനുസരിക്കുന്നതിന്നു പ്രയാസമുള്ളതല്ല. ഒരു മനുഷ്യൻ ഇവയെ അനുസരിക്കുന്നതായാൽ, മനുഷ്യവർഗ്ഗത്തെ പീഡിപ്പിക്കുന്ന രോഗങ്ങളിൽ മിക്കവാറും എല്ലാററിൽനിന്നും തന്നെത്തന്നെ രക്ഷിക്കാവുന്നതാകകൊണ്ടു, അവയെയെല്ലാം അനുഷ്ഠിക്കുന്നതു അവൻ നിശ്ചയമായും ചെയ്യേണ്ടുന്ന മുറയത്രെ. എന്നാൽ ഒരുവൻ ഇവയെ അനുസരിക്കാതെയിരുന്നാൽ അവൻ ബലവാനായി തീരുകയാകട്ടെ രോഗങ്ങളിൽനിന്നു തന്നെത്താൻ രക്ഷിക്കയാകട്ടെ ചെയ്യുമെന്നു ആശിപ്പാൻ വഴിയില്ല.

"സ്ഥിരോത്സാഹത്തോടുകൂടെ ഠരം നിയമങ്ങളെ അനുസരിച്ചു പോരുന്നവന്നുള്ള വിരുതുകൾ രണ്ടാണ്: സുഖവും, ബലവും. ഒരു മനുഷ്യൻ ഇവയെ നഷ്ടപ്പെടുത്തിയാൽ രാജാക്കന്മാരുടെ അധികാരത്താലാകട്ടെ ധനവാന്മാരുടെ സമ്പത്തിനാലാകട്ടെ ഇവയെ വീണ്ടുകൊള്ളുന്നതു അസാദ്ധ്യമാകയാൽ ഇവ രണ്ടും വിലമതിച്ചുകൂടാത്ത വരങ്ങൾ തന്നെ നിശ്ചയം."

രാജകുമാരൻ ഇതുകേട്ടു, "ഇവ ഏററവും തെളിവായ നിയമങ്ങൾ; അനുസരിക്കുന്നതിന്നു എളുപ്പവുമാണു. സ്ഥിരോത്സാഹത്തോടുകൂടി ഇവയെ അനുസരിക്കുന്നതിനു ആവശ്യമായ സ്വല്പ പ്രയാസത്തെ ജ്ഞാനിയായ ഒരുവൻ കേവലം ഗണ്യമാക്കുകയില്ല നിശ്ചയം. നേരെ മറിച്ചു തീർച്ചയായി ലഭിക്കുന്നവയായ സുഖം ബലം എന്ന രണ്ടു വിരുതുകളെക്കുറിച്ചു അവൻ കരുതുകമാത്രം ചെയ്യും" എന്നു മറുവടി പറഞ്ഞു.

---

## 2 - ാം അദ്ധ്യായം.

**നല്ല ഒരു കിണർ. അതിലെ വെള്ളം സ്വച്ഛമായും ശുദ്ധമായും സൂക്ഷിക്കുന്നതു എങ്ങിനെയെന്നു. നല്ല കിണർ ജനങ്ങളെ വിഷൂചികയിൽനിന്നു രക്ഷിക്കുന്നു. വിഷൂചിക ഉണ്ടാകുന്നതു എങ്ങിനെയെന്നു. വിഷൂചിക പകരുന്നതു എങ്ങിനെയെന്നു.**

വലിയ ചൂടുള്ള കാലമായിരുന്നു. രാജകുമാരനും പരിവാരവും അവരുടെ യാത്രയിൽ ഏതെങ്കിലും ഒരു ഗ്രാമത്തിന്നടുത്തുവന്നാൽ ഉടനെ അവർ കുടിച്ചു ദാഹം തീർക്കേണ്ടതിന്നായി വളരെ വെടി

ളളള പാത്രങ്ങളിൽ വെള്ളവുംകൊണ്ടു ഗ്രാമക്കാർ അവരെ എതിരേല്പാൻ വന്നിരുന്നു. ഈ വെള്ളം എല്ലായ്പോഴും വളരെ നിൎമ്മലമായതും നല്ലതും ആയിരുന്നു. എല്ലാ ഗ്രാമത്തിലും ഇത്ര നല്ല വെള്ളം എല്ലായ്പോഴും ഉണ്ടായിരിക്കുന്നതെങ്ങിനെയെന്നു ഒരു ദിവസം രാജകുമാരൻ ജനങ്ങളോടു ചോദിച്ചു. ചോദ്യത്തിന്നുത്തരമായി അവർ രാജകുമാരനെ കൊണ്ടുപോയി അവരുടെ ഒരു കിണർ കാണിച്ചുകൊടുത്തു. ഈ കിണർ വളരെ നല്ല ഇഷ്ടികകൊണ്ടു സൂക്ഷ്മത്തോടെ പണിചെയ്യതായിരുന്നു. കിണററിന്റെ വായിക്കൽ ഏകദേശം രണ്ടടി ഉയരത്തിൽ ഒരു മതിൽ പണിചെയ്തിരുന്നു. കിണററിന്നു ചുററും നാലു ചുവടു വെക്കുന്നദൂരംവരെ ഒരു തറ കെട്ടിയിരുന്നു. ഈ മതിലും തറയും മുമ്പു പറഞ്ഞപ്രകാരം തന്നെയുള്ള ഇഷ്ടികകൊണ്ടു സൂക്ഷിച്ചു കെട്ടിയതായിരുന്നു. ഇഷ്ടികയുടെ പുറമെ ബ്ലാത്തിക്കുമ്മായം ഇട്ടിരുന്നു. ഈ കുമ്മായം ഏററവും ഉറച്ചതും മിനുമിനുപ്പായതും ആകകൊണ്ടു മാർബിൾ കല്ലുപോലെയിരുന്നു. തറ കിണററിൽനിന്നു പുറത്തേക്കു എല്ലാ ഭാഗത്തും ചാമ്പ്രയായി കെട്ടിയിരുന്നു. ഈ തറയുടെ അററത്തു ഒരു ഓക കെട്ടിയിരിക്കുന്നതിൽ കൂടെ വെള്ളം ഒഴുകി വേറൊരു നേർചാലിലേക്കു ചെന്നു ചാടുന്നു. ഉപയോഗിച്ച അശുദ്ധജലമെല്ലാം ഈ മാൎഗ്ഗത്തൂടെ പുറത്തേക്കു പോകുന്നു. ഇങ്ങിനെ യാതോരഴുക്കും കിണററിലേക്കു പോകാതെ ഇരിക്കത്തക്കവണ്ണം അതു ഉണ്ടാക്കിയിരുന്നു.

ഈ കിണററിന്റെ അടുക്കൽ വെള്ളം വലിപ്പാനായി ഒരു മാസ്പടിക്കാരൻ ഉണ്ടു. വെള്ളത്തിന്നാവശ്യമുള്ളവർ തങ്ങളുടെ ജലപാത്രങ്ങൾ കൊണ്ടുവന്നു കിണററിൻ തറയിന്മേൽ വെക്കും. ഉടനെ വെള്ളം വലിക്കുന്നവൻ വലിയ ഒരു വെടിപ്പുള്ള പിത്തളപ്പാത്രം കിണററിലേക്കു താഴത്തി വെള്ളം കോരി ജനങ്ങളുടെ ജലപാത്രങ്ങൾ നിറച്ചു കൊടുക്കും. ആ കിണററിലെ വെള്ളം വളരെ നിൎമ്മലമായതും നല്ലതും ആയിരുന്നു.

രാജകുമാരൻ—"ഇതു വളരെ നല്ല ഒരു കിണർ; വെള്ളം വിശേഷമായിരിക്കുന്നു. ഇത്ര നല്ലതായ കിണറുകൾ വേറെ അനേകം ഈ രാജ്യത്തിലുണ്ടോയെന്നു എന്നോടു പറഞ്ഞാലും".

ജനങ്ങൾ ഉത്തരമായി പറഞ്ഞതു: "വലിയ ഗ്രാമങ്ങളിൽ ഈ കിണറുപോലെ തന്നെ നല്ലതായ കിണറുകൾ അനേകമുണ്ടു.

ഇപ്രകാരമുള്ള കിണർ ഒന്നെങ്കിലുമില്ലാത്ത ഗ്രാമമില്ല. എല്ലാ ഗ്രാമത്തിലും ഇപ്രകാരമുള്ള ഒരു കിണറെങ്കിലും വേണമെന്നും, അങ്ങിനെ പ്രജകളിൽ എല്ലാവക്കും കുടിക്കുന്ന വെള്ളം അത്യന്തം നിമ്മലമായതു കിട്ടേണ്ടതാണെന്നും, ൟ രാജ്യത്തിലെ മഹാരാജാവു കല്പിച്ചിട്ടുള്ളതുകൊണ്ടാണ് ഇങ്ങിനേയുള്ള കിണറുകൾ എല്ലാദിക്കിലും ഉണ്ടാക്കുവാൻ കാരണം. ഇങ്ങിനെയുള്ള ഓരോ കിണറിന്നും ഓരോ വെള്ളംവലിക്കാരനെ നിശ്ചയിച്ചിട്ടുണ്ടു. ആയാൾ ഉയന്ന ജാതിക്കാരൻ ആകകൊണ്ടു ആക്കും ആയാളുടെ വക്കൽ നിന്നു വെള്ളംവാങ്ങി കുടിക്കുന്നതിന്നു വിരോധമില്ല. വെള്ളം വലിക്കാരനൊ അവൻെറ കുടുംബത്തിൽ ഉള്ള ഒരാളൊ അല്ലാതെ വേറെ ആരും തന്നെ ഒരു പാത്രം ഇറക്കി വെള്ളംവലിച്ചുകൂടായെന്നു വിലക്കിയിരിക്കുന്നു. ൟ കിണററിൽനിന്നു വെള്ളം വലിക്കുന്നതിന്നു ഉപയോഗിക്കുന്ന ൟ പിത്തളപ്പാത്രം മറെറാരു കിണററിൽനിന്നു വെള്ളംവലിക്കുന്നതിന്നുപയോഗിച്ചുകൂടാ. ഈ പാത്രമെപ്പോഴെങ്കിലും നന്നാക്കുവാൻ ആവശ്യപ്പെട്ടമ്പോൾമാത്രമെ കിണററിങ്കൽ നിന്നു എടുക്കാവൂ എന്നും, നന്നാക്കിക്കഴിഞ്ഞാൽ, തീയും വെടിപ്പുള്ള മണലും ഉപയോഗിച്ചു അതു ശുദ്ധിയാക്കിയതിൻെറ ശേഷമേ പിന്നെ കിണററിലേക്കു താഴത്താവൂ എന്നും കല്പനയുണ്ടു".

രാജകുമാരൻ—"ഇവ ബുദ്ധിപൂൎവ്വകമായ നിബന്ധനകൾ തന്നെ നിശ്ചയം. എന്നാൽ വെള്ളം വലിക്കാരന്നു മാസപ്പടി കൊടുക്കുന്നതാരാണ്?".

ജനങ്ങൾ—"ഒരു വീട്ടിലെ ആവശ്യത്തിന്നു ദിവസംപ്രതിയെത്ര പാത്രം വെള്ളം വേണ്ടിവരുന്നുവൊ ആ കണക്കനുസരിച്ചു ഓരോ വീട്ടുടമസ്ഥനും ഒരു ചെറു സംഖ്യ പണം മാസന്തോറും കൊടുക്കേണം. ആഴംകൂടിയ കിണറായിരുന്നാൽ ആഴം കുറഞ്ഞ കിണററിൽനിന്നു വെള്ളമെടുക്കുന്നതിന്നു കൊടുക്കുന്നതിനേക്കാൾ അധികമായ ഒരു സംഖ്യ കൊടുക്കേണം".

രാജകുമാരൻ—"ഇപ്രകാരമുള്ള നിയമങ്ങൾ എല്ലാ കിണറുകളെ സംബന്ധിച്ചും ഏൎപ്പെടുത്തിയിരിക്കുന്നുവൊ?"

ജനങ്ങൾ—"കുടിക്കുന്നതിന്നും ഭക്ഷണം പാകം ചെയ്യുന്നതിന്നുമുപയോഗിക്കുന്ന വെള്ളം എടുക്കുന്ന കിണറുകളെ സംബന്ധിച്ചു

മാത്രമെ ഈവക നിയമങ്ങൾ ഏൎപ്പെടുത്തീട്ടുള്ളു. വസ്ത്രം അലക്കുന്നതിന്നും എടുപ്പുകൾ ഉണ്ടാക്കുന്നതിന്നും അങ്ങിനെയുള്ള മറ്റു ആവശ്യങ്ങൾക്കു മാത്രം ഉപയോഗിക്കുന്നു. വെള്ളം എടുക്കുന്നതിന്നു വേറെ കിണറുകളുണ്ടു. അങ്ങിനെയുള്ള കിണറുകളിൽനിന്നു ആൎക്കും യഥേഷ്ടം വെള്ളം കോരിയെടുക്കാം."

രാജകുമാരൻ—"ബുദ്ധിപൂൎവ്വകമായ ഇങ്ങിനേയുള്ള നിബന്ധനകൾ ഏൎപ്പെടുത്തുകയാൽ മഹാരാജാവവർകൾ വളരെ നന്മചെയ്യിരിക്കുന്നു, സംശയമില്ല."

ജനങ്ങൾ—"ഈ നിയമങ്ങൾകൊണ്ടുണ്ടായിരിക്കുന്ന നന്മ അല്പമല്ല. എല്ലാ മനുഷ്യനും കുടിക്കുന്നതിന്നുള്ള വെള്ളം എല്ലായ്പോഴും ശുദ്ധജലമായിരിക്കത്തക്കവണ്ണവും, അങ്ങിനെ അശുദ്ധജലംമൂലം ഉണ്ടാകുന്ന സകല രോഗങ്ങളിൽനിന്നും തന്നെത്താൻ രക്ഷിക്കത്തക്കവണ്ണവും, ഈ നിയമങ്ങൾ നിശ്ചയം വരുത്തിയിരിക്കുന്നു. കിണറുകളെ സംബന്ധിച്ചുള്ള ബുദ്ധിപൂൎവ്വകമായ ഈ നിയമങ്ങൾ ഏൎപ്പെടുത്തുന്നതിന്നുമുമ്പു വിഷൂചിക എന്ന ഭയങ്കര രോഗം ജനങ്ങളെ പലപ്പോഴും പീഡിപ്പിച്ചിരുന്നു. ചില കൊല്ലങ്ങളിൽ ആ രോഗം ഏററവും കഠോരമായി വ്യാപിക്കയും ചില ആഴ്ചകൾക്കുള്ളിൽ അനേകായിരം ജനങ്ങൾ രോഗം പിടിപെട്ടു മരിക്കയും പതിവായിരുന്നു. എന്നാൽ ഇക്കാലത്തു ഈ ബുദ്ധിപൂൎവ്വകമായ നിയമങ്ങൾമൂലം ആ ഭയങ്കര രോഗം ഈ രാജ്യത്തിൽ ഒരിക്കൽപോലും പരക്കുന്നില്ല.

"ഇതിൻെറ കാരണമെന്തെന്നാൽ, വെള്ളത്തിൽ ജീവിക്കുന്ന ലക്ഷോപലക്ഷം ചെറു പ്രാണികളൊ ബീജങ്ങളൊ മൂലമാണ് വിഷൂചിക എന്ന രോഗം ഉണ്ടാകുന്നതു. ഈ പ്രാണികളൊ ബീജങ്ങളൊ നമ്മുടെ കണ്ണുകൊണ്ടു കാണ്മാൻ വഹിയാതവണ്ണം അത്ര ചെറുതും, കാർമേഘരൂപത്തിൽ കൂട്ടമായിവരുന്ന വെട്ടുകിളികളെപ്പോലെ അസംഖ്യവും ആണ്. ഈ പ്രാണികളൊ ബീജങ്ങളൊ ഒരു മനുഷ്യൻെറ കുടലിന്നകത്തു കടന്നുകൂടി, കഠിനമായ അതിസാരമുണ്ടാക്കുന്നു. കുടലിൽനിന്നു രക്തത്തിലേക്കു പ്രവേശിച്ചു രക്തത്തിൻെറ ബലത്തെ നശിപ്പിക്കയാൽ, അവൻെറ ശക്തി തീരെ ക്ഷയിച്ചു കുറെ മണിക്കൂറിന്നിടയിൽ മരിച്ചുപോകുന്നു. കാർമേഘരൂപത്തിൽ കൂട്ടമായി വന്നു വയലുകളിൽ ഇറങ്ങി കുറേ മണി

ക്കുറിന്നുള്ളിൽ വിളവുകളെ മുഴുവൻ നശിപ്പിച്ചു വയലുകളെ വെളിവാക്കിക്കളയുന്ന വെട്ടുകിളികളെപ്പോലെ തന്നെ ഇവയും പ്രവൃത്തിക്കുന്നു.

"ഒരു മനുഷ്യന്നു വിഷൂചിക പിടിപെട്ടാൽ കഞ്ഞിവെള്ളം പോലെയുള്ള വെള്ളം ഛർദ്ദിക്കയും വയററിൽനിന്നു ഒഴിഞ്ഞുപോകയും ചെയ്യുന്നു. രോഗജനക പ്രാണികളൊ ബീജങ്ങളൊ ഈ വെള്ളത്തിൽക്കൂടെ പുറത്തേക്കു കടക്കുന്നു. ഛർദ്ദിക്കയൊ അതിസരിക്കയൊ ചെയ്യുന്ന ഈ വെള്ളത്തിൻെറ ഒരു തുള്ളി ഒരു കിണററിലെ വെള്ളത്തിലേക്കു കടന്നുകൂടിയാൽ ആ പ്രാണികളൊ ബീജങ്ങളൊ, ഉഴുത നിലത്തു വിതക്കുന്ന വിത്തുപോലെ, ആ വെള്ളത്തിൽ അനേകായിരം മടങ്ങു പെരുകുന്നു. ഇങ്ങിനെ അശുദ്ധമാക്കപ്പെട്ട കിണററിലെ വെള്ളം കുടിക്കുന്ന മനുഷ്യന്നു നിശ്ചയമായും വിഷൂചിക പിടിപെടും".

രാജകുമാരൻ—"ഇതു അതിശയം തന്നെ. ഈ പ്രാണികളൊ ബീജങ്ങളൊ കണ്ണുകൊണ്ടു കാണ്മാൻ വഹിയാതവണ്ണം അത്ര ചെറിയവയായിരിക്കേ വിഷൂചികയുടെ കാരണത്തെക്കുറിച്ചു നിങ്ങൾക്കിത്രയധികം അറിവുണ്ടായിരിക്കുന്നതെങ്ങിനെയെന്നു എന്നോടു പറഞ്ഞാലും".

ജനങ്ങൾ ഉത്തരമായി—"ഞങ്ങളുടെ മഹാരാജാവിൻെറ നഗരത്തിൽ ജ്ഞാനികളും വിദ്വാന്മാരുമായ അനേകം വൈദ്യന്മാരുണ്ടു. അവരുടെ പക്കലുള്ള സൂക്ഷ്മദർശിനി * (മൈക്രൊസ്കോപ്പ്) എന്ന അത്ഭുതകരമായ യന്ത്രക്കുഴൽകൊണ്ടു ഈ പ്രാണികളേയൊ ബീജങ്ങളേയൊ അവൎക്കു കാണ്മാൻ കഴിയുന്നതിനാൽ, അവർ എല്ലാ രോഗങ്ങളുടേയും കാരണങ്ങളെ അന്വേഷിച്ചു കണ്ടുപിടിക്കുന്നു. ആ ജ്ഞാനികളും വിദ്വാന്മാരുമായ വൈദ്യന്മാരിൽനിന്നാകുന്നു ഞങ്ങൾക്കു വിഷൂചികയെ സംബന്ധിച്ചുള്ള അറിവു ലഭിച്ചതു. കിണറുകളെ സംബന്ധിച്ചുള്ള നിബന്ധനകളുണ്ടാക്കുവാൻ മഹാരാജാവിന്നു ആലോചന പറഞ്ഞുകൊടുത്തതും അവർ തന്നെയാണ്."

---

* ചെറുതായി ദൂരത്തിൽ കാണുന്ന വസ്തുക്കളെ, അടുത്തായും വലുതാക്കിയും കാണിക്കുന്ന ദൂരദർശിനി (ടെലെസ്കോപ്പ്) എന്ന യന്ത്രക്കുഴൽപോലെ, നന്ന ചെറിയ വസ്തുക്കളെ വലുതാക്കിക്കാണിക്കുന്നതിന്നുള്ള ഒരു യന്ത്രമാണ സൂക്ഷ്മദർശിനി. വലിയ ഒരു സൂക്ഷ്മദർശിനിയിൽ കൂടെ നോക്കുന്നതായാൽ ഒരു രോമം തടിച്ച ഒരു കയറുപോലെ കാണപ്പെടും. രോഗത്തെ ജനിപ്പിക്കുന്ന സൂക്ഷ്മപ്രാണികൾ, ഇപ്രകാരമുള്ള ഒരു സൂക്ഷ്മദർശിനിയിൽ കൂടെ നോക്കിയാൽ അല്ലാതെ അവയെ കാണ്മാൻപാടില്ലാതവണ്ണം, വാസ്തവത്തിൽ അത്ര ചെറിയവയാണെങ്കിലും, വലിയ ഒരു സൂക്ഷ്മദർശിനിയിൽകൂടെ നോക്കിയാൽ ഏകദേശം അരിമണിയുടെ വലിപ്പത്തിൽ കാണപ്പെടും.

SEN GUPTA MEMORIAL READING ROOM & LIBRARY PUTHIYARA.

## 3 - ാം അദ്ധ്യായം.

സുഖാധാരനിയമങ്ങളാൽ ഉണ്ടാകുന്ന നന്മ. തങ്ങളുടെ ഭവനങ്ങളിൽ ശുദ്ധവായുവുണ്ടായിരിപ്പാൻ ഒരു ഗ്രാമക്കാർ എന്തുചെയ്യേണം. ഗ്രാമത്തിലേക്കു പററിയ സുഖമുള്ളൊരു ഭവനം. തണുപ്പില്ലാതിരിപ്പാൻ തക്കവണ്ണം ഭവനം പണിചെയ്യിപ്പിക്കുന്നതെങ്ങിനെ. ധാന്യം ശേഖരിക്കേണ്ടതെവിടെ. കന്നുകാലികളെ സൂക്ഷിക്കേണ്ടതെവിടെ. ശുദ്ധവായു. വെളിച്ചം. ജനലുകൾ.

രാജകുമാരനും പരിവാരവും മഹാരാജാവിൻെറ നഗരിയിലേക്കു ആ വലിയ രാജ്യത്തുകൂടെ സഞ്ചരിക്കയിൽ ഒരു ദിവസം ഒരു വലിയ ഗ്രാമത്തിലെത്തി. അവിടെ വിദ്വാനായ ഒരു ന്യായാധിപതി താമസിച്ചിരുന്നു. അദ്ദേഹം രാജകുമാരനെ സ്വാഗതം ചൊല്ലി സ്വീകരിച്ചു തൻെറ വീട്ടിൽ കുറെദിവസം വിശ്രമിക്കേണമെന്നു അദ്ദേഹത്തോടപേക്ഷിച്ചു. രാജകുമാരൻെറ പിതാവിൻെറ രാജ്യത്തേയും അവിടുത്തെ ജനങ്ങളുടെ അവസ്ഥയേയും സംബന്ധിച്ചു ന്യായാധിപതി രാജകുമാരനോടു വളരെ കാൎയ്യങ്ങൾ ചോദിക്കുകയുണ്ടായി.

രാജകുമാരൻ പറഞ്ഞതു: "എൻെറ പിതാവിൻെറ രാജ്യം പ്രകൃതിയിൽ നിങ്ങളുടെ രാജ്യംപോലെതന്നെയാണ്. മണ്ണ്, വെള്ളം, ശീതോഷ്ണസ്ഥിതി, കാലാവസ്ഥ ഇവയെല്ലാം രണ്ടു രാജ്യങ്ങളിലും ഒരുപോലെതന്നെ. എന്നാൽ എൻെറ പിതാവിൻെറ രാജ്യത്തിലെ നിവാസികൾ ഈ രാജ്യത്തിലെ ജനങ്ങളെപ്പോലെ ശക്തിയുള്ളവരൊ, ഓജസ്സുള്ളവരൊ അല്ല. വിഷൂചിക, ജ്വരം മുതലായ അനേക രോഗങ്ങളാൽ അവർ വളരെ വലയുന്നതുമുണ്ട്".

ന്യായാധിപതി—"ഈ രാജ്യത്തിലെ എല്ലാ ജനങ്ങളും മനസ്സിലാക്കി സദാ അനുസരിച്ചു പോരുന്ന സുഖാധാര നിയമങ്ങൾ നിങ്ങളുടെ പിതാവിൻെറ രാജ്യത്തിലെ ജനങ്ങൾ മനസ്സിലാക്കുകയാകട്ടെ, അനുസരിക്കുകയാകട്ടെ ചെയ്യുന്നില്ല. അതായിരിക്കണം ഇത്ര വളരെ രോഗത്തിൻെറ കാരണം".

രാജകുമാരൻ—"അതു സത്യംതന്നെ, എന്നാൽ എൻെറ പിതാവിൻെറ രാജ്യത്തിൽ സുഖാധാരനിയമങ്ങളെ അനുസരിക്കുന്നതു ഈ രാജ്യത്തിൽ അവയെ അനുസരിക്കുന്നതുപോലെ അത്ര എളുപ്പമുള്ള കാൎയ്യമല്ല. സുഖാധാര നിയമങ്ങളിൽ ഒന്നു, ഒരു മനുഷ്യൻ ഏററവും ശുദ്ധമായജലമേ പാനംചെയ്യാവൂ എന്നുള്ളതാണല്ലൊ. ഈ രാജ്യത്തിൽ ആ നിയമം അനുസരിക്കുന്നതു എത്രയും എളുപ്പമാണ്. എല്ലാ സമയത്തും ശുദ്ധജലം കിട്ടുവാൻ

തക്കവണ്ണം ഇവിടെ എല്ലാ ഗ്രാമത്തിലും കുറഞ്ഞതു ഒരു കിണറെങ്കിലും ഉണ്ടല്ലൊ.

"സുഖാധാര നിയമങ്ങളിൽ വേറൊന്നു അഴുക്കും ദുർഗ്ഗന്ധവുമില്ലാത്ത സ്വച്ഛമായ ശുദ്ധവായുമാത്രമെ ശ്വസിക്കാവു എന്നതാണല്ലൊ. എന്നാൽ എന്റെ പിതാവിന്റെ രാജ്യത്തിൽ ഗ്രാമങ്ങളിലെ വായു ഏററവും അശുദ്ധിയായതും പലപ്പോഴും ദുർഗ്ഗന്ധത്തോടുകൂടിയതും ആകുന്നു. ഇങ്ങിനെയിരിക്കെ ഭവനങ്ങളിൽ ശുദ്ധ വായു ശ്വസിപ്പാൻ എങ്ങിനെ സാധിക്കും?"

ന്യായാധിപതി—"അവിടത്തെ സ്ഥിതി അങ്ങിനെയാണെങ്കിൽ ഭവനങ്ങളിൽ ശുദ്ധവായുവുണ്ടായിരിക്കയില്ല, നിശ്ചയം. എന്നാൽ ഇവിടെ എല്ലാ ഭവനങ്ങളിലും ശുദ്ധവായുവുണ്ടായിരിക്കത്തക്കവണ്ണം ഞങ്ങളുടെ മഹാരാജാവു ചില വിശേഷമായ സുഖാധാര നിയമങ്ങളെ ഏപ്പെട്ടുത്തീട്ടുണ്ട്".

രാജകുമാരൻ—"ചില നിയമങ്ങൾ ഉണ്ടെന്നും അവയെ ജനങ്ങൾ അനുസരിക്കുന്നതായാൽ ഗ്രാമത്തിലെ വായു നിശ്ചയമായും ശുദ്ധമുള്ളതായി തീരുമെന്നും ഇപ്പോൾ പറഞ്ഞുവല്ലൊ. ആവക സുഖാധാര നിയമങ്ങൾ ഏവയെന്നറിവാനെനിക്കാഗ്രഹമുണ്ട്".

ന്യായാധിപതി—"അവയിൽ ഒന്നു, ഒരു ഗ്രാമത്തിലുള്ള എല്ലാ വീടുകളും തെരുവുകളും ദിവസം പ്രതി അടിച്ചു വെടിപ്പാക്കുകയും, കാഷ്ഠം, ചണ്ടി, ചവറു, കുപ്പ മുതലായവ എല്ലാ വീടുകളിൽനിന്നും, തെരുവുകളിൽനിന്നും നീക്കംചെയ്തു വയലിൽ ദൂരെ ഒരു ദിക്കിൽ കൊണ്ടുപോയി ഇടുകയും ചെയ്യേണമെന്നത്രെ. അവിടെ അതു മണ്ണിട്ടു മൂടുകയും പിന്നീടു കൃഷിക്കാർക്കു നിലത്തിന്നു വളമായി ചേർപ്പാൻ അതു ഉപയോഗിപ്പാനുള്ള കാലമാകുന്നതുവരെ സൂക്ഷിക്കുകയും ചെയ്യുന്നു. ഇങ്ങിനെയുള്ള ഒരു നിയമം ഏപ്പെട്ടുത്തിയിരിക്കുന്നതിന്റെ കാരണം, കാഷ്ഠവും ചണ്ടിയും അശുദ്ധ വസ്തുക്കളായിരിക്കെ അവ ഒരു ഗ്രാമത്തിൽതന്നെ കിടക്കുന്നതായാൽ ദുർഗ്ഗന്ധം പുറപ്പെട്ടു, വായു അശുദ്ധമായി രോഗകാരണമായി തീരുമെന്നതാണ്".

രാജകുമാരൻ—"അതു ഒരു നല്ല നിയമംതന്നെ; വായുസ്വച്ഛവും ശുദ്ധവും ആയിരിപ്പാൻ വേണ്ടി വേറെ അനേകം നിയമങ്ങളുണ്ടൊ?"

ന്യായാധിപതി—"വീടുകൾ പണിയിക്കേണ്ട പ്ലാൻ സംബന്ധിച്ച മററു ചില സുഖാധാരനിബന്ധനകൾ ഉണ്ടു. ഈ രാജ്യത്തിലുളള വീടുകൾ പണിചെയ്യിരിക്കുന്ന പ്ലാൻ കണ്ടു നല്ലവണ്ണം മനസ്സിലാക്കേണ്ടതിന്നു എന്നോടുകൂടെ ഗ്രാമത്തിലേക്കു പോന്നാലും".

ഇതിന്നു ശേഷം ന്യായാധിപതി രാജകുമാരനെ ഒരു പാവപ്പെട്ട മനുഷ്യന്റെ വീട്ടിലേക്കു കൊണ്ടുപോയി. കുഴച്ചമണ്ണും വെയിലിൽ ഉണങ്ങിയ മൺകട്ടയും കൊണ്ടായിരുന്നു ആ വീടെടുക്കപ്പെട്ടിരുന്നതു. വീട്ടിന്റെ വാതിൽ കടന്നു അകത്തേക്കു ചെല്ലുന്നതു ഒരു നടുമുററത്തിലേക്കാണ്. ഈ തറ നിരത്തിന്റെ നിരപ്പിൽനിന്നു ഒരടി ഉയർത്തീട്ടുണ്ട്.

ന്യായാധിപതി—"മുററത്തിന്റെ തറ നിരത്തിന്റെ നിരപ്പിനേക്കാൾ ഒരടി ഉയർത്തിയിരിക്കുന്നതു നല്ല കാര്യം തന്നെ. അതുകൊണ്ടു മഴക്കാലത്തു, വെളളപ്പൊക്കമുളള സമയങ്ങളിൽ പോലും, വീട്ടിന്നകത്തു തണുപ്പു കടക്കാതെ വരണ്ടതായിരിക്കും. വീടു ഈറൻ തട്ടിയിരുന്നാൽ അതിലെ വായു അശുദ്ധമാകുവാനും രോഗകാരണമാകുവാനും ഇടയാകുമല്ലൊ".

ഠരം നടുമുററത്തിന്റെ ഒരു ഭാഗത്തു തുറന്ന ഒരു നെടുമ്പുര മതിലിനോടുചേർത്തു ഉണ്ടാക്കിയിരിക്കുന്നു. ഠരം നെടുമ്പുരയിൽ മണ്ണറകൾ തീർത്തിരിക്കുന്നു. അവയിലാണു ധാന്യം ശേഖരിച്ചിരിക്കുന്നതു.

ന്യായാധിപതി—"ധാന്യം സൂക്ഷിക്കുന്നതിന്നുളള അറകൾ മനുഷ്യർ പാക്കുന്ന മുറികളിൽ വെക്കാത്തതു നല്ല കാര്യംതന്നെ. ഈ അറകളിൽനിന്നാണ് എലികളും ചുണ്ടെലികളും മുറികളിലേക്കു പുറപ്പെടുന്നതു. ഈവക ജന്തുക്കളാണ് പ്ലേഗു എന്ന മഹാരോഗത്തിന്റെ കാരണമായിത്തീരുന്നതു. ഇതു ഹേതുവായിത്തന്നെ മനുഷ്യർ പാക്കുന്ന മുറികളിൽ ഭക്ഷണസാധനങ്ങളുടെ ഒരു പൊടിപോലും ഇട്ടേക്കുവാൻ സമ്മതിക്കരുതാത്തതാണ്".

നടുമുററത്തിന്റെ ഒരററത്തു വീട്ടുകാർ പാക്കുന്ന മുറിയും മറെറ അററത്തു കന്നുകാലികളെ രാത്രിയിൽ കെട്ടിസൂക്ഷിക്കുന്നതിന്നുളള തൊഴുത്തും ഉണ്ടാക്കിയിരുന്നു.

ന്യായാധിപതി—"മനുഷ്യർ കിടക്കുന്ന മുറിയിൽ തന്നെ കന്നുകാലികളെ കെട്ടിനിർത്താതെ ഇരിക്കുന്നതു ഗുണകരമായ കാര്യം.

കന്നുകാലികൾ ശുദ്ധവായു ഉപയോഗിച്ചു തീക്കുകയും വായുവിനെ അശുദ്ധമാക്കുകയും ചെയ്യുമെല്ലൊ".

ഇതിന്റെ ശേഷം അവർ രണ്ടുപേരുംകൂടെ വീട്ടുകാർ പാക്കുന്ന മുറിയിലേക്കു കടന്നു. ഈ മുറിയുടെ തറ മുററത്തിന്റെ നിരപ്പിറെക്കാൾ അരയടി ഉയത്തി ഉണ്ടാക്കിയിരിക്കയാൽ വെള്ളപ്പൊക്കമുള്ള കാലത്തിൽ പോലും ഒട്ടു തണുപ്പു മുറിയിലേക്കു പ്രവേശിക്കാതെ മുറി എല്ലായ്പോഴും വരണ്ടതായും സുഖമുള്ളതായും ഇരിക്കുന്നു. മുറി വലുതാണ്. അതിന്റെ ഒരു ഭാഗത്തു വാതിലും, മറെറ മൂന്നുഭാഗങ്ങളിൽ ഏകദേശം ഒരു മനുഷ്യന്റെ തല നിരപ്പിൽ ഓരോ ജനലുകളും വെക്കപ്പെട്ടിരിക്കുന്നു. ജനലുകൾ ഓരോന്നിലും ഓരോ ഇരിമ്പു ജാലകം ഇട്ടുറപ്പിച്ചിട്ടുണ്ടു.

ന്യായാധിപതി—"ഒരു ഭാഗത്തു വാതിലും മററു മൂന്നുഭാഗങ്ങളിലും ജനലുകളും ഉണ്ടാക്കിയിരിക്കുന്നതു നല്ല കാൎയ്യം. ഇതിനാൽ ധാരാളം വായു മുറിയിലേക്കു കടക്കുന്നതിന്നും പുറത്തേക്കു പോകുന്നതിന്നും മാൎഗ്ഗമുണ്ടു. ആളുകൾ ഈ മുറിയിൽ ഉറങ്ങുമ്പോൾ അവർ പുറത്തേക്കു ശ്വാസിച്ചുവിടുന്ന അശുദ്ധവായു ഈ ജനലുകളിൽകൂടെ പുറത്തേക്കുപോവുകയും അതിന്നുപകരം ശുദ്ധവായു പുറത്തുനിന്നു പ്രവേശിക്കയും ചെയ്യും. മനുഷ്യന്റെ ശ്വാസകോശങ്ങളിൽനിന്നു പുറത്തേക്കുവരുന്നവായു അശുദ്ധമായതാണ്. അതു മുറിയിൽ കെട്ടിനിന്നു വീണ്ടും ശ്വാസിക്കപ്പെട്ടാൽ വളരെ രോഗത്തിന്നു കാരണമായി ഭവിക്കും. ജനലുകളിന്മേൽ ഉറപ്പിച്ചിരിക്കുന്ന * ഇരിമ്പു ജാലകം വളരെ ഉപയോഗമുള്ളതുതന്നെ. വെളിച്ചവും ശുദ്ധവായുവും അകത്തു പ്രവേശിക്കുന്നതിന്നു അതു അനുവദിക്കുന്നു എങ്കിലും, ഉറപ്പായി പിടിപ്പിച്ചിരുന്നാൽ കള്ളന്മാർ അകത്തു കടക്കുന്നതസാദ്ധ്യം. വെളിച്ചംമൂലം വായു ശുദ്ധീകരിക്കപ്പെടുന്നതിനാൽ ധാരാളം വെളിച്ചം മുറിയിൽ കടക്കുന്നതു ഗുണമാണ്. മനുഷ്യർ ബലവും സുഖവും ഉള്ളവരായിരിക്കേണ്ടതിന്നു ധാരാളം വെളിച്ചം ആവശ്യം. ഇരുട്ടുമുറികളിൽ താമസിച്ചുപ്രവൃത്തി ചെയ്യുന്നവർ രക്തപ്രകാശമില്ലാത്തവരായി ക്ഷീണിച്ചു രോഗാൎത്തരായിതീരുന്നു".

---

* ഇവിടെ പറഞ്ഞിരിക്കുന്ന ഇരിമ്പു ജാലകം പഞ്ചാബ് നഗരികളിൽ ഇന്ത്യക്കാരുടെ വീടുകളിൽ ധാരാളം ഉപയോഗിച്ചു കാണുന്നുണ്ട്. അവർ അതിന്നു "ലോഹേകിജംഗി" എന്നു പേർ പറഞ്ഞു വരുന്നു.

വീട്ടിൻെറ പുറഭാഗത്തുകൂടെ മുകളിലെ വെണ്മാടത്തിലേക്കു കയറുവാൻ ഒരു മൺ കോണിയുണ്ടാക്കിയിരിക്കുന്നു.

ന്യായാധിപതി—"വീട്ടിൻെറ മുകൾ ഭാഗത്തേക്കു കയറുവാൻ ഇങ്ങിനെ ഒരു കോണിയുണ്ടാക്കിയിരിക്കുന്നതു ഏററവും നന്നായി. വൈകുന്നേരം അവിടെ കയറി ഇരുന്നു തണുപ്പുള്ള സ്വച്ഛവായു ശ്വസിക്കുന്നതു സന്തോഷകരമത്രെ. കിടക്കകൾ പുതപ്പുകൾ മുതലായവയെല്ലാം അവിടെ വിരിച്ചു വെയിലും വെളിച്ചവും തട്ടി ശുദ്ധിയാക്കപ്പെടേണ്ടതും അത്യാവശ്യം. ഇതിൻെറ ന്യായമെന്തെന്നാൽ—മനുഷ്യശരീരത്തിൽനിന്നു പുറപ്പെടുന്ന വിയർപ്പു അശുദ്ധമാണെന്നതും, കിടക്കകളിന്മേൽ പിടിച്ചാൽ അവയും അശുദ്ധമായി, രോഗകാരണമായിതീരുമെന്നതും അത്രെ. എന്നാൽ സൂൎയ്യപ്രകാശവും ഉഷ്ണവും ഈവക മലിനതകളെ എല്ലാം നശിപ്പിക്കയും ഈച്ചകൾ പേനുകൾ മുതലായവയെ ഓടിച്ചു കളയുകയും ചെയ്യുന്നു".

രാജകുമാരൻ—"അല്ലയോ ന്യായാധിപതേ! ഈ വീടുകൾ ഉണ്ടാക്കുന്നതിനെ സംബന്ധിച്ചു വല്ല നിയമങ്ങളും ഏൎപ്പെടുത്തിയിരിക്കുന്നുവൊ എന്നെന്നോടു പറഞ്ഞാലും".

ന്യായാധിപതി—"ഗ്രാമസഭയുടെ അനുമതികൂടാതെ യാതൊരു ഗ്രാമത്തിലും വീടുപണിയിച്ചുകൂടാ. ഒരു വീടുപണിചെയ്യിക്കേണമെന്നൊരുവൻ നിശ്ചയിച്ചു കഴിഞ്ഞാൽ ഗ്രാമസഭയോടനുമതിക്കായപേക്ഷിക്കയും അപ്പോൾ തന്നെ വീട്ടിൻെറ ആകൃതി ഏതുവിധമായിരിക്കുമെന്നു സഭയെ അറിയിക്കുകയും വേണം. ആകൃതി തൃപ്തികരമായിരുന്നാൽ സഭ വേണ്ടപ്പെട്ട അനുമതി നല്കുകയും ചെയ്യുന്നു" എന്നുത്തരം പറഞ്ഞു.

ഇതിൻെറ ശേഷം ന്യായാധിപതി രാജകുമാരനെ ആ ഗ്രാമത്തിൽ മററു അനേക വീടുകളിലേക്കു കൂട്ടിക്കൊണ്ടുപോയി. ഈ വീടുകളെല്ലാം നല്ല മാതൃക അനുസരിച്ചു പണിചെയ്യപ്പെട്ടിരുന്നു. എല്ലാം വെടിപ്പുള്ളവയും, വിശാലമായവയും, നല്ല വായുസഞ്ചാരമുള്ളവയും ആയിരുന്നു. ആ ഗ്രാമത്തിലും അതിലുള്ള എല്ലാ വീടുകളിലും വായു സ്വച്ഛമായതും, ശുദ്ധമായതും, ദുൎഗ്ഗന്ധം തീരെ ഇല്ലാത്തതുമായിരുന്നു.

ന്യായാധിപതി—"ഭവനങ്ങൾ പണിയുന്നതിനെക്കുറിച്ചു ബുദ്ധിപൂൎവ്വകമായ ഈ നിയമങ്ങൾ മഹാരാജാവു ഏൎപ്പെടുത്തുന്നതിന്നു മുമ്പുള്ള കാലങ്ങളിൽ ജനങ്ങൾ വീടുകൾ പണിചെയ്യിപ്പിച്ചിരുന്നതു

തെററായ വിധമായിരുന്നു. വീട്ടുകാംക്കു ആ കാലത്തിൽ ജനലുകാം വെക്കാറില്ല. അതുകൊണ്ടു അവ ഇരുട്ടടഞ്ഞിരുന്നു. ശുദ്ധവായു വും വെളിച്ചവും അകത്തേക്കു കടക്കുന്നതിന്നൊ, അശുദ്ധവായു പുറത്തേക്കു പോകുന്നതിന്നൊ യാതൊരു നിവൃത്തിയും ഉണ്ടായിരുന്നില്ല. കന്നുകാലികളെ കെട്ടി സൂക്ഷിക്കുന്നതിന്നു പററിയതായ ആലകാം ആകട്ടെ, ധാന്യം ശേഖരിക്കുന്നതിന്നുള്ള പത്തായങ്ങാം വെക്കുന്നതിന്നു പ്രത്യേകമായ സ്ഥലമാകട്ടെ, ഉണ്ടായിരുന്നില്ല. ഇപ്രകാരമുള്ള ചീത്ത ഭവനങ്ങളിൽ ഒരേ മുറിയിൽതന്നെ മനുഷ്യരും കന്നുകാലികളും ഒന്നായി ജീവിച്ചു പോന്നു. ഇതു ഹേതുവായി, വായു വളരെ അശുചിയാകയും, ഇവയെല്ലാം അത്യന്തം രോഗകാരണങ്ങളാകുകയും ചെയ്തിരുന്നു. മഹാരാജാവേർപ്പെട്ടുത്തിയ ബുദ്ധിപൂർവ്വകമായ നിയമങ്ങാം ഈ അവസ്ഥയെ എല്ലാം തീരെ മാററിയിരിക്കുന്നു. ഈ നിയമങ്ങാം അനുസരിക്കുന്നതു പ്രയാസമായി ജനങ്ങാംക്കു തോന്നീട്ടുമില്ല. നല്ല മാതൃകയിൽ ഒരു വീട്ടു പണിയിക്കുന്നതിന്നു, ചീത്ത മാതൃകയിൽ പണിചെയ്യിപ്പിക്കുന്നതിനേക്കാാം ചിലവൊ അദ്ധ്വാനമൊ ഒട്ടുംതന്നെ അധികംവേണ്ടല്ലൊ. സത്യാവസ്ഥ വിചാരിച്ചു നോക്കുമ്പോാം ചീത്തമാതൃകയിൽ പണിതിരിക്കുന്ന ഒരു കൊട്ടാരത്തിൽ വസിക്കുന്നതിനെക്കാാം നല്ല മാതൃകയിൽ ഉണ്ടാക്കിയിരിക്കുന്നൊരു കുടിലിൽ പാക്കുന്നതു അത്യുത്തമം".

---

## 4-ാം അദ്ധ്യായം.

ഒരു ഗ്രാമം വെടിപ്പാക്കി വെക്കുന്നതു എങ്ങിനെ. ഈച്ചകൾ ഉണ്ടാകുന്നതിൻെറ കാരണം. ദുർവായുകൊണ്ടുണ്ടാകുന്ന രോഗങ്ങാം. ഈച്ചകാംമൂലം ഉണ്ടാകുന്ന രോഗങ്ങാം.

അതിൻെറ ശേഷം ന്യായാധിപതി രാജകുമാരനെ ആ ഗ്രാമത്തിലെ തെരുവുകളിൽക്കൂടെ കൊണ്ടുപോയി ഭക്ഷണ സാധനങ്ങാം വില്ക്കുന്നഷാപ്പുകളും പച്ചക്കറിപ്പീടികകളും കാണിച്ചു കൊടുത്തു. ഗ്രാമത്തിൻെറ എല്ലാ ഭാഗങ്ങളിലും തെരുവുകാം എല്ലാം ഏററവും വെടിപ്പായിരുന്നു. കാഷ്ഠമൊ കുപ്പയൊ ചണ്ടിയൊ ചവറൊ ഒരിടത്തും കിടക്കുന്നതു കാണ്മാനില്ലായിരുന്നു.

രാജകുമാരൻ ഇതുകണ്ടു ന്യായാധിപതിയോടു "അല്ലയോ ന്യായാധിപതേ! ഈ ഗ്രാമങ്ങളിലെ തെരുവുകാം ഇത്രവെടിപ്പാക്കി

വെക്കുന്നതിന്നു, എത്ര അദ്ധ്വാനവും പ്രയാസവും വേണ്ടിവന്നിരിക്കണം" എന്നു പറഞ്ഞു.

ന്യായാധിപതി അതിന്നുത്തരമായി—"കാൎയ്യം ഒട്ടും തന്നെ അങ്ങിനെയല്ല. ഈ ഗ്രാമങ്ങളിലെ തെരുവുകൾ ഇത്ര വെടിപ്പാക്കി വെക്കുന്നതിന്നു അദ്ധ്വാനവും പ്രയാസവും നന്നേ കുറവാണ്. കാരണമെന്തെന്നാൽ ഗ്രാമത്തിന്റെ എല്ലാ ഭാഗവും ദിവസന്തോറും വെടിപ്പാക്കുന്നുണ്ടു എന്നതുതന്നെ. ദിവസേന വെടിപ്പാക്കുമ്പോൾ നീക്കം ചെയ്യുവാൻ കാഷ്ഠം, ചണ്ടി, ചവറു മുതലായ അഴുക്കുകൾ നന്നെ കുറച്ചേ ഉണ്ടാവുകയുള്ളു. കാഷ്ഠം, ചണ്ടി, ചവറു മുതലായവ നീക്കം ചെയ്യാതെ അനേക ദിവസങ്ങൾ കഴിഞ്ഞാൽ അവ അങ്ങുമിങ്ങും കുപ്പക്കുന്നുകളായി കൂട്ടുകയും അപ്പോൾ അവ നീക്കുന്നതിന്നു അദ്ധ്വാനവും പ്രയാസവും വളരെ അധികരിക്കയും ചെയ്യും, നിശ്ചയം".

രാജകുമാരൻ—"ഈ രാജ്യത്തിൽ ഞാൻ കടന്നുവന്നതായ എല്ലാ ഗ്രാമങ്ങളിലും ഒരു വിശേഷം കണ്ടിരിക്കുന്നു. ഉഷ്ണകാലം ഇവിടെ കഴിയാറായിഎങ്കിലും ഈ ഗ്രാമങ്ങളിൽ ഈച്ചകൾ കേവലം ഇല്ല. എന്റെ പിതാവിന്റെ രാജ്യത്തിൽ ഈകാലത്തു ഗ്രാമങ്ങളിൽ ഈച്ചകൾ അസംഖ്യമായിവന്നുകൂടി ദുൎവ്വഹമായ ഒരു ബാധയായിത്തീരുന്നു. ഈച്ചകളുടെ കാലമായിരുന്നിട്ടും ഈ രാജ്യത്തിലെ ഗ്രാമങ്ങളിൽ ഈച്ചകളെ കാണ്മാനില്ലാത്തതിന്റെ കാരണമെന്തെന്നു എന്നോടു പറഞ്ഞാലും".

ന്യായാധിപതി—"ഈച്ചകൾ പെരുകി വരുന്നതെങ്ങിനെയെന്നു സമൎത്ഥന്മാരായ ഞങ്ങളുടെ വൈദ്യന്മാർ ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നു. ചൂടും ഈറവും ഉള്ള ചണ്ടിയിന്മേലൊ, കാഷ്ഠത്തിന്മേലൊ, പിടഈച്ചകൾ ചെറു കൂമ്പാരങ്ങളായി മുട്ടയിട്ടു കൂട്ടുന്നു. ചൂടുള്ള കാലമായിരുന്നാൽ വേഗത്തിൽ ഓരോ ചെറിയ മുട്ടയിൽനിന്നും ഓരോ ചെറുപുഴ (കീടം) പുറത്തേക്കുവരുന്നു. കാഷ്ഠം കൊണ്ടുപജീവിച്ച് ഒന്നു രണ്ടു ദിവസംകൊണ്ടു ഈ ചെറുപ്പുഴ ഒരു ഈച്ചയുടെ വലിപ്പമാകും. അപ്പോൾ ഈവക ജന്തുക്കളുടെ സാധാരണക്രമംപോലെ തോൽപൊട്ടി അതിന്നുള്ളിൽനിന്നു പൂൎണ്ണവളൎച്ച എത്തിയതായ ഒരു ഈച്ച പുറപ്പെടുന്നു. ഇപ്രകാരം തന്നെയാണ് പട്ടുനൂൽ പുഴവിന്റെ കഥ. അതും ആദ്യം ഒരു പുഴവായും പിന്നെ പാപ്പാത്തി ആയും തീരുന്നു. എന്നാൽ പട്ടുനൂൽ പുഴവിന്റെ

അവസ്ഥാഭേദങ്ങൾക്ക കുറെ കൂടി കാലതാമസമുള്ളതുകൊണ്ടും, പുഴ ഇതിലും വലുതും കാണ്മാൻ എളുപ്പമായതുമാകകൊണ്ടും ആ അവസ്ഥാഭേദങ്ങൾ മനുഷ്യൎക്ക സാധാരണയായി പരിചയം വന്നിരിക്കുന്നു. എന്നാൽ ഈച്ചക്ക അങ്ങിനെയുള്ള അവസ്ഥാഭേദങ്ങൾ ഉണ്ടാകുന്നതാണെന്ന അധികമായി ആൎക്കും അറിവില്ല. ഈച്ചകൾ ചൂടും ഈറവുമുള്ള ചണ്ടിയിന്മേലൊ കാഷ്ഠത്തിന്മേലൊ മുട്ടയിടുന്നുവെന്ന മുമ്പു പറഞ്ഞുവല്ലൊ. അതുകൊണ്ടു ഇങ്ങിനെയുള്ള ചണ്ടിയും കാഷ്ഠവും എവിടെയെങ്കിലും കിടന്ന കൂട്ടുന്നതിന്നിടയായാൽ, അസംഖ്യം ഈച്ചകൾ ഉണ്ടാകുന്നതിന്നും പെരുകുന്നതിന്നും സംഗതിയാകും. അതുകൊണ്ടു ഞങ്ങൾ, ചണ്ടി കാഷ്ഠം മുതലായവയെല്ലാം ദിവസംതോറും ഞങ്ങളുടെ വീടുകളിൽനിന്നും ഗ്രാമങ്ങളിൽനിന്നും നീക്കുകയും, ദൂരെ വയലിലേക്ക കൊണ്ടുപോയി അതിൻമീതെ കുറെമണ്ണിട്ടു മൂടി ഈച്ചകൾ അതിന്മേൽ വന്നിരുന്നു മുട്ടയിടാതവണ്ണം സൂക്ഷിക്കുകയും ചെയ്യുന്നു. കൃഷിക്കാൎക്ക അതു വളമായി തങ്ങളുടെ നിലങ്ങളിൽ ഇടുവാൻ കാലമാകുമ്പോൾമാത്രം അതു ആ ആവശ്യത്തിലേക്ക് ഉപയോഗപ്പെടുത്തുന്നു.

"അശുദ്ധജലം ഒഴിക്കപ്പെട്ടു കിടക്കുന്ന ഈറമുള്ള സ്ഥലങ്ങളിലും ഈച്ചകൾ മുട്ടയിടുന്നു. ഗ്രാമങ്ങളിൽ ഒരംവക ജലം ഒഴുകിപ്പോകുന്നതിന്നുള്ള ഓവുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ, ജനങ്ങൾ അഴുക്ക വെള്ളം തൊട്ടികളിൽ പകരുകയും, ഈ വെള്ളം പിന്നെ വീടുകളിൽനിന്ന കൊണ്ടുപോയി വയലിൽ ഒഴിക്കയും ചെയ്യുന്നു. വയലുകളിൽ വെള്ളം വേഗത്തിൽ മണ്ണിലേക്ക പിടിച്ചുപോകുന്നു. ഇങ്ങിനെയാണ് ഗ്രാമങ്ങൾ ഈച്ചകളുടെ ബാധകൂടാതെ സൂക്ഷിക്കപ്പെടുന്നതു".

രാജകുമാരൻ—"ഈച്ചകൾ കേവലം ഇല്ലാത്തതു വലിയൊരു സുഖം തന്നെ, സംശയമില്ല".

ന്യായാധിപതി—"അതു ഒരു സുഖമാണെന്നു മാത്രമല്ല, സൌഖ്യ സംരക്ഷണമാൎഗ്ഗവും ആണ്. അഴുക്കിന്മേലും കാഷ്ഠത്തിന്മേലും പോയി ഇരിക്കുകയും, ഭക്ഷണ സാധനങ്ങളിന്മേൽ വന്നിരിക്കുകയും ചെയ്യുന്നതു ഈച്ചകളുടെ സ്വഭാവമാണല്ലൊ. ചണ്ടി, ചവറു, കാഷ്ഠം മുതലായവയിൽ അനേകവിധ രോഗജനകപ്രാണികൾ ഉണ്ടു. പ്രത്യേകമായി, അതിസാരം, രക്താതിസാരം, വിഷൂചിക എന്നീ രോഗങ്ങൾ ഉണ്ടാക്കുന്ന പ്രാണികളാണു ധാരാളമായു

ഉള്ളത്. ൟച്ചകൾ ൟവക അഴുക്കിന്മേൽ പോയിരിക്കുമ്പോൾ ആ അഴുക്ക് ഒട്ടധികം അവയുടെ കാലിന്മേൽ പററുന്നു. അതിന്റെ ശേഷം അവ പറന്നുവന്നു ഭക്ഷണ സാധനങ്ങളിന്മേൽ ഇരിക്കുമ്പോൾ ൟ അഴുക്കും, അതിലുള്ള രോഗജനകപ്രാണികളും, ഭക്ഷണത്തിൽ കലൎന്നു ഭക്ഷണത്തെ അശുദ്ധമാക്കുകയും, രോഗ കാരണമാക്കിത്തീൎക്കുകയും ചെയ്യുന്നു. ഇതു, ഒരു മനുഷ്യൻ നിരത്തിന്മേൽകൂടി നടക്കുമ്പോൾ ചളിയും ചേറും പൊടിയും അവന്റെ കാലിന്മേൽ പററി പിന്നെ വീട്ടിലേക്കു കടക്കുമ്പോൾ വീട്ടിന്റെ തറ മലിനതപ്പെടുന്നതുപോലെ തന്നെ. പലപ്പോഴും ൟച്ചകൾ അഴുക്കിന്മേൽ ഇരുന്ന ശേഷം പറന്നുവന്നു പാലിലും കുടിക്കുന്ന വെള്ളത്തിലും വീഴും. ഇങ്ങിനെ ആ പാലും വെള്ളവും അശുദ്ധമാകയും, രോഗ കാരണമാകയും ചെയ്യുന്നു. പ്രത്യേകമായി അതിസാരം, രക്താതിസാരം, വിഷൂചിക എന്നീ രോഗങ്ങൾക്കു കാരണമായിത്തീരുന്നു.

“ഇതു കൂടാതെയും ഒരു മനുഷ്യന്റെ ദേഹത്തിന്മേൽ ഒരു തുറന്ന മുറിവുണ്ടെങ്കിൽ ൟച്ചകൾ സദാ പറന്നുവന്നു, അതിന്മേൽ പററിക്കൊണ്ടിരിക്കുകയും, അതിന്റെ ഉള്ളിലേക്കു സകല വിധ മലിനതകളും കയററിക്കൊണ്ടിരിക്കുകയും ചെയ്യുന്ന കാലത്തോളം ആ ക്ഷതം വെടിപ്പായിരിക്കുകയൊ, വേഗത്തിൽ ഉണങ്ങുകയൊ ചെയ്യുന്നതല്ല.

“പിന്നെയും, ഒരു മനുഷ്യന്റെ കണ്ണിൽ എന്തെങ്കിലും ഒരു രോഗം തുടങ്ങുകയും കണ്ണിൽനിന്നു വെള്ളം വരികയും ചെയ്യുമ്പോൾ ൟച്ചകൾ വന്നു കണ്ണിന്മേൽ ഇരിക്കുകയും, കണ്ണിൽ അഴുക്കുകൾ കൊണ്ടു വന്നിടുകയും ചെയ്യുന്നു. ഇങ്ങിനെ കണ്ണിലെ രോഗം വളരെ വൎദ്ധിക്കുന്നു. കണ്ണിൽ രക്തം വന്നുകെട്ടുകയും, വളരെ ചൂടും വേദനയും നീരും ഉണ്ടാകുകയും, പലപ്പോഴും വ്രണങ്ങൾ ഉണ്ടായി കണ്ണിന്റെ കാഴ്ച തന്നെ നശിച്ചു പോകുകയും ചെയ്യുന്നു.

“ഗ്രാമത്തിൽനിന്നു കാഷ്ഠവും, ചണ്ടിയും ദിവസംതോറും നീക്കം ചെയ്തു എല്ലാ ഊടുവഴികളും, മുററങ്ങളും വെടിപ്പായും, വരണ്ടതായും സൂക്ഷിക്കുന്നതായാൽ ഗ്രാമത്തിലെ വായു ശുദ്ധവും, ദുൎഗ്ഗന്ധമില്ലാത്തതും ആയിരിക്കും എന്നുമാത്രമല്ല, ൟച്ചകൾക്കു മുട്ടയിടുന്നതിന്നു യാതൊരു സാധനവും ഉണ്ടാകയും ഇല്ല.

“കണ്ഠത്തിനേയും, നെഞ്ഞിനേയും ബാധിക്കുന്നതൊണ്ടനൊമ്പലം, ജലദോഷം, ചുമ, ശ്വാസകോശനീരു, ക്ഷയം എന്നീരോഗങ്ങ

ിക്കു വിഷവായുവാണു കാരണം. ഒരു ഗ്രാമത്തിലെ വായു ശുദ്ധമായിരിപ്പാൻ സൂക്ഷിച്ചാൽ മിക്കവാറും ഈവക രോഗങ്ങളിൽ നിന്നു ജനങ്ങൾ രക്ഷപ്പെട്ടുന്നതാണ്.

" നേത്രരോഗം, അതിസാരം, രക്താതിസാരം, വിഷൂചിക എന്നിവയുടെ മുഖ്യകാരണം ഈച്ചകളാണ്. ഒരു ഗ്രാമത്തിൽ ഈച്ചകൾ പെരുകാതെ അതിനെ വെടിപ്പായും ശുദ്ധമായും വെപ്പാൻ സൂക്ഷിക്കുന്നതായാൽ ആ ഗ്രാമത്തിലെ ജനങ്ങൾ മിക്കവാറും ഈവക രോഗങ്ങളിൽനിന്നു രക്ഷപ്പെട്ടും ".

രാജകുമാരൻ—" കഷ്ടം ! എന്റെ പിതാവിന്റെ രാജ്യത്തിൽ ഈവക രോഗങ്ങൾ എത്രസാധാരണയാണ്. ഗ്രാമനിവാസികൾ ഈ രോഗങ്ങളെ ലംഘിച്ചുകൂടാത്ത വിധിമതം എന്നു എണ്ണിപ്പോരുന്നു. ഈവക രോഗങ്ങളുടെ സാക്ഷാൽ ഹേതു അവർ അങ്ങുമിങ്ങും ഇട്ടേക്കുന്ന കാഷ്ഠം, ചണ്ടി മുതലായവയാണെന്നു, ആ സാധുജനങ്ങൾ അറിയുന്നതും ഇല്ല ".

ന്യായാധിപതി—" ഈ രാജ്യത്തിലും മുൻകാലങ്ങളിൽ ജനങ്ങൾ രോഗങ്ങളെപററി അങ്ങിനെ പറഞ്ഞു പോന്നിരുന്നു. എന്നാൽ അച്ചു സ്കൂളുകൾ ഇല്ലാത്തകാലമായിരുന്നു. ഇപ്പോൾ ഈ രാജ്യത്തിലുള്ള എല്ലാ കുട്ടികളെയും, എഴുതുവാനും വായിപ്പാനും ശീലിപ്പിക്കുന്നുണ്ട്. എഴുതുവാൻ ആയാൽ കുട്ടികളെ പഠിപ്പിക്കുന്ന പ്രഥമ തത്വങ്ങളിൽ ഒന്നു " ഭക്തി കഴിഞ്ഞാൽ വൃത്തി " എന്നതത്രെ. ഒരു കുട്ടി സ്കൂളിൽനിന്നു വിട്ടു പിരിഞ്ഞുപോകുന്നതിന്നു മുമ്പു സുഖാധാര നിയമങ്ങളും നിബന്ധനകളും നല്ല വെടിപ്പായി മനസ്സിലാക്കത്തക്കവണ്ണം വേണ്ട ഏപ്പാടുകൾ എല്ലാം ചെയ്തിരിക്കുന്നു. സാധാരണ രോഗങ്ങളുടെ മുഖ്യ കാരണങ്ങൾ ഏവയെന്നു അവൻ പഠിച്ചറിയുന്നു. ഈ അറിവിനാൽ അധികരോഗത്തിൽ നിന്നു തന്നെ രക്ഷിപ്പാൻ പ്രാപ്തനാകുകയും ചെയ്യുന്നു."

---

## 5 - ാം അദ്ധ്യായം.

മലമ്പനി. കചിനീൻ എന്ന ഔഷധം ജനങ്ങളെ മലമ്പനിയിൽനിന്നു രക്ഷിക്കുന്നു. കചിനീൻ ഏതൊരു വൃക്ഷത്തിൽനിന്നുണ്ടാക്കപ്പെട്ടുന്നുവെന്ന്. ശിങ്കോനം വൃക്ഷ ഇന്ത്യയിൽ കൊണ്ടുവരപ്പെട്ടതു എങ്ങിനെ എന്ന്. ചരന്ന കചിനിൻ ഗുളികകൾ.

രാജകുമാരൻ വീണ്ടും പറഞ്ഞു തുടങ്ങിയതു എന്തെന്നാൽ :—
" എന്റെ പിതാവിന്റെ രാജ്യത്തിൽ ഇക്കാലത്തു, മലമ്പനി

ഹേതുവായി ജനങ്ങൾ അത്യന്തം കഷ്ടപ്പെടുകയും, അനേകർ ആ രോഗത്താൽ മരിച്ചുപോകുകയും ചെയ്യുന്നുണ്ട്. ഈ രാജ്യത്തിൽ ഋതുക്കളും, കാലാവസ്ഥകളും, അവിടത്തെപ്പോലെതന്നെയാണെങ്കിലും, ജനങ്ങൾ മലമ്പനിയാൽ മരിക്കുകയൊ ആ രോഗത്താൽ കഷ്ടപ്പെടുകയൊ ചെയ്യുന്നില്ലല്ലൊ".

ന്യായാധിപതി—"ആ രോഗം വരാതിരിപ്പാനും, വന്നു കഴിഞ്ഞാൽ അതിൽനിന്നു, സൌഖ്യം പ്രാപിപ്പാനും, ക്വിനിൻ എന്ന ഔഷധം സേവിച്ചാൽ മതിയെന്നു ഈ രാജ്യത്തിലുള്ള ജനങ്ങൾ അറിഞ്ഞിരുന്നില്ലെങ്കിൽ, ഈക്കാലത്തു ഇവിടെയും അനവധി ആളുകൾ മലമ്പനിയാൽ കഷ്ടപ്പെടുകയും അസംഖ്യമായി മരിക്കുകയും ചെയ്യുമായിരുന്നു. ക്വിനിൻ ആവശ്യമുള്ളവൎക്കു ന്യായമായ വിലക്കു അതു വില്ക്കത്തക്കവണ്ണം എല്ലാ ഗ്രാമത്തിലും ഒരു കാൎയ്യസ്ഥൻ ഉണ്ടായിരിക്കേണമെന്നു മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചിട്ടുണ്ട്. ക്വിനീൻ എന്ന ഔഷധം ശിങ്കോനാ എന്നു പേരോടുകൂടിയ ഒരുവൃക്ഷത്തിന്റെ തോലിൽ നിന്നാണ് ഉണ്ടാക്കുന്നതു. തെക്കെ അമേരിക്കയിൽ പെറു എന്ന രാജ്യത്തിൽ മാത്രമെ മുമ്പു ശിങ്കോനാ വൃക്ഷം ഉണ്ടായിരുന്നുള്ളു. അതുകൊണ്ടു അക്കാലത്തു അതിന്നു വലിയ വിലയായിരുന്നു. പെറു ഏററവും ദൂരത്തു ഉള്ള ഒരു രാജ്യമാകകൊണ്ട് സമുദ്രവും കരയും കടന്നു ആ വൃക്ഷത്തോൽ ൟ രാജ്യത്തിലേക്കു കൊണ്ടുവരുവാൻ അധികമായ ചിലവുവേണ്ടി വന്നിരുന്നു. ആകയാൽ അനേക കൊല്ലങ്ങൾക്കു മുമ്പു, പെറു രാജ്യത്തിൽനിന്നു ശിങ്കോനാ തൈകൾ കൊണ്ടുവന്നു ഇന്ത്യയിലെ മലങ്കാടുകളിൽ നട്ടു പിടിപ്പിക്കേണ്ടതാണെന്നു, അനുഗ്രഹിക്കപ്പെട്ട നാമധേയത്തോടു കൂടിയ കരുണാനിധിയായ വിക്ടോറിയാ മഹാരാജ്ഞി തിരുമനസ്സുകൊണ്ടു കല്പിക്കയുണ്ടായി. കല്പന കിട്ടിയ ഉദ്യോഗസ്ഥന്മാർ വലിയ അദ്ധ്വാനം കഴിച്ചു ആ കല്പന നിവൃത്തിക്കയും ചെയ്തു. ജ്ഞാനിയായ ഞങ്ങളുടെ മഹാരാജാവു ആ തൈകളിൽകുറെവരുത്തി നട്ടു. ഇപ്പോൾ ൟ രാജ്യത്തിൽ ഉള്ള മലകളിന്മേൽവലിയ ശിങ്കോനാ തോട്ടങ്ങൾ വളരെയുണ്ട്.* ൟ വൃക്ഷത്തിന്റെ തോൽ ശേഖരിച്ചു, അതിൽ നിന്നു ക്വിനീൻ എടുത്തു മഹാരാജാവിന്റെ നഗരിയിലേക്കു കൊണ്ടുവന്നു, അവിടെ യന്ത്രങ്ങളിൽ ഇട്ടു പരന്ന ഗുളികകളാക്കി എടുക്കുന്നു. ഇങ്ങിനെ ക്വിനീ

---

* സിക്കിം, നീലഗിരി, മലകളിൽ ശിങ്കോനാ തോട്ടങ്ങൾ വളരെയുണ്ട്.

ന്റെ വില ഏററവും കുറച്ചിരിക്കയാൽ, ഇപ്പോൾ ദരിദ്ര്യന്നുപോലും തന്നെയും തന്റെ കുഡുംബത്തേയും മലമ്പനിയിൽനിന്നു രക്ഷിപ്പാൻ മാത്രം ക്വിനീൻ വാങ്ങുവാൻ കഴിയുന്നതാകുന്നു".

രാജകുമാരൻ—"ജ്വരത്തെ ശമിപ്പിക്കുന്നതിന്നു ക്വിനീൻ ശക്തിയേറിയൊരു ഔഷധമാണെന്നു എന്റെ പിതാവിന്റെ രാജ്യത്തിലുള്ള ജനങ്ങളിൽ അനേകർക്കും അറിവുണ്ട്. അവർ മലമ്പനി ഹേതുവായി അത്യന്തം കഷ്ടപ്പെടുന്നുമുണ്ട്. എങ്കിലും ക്വിനീൻ സേവിക്കുന്നതിന്നു പലപ്പോഴും അവർ തീരെ മനസ്സില്ലാത്തവരായിരിക്കുന്നു".

ന്യായാധിപതി—"നിങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ ജനങ്ങൾ ജ്വരത്താൽ അത്യന്തം കഷ്ടപ്പെടുകയും, മലമ്പനി മാററുന്നതിന്നു ക്വിനീൻ ശക്തിയേറിയ ഒരു ഔഷധമാണെന്നു അവരിൽ മിക്കവരും അറിഞ്ഞിരിക്കുകയും ചെയ്യുന്നുവെങ്കിൽ പിന്നെ അവർ ക്വിനീൻ സേവിക്കാത്തതു എന്തുകൊണ്ട്?" എന്നു ചോദിച്ചു.

ഉത്തരമായി രാജകുമാരൻ പറഞ്ഞതു: "ക്വിനിൻ ചൂടാണെന്നും, ദേഹം ജ്വരത്താൽ ഉഷ്ണിച്ചിരിക്കുന്ന കാലത്തു അങ്ങിനെയുള്ള ഒരു സാധനം കഴിക്കുന്നതു നന്നല്ലെന്നുമാണ് അവർ സാധാരണയായി പറയുന്നതു".

ന്യായാധിപതി—"ക്വിനീൻ ഉഷ്ണപദാർത്ഥമാണെന്നും ആകയാൽ ജ്വരമുള്ളപ്പോൾ അതുസേവിച്ചുകൂടാ എന്നും പറയുന്നതു തീരെ അബദ്ധമാണ്. വാസ്തവത്തിൽ അതു ഉഷ്ണപദാർത്ഥം അല്ല. ക്വിനീൻ മലമ്പനിയെ അകററുന്നതിന്നു ഒരിക്കലും പിഴക്കയാത്ത ഒരു സിദ്ധൌഷധം ആയിരിക്കെ, അത്യുഷ്ണപദാർത്ഥമായിരുന്നാൽ തന്നെയും, അതു കഴിക്കുന്നതുകൊണ്ടു എന്താണു ദോഷം? ക്വിനീൻ കൊണ്ടുണ്ടാകാവുന്ന ചൂടൊ സുഖക്കേടൊ, മലമ്പനികൊണ്ടു നിശ്ചയമായി ഉണ്ടാകുന്ന അത്യുഷ്ണത്തോടും കഷ്ടപ്പാടിനോടും കൂട്ടിനോക്കിയാൽ എന്തുള്ളു?".

രാജകുമാരൻ—"ക്വിനീൻ സേവിക്കുമ്പോൾ പാൽ കുടിക്കേണ്ടതു അത്യാവശ്യമാണെന്നും, പാൽ കഴിക്കാഞ്ഞാൽ ക്വിനീൻ കൊണ്ടു യാതൊരു ഗുണവും ഉണ്ടാകുന്നതല്ലെന്നും, അവർ ഉറപ്പായി പറയുന്നു. അതുകൊണ്ടു പാൽ കിട്ടാഞ്ഞാൽ അവർ ക്വിനിൻ സേവിക്കയില്ല".

ന്യായാധിപതി—"പനിയുള്ളപ്പോൾ പാൽ കുടിക്കുന്നതു നല്ല തുതന്നെ. അതു രോഗിക്കു ഭക്ഷണമായും, പാനീയമായും ഉപയോഗപ്പെടുന്നു. എങ്കിലും പാൽ കിട്ടാതെവന്നാൽ അതുകൊണ്ടു ക്വിനീൻ കഴിക്കാതെ ഇരിക്കേണമെന്നില്ല. പാൽ കിട്ടിയില്ലെങ്കിലും, പനി പോക്കുന്നതിന്നായി ക്വിനീൻ സേവിക്കണം. മലമ്പനി മാററുവാൻ ക്വിനീൻ എന്ന ഔഷധത്തിന്നുള്ള ശക്തി പാൽ കുടിച്ചാലും കുടിച്ചില്ലെങ്കിലും ഒരു പോലെ തന്നെയാണല്ലൊ".

രാജകുമാരൻ—"ക്വിനീൻ വാങ്ങുവാൻ അവക്കു പണമില്ലാത്തതുകൊണ്ടു സാധിക്കയില്ലെന്നു എൻെറ പിതാവിൻെറ രാജ്യത്തിലെ നിവാസികൾ പറയാറുണ്ട്".

ന്യായാധിപതി—"ക്വിനീൻ വാങ്ങുവാൻ എന്നെക്കൊണ്ടു സാധിക്കാത്തവണ്ണം ഞാൻ അത്ര ദരിദ്രനാണ്, എന്നു ഒരുവൻ പറയുന്നതായാൽ അതുപോലെ അയുക്തിയായി വേറൊന്നും ഇല്ല. ഒരു മനുഷ്യനു മലമ്പനിവന്നു ബാധിക്കയും ക്വിനീൻ കഴിക്കാതിരിക്കുകയും ചെയ്യാൽ, അവൻ അനേക ആഴ്ചകൾ കഴിയുവോളം കിടപ്പിലായിപ്പോകുവാനിടയുണ്ട്. അങ്ങിനെയായാൽ അവൻെറ വയലിൽ പകുതിഭാഗം ഉഴുകയൊ, വിതക്കുകയൊ ചെയ്വാൻ സാധിക്കാതെവന്നേക്കാം. അങ്ങിനെവിളവും പകുതി നഷ്ടംആകും. ആ മനുഷ്യൻ ബുദ്ധിയുള്ളവൻ ആയിരുന്നാൽ ഇത്ര വലിയനഷ്ടം വരാതിരിപ്പാൻവേണ്ടി തൻെറ രോഗത്തെ മാററുന്നതായ ക്വിനിൻ വേണ്ടത്ര വാങ്ങുന്നതിന്നു കുറെപൈസ്സപോകട്ടെ എന്നു വെക്കുകയില്ലയോ? മലമ്പനിയിൽനിന്നും, അതുമൂലമുണ്ടാകുന്ന വലിയ നഷ്ടത്തിൽനിന്നും തന്നെ രക്ഷിപ്പാൻ ശക്തിയുള്ള സാധനമായ ക്വിനീൻ വാങ്ങുന്നതിന്നു കുറെപൈസ്സ കൊടുപ്പാൻ പാടില്ലാത്തവണ്ണം അത്രദരിദ്രനായ ഒരു കൃഷിക്കാരൻ ഉണ്ടാകുമെന്നു തോന്നുന്നില്ല. ഞാൻ ഒരു ന്യായാധിപതിയാണ്. ഒരുവൻെറവകയായ വിളവിൽ ഒരു ചെറിയ ഭാഗമെങ്കിലും വേറൊരുവൻ അന്യായമായി അവകാശപ്പെട്ടാൽ അതു വിട്ടുകൊടുക്കാതെ എത്രയെങ്കിലും പണം ചിലവിട്ടു വ്യവഹാരം നടത്തി തങ്ങളുടെ സ്വന്തഅവകാശം സ്ഥിരപ്പെടുത്തുവാൻ മനുഷ്യർ എത്രശ്രമിക്കുമെന്നതു എനിക്കു നല്ല പരിചയമുണ്ട്. എന്നാൽ മലമ്പനി എന്നതു ഒരുവനെ വീഴ്ചയിലാക്കി അനേക ദിവസത്തേക്കു യാതൊരു പണിയുംചെയ്വാൻ പാടില്ലാത്തവിധമാക്കി പലപ്പോഴും അവൻെറ വിളവിൽ നേർപകുതി

യോളം നഷ്ടപ്പെടുത്തുന്നു. ഇത്ര വലിയ നഷ്ടത്തിൽനിന്നു തന്നെ രക്ഷിപ്പാൻ കഴിവുള്ള കപ്പിനിൻ എന്ന സാധനം വാങ്ങുവാൻ, പൈസ്സ ഇല്ല എന്നു ഒരുവനു എങ്ങിനെ പറവാൻ കഴിയും ?"

---

## 6 - ാം അദ്ധ്യായം.

കണ്ണുകാണാതെ ആകുന്നതിന്റെ രണ്ടുകാരണങ്ങൾ. വസൂരി—വസൂരി കീറിവെക്കുന്നതിനാൽ വസൂരി ഒഴിക്കാവുന്നതാണ്. രണ്ടുപ്രാവശ്യം കീറിവെക്കേണ്ട ആവശ്യം. കീറിവെക്കുന്നതിന്നുള്ള ഗോവസൂരിച്ചലം ഉണ്ടാക്കുന്നതു എങ്ങിനെയെന്നു.

രാജകുമാരൻ വിദ്വാനായ ആ ന്യായാധിപതിയോടുകൂടെ ഏറിയ നാൾ അദ്ദേഹത്തിന്റെ വീട്ടിൽ താമസിച്ചു. ആരാജ്യത്തിലെ ജനങ്ങൾക്ക് നിരവധി നന്മവരുത്തിയവയായ ലളിതസുഖാധാരനിബന്ധനകളെയും നിയമങ്ങളെയും സംബന്ധിച്ചു വളരെ കാൎയ്യങ്ങൾ അദ്ദേഹം രാജകുമാരനെ പഠിപ്പിച്ചു.

ഒരു ദിവസം രാജകുമാരൻ ന്യായാധിപതിയോട്—"അല്ലയൊ ന്യായാധിപതേ! ഇപ്പോൾ വളരെ ആഴ്ചകളോളം ഞാൻ ഈ രാജ്യത്തിൽ സഞ്ചരിച്ചുനടന്നു. എന്നാൽ കണ്ണുകാണാത്തവനായ ഒരുവനെയാകട്ടെ വസൂരി അടയാളമുള്ള ഒരുവനെയാകട്ടെ ഈ രാജ്യത്തിൽ കണ്ടതില്ല. കണ്ണുകാണാത്തവരും വസൂരി അടയാളമുള്ളവരും എന്റെ പിതാവിന്റെ രാജ്യത്തിൽ അസംഖ്യമാണ്. ഓരോ ഗ്രാമത്തിലും അപ്രകാരമുള്ളവർ അനേകരുണ്ട്. ഈ രാജ്യത്തിൽ അങ്ങിനെയുള്ളവരെ കാണ്മാൻ ഇല്ലാത്തതിന്റെ കാരണമെന്തെന്നു എന്നോടുപറഞ്ഞാലും."

ന്യായാധിപതി—"കണ്ണുകാണാതെ ആവുന്നതിന്നു രണ്ടുമുഖ്യ കാരണങ്ങൾ ഉണ്ടു. ഒന്ന് 'ഒഫ്താൽമിയാ' എന്ന കഠിന നേത്രരോഗവും മറെറതു വസൂരിയും തന്നെ. 'ഒഫ്താൽമിയാ' എന്ന നേത്രരോഗത്തിന്നു അഴുക്കും ഈച്ചയും ആണു കാരണം. ഈ രാജ്യത്തിൽ ഞങ്ങളുടെ പട്ടണങ്ങളെയും ഗ്രാമങ്ങളെയും വെടിപ്പായും ഈച്ചബാധയില്ലാതെയും സൂക്ഷിക്കുന്നതിനാൽ ഒഫ്താൽമിയാ എന്ന നേത്രരോഗം ഇവിടെ ഉണ്ടാകുന്നില്ല. വസൂരികീറിവെക്കുന്നതിനാൽ, വസൂരി എന്ന മഹാരോഗം ഒരിക്കലും പിടിപെടാതെ ഞങ്ങൾ ഞങ്ങളെതന്നെ സൂക്ഷിച്ചുപോരുന്നു."

രാജകുമാരൻ—"എൻെറപിതാവിൻെറ രാജ്യത്തിൽ വളരെ കുട്ടികളെ കീറിവെക്കാറുണ്ട്. സാധാരണയായി ഒരുഗ്രാമത്തിലുള്ള കുട്ടികളിൽ പകുതിയിലധികം കീറിവെക്കപ്പെട്ടവരാണ്. അങ്ങിനെ ആയിരുന്നിട്ടും ചിലപ്പോൾ ഞങ്ങളുടെ രാജ്യത്തിൽ വസൂരി അധികമായിവ്യാപിച്ചു കളയുന്നു. കീറിവെക്കാത്തവരെയാണ് അധികമായി ബാധിക്കുന്നതു എന്നു ഞാൻ സമ്മതിക്കുന്നുണ്ടു."

ന്യായാധിപതി—"ഈ രാജ്യത്തിൽ എങ്ങും പ്രമാണിച്ചുപോരുന്ന അതിവിശേഷമായ ഒരു നിയമം ഉണ്ട്. ഒരു ശിശു ജനിച്ചുകഴിഞ്ഞാൽ ആറുമാസത്തിന്നുള്ളിൽ അതിനെ കീറിവെക്കേണമെന്നുമാത്രമല്ല, പിന്നെ ഒമ്പതു പത്തു വയസ്സാകുമ്പോഴെക്കു വീണ്ടും ഒരു പ്രാവശ്യം കീറിവെക്കേണമെന്നത്രെ. ഈ നിയമം ശരിയാംവണ്ണം പ്രമാണിച്ചു പോന്നകാലംമുതൽ ഇവിടെ വസൂരിരോഗം അശേഷം മാറിപ്പോയിരിക്കുന്നു."

രാജകുമാരൻ—"ഒരു കുട്ടിയെ ഒരിക്കൽ കീറിവെച്ചാൽ അതുകൊണ്ടു മതിയാകാത്തതു എന്തുകൊണ്ട്?"

ന്യായാധിപതി—"ആദ്യകാലങ്ങളിൽ ഈ രാജ്യത്തിൽ ശിശുക്കളെ ജനനശേഷം കീറിവെക്കേണമെന്നുമാത്രമെ നിയമം ഉണ്ടായിരുന്നുള്ളു. എന്നാൽ ആ കാലങ്ങളിൽ കീറിവെക്കപ്പെട്ടവൎക്കു കുട്ടിക്കാലത്ത് രോഗം പിടിപെടാറില്ലായിരുന്നു എങ്കിലും മുതിൎന്നശേഷം ചിലപ്പോൾ അവർ രോഗത്താൽ ബാധിക്കപ്പെടാറുണ്ടായിരുന്നു. കാരണമെന്തെന്നാൽ, ജനനത്തിങ്കൽമാത്രം കീറിവെക്കുന്നതായാൽ അതിൻെറ ഫലം ആയുഷ്കാലം മുഴുവൻ നില്ക്കുകയില്ലെന്നതാണ്. അതുകൊണ്ടു കുട്ടികൾക്കു ഒമ്പതു പത്തു വയസ്സാകുമ്പോൾ അവരെ വീണ്ടും ഒരു പ്രാവശ്യംകൂടെ കീറിവെക്കുന്നു. കുട്ടിയെ ജനനത്തിങ്കലും പിന്നെ ഒമ്പതു പത്തു വയസ്സു ആകുന്ന കാലത്തിലും കീറിവെച്ചു കഴിഞ്ഞാൽ അതിൻെറ ഫലം ആയുഷ്കാലം മുഴുവനും നില്ക്കുന്നു".

രാജകുമാരൻ—"ഈ ഗ്രാമങ്ങളിലെ കുട്ടികളെ കീറിവെക്കുന്നതിന്നുപയോഗിക്കുന്ന ഗോവസൂരിച്ചലം നിങ്ങൾക്കു എവിടെ നിന്നാണു കിട്ടുന്നത്?"

ന്യായാധിപതി—"ഈ ഗ്രാമങ്ങളിലുള്ള കുട്ടികളെ കീറിവെക്കുന്നതിന്നുപയോഗിക്കുന്ന ചലം മുഴുവനും മഹാരാജാവിൻെറ നഗരിയിൽ ആണ് ഉണ്ടാക്കപ്പെടുന്നത്. അവിടെനിന്ന് അതു ചെറു

കുഴലുകളിൽ ആക്കി ഗ്രാമങ്ങളിലേക്കു അയക്കുന്നു. നിങ്ങൾ മഹാരാജാവിൻെറ നഗരിയിൽ എത്തുമ്പോൾ എരിമക്കിടാക്കളെ കീറി വെച്ചു അവയുടെ തൊക്കിൽനിന്നു ചലം എടുക്കുന്ന ശാലയും അവിടെ നടക്കുന്ന പ്രവൃത്തിയും മഹാരാജാവു തിരുമനസ്സിലെ വൈദ്യന്മാർ നിങ്ങൾക്കു കാണിച്ചുതരും." *

---

## 7 - ാം അദ്ധ്യായം.

### ആരോഗ്യരക്ഷാനിയമങ്ങളാൽ രാജ്യനിവാസികൾക്കു എത്ര അധികം നന്മയുണ്ടാകുന്നുണ്ടെന്നു.

കുറെ ദിവസങ്ങൾ കഴിഞ്ഞതിൻെറ ശേഷം രാജകുമാരൻ വിദ്വാനായ ആ ന്യായാധിപതിയോടു യാത്രപറഞ്ഞു പുറപ്പെട്ടു, താമസിയാതെ മഹാരാജാവിൻെറ നഗരിയിൽ ചെന്നെത്തി. രാജകുമാരനെ എതിരേല്പാനായി മഹാരാജാവവർകൾ തൻെറ മന്ത്രിമാരിൽ ചിലരെ കല്പിച്ചയക്കുകയും, രാജകുമാരൻ എത്തിയയുടനെ അദ്ദേഹത്തെ സ്വാഗതം ചൊല്ലി സല്ക്കരിക്കുകയും, കൊട്ടാരത്തിൽ പാർപ്പിച്ചു ഏററവും അധികമായ ദയ അദ്ദേഹത്തോടു കാണിക്കുകയും ചെയ്തു. പിറേറ ദിവസം വലിയ ഒരു ഡർബാർ കൂട്ടുകയും ആ രാജസദസ്സിൽ രാജകുമാരൻ താൻ കൊണ്ടുവന്നിരുന്ന സമ്മാനങ്ങൾ മഹാരാജാവിൻെറ മുമ്പിൽ കാഴ്ചയായി വെക്കുകയും, പിതാവു എഴുതികൊടുത്തിരുന്നകത്തു മഹാരാജാവിൻെറ മുമ്പിൽ സമർപ്പിക്കുകയും ചെയ്തു. തൻെറ രാജ്യത്തിലെ ജനങ്ങളുടെ സുഖാവസ്ഥ നന്നാക്കിക്കൊണ്ടുവരുന്നതിന്നു ആവശ്യമായ നിയമങ്ങളെ ഏൎപ്പെടുത്തുന്നതിൽ സഹായിപ്പാനും, അവരുടെ ഇടയിൽ അനല്പമായ നാശംചെയ്തുകൊണ്ടിരുന്ന രോഗങ്ങളിൽനിന്നു അവർ തങ്ങളെത്തന്നെ രക്ഷിക്കേണ്ടതു എങ്ങിനെയെന്നു അവരെ പഠിപ്പിപ്പാനുമായി, മഹാരാജാവവർകളുടെ വിദ്വാന്മാരായ വൈദ്യന്മാരിൽ ഒരാളെ അങ്ങോട്ടു അയച്ചുകൊടുക്കേണമെന്നായിരുന്നു, കുമാരൻെറ പിതാവായ രാജാവു ആ കത്തിൽ അപേക്ഷിച്ചിരുന്നതു. മഹാരാജാവു രാജകുമാരനെ വളരെ സ്നേഹദയാദികളോടുകൂടെ സ്വീകരിച്ചതിൻെറ ശേഷം തൻെറ ജ്ഞാനികളായ എല്ലാ വൈദ്യന്മാരെയും വിളിച്ചുകൂട്ടി അവരോടു ഇങ്ങിനെ പറഞ്ഞു.

---

* ഗോവസൂരിച്ചലം എടുത്തു തയ്യാറാക്കുന്ന ശാലകൾ ഇന്ത്യയിൽ അനേകമുണ്ട്. മദിരാശി സംസ്ഥാനത്തിൽ സൈദാപ്പേട്ടക്കു സമീപം ഗിണ്ടി എന്ന സ്ഥലത്തു ഇപ്രകാരമുള്ള ഒരു വലിയ ശാലയുണ്ടു.

“ഹേ വൈദ്യന്മാരെ, എൻെറ രാജ്യത്തിലെ നിവാസികളുടെ സുഖാവസ്ഥ നന്നാക്കേണ്ടതിലെക്കാവശ്യമായ നിയമങ്ങളെ ഏൎപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യുന്നതിൽ എന്നെ സഹായിപ്പാൻവേണ്ടി അനേക കൊല്ലങ്ങൾക്കു മുമ്പു ഞാൻ നിങ്ങളെ എല്ലാവരെയും വിളിച്ചുകൂട്ടി. ആ കാലങ്ങളിൽ വസൂരി എൻെറ രാജ്യത്തിൽ പ്രബലപ്പെട്ടിരുന്നു. ആയുഷ്കാലത്തിൽ ഒരു സമയത്തു അല്ലെങ്കിൽ മറെറാരു സമയത്തു വസൂരി രോഗത്താൽ ബാധിക്കപ്പെടാതെ യാതൊരു മനുഷ്യനും അക്കാലത്തു ഉണ്ടായിരുന്നില്ല. രോഗം അത്ര സൎവ്വസാധാരണയായിരുന്നു. നാലോ അഞ്ചോ കൊല്ലങ്ങൾ കൂടുമ്പോൾ അത്യന്തം നാശകരമായ വിധത്തിൽ ഈ പകൎച്ചവ്യാധി എൻെറ രാജ്യത്തിൽ എങ്ങും വ്യാപിച്ചു. * ഗോമാരിയുള്ള കാലത്തിൽ കന്നുകാലികൾ ചാകുമ്പോലെ എൻെറ ജനങ്ങൾ, പ്രത്യേകമായി കുട്ടികൾ, അസംഖ്യമസംഖ്യമായി ചത്തുപോകുക പതിവായിരുന്നു. വസൂരി എന്ന ഈ മഹാരോഗത്തിൽനിന്നു വല്ല വിധേനയും രക്ഷപ്പെട്ടവർ തന്നേയും മിക്കപേരും ബലഹീനരായൊ വിരൂപരായൊ കണ്ണുകാണാത്തവരായൊ തീൎന്നു ശിഷ്ടായുസ്സുമുഴുവൻ കഷ്ടാവസ്ഥയിൽ കഴിക്കേണ്ടിവന്നു. മനുഷ്യവൎഗ്ഗത്തെ പീഡിപ്പിച്ചിട്ടുള്ള ബാധകളിൽ പ്രധാന ബാധ എന്ന പേർ വസൂരി രോഗത്തിന്നു കൊടുത്തിരിക്കുന്നതു സത്യമായി അതിന്നു യോഗ്യമായതത്രെ. ‘പ്രകൃതിശാസ്ത്രജ്ഞാനംമൂലം മനുഷ്യജാതിക്കു ഉണ്ടായിരിക്കുന്ന നന്മകളിൽ പ്രധാന നന്മ’ എന്നു പേർപെട്ട കീറിവെക്കൽ എന്നൊരു ഏൎപ്പാടു നിങ്ങൾ ഈ രാജ്യത്തിൽ കൊണ്ടുവന്നതിൻെറ ശേഷം, എൻെറ ജനങ്ങളുടെ ഇടയിൽനിന്നു, വസൂരി തീരെ മാറിപ്പോയിരിക്കുന്നു. ഇപ്പോൾ ജനങ്ങൾ കീറിവെക്കപ്പെടുകയും, വീണ്ടും കീറിവെക്കപ്പെടുകയും ചെയ്യുന്നതുകൊണ്ടു എൻെറ രാജ്യത്തിൻെറ അതിരുകൾക്കകത്തു അനേക കൊല്ലങ്ങൾക്കിടയിൽ ഒരാൾക്കുപോലും വസൂരി പിടിപെടുന്നില്ല എന്നുള്ളതു പലപ്പോഴും ഇവിടുത്തെ അവസ്ഥയായി തീൎന്നിരിക്കുന്നു.

“പണ്ടത്തെ കാലങ്ങളിൽ വിഷൂചിക എന്ന മഹാ ഭയങ്കരമായ പകരുന്ന വ്യാധി ഈ രാജ്യത്തിൽ എങ്ങും വ്യാപിച്ചു,

---

* ഗോമാരി എന്നതു കന്നുകാലികൾക്കു ബാധിക്കുന്ന മഹാരോഗങ്ങളിൽ ഏതിന്നും പറഞ്ഞു വരുന്നൊരു പേരാണ

യുവാക്കളെയും വൃദ്ധന്മാരെയും, ബലഹീനന്മാരെയും ബലവാന്മാരെയും, ധനവാന്മാരെയും ദരിദ്രന്മാരെയും, ആയിരമായിരങ്ങളായി കൊണ്ടുപൊയ്ക്കളക പതിവായിരുന്നു. തങ്ങളെത്തന്നെ രക്ഷിക്കേണ്ടതെങ്ങിനെയെന്നു, യാതൊരുത്തക്കും നിശ്ച്വയമുണ്ടായിരുന്നില്ല. സഹായമററ തങ്ങളുടെ നിരാശാവസ്ഥയിൽ അവർ അതിനെക്കുറിച്ചു, വിധിമതം എന്നു പറഞ്ഞുപോന്നിരുന്നു. എങ്കിലും വൈദ്യന്മാരെ, നിങ്ങൾ ഞങ്ങളുടെ അടുക്കൽ വന്നതിന്റെ ശേഷം, വിഷൂചികയുടെ മുഖ്യകാരണം മലിനതപ്പെട്ടവെളളം തന്നെയാണെന്നു ജനങ്ങളെ പഠിപ്പിച്ചിരിക്കുന്നു. എന്റെ രാജ്യത്തിലുളള എല്ലാഗ്രാമങ്ങളിലും വിശേഷമായ കിണറുകൾ ഉണ്ടാക്കിച്ചു, അങ്ങിനെ നാശകരമായ ഈ പകരുന്ന വ്യാധിയിൽ നിന്നു ജനങ്ങളെ രക്ഷിപ്പാൻവേണ്ടത്ര അദ്ധ്വാനം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇക്കാലത്തു, ഏതെങ്കിലും ഒരു ഗ്രാമത്തിൽ ഒരാളെ വിഷൂചിക ബാധിക്കുന്നതായാൽ, ആ ആളെ വേർതിരിക്കുകയും, ആയാൾ ഛർദ്ദിക്കയും അതിസരിക്കയും ചെയ്യുന്നസാധനം ജലത്തെയൊ, ഭക്ഷണത്തേയൊ, കുടിപ്പാനും ഭക്ഷണം പാകം ചെയ്വാനും ഉപയോഗിക്കുന്ന പാത്രങ്ങളെയൊ, മലിനതപ്പെടുത്താതെയിരിപ്പാൻ സൂക്ഷിക്കുകയും ചെയ്യുന്നതായാൽ രോഗം ആ ആളിൽനിന്നു വേറെ ആളുകളിലേക്കു പകരാതെ നിൎത്തൽചെയ്യാവുന്നതാണെന്നു, ജനങ്ങൾ നന്നായിഅറിയുന്നു. ഇങ്ങിനെയെല്ലാം നിങ്ങൾ പഠിപ്പിച്ചിരിക്കകൊണ്ടു വിഷൂചികയുടെ ഭയങ്കരത്വം, പകുതിയും പൊയ്പ്പോയിരിക്കുന്നു.

"പിന്നേയും പണ്ടേത്തെകാലങ്ങളിൽ മിക്കവാറും എല്ലാ മഴക്കാലത്തും മലമ്പനി എന്റെ രാജ്യത്തിന്റെ വളരെഭാഗങ്ങളിൽ മുഴുവനും പരന്നുപിടിക്കുക പതിവായിരുന്നു. ചില വല്ലാത്ത കൊല്ലങ്ങളിൽ, ഈ മലമ്പനി കൃഷിക്കാരെ ബാധിച്ചു, അവരുടെ വയലുകളിൽ ഉഴവു, വിത, മുതലായ പ്രവൃത്തികൾ ഒന്നും ചെയ്യുന്നതിനു പാടില്ലാതവണ്ണം അവരെ കിടപ്പിലാക്കിക്കളഞ്ഞു എന്നുമാത്രമല്ല, അസംഖ്യം ജനങ്ങളുടെ, പ്രത്യേകിച്ചു വൃദ്ധന്മാരും ചെറുപൈതങ്ങളും ആയുളളവരുടെ, മരണകാരണമായി തീൎന്നിരുന്നു. ഇങ്ങിനെയുളള അനേകകൊല്ലങ്ങളിൽ മലമ്പനി ഹേതുവായി ശരീരത്തിനുണ്ടായ വേദനയും, ജീവനഷ്ടവും, ഇത്ര എന്നു മതിപ്പാൻ അസാദ്ധ്യമാകത്തക്കവണ്ണം, അത്ര അധികമായിരുന്നു. അല്ലയൊ വൈദ്യന്മാരെ, നിങ്ങൾ എന്റെ രാജ്യത്തിൽ വന്നതിന്റെശേഷം, മലമ്പനി ജനങ്ങളെ ആക്രമിച്ചു അവരുടെ ഇടയിൽ വരുത്തിക്കൊ

ണ്ടിരുന്ന മഹാ നാശത്തെ നിങ്ങൾ എത്രയൊ കുറച്ചിരിക്കുന്നു. മലകളിന്മേൽ വലിയതോട്ടങ്ങളായി ശിങ്കോനാ വൃക്ഷങ്ങൾ നിങ്ങൾ വെച്ചുപിടിപ്പിച്ചിരിക്കുന്നു. പണ്ടത്തെ കാലത്തു ഏററവും ധനികൎക്കു മാത്രമെ കിനിൻ (കൊയനാവു) വാങ്ങുവാൻ സാധിക്കയുള്ളു എന്നു വരത്തക്കവണ്ണം അതിനു അത്ര വലിയ വിലയായിരുന്നു. ഇപ്പോൾ വിലനന്നെ കുറഞ്ഞിരിക്കുന്നു. ഏതൊരു ദരിദ്രനും ചെറിയൊരു സംഖ്യകൊണ്ടു, തന്നെയും തന്റെ കുടുംബത്തെയും മലമ്പനിയിൽനിന്നു രക്ഷിപ്പാൻമാത്രം കിനിൻ വാങ്ങുന്നതിനു യാതൊരു വിഷമവും ഇല്ല. മലമ്പനിവന്നു ബാധിച്ചുപൊയാൽ കിനീൻ എന്ന ഒരു ഔഷധംമൂലം, ആൎക്കും തങ്ങളെതന്നെ അതിന്റെ ഉപദ്രവത്തിൽനിന്നു രക്ഷിക്കാമെന്നു ഇപ്പൊൾ നമ്മുടെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കുപോലും നല്ല നിശ്ചയമുണ്ടു.

"ഇതിന്നും പുറമെ, കാഷ്ഠം, ചണ്ടി, അഴുക്കുമുതലായവ ദിനംതോറും, നീക്കംചെയ്തു വീടുകളും ഗ്രാമങ്ങളും ഏററവും വെടിപ്പായി സൂക്ഷിക്കുന്നതായാൽ, അതിസാരം, രക്താതിസാരം, ഒഫതാൽമിയാ എന്ന നേത്രരോഗം, എന്നിത്യാദി അനേകരോഗങ്ങളിൽ നിന്നു തങ്ങളെതന്നെ രക്ഷിപ്പാൻ കഴിവുള്ളതാണെന്നു, ജനങ്ങൾക്കു നിങ്ങൾ പഠിപ്പിച്ചുകൊടുത്തിരിക്കുന്നു. വെളിച്ചമുള്ളതും വായുസഞ്ചാരമുള്ളതും ആയ വീടുകളിൽ താമസിച്ചാൽ, ക്ഷയം, ശ്വാസനാളരോഗം, ശ്വാസകോശരോഗം, മററു നെഞ്ഞിനെ സംബന്ധിക്കുന്ന അനേകരോഗങ്ങളും ഒഴിക്കാവുന്നതാണെന്നും, നിങ്ങൾ അവരെ നല്ലവണ്ണം, മനസ്സിലാക്കിയിരിക്കുന്നു.

"ഈവിധത്തിലെല്ലാം അസംഖ്യം ജനങ്ങളുടെ ജീവൻ രക്ഷിക്കപ്പെട്ടു; അതിപഭേഹോപദ്രവവും വേദനയും ഒഴിക്കപ്പെട്ടു; എന്റെ പ്രജകളുടെ സുഖം, ബലം, ക്ഷേമം ഇവ മേല്ക്കുമേൽ വൎദ്ധിച്ചുവന്നു; ഈ വൎത്തമാനംകേട്ടു, എന്റെ സ്നേഹിതനായ രാജാവു, നമുക്കു ഈ നന്മകൾ സിദ്ധിച്ചിരിക്കുന്നതു എങ്ങിനെയെന്നു പഠിക്കേണ്ടതിന്നായി ദൂരദേശത്തുനിന്നു, തന്റെ കുമാരനെ ഇതാ നമ്മുടെ അടുക്കലേക്കു അയച്ചിരിക്കുന്നു. ആയതുകൊണ്ടു രാജകുമാരനെ നിങ്ങളോടുകൂടെ കൊണ്ടുപോയി എല്ലാസുഖാധാരനിബന്ധനകളും ആരോഗ്യരക്ഷാനിയമങ്ങളും, അദ്ദേഹത്തെ പഠിപ്പിക്കയും, ഈ നഗരിയിൽ എന്റെ പ്രജകളുടെ സുഖവും ക്ഷേമവും വൎദ്ധിച്ചുവരുമാറു എന്തെല്ലാംചെയ്തിരിക്കുന്നു എന്നതു കാണിച്ചുകൊടുക്കുകയും ചെയ്ക" എന്നുകല്പിച്ചു.

## ൮ - ാം അദ്ധ്യായം.

പാൎപ്പിന്നു സുഖമുള്ള നഗരിയിൽ നിരത്തുകൾ പടുക്കപ്പെടേണ്ടതു എങ്ങിനെയെന്നും, ചാലുകൾ ഏതു വിധത്തിൽ ആയിരിക്കേണമെന്നും, നഗരി ശുചീകരിക്കപ്പെടേണ്ടതു എങ്ങിനെയെന്നും, ചാലുകൾ വെടിപ്പായി സൂക്ഷിക്കുന്നതു എങ്ങിനെയെന്നും, വീടുകൾ നന്നെ അടുത്തുകൂടിയിരിക്കരുതെന്നും, വീടുകളുടെ മുൻഭാഗവും പിൻഭാഗവും നല്ലവണ്ണം വെളിച്ചം കയറുന്നതായിരിക്കേണമെന്നും, തെരുവുകൾ വിശാലമായിരിക്കേണമെന്നും.

ആ നഗരിയുടെ തെരുവുകളിൽ ഇഷ്ടികകൾ കുത്തനെ വെച്ചു വിശേഷമായി പടുത്തിട്ടുണ്ടായിരുന്നു. നിരത്തിന്റെ ഇരുവശത്തും ഓരോ നല്ല ചാലുകൾ ഉണ്ടാക്കിയിരുന്നു. നഗരിയുടെ അധികം ഉയരമുള്ള ഭാഗങ്ങളിൽ ചില കിണറുകൾ ഉള്ളവയിൽനിന്നു വെള്ളം മൂരികളെക്കൊണ്ടു വലിപ്പിച്ചു, ഈ ചാലുകളിൽകൂടി ഒഴുക്കി ആ ചാലുകളെ വിശേഷമായി കഴുകിയിരുന്നു. നഗരിയിൽ ഉള്ള എല്ലാ ചാലുകളും തുറന്ന ഒരു ഓവിലേക്കുചെന്നു കൂടി, വെള്ളമെല്ലാം അതിൽകൂടെ ഒഴുകി, നഗരിയിൽനിന്നു കുറെ ദൂരെ ചില കുളങ്ങളിലേക്കുചെന്നു വീണിരുന്നു. അവിടെനിന്നു * പേൎഷ്യൻ ചക്രങ്ങൾ വെച്ചു വെള്ളം പൊന്തിച്ചു വിശാലമായ ഒരു നിലത്തിലേക്കു ഒഴുക്കിയിരുന്നു. ഈ നിലത്തിൽ ധാരാളമായി കൃഷിചെയ്തു പോരികയും, അതിൽ നിന്നുണ്ടായ ഫലം, നഗരിയിലെ മുൻസിപ്പാലിററിക്കു ഒരു വലിയ ആദായമായിത്തീരുകയും ചെയ്തിരിക്കുന്നു. കാരണം, വളം കലൎന്ന ഈ വെള്ളംകൊണ്ടു നനക്കപ്പെട്ടിരുന്ന ഈ വയലിൽ ഉണ്ടായ വിളവ് ആ പേൎഷ്യൻ ചക്രങ്ങൾ തിരിക്കുന്നതിന്നുപയോഗിച്ചുവന്ന മൂരികൾക്കും, കാഷ്ഠം ചണ്ടി ചവറു ചപ്പു മുതലായവ നഗരിയിൽനിന്നു നീക്കം ചെയ്യുന്നതിന്നു ഉപയോഗിച്ചിരുന്ന കാളകൾക്കും, കഴുതകൾക്കും, തീററികൊടുപ്പാൻ ധാരാളം മതിയായിരുന്നു, എന്നുമാത്രമല്ല, അതുകഴിച്ചു കുറെ ബാക്കിയാവാനും കൂടിയുണ്ടായിരുന്നു.

തന്നെ ഈ കാൎയ്യങ്ങൾ എല്ലാം കാണിച്ചുകൊടുത്ത വൈദ്യന്മാരോടു രാജകുമാരൻ പറഞ്ഞതെന്തെന്നാൽ, "ഉപയോഗിക്കപ്പെട്ട മ്ലേച്ഛജലവും അഴുക്കും നഗരിയിൽനിന്നു നീക്കിക്കിട്ടേണ്ടതിന്നു ഇതു ഏററവും വിശേഷമായ ഒരു മാൎഗ്ഗംതന്നെ. എന്നാൽ ഈ ചാലുകളെ

* പേൎഷ്യൻ ചക്രം എന്നുവെച്ചാൽ, കിണറുകളിൽനിന്നു കൃഷിയുടെ ആവശ്യത്തിന്നായി, മൂരികളെയൊ പോത്തുകളെയൊ ഉപയോഗിച്ചു വെള്ളം വലിക്കേണ്ടതിന്നു, പല്ലുള്ള വലിയ മരചക്രങ്ങൾ കൂട്ടിപ്പിടിപ്പിച്ചുണ്ടാക്കിയിരിക്കുന്ന ഒരുവക യന്ത്രമാണ്. അതു പഞ്ചാബിലുള്ള വടക്കൻ ജില്ലകളിൽ സാധാരണയായി ഉപയോഗിച്ചുവരുന്നു.

സംബന്ധിച്ച നിങ്ങാംക്കു യാതൊരു ബുദ്ധിമുട്ടും, ഒരിക്കലും നേരിടാറില്ലേ എന്നു എന്നോടുപറഞ്ഞാലും ".

വൈദ്യന്മാർ അതിന്നു മറുപടിയായി ഇപ്രകാരം പറഞ്ഞു: "ഈ ചാലുകാം ആദ്യം ഉണ്ടാക്കിയ കാലത്തു ഞങ്ങാംക്കു പലേ ബുദ്ധിമുട്ടുകളും നേരിട്ടിട്ടുണ്ട്. അവയെ വേണ്ടുംവണ്ണം വെടിപ്പാക്കായ്കയാൽ, പലപ്പോഴും സാധനങ്ങാം അവയിൽ കെട്ടിനിന്നു ചാലുകാം അടഞ്ഞുപോകയും, അപ്പോാം അവയിൽനിന്നു ഏററവും അസഹ്യമായ ദുർഗ്ഗന്ധം പുറപ്പെടുകയും ചെയ്യിരുന്നു. എന്നാൽ ഇപ്പോാം മുൻസിപ്പാലിററിയാൽ നിയമിക്കപ്പെട്ട ഓരോ തണ്ണിക്കാരൻ, ചാലിൻെറ കണ്ണത്തപ്പെട്ടത്തിയ ഏതാനും നീളം കഴുകുവാൻ വെള്ളം ഒഴുക്കേണമെന്നും, മുൻസിപ്പാൽ ശമ്പളത്തിലുള്ള ഓരോ തോട്ടി, ചാലിൻെറ കണ്ണത്തപ്പെട്ടത്തിയ ഏതാനും നീളം ദിവസംപ്രതി അടിച്ചുവെടിപ്പാക്കണമെന്നും, ഉള്ള നിബന്ധന ഏപ്പെട്ടത്തിയിരിക്കുന്നു. ഇങ്ങിനെ ചാലുകാം എല്ലായ്പോഴും വെടിപ്പായും തുറന്നും ദുർഗ്ഗന്ധം ഇല്ലാതെയും സൂക്ഷിക്കപ്പെടുന്നു. ഈ ചാലുകാം ഇപ്രകാരം വെടിപ്പായും, തുറന്നും ദുർഗ്ഗന്ധം ഇല്ലാതെയും വെക്കുന്നതായാൽ നഗരിയിൽനിന്നു എല്ലാ മ്ലേച്ഛജലവും, അഴുക്കും, നീക്കിക്കളയുന്നതിന്നു അവ നല്ലൊരു മാർഗ്ഗമാണ്. അവയെ ഉണ്ടാക്കുന്നതിന്നു ചിലവായ പണം നഷ്ടമായിപ്പോകുന്നില്ല. ചിലവിന്നു തക്കപ്രതിഫലമാണ് അവമൂലം ഉണ്ടാകുന്നതു. അവയെ ദിവസംതോറും വിശേഷമായി അടിക്കയും, കഴുകുകയുംചെയ്യാഞ്ഞാൽ ചിലവായ പണം വൃഥാവിലായിപ്പോയി എന്നേ വരൂ. ഈ ചാലുകാം സൂക്ഷ്മതയോടെ നോക്കി, സദാവെടിപ്പാക്കി വെച്ചാൽ, നഗരിയിലെ വായു എല്ലായ്പോഴും ശുദ്ധമാകയും, ദുർഗ്ഗന്ധം കേവലം ഇല്ലാതെയിരിക്കുകയും, തന്മൂലം ജനങ്ങാം വളരെ സുഖക്കേടിൽനിന്നു രക്ഷപ്പെടുകയും ചെയ്യും".

രാജകുമാരൻ—"കാഷ്ഠവും, നഗരത്തിലുണ്ടാകുന്ന മററു അഴുക്കുകളും നിങ്ങാം നീക്കംചെയ്യുന്നതു എങ്ങിനെയാകുന്നു?" എന്നു ചോദിച്ചു.

വൈദ്യന്മാർ ഉത്തരമായി—"കാഷ്ഠവും, അഴുക്കും മുൻസിപ്പാലിററിക്കു വലിയ ആദായ കാരണമായാണ് തീന്നിരിക്കുന്നതു. രണ്ടും വില്ക്കുകയും അങ്ങിനെ കിട്ടുന്ന പണം വരവിൽ ചേക്കുകയും ചെയ്യുന്നു. കാഷ്ഠവും, ചണ്ടിയും മുഴുവൻ ദിവസന്തോറും തോട്ടികാം

അടിച്ചുകൂട്ടി കഴുതകളുടെയൊ കാളകളുടെയൊ പുറത്തുകയററി, അല്ലെങ്കിൽ മാട്ടുവണ്ടികളിൽനിറച്ചു, നഗരത്തിൽനിന്നു ദൂരേയുള്ള ഒരു സ്ഥലത്തേക്കു കൊണ്ടുപോയി, വളത്തിന്നായി അന്നന്നുകൃഷിക്കാൎക്കു വില്ക്കുകയും ചെയ്യുന്നു. ബാക്കിയായിപ്പോകുന്നതു മുൻസിപ്പാൽ വക ഇഷ്ടികച്ചൂളയിൽ കൊണ്ടുപോയി ഉടനെ ദഹിപ്പിക്കുകയും, അങ്ങിനെ ഈ പട്ടണത്തെരുവുകളിലേക്കു ആവശ്യമായ ഇഷ്ടികകൾ ഉണ്ടാക്കുകയും ചെയ്യുന്നു" എന്നു പറഞ്ഞു.

രാജകുമാരൻ—"എന്റെ പിതാവിന്റെ രാജ്യത്തിലുള്ള അനേക നഗരികളിൽ വസിക്കുന്ന ജനങ്ങളിൽ അസംഖ്യം ആളുകൾ രക്തപ്രകാശമില്ലാത്തവരായും, രോഗാൎത്തരായും കാണപ്പെടുന്നു. എന്നാൽ ഈ നഗരിയിൽ താമസിക്കുന്ന ജനങ്ങൾ എത്ര സുഖവും, ശക്തിയും ഉള്ളവരാകുന്നു! ഇതിന്റെ കാരണം എന്തായിരിക്കുമൊ?"

വൈദ്യന്മാർ—"വലിയ നഗരങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്കുണ്ടാകുന്ന രോഗത്തിന്നും, ക്ഷീണത്തിന്നും മുഖ്യകാരണം, തെരുവുകൾ ഇടുങ്ങിയവയായും, അവശ്യം അധികമുയരമുള്ള വീടുകൾ നന്നേയടുത്തു പിൻഭാഗത്തോടു പിൻഭാഗം തിരിച്ചു, അടുക്കലടുക്കലായും, പണിതിരിക്കുന്നതത്രെ. അങ്ങിനെയുള്ള നഗരനിവാസികളുടെ ഇടയിൽ ഉണ്ടാകുന്ന ക്ഷയരോഗത്തിന്റെ മുഖ്യകാരണം ഈ അവസ്ഥതന്നെയാകുന്നു. ഈ നഗരം ആദ്യം പണിയപ്പെട്ടപ്പോൾ തെരുവുകൾ ധാരാളം വീതിയുള്ളവയായി ഉണ്ടാക്കി എന്നു മാത്രമല്ല, ഒരു തെരുവും മറെറാരു തെരുവും തമ്മിൽ ധാരാളത്തിൽ അകലവും വെച്ചിരുന്നു. അതുകൊണ്ടു ഒരു തെരുവിലേക്കു മുഖമായിനില്ക്കുന്ന വീടുകളുടെ പിൻഭാഗവും, അതിന്റെ പിൻ ഭാഗത്തിലുള്ള തെരുവിലേക്കു മുഖമായി നില്ക്കുന്ന വീടുകളുടെ പിൻഭാഗവും തമ്മിൽ, വേണ്ടപോലെയുള്ള ഇട, തോട്ടങ്ങളും മുററങ്ങളും ഉണ്ടാക്കുന്നതിന്നായി ധാരാളം ഉണ്ടായിരുന്നു. വീടുകളുടെ പിൻഭാഗത്തിലുള്ള മുറികൾ, വെളിച്ചസഞ്ചാരവും വായുസഞ്ചാരവും ഉള്ളവയായിരിക്കേണമെങ്കിൽ, ഇങ്ങിനെ ഇടയുണ്ടായിരിക്കുന്നതു അത്യാവശ്യമാണല്ലോ. ഇതുകൂടാതെയും, വീടുകളുടെ മുൻഭാഗത്തു ധാരാളം വെളിച്ചവും, വായുവും കിട്ടേണ്ടതിലേക്കായി മുൻസിപ്പാൽ കമ്മററിയാർ ഒരു നിബന്ധന ഏൎപ്പെടുത്തിയിരിക്കുന്നു. യാതൊരു തെരുവിലും മദ്ധ്യഹേമന്തകാലത്തു മദ്ധ്യാഹ്നത്തിൽ ഒരു വീട്ടിന്റെ

നിഴൽ തെരുവിന്റെ വീതികവിഞ്ഞു മറുഭാഗത്തേക്ക് എത്തതക്കവണ്ണം അത്ര അധികം ഉയരത്തിൽ യാതൊരു വീട്ടും ഉണ്ടാക്കുവാൻ പാടില്ല എന്നത്രെ. ഇങ്ങിനെയിരിക്കെ ഒരു തെരുവു കിഴക്കു പടിഞ്ഞാറായി ഉണ്ടാക്കിയിരിക്കുന്നു എന്നുവരികിലും, തെരുവിന്റെ തെക്കുഭാഗത്തുള്ള വീട്ടുകളുടെ നിഴൽ മദ്ധ്യഹേമന്തകാലത്തിൽപോലും ഉച്ചസമയത്തു മറുഭാഗത്തുള്ള വീട്ടുകളിന്മേൽ തട്ടുന്നതല്ല."

---

## ൯ - ാം അദ്ധ്യായം.

ആസ്പത്രികൾ. നേത്രരോഗങ്ങൾ. തിമിരരോഗം. അശ്മരി (കല്ലടപ്പ്). ത്വക്ക്‌രോഗങ്ങൾ. ആസ്പത്രികൾ മൂലമുണ്ടാകുന്ന നന്മ. ആസ്പത്രി ചികിത്സയുടെ പൂർണ്ണഗുണം ലഭിക്കേണ്ടതു എങ്ങിനെ. ക്വീനിൻ എന്ന ഔഷധം എടുക്കപ്പെടുന്ന വൃക്ഷം ഇന്ത്യയിലെ മലകളിൽ വളർത്തപ്പെടുന്നു. ഭ്രാന്തൻ നായ് കടിച്ച ആളുകളെ ചികിത്സിക്കുന്നതിന്നുള്ള പ്രത്യേക ആസ്പത്രികൾ. പരന്ന ക്വിനീൻ ഗുളികകൾ. വസൂരി കീറിവെക്കുന്നതിന്നുള്ള ഗോവസൂരിച്ചലം. ഡാക്ടർ ജന്നർ.

ഇതിന്റെശേഷം ആ വൈദ്യന്മാർ രാജകുമാരനെകൊണ്ടുപോയി ആ നഗരിയിലുള്ള ആസ്പത്രികൾ എല്ലാം കാണിച്ചുകൊടുത്തു. അവയിൽ ഒന്നു ഏററവും മനോഹരമായി പണിയപ്പെട്ടിരുന്നു. അതു നേത്രരോഗങ്ങളുടെ ചികിത്സക്കുമാത്രമാണ്. ഇതു രാജകുമാരനെ കാണിച്ചുകൊടുത്തപ്പോൾ അവർ പറഞ്ഞതു: "തണുപ്പു കാലത്തു ഠരം രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും രോഗികൾ അനേകരായി ഈ ആസ്പത്രിയിലേക്കു വന്നുകൂടുന്നു. അതുകൊണ്ടു ഈ ആസ്പത്രിയുടെ മേലാളായി നിയമിക്കപ്പെട്ടിരിക്കുന്ന സമർത്ഥനായ വൈദ്യൻ പലപ്പോഴും ഓരോ ദിവസം രാവിലെ തിമിര രോഗങ്ങളാൽ ബാധിക്കപ്പെട്ട അമ്പതോ, അറുപതോ ആളുകളുടെ കണ്ണിൽ ശസ്ത്രപ്രയോഗം കഴിച്ചു അവക്കു വീണ്ടും കാഴ്ച വരുത്തിക്കൊടുക്കേണ്ടിവരുന്നു. കഴിഞ്ഞ ഏതാനും ചില കൊല്ലങ്ങൾക്കിടയിൽ 10,000 ആളുകൾക്കു കാഴ്ച വരുത്തികൊടുത്തിരിക്കുന്ന ഇദ്ദേഹത്തിന്റെ കീർത്തി എങ്ങും വ്യാപിച്ചിരിക്കുന്നു".

പലവിധമായ രോഗങ്ങൾക്കു ചികിത്സിക്കേണ്ടതിന്നുള്ള മററു അനേകം ആസ്പത്രികൾ അവർ രാജകുമാരന്നു കാണിച്ചുകൊടുത്തു പറഞ്ഞതാവിതു: "ഈ ആസ്പത്രികൾ ആദ്യം പണിയപ്പെട്ടപ്പോൾ ഈ രാജ്യത്തിലെ ജനങ്ങൾ തീരെ അറിവില്ലാത്തവരായിരുന്നതിനാൽ ഈ ആസ്പത്രികൾകൊണ്ട് ഉണ്ടാകാമായിരുന്ന നന്മ മിക്കവാറും അവർ നഷ്ടപ്പെടുത്തിക്കളകയാണു ചെയ്യുന്നതു. ഒരു മനു

ഷ്യന്നു രോഗം പിടിച്ചാലുടനെതന്നെ അവനെ ആസ്പത്രിയിലേക്കു കൊണ്ടുവരുന്നതിന്നു പകരം അവൻ മരിക്കാറാകുന്നതുവരെ അവർ കാത്തിരിക്കുകയും, വൈദ്യന്മാൎക്കു പിന്നെ യാതൊന്നും ചെയ്വാൻ നിവൃത്തിയില്ലാത്ത സ്ഥിതി ആകുമ്പോൾ ആസ്പത്രിയിലേക്കു ചികിത്സക്കായി കൊണ്ടുവരികയും ചെയ്തിരുന്നു. പലപ്പോഴും ആവക രോഗികളെ നേരത്തെ ആസ്പത്രിയിൽ കൊണ്ടുവന്നിരുന്നുവെങ്കിൽ അവരെ എളുപ്പത്തിൽ സുഖപ്പെടുത്തുവാൻ കഴിവുള്ളതായിരുന്നു. ഇതുകൂടാതെ ഒരു മനുഷ്യൻ ആസ്പത്രിയിൽവന്നു, 'ഇപ്പോൾ അധികം കാലമായി എനിക്കു രോഗമായിരിക്കുന്നു; എന്നെ സൌഖ്യപ്പെടുത്തുവാൻ തക്കതായ ഒരു മരുന്നു തരേണമെ' എന്നു പറയുന്നതു സാധാരണയായിരുന്നു. അപ്പോൾ വൈദ്യൻ ആ രോഗിക്കു പററിയതായ മരുന്നു അവന്നു കൊടുക്കയും, ആ മരുന്നു തീൎന്നതിൻെറശേഷം വീണ്ടും ആസ്പത്രിയിലേക്കു വരേണമെന്നു ആവശ്യപ്പെടുകയും ചെയ്യും. എന്നാൽ ആ രോഗിയാകട്ടെ ഒരു നേരം മരുന്നു സേവിച്ച് തൽക്ഷണം താൻ സുഖപ്പെട്ടില്ല എന്നു കാണുമ്പോൾ പിന്നെ അതു സേവിക്കാതിരിക്കുകയും ചെയ്യും. ഒരു മനുഷ്യൻ അനേക മാസങ്ങൾ രോഗിയായിരുന്നതിൻെറ ശേഷം ഒരു ദിവസംകൊണ്ടു സുഖം പ്രാപിക്കാമെന്നു വിചാരിക്കുന്നതു വിഡ്ഢിത്വം എന്നല്ലാതെ മറെറാന്നുമല്ല. അനേക മാസങ്ങളൊ ആഴ്ച്ചകളൊ ക്രമമായി മരുന്നു സേവിക്കേണ്ടിയവനാണ് അവൻ. എന്നാൽ ഇക്കാലത്തു ജനങ്ങൾ വിദ്യ അഭ്യസിച്ചിരിക്കുന്നതിനാൽ അവൎക്കു ഒരം കാൎയ്യങ്ങൾ എല്ലാം നല്ലവണ്ണം മനസ്സിലായിട്ടുണ്ട്. അതുകൊണ്ടു ആസ്പത്രികൾ അവൎക്കു വളരെ ഉപയോഗപ്രദമായിത്തീൎന്നിരിക്കുന്നു".

"അശ്മരി (കല്ലടപ്പ്) എന്ന രോഗത്തിന്നു ചികിത്സിക്കുന്നതിന്നായി അനേകം ആളുകൾ ഈ ആസ്പത്രികളിലേക്കു വരാറുണ്ടോ?" എന്നു രാജകുമാരൻ ചോദിച്ചു.

വൈദ്യന്മാർ—"അശ്മരി ഈ രാജ്യത്തിൽ സൎവ്വസാധാരണയായ ഒരു രോഗമത്രെ. എന്നാൽ അതിന്നുള്ള ചികിത്സയും ഏററവും ഫലിക്കുന്നതാണ്. അശ്മരിരോഗത്താൽ വലിയ കല്ല് ഉണ്ടായിത്തീൎന്നിട്ടുള്ള ഒരു മനുഷ്യൻ ആസ്പത്രിയിലേക്കുവന്നുകഴിഞ്ഞാൽ ആ രോഗിക്കു അല്പം "ക്ലോറഫോം" (ബോധഹാരി) കൊടുത്തു മന്ദിപ്പിച്ചതിൻെറ ശേഷം കല്ല് മണലായി ഉടച്ച് പുറത്തേക്കെടുത്തു കളയുന്നു. തൻെറ ആയുഷ്കാലം മുഴുവൻ, തന്നെ

കഷ്ടപ്പെടുത്തുവാൻ കഴിവുള്ളതായ ആ രോഗത്തിൽനിന്നു കുറെ ദിവസത്തിന്നിടയിൽ പൂൎണ്ണസൌഖ്യം പ്രാപിച്ച് ആ രോഗി ആസ്പത്രി വിട്ടുപോകുന്നു. ഇത്ര വേദനയുള്ള ഒരു രോഗം ഇത്ര വേഗത്തിൽ സൌഖ്യപ്പെടാവുന്നതായ്തീൎന്നിരിക്കുന്നതു ദൈവകാരുണ്യംതന്നെ."

രാജകുമാരൻ—"ത്വക്ക് രോഗങ്ങൾ ചികിത്സിക്കുന്നതിന്നായി അനേക ആളുകൾ ഈ ആസ്പത്രികളിലേക്കു വരാറുണ്ടോ? എന്റെ പിതാവിന്റെ രാജ്യത്തിൽ ത്വക്ക് രോഗങ്ങളാൽ ജനങ്ങൾ അത്യന്തം കഷ്ടപ്പെടുന്നു".

വൈദ്യന്മാർ—"പണ്ടത്തെ കാലങ്ങളിൽ ഈ രാജ്യത്തിലുള്ള ആളുകളും ത്വക്ക് രോഗങ്ങളാൽ വളരെ കഷ്ടപ്പെട്ടിരുന്നുവെങ്കിലും, ഈ കാലത്തു അവർ വിദ്യ അഭ്യസിക്കുകയും, സോപ്പ് എന്ന സാധനത്തിന്റെ ഉപയോഗം അവൎക്കു മനസ്സിലാകുകയും, ചെയ്തിരിക്കുകയാൽ ഇപ്പോൾ ആവക രോഗങ്ങൾ ഈ രാജ്യത്തിൽ അസാധാരണയാണ്. പണ്ടു സോപ്പിന്നു വലിയ വിലയായിരുന്നു. വളരെ ചുരുക്കം ആളുകൾമാത്രമെ അന്നു അതു ഉപയോഗിച്ചിരുന്നുള്ളു. എന്നാൽ ഈ കാലത്തു മഹാരാജാവിന്റെ നഗരിയിൽ അനേക വലിയ സോപ്പ് ശാലകൾ സ്ഥാപിച്ചിരിക്കുകയാൽ സോപ്പ വളരെ ലഘുവായ വിലക്കു കിട്ടുന്നതാകകൊണ്ടു ദരിദ്രൎക്കുപോലും അതുവാങ്ങി ഉപയോഗിപ്പാൻ സാധിക്കുന്നു. ത്വക്ക് രോഗങ്ങൾക്കു, ത്വക്കിന്മേൽ ഉണ്ടാകുന്ന ചില പ്രാണികളാകുന്നു കാരണം. ഈ പ്രാണികൾ മിക്കവയും സോപ്പിന്റെ ശക്തിയാൽ വേഗത്തിൽ നശിച്ചുപോകുന്നവയാകുന്നു" എന്നു പറഞ്ഞു കേൾപ്പിച്ചു.

ആ നഗരിയിൽനിന്നു മലകളിലേക്കു പോകുവാൻ കുറെ ദിവസത്തെ യാത്ര ആവശ്യമായിരുന്നു. വൈദ്യന്മാർ രാജകുമാരനെ ആ മലകളിലേക്കു കൊണ്ടുപോയി അവിടങ്ങളിൽ ഉണ്ടായിരുന്ന വലിയ ശിങ്കോനാ തോട്ടങ്ങൾ കാണിച്ചുകൊടുത്തു. മലമ്പനിയിൽനിന്നു ജനങ്ങളെ രക്ഷിക്കുന്നതിന്നു ആ രാജ്യത്തിൽ ഉപയോഗിച്ചിരുന്ന ക്വിനീൻ മുഴുവൻ ഈ വൃക്ഷങ്ങളുടെ തോലിൽനിന്നായിരുന്നു ഉണ്ടാക്കിയിരുന്നതു. വൈദ്യന്മാർ ആ മലകളിൽ ഒരു ദിക്കിൽ ഉണ്ടായിരുന്ന ഒരു ആസ്പത്രി രാജകുമാരന്നു കാണിച്ചുകൊടുത്തു. ഈ ആസ്പത്രിയിലേക്കു രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും ആളുകൾ വരാറുണ്ടായിരുന്നു.

രാജകുമാരൻ—"ഇതു എന്താവശ്യത്തിനുള്ള ആസ്പത്രിയാണ്? ഇതു ഈ മലയിൽ സ്ഥാപിച്ചിരിക്കുന്നതിൻെറ കാരണം എന്തു?" എന്നു ചോദിച്ചു.

വൈദ്യന്മാർ—"ഭ്രാന്തൻ നായയൊ കുറുക്കനൊ കടിച്ച ആളുകളെ ചികിത്സിക്കുന്നതിന്നു പ്രത്യേകമായുള്ള ഒരു ആസ്പത്രിയാണിതു. ഇങ്ങിനെയുള്ളവരെ ചികിത്സിക്കുന്നതിന്നുള്ള മരുന്നു തണുപ്പുള്ള സ്ഥലത്തുമാത്രമെ ഉണ്ടാക്കുവാൻ സാധിക്കയുള്ളൂ. അതുകൊണ്ടാണ് ഈ ആസ്പത്രി മലയുടെ മുകളിൽ സ്ഥാപിച്ചിരിക്കുന്നതു. ഒരു മനുഷ്യനെ ഭ്രാന്തൻ നായ് കടിച്ചാൽ അവൻെറ ശരീരത്തിൽ പേവിഷം ഉണ്ടായി അതിനാൽ അവൻ മരിച്ചുപോവാനിടയുണ്ടു. പണ്ടത്തെക്കാലത്തു ഒരു മനുഷ്യനെ ഭ്രാന്തൻ നായ് കടിച്ചു കഴിഞ്ഞാൽ അവൻെറ ശരീരത്തിൽ പേവിഷമുണ്ടാകാതെ അവനെ രക്ഷിപ്പാൻ യാതൊരു മാൎഗ്ഗവും ഉണ്ടായിരുന്നില്ല. ഭ്രാന്തൻ നായയൊ, കുറുക്കനൊ, മററു വല്ല മൃഗമൊ കടിച്ചാലും പേവിഷം ഉണ്ടാകാതെ അങ്ങിനെ കടികൊണ്ട മനുഷ്യരെ രക്ഷിപ്പാൻ ശക്തിയുള്ളതായ ഒരു ചികിത്സ, പാസ്റ്റേയർ എന്നു പേരോടുകൂടിയ ഒരു യൂറോപ്യ വൈദ്യൻ കണ്ടുപിടിച്ചു. എല്ലാ വലിയ രാജ്യങ്ങളിലും ഈവക ആസ്പത്രികൾ ഇപ്പോൾ കാണുന്നുണ്ടു. ആ പ്രസിദ്ധ വൈദ്യൻെറ പേർ അനുസരിച്ചു ഈ ശാലകൾക്കു പാസ്റ്റേയർ ആസ്പത്രികൾ എന്നു പറഞ്ഞുവരുന്നു."*

ഇതിൻെറ ശേഷം രാജകുമാരൻ മഹാരാജാവിൻെറ നഗരിയിലേക്കു മടങ്ങി അവിടെ വീണ്ടും ചെന്നെത്തിയപ്പോൾ വൈദ്യന്മാർ രാജകുമാരനെ കൂട്ടിക്കൊണ്ടുപോയി, ക്വിനീൻ എന്ന ഔഷധം മുഴുവൻ പരന്ന ഗുളികകളാക്കി എടുക്കുന്നതിനുള്ള യന്ത്രങ്ങൾ കാണിച്ചുകൊടുത്തു. ഈ പരന്ന ഗുളികകൾ ചെറുകെട്ടുകളാക്കി കെട്ടിയ

---

* ഭ്രാന്തൻ നായ കടിച്ച മനുഷ്യരെ ചികിത്സിക്കുന്നതിന്നായി ഇപ്പോൾ എല്ലാ പ്രധാന രാജ്യങ്ങളിലും പാസ്റ്റേയർ ആസ്പത്രികൾ സ്ഥാപിച്ചിട്ടുണ്ടു. പഞ്ചാബിൽ കസൌലി എന്ന സ്ഥലത്തും, മദ്രാശി സംസ്ഥാനത്തിൽ കുനൂരിലും, ഈവക ഓരോ ആസ്പത്രികളുണ്ടു. ആരെയെങ്കിലും ഭ്രാന്തൻ നായ കടിച്ചു കഴിഞ്ഞാൽ ഉടനെതന്നെ വ്രണം ചൂടുവെച്ചു പൊള്ളിക്കുകയും കഴിയുന്ന വേഗത്തിൽ കുനൂരിലുള്ള പാസ്റ്റേയർ ആസ്പത്രിയിലേക്കു രോഗിപോകുകയും വേണം. യാത്രച്ചിലവിന്നു പണമില്ലാതെ അത്ര ദാരിദ്ര്യാവസ്ഥയിലുള്ളവരാണെങ്കിൽ മജിസ്ത്രേട്ടിനോടൊ വേറെ അടുത്തുള്ള മറേറതെങ്കിലും ഗവൎമ്മെണ്ടുദ്യോഗസ്ഥനോടൊ അപേക്ഷിക്കാവുന്നതാണ്. ദരിദ്രന്മാൎക്കു ഈ ചികിത്സക്കായി കുനൂരിലേക്കു പോകുന്നതിന്നുള്ള യാത്രച്ചിലവു അനുവദിച്ചുകൊടുപ്പാൻ അനേക മജിസ്ത്രേട്ടന്മാൎക്കും മററു ഗവൎമ്മെണ്ടുദ്യോഗസ്ഥന്മാൎക്കും അധികാരം നല്കപ്പെട്ടിട്ടുണ്ട്.

തിൻെറ ശേഷം ഓരോരോ ഗ്രാമത്തിലുള്ള ജനങ്ങൾക്കു വില്ക്കേണ്ടതിന്നായി അതതു ഗ്രാമങ്ങളിൽ നിയമിച്ചിരുന്ന കാൎയ്യസ്ഥന്മാൎക്കു അയച്ചു കൊടുക്കപ്പെട്ടിരുന്നു. *

അതിൻെറശേഷം വൈദ്യന്മാർ രാജകുമാരനെക്കൂട്ടിക്കൊണ്ടു പോയി ആ രാജ്യത്തിലുള്ള ജനങ്ങൾക്കു വസൂരി കീറിവെക്കുന്നതിന്നു ഉപയോഗിച്ചിരുന്ന ഗോവസൂരിച്ചലം മുഴുവൻ തയ്യാറാക്കുന്ന ശാല കാണിച്ചുകൊടുത്തു. ഈ ശാലയുടെ അകത്തു ഒരു മുറിയുടെ ചുമരിന്മേൽ ഒരു മനുഷ്യൻെറ ചിത്രം വെക്കപ്പെട്ടിരുന്നു. ഇതു കണ്ടു രാജകുമാരൻ വൈദ്യന്മാരോടായിട്ട് "ഇതു ആരുടെ ചിത്രമാണെന്നു എന്നോടു പറയുമൊ" എന്നു ചോദിച്ചു.

വൈദ്യന്മാർ, "ലോകവിശ്രുതനായ ജന്നർ എന്ന ഇംഗ്ലീഷു വൈദ്യൻെറ പടമാണിതു. തൻെറ സാമൎത്ഥ്യംകൊണ്ടും, ജ്ഞാനം കൊണ്ടും, സ്ഥിരോത്സാഹം കൊണ്ടും, വസൂരികീറിവെക്കൽ എന്നൊരേൎപ്പാടു കണ്ടുപിടിക്കുകയും, വസൂരി എന്ന മഹാരോഗത്തിൽ നിന്നു തങ്ങളെത്തന്നെ രക്ഷിക്കേണ്ടതു എങ്ങിനെയെന്നു മനുഷ്യവൎഗ്ഗത്തെ പഠിപ്പിക്കുകയും ചെയ്യതു് ഇദ്ദേഹമാണു" എന്നു പറഞ്ഞു കേൾപ്പിച്ചു.

പിന്നെ അവർ എല്ലാവരും കൂടി ശാലയുടെ ഉള്ളിൽ ഗോവസൂരിച്ചലം ഉണ്ടാക്കുന്ന ക്രമം കാണുന്നതിന്നായി പ്രവേശിച്ചു. അവിടെ എരുമക്കിടാക്കൾക്കു വസൂരി കീറിവെക്കുന്നതും പിന്നെ അവയുടെ തൊലിൽനിന്നു ചലം എടുക്കുന്നതും കണ്ടു. ഇങ്ങിനെ എടുക്കപ്പെട്ട ചലം വെടിപ്പാക്കി ശുദ്ധി ചെയ്യുന്ന ക്രമവും, ചലം ഉണ്ടാക്കുന്നതിന്നും സ്വരൂപിക്കുന്നതിന്നും ഉപയോഗിച്ചുവന്ന എല്ലാ ശസ്ത്രങ്ങളും കുഴലുകളും ഉഷ്ണത്താൽ വെടിപ്പാക്കി ശുദ്ധിചെയ്യുന്ന ക്രമവും എങ്ങിനെയെന്നും കണ്ടു.

ഇതെല്ലാം കണ്ടശേഷം രാജകുമാരൻ തൻെറ പിതാവിൻെറ രാജ്യത്തിലേക്കു മടങ്ങിപ്പോകേണ്ടതിന്നുള്ള ഒരുമ്പാടായി. മഹാരാജാവു രാജകുമാരനെ തൻെറ മുമ്പാകെ വരുത്തി കുമാരൻെറ

* കചിനീൻ പരന്ന ഗുളികകളാക്കി എടുക്കുന്നതിന്നുള്ള ഒരു യന്ത്രം ലാഹോറിൽ ഉണ്ടു. ആ യന്ത്രം മൂലം ഉണ്ടാക്കപ്പെടുന്ന ഗുളികകൾ ജ്വരമുള്ള കാലങ്ങളിൽ പഞ്ചാബ് രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലേക്കും അയച്ചു കൊടുക്കപ്പെടുന്നു.

മദ്രാസ് സംസ്ഥാനത്തുള്ള എല്ലാ ജില്ലകളിലും തപ്പാലാപ്പീസ്സുകളിൽ ചുരുക്കവിലക്കു കചിനീൻപൊടി വില്ക്കുന്നു.

പിതാവായ രാജാവിന്നു കൊടുപ്പാനായി അനേക വിശേഷ സമ്മാനങ്ങൾ ഏല്പിച്ചശേഷം രാജകുമാരനോടു ഇപ്രകാരം പറഞ്ഞു. "നിങ്ങളുടെ രാജ്യത്തിലെ നിവാസികളുടെ സുഖാവസ്ഥയെ വൎദ്ധിപ്പിക്കേണ്ടതിന്നു ആവശ്യമായ നിബന്ധനകൾ ഏൎപ്പെടുത്തുന്നതിൽ, താങ്കളുടെ പിതാവായ രാജാവിന്നു സഹായിപ്പാനായി, എന്റെ വൈദ്യന്മാരിൽ ഒരാളെ ഞാൻ താമസിയാതെ അങ്ങോട്ടു അയക്കും. എന്നാൽ നിങ്ങളുടെ രാജ്യ നിവാസികളുടെ അവസ്ഥ എങ്ങിനെയിരിക്കുന്നു എന്നു സൂക്ഷ്മമായി മനസ്സിലാക്കുന്നതിന്നായി അയാൾ ആ രാജ്യത്തിൽ അങ്ങുമിങ്ങും ഒരു കച്ചവടക്കാരന്റെ വേഷത്തിൽ സഞ്ചരിക്കും. അയാൾ താങ്കളുടെ പിതാവിന്റെ കൊട്ടാരത്തിൽ എത്തുന്നതുവരെ താൻ ആരാകുന്നു എന്നു ഒരുത്തരെയും അറിയിക്കുന്നതുമല്ല. ആയാൾ വശം ഞാൻ ഈ മുദ്ര കൊടുത്തയക്കും. ഇതിന്മേൽ എഴുതപ്പെട്ടിരിക്കുന്നതെന്തെന്നാൽ 'രോഗവും മരണവും, അന്ധകാരത്തിന്റെയും അഴുക്കിന്റെയും സന്താനങ്ങൾ; സുഖവും ദീൎഘായുസ്സും, വെളിച്ചത്തിന്റെയും വെടിപ്പിന്റെയും പൈതങ്ങൾ' എന്നാണ്. അയാൾ ഈ മുദ്രകൊണ്ടുവന്നു താങ്കളുടെ പിതാവിനെ കാണിക്കുമ്പോൾ ഞാൻ ഇവിടെനിന്നു അയച്ചിരിക്കുന്ന വൈദ്യൻ തന്നെയാണ് അയാൾ എന്നു താങ്കളുടെ പിതാവിന്നു മനസ്സിലാകുമല്ലോ" എന്നരുളിച്ചെയ്തു.

അപ്പോൾ രാജകുമാരൻ മഹാരാജാവവൎകളോടു യാത്ര പറഞ്ഞു പിരിഞ്ഞ്, തന്റെ പിതാവിന്റെ രാജ്യത്തിലേക്കു മടങ്ങിപ്പോയി. ഈ മടക്കയാത്രയിൽ തന്റെ പിതാവിന്റെ രാജ്യത്തിൽ കൂടെ വീണ്ടും സഞ്ചരിക്കുമ്പോൾ, ജനങ്ങൾ സുഖക്കേടുകളാലും രോഗങ്ങളാലും കഷ്ടപ്പെടുന്നതുകണ്ടു, രാജകുമാരന്റെ ഹൃദയത്തിൽ അനല്പമായ കുണ്ഠിതം ഉണ്ടായി. ഇത്ര അധികം രോഗം ജനങ്ങളുടെ ഇടയിൽ ഉണ്ടാകരുതാത്തതാണെന്നു തനിക്ക് അപ്പോൾ മനസ്സിലായിരുന്നതിനാലാണു കുണ്ഠിതം വൎദ്ധിച്ചതു. ആ രോഗങ്ങളിൽ മിക്കവയിൽനിന്നും തങ്ങളെ രക്ഷിപ്പാൻ മതിയാവുന്ന ലളിതപ്രമാണങ്ങൾ അവർ അറിഞ്ഞിരുന്നു എങ്കിൽ, അവരുടെ കഷ്ടപ്പാട് എത്ര ചുരുങ്ങിയിരിക്കുമായിരുന്നു എന്നും തനിക്കു അപ്പോൾ ബോധമുണ്ടായിരുന്നു.

രാജകുമാരൻ പിതാവിന്റെ കൊട്ടാരത്തിൽ എത്തിയപ്പോൾ, മറേറ രാജ്യത്തിൽ താൻ കണ്ടവ എല്ലാവറേറയും, ഒഴിക്കാവുന്ന രോഗങ്ങളിൽനിന്നു ആ രാജ്യം ഏതെല്ലാം മാൎഗ്ഗേണ ഒഴിക്കപ്പെ

ട്ടിരിക്കുന്നു എന്നതിനെയും, ആ രാജ്യനിവാസികളുടെ സുഖാവസ്ഥ എത്ര വർദ്ധിച്ചിരിക്കുന്നു എന്നതിനെയും, വിവരമായി തൻെറ പിതാവോട് അറിയിച്ചു.

ഒഴിക്കാവുന്ന ദീനങ്ങളിൽനിന്നു രാജ്യത്തെ രക്ഷിപ്പാനും, നിവാസികളുടെ സുഖത്തെ വർദ്ധിപ്പിപ്പാനും, വേണ്ടപ്പെട്ട നിബന്ധനകൾ ഉണ്ടാക്കുന്നതിൽ പിതാവിനെ സഹായിപ്പാൻ മഹാരാജാവവർകൾ ഒരു വൈദ്യനെ താമസിയാതെ അയക്കുന്നതാണെന്നും, രോഗത്തിൽനിന്നു തങ്ങളെത്തന്നെ വിട്ടുവിപ്പാനും സുഖം പരിപാലിച്ചു കൊണ്ടുപോവാനും ആവശ്യമായ ലളിതപ്രമാണങ്ങളെല്ലാം ആ വൈദ്യൻ ജനങ്ങളെ പഠിപ്പിക്കുമെന്നും, ആ വൈദ്യൻ താൻ തന്നെയാണെന്നു അറിയിക്കുന്നതിന്നുള്ള ലക്ഷ്യമായി മഹാരാജാവു നല്കിയ ഒരു മുദ്ര കൊണ്ടുവന്നു കാണിക്കുമെന്നും, ആ മുദ്രമേൽ "രോഗവും മരണവും, അന്ധകാരത്തിൻെറയും അഴുക്കിൻെറയും സന്താനങ്ങൾ; സുഖവും ദീർഘായുസ്സും, വെളിച്ചത്തിൻെറയും വെടിപ്പിൻെറയും പൈതങ്ങൾ" എന്ന എഴുത്തുണ്ടായിരിക്കുമെന്നും, രാജകുമാരൻ തൻെറ പിതാവിനോടു പറഞ്ഞു.

---

## 10 - ാം അദ്ധ്യായം.

ചീത്തവെള്ളം കുടിക്കുന്നതിനാലുള്ള അപകടം. ചീത്തവായു ശ്വസിക്കുന്നതിനാലുള്ള അപകടം. രോഗങ്ങൾക്കു കാരണം വിധിയല്ല.

ഇതിൽ പിന്നെ വളരെ ആഴ്ചകൾ കഴിഞ്ഞിട്ടു ആ രാജാവിൻെറ രാജ്യത്തിലുള്ള ഒരു കൃഷിക്കാരൻ, ഒരു ഗ്രാമത്തിൻെറ സമീപത്തിൽ, കുറെ പോത്തുകളെ മേച്ചുകൊണ്ടു നില്ക്കുകയായിരുന്നു. അപ്പോൾ തണുപ്പു കാലമായിരുന്നു. നേരം ഏകദേശം ഉച്ചയായിരുന്നതുകൊണ്ടു, കൃഷിക്കാരൻ, ആ പോത്തുകൾക്കു വെള്ളം കൊടുക്കുവാനായി, അവയെ ഒരു കുളത്തിലേക്കു കൊണ്ടുപോയി. കുളത്തിൻെറ ഒരു വശത്തു, ആ ഗ്രാമത്തിലെ ചില സ്ത്രീകൾ വസ്ത്രങ്ങൾ നനച്ചിടുകയായിരുന്നു. ആ കൃഷിക്കാരൻ, പോത്തുകൾക്കു വെള്ളം കാണിച്ചുകൊണ്ടിരിക്കെ, ഒരു സഞ്ചാരി ഒരു കഴുതപ്പുറത്തു കുറെ ചരക്കുകളുമായി ആ വഴിയെ കടന്നുപോയി. സഞ്ചാരി നില്ക്കുകയും, ആ കുളത്തിന്നു സമീപമുള്ള ഒരു വൃക്ഷത്തിൻെറ തണലിൽ വിശ്രമിക്കുകയും ചെയ്തു. കൃഷിക്കാരൻ തൻെറ പോത്തുകൾക്കു വെള്ളം കൊടുത്തു കഴിഞ്ഞശേഷം സഞ്ചാരിയുടെ

അടുക്കലേക്കുപോയി, അദ്ദേഹം എവിടേക്കു സഞ്ചരിക്കുകയായിരുന്നുവെന്നു ചോദിച്ചു.

സഞ്ചാരി—"ഞാൻ നിങ്ങളുടെ രാജാവിന്റെ നഗരിയിലേക്കു പോവുകയാകുന്നു. എനിക്കു, ഇരുട്ടിന്നു മുമ്പായി, അവിടെയെത്തുവാൻ കഴിയുമൊ, എന്നു എന്നോടു ദയവുചെയ്തു പറഞ്ഞാലും."

കൃഷിക്കാരൻ—"ഇപ്പോൾ നേരം ഉച്ചതിരിഞ്ഞിരിക്കുന്നു. നിങ്ങൾക്കു, രാത്രിയാകുന്നതിന്നു മുമ്പായി, അവിടെയെത്തുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഇന്നു രാത്രി എന്റെ വീട്ടിൽ താമസിപ്പാനും രാവിലെ സുഖമായി നിങ്ങളുടെ യാത്ര തുടരുവാനുമായി ഞാൻ നിങ്ങളോടപേക്ഷിക്കുന്നു."

സഞ്ചാരി—"ഞാൻ സന്തോഷത്തോടെ അപ്രകാരം ചെയ്യാം. നിങ്ങൾ എന്നോടു വളരെ ദയയുള്ള ഒരാളാകുന്നു. ഞാനിന്നു രാവിലെമുതൽ ഇതുവരെ സഞ്ചരിക്കുകതന്നേയായിരുന്നു. എനിക്കിപ്പോൾ ദാഹിക്കുന്നുണ്ടു. കുടിക്കുവാൻ കുറെ വെള്ളമെവിടെനിന്നു കിട്ടുമെന്നു പറഞ്ഞാലും."

കൃഷിക്കാരൻ—"ഒരു ഗ്രാമത്തിൽ ഞങ്ങളെല്ലാവരും ഒരു കുളത്തിലെ വെള്ളമാണു കുടിക്കുന്നതു."

സഞ്ചാരി—"നിങ്ങൾ നിങ്ങളുടെ കന്നുകാലികൾക്കു വെള്ളം കൊടുക്കുന്നതും നിങ്ങളുടെ വസ്ത്രങ്ങളെല്ലാം നനച്ചിടുന്നതും ഇതേകുളത്തിൽ തന്നെയാണല്ലൊ. ഇതിനാൽ, നിശ്ചയമായും വെള്ളം അശുചിയായിത്തീൎന്നിരിക്കുന്നു. അതുകുടിക്കുന്നവൎക്കു വളരെ ദീനത്തിന്നു, അതു കാരണമായിത്തീരും നിശ്ചയം. ഇപ്രകാരമുള്ള വെള്ളം കന്നുകാലികൾക്കു മാത്രമെ കുടിപ്പാൻ കൊള്ളുകയുള്ളു."

കൃഷിക്കാരൻ—"വളരെ തലമുറകളോളമായി ഞങ്ങൾ ഒരു വെള്ളം തന്നെയാണ് കുടിക്കുന്നതു. അതു ഞങ്ങളുടെ ഇടയിൽ ദീനത്തിന്നു കാരണമായിത്തീൎന്നിട്ടും ഇല്ല."

സഞ്ചാരി "എന്നാൽ നിങ്ങളുടെ ഗ്രാമത്തിലെ ജനങ്ങൾക്കു വിഷൂചിക, അതിസാരം, രക്താതിസാരം, കുരുകമ്പുണ്ണ്, മുതലായ രോഗങ്ങൾ ബാധിക്കുന്നില്ലയൊ?"

കൃഷിക്കാരൻ—"ഈ ഗ്രാമത്തിലെ ജനങ്ങൾ ആവക രോഗങ്ങളാൽ ബാധിക്കപ്പെടുകയും വളരെ കഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്, സംശയമില്ല."

സഞ്ചാരി—“ എന്നാൽ നിങ്ങളുടെ ഗ്രാമത്തിലുള്ള ജനങ്ങൾ അഴുക്കുള്ള വസ്തുങ്ങളാലും കന്നുകാലികളാലും വഷളാക്കപ്പെടാത്തതായ ശുദ്ധജലം കുടിച്ചിരുന്നു എങ്കിൽ അവൎക്കു വിഷൂചിക അതിസാരം, രക്താതിസാരം, കുങ്കമ്പുണ്ണ് മുതലായ രോഗങ്ങളിൽനിന്നു രക്ഷപ്പെടാമായിരുന്നു.”

കൃഷിക്കാരൻ—“ ഈവക രോഗങ്ങൾ കൎമ്മഗതിപ്രകാരം അവയുടെ കാലങ്ങളിൽ വരുന്നുണ്ട്. അവയെല്ലാം കാരണം നിശ്ചയമായും വിധിതന്നെ ആകുന്നു. അങ്ങിനെയിരിക്കെ ഒരുവന്നു വിധിയിൽനിന്ന് എങ്ങിനെയാണു രക്ഷപ്പെടുവാൻ കഴിയുന്നതു?”

സഞ്ചാരി—“ വിധിമൂലം ഉണ്ടാവുന്നതായ യാതൊരു രോഗവും ഇല്ല; എല്ലാ രോഗങ്ങൾക്കും കാരണങ്ങളുണ്ട്. ഒരു മനുഷ്യൻ ഏതൊരു രോഗത്തിന്റെയും കാരണത്തെ മനസ്സിലാക്കുന്നതായാൽ അവന്നു ആ രോഗത്തിൽനിന്നു തന്നെ രക്ഷിക്കുവാൻ വളരെ കാൎയ്യങ്ങൾ ചെയ്വാൻ കഴിയുന്നതാകുന്നു.”

കൃഷിക്കാരൻ—“ അത് എനിക്കു വിശ്വസിപ്പാൻ കഴിയുന്നതല്ല. എല്ലാ രോഗങ്ങളും വിധിയാൽ ഉണ്ടാവുന്നതാണെന്നും അവയിൽനിന്നു തന്നെ രക്ഷിക്കുവാൻ യാതൊരു മനുഷ്യന്നും കഴിയുന്നതല്ലെന്നും എനിക്കു നിശ്ചയമുണ്ട്. അതു എങ്ങിനെയെങ്കിലുമാകട്ടെ. സ്നേഹിതരേ! നിങ്ങൾക്കീവെള്ളം ഇഷ്ടമല്ലെങ്കിൽ ഈ ഗ്രാമത്തിൽനിന്നു കുറെ ദൂരെയുള്ള ഒരു കിണററിൽനിന്നു നിങ്ങൾക്കുവേണ്ടി കുറെ വെള്ളം കൊണ്ടുവരുവാനായി ഞാൻ എന്റെ മകളെ അയക്കാം. അതിലെ വെള്ളം വളരെ രുചിയുള്ളതും നിൎമ്മലമായതുമാകുന്നു. ഞങ്ങൾ ഈ കുളത്തിലെ വെള്ളം കുടിക്കുന്നു; അതു ഞങ്ങൾക്കിഷ്ടവുമാണ്. എന്നാൽ നിങ്ങൾക്കു അതു ഇഷ്ടമാകുന്നില്ലെങ്കിൽ നിങ്ങൾ അതു കുടിക്കേണ്ട ആവശ്യമെന്തു?”

സഞ്ചാരി കൃഷിക്കാരനോടു നന്ദിപറഞ്ഞതിന്റെ ശേഷം, നേരം വൈകുകയായിരുന്നതുകൊണ്ട്, അവർ കന്നുകാലികളോടുകൂടി ഗ്രാമത്തിലേക്കു പോയി.

തണുപ്പുകാലമായിരുന്നതുകൊണ്ട്, കൃഷിക്കാരൻ പോത്തുകളെ വീട്ടിന്റെ ഉള്ളിലേക്കു കൊണ്ടു വരികയും, താനും തന്റെ കുഡുംബവും താമസിക്കുകയും ഉറങ്ങുകയും ചെയ്തിരുന്ന മുറിയുടെ ഒരു അററത്തായി അവയെ കെട്ടുകയും ചെയ്തു.

സഞ്ചാരി ഇതു കണ്ടപ്പോൾ,—"നിങ്ങൾ നിങ്ങളുടെ പോത്തോടു കൂടി ഒരേ മുറിയിൽ തന്നെ, അവ വഷളാക്കിയതായ വായു ശ്വസിച്ചുംകൊണ്ടു ഉറങ്ങുന്നതു നിങ്ങളുടെ ഇടയിൽ വളരെ രോഗത്തിന്നു കാരണമായി തീൎന്നിരിക്കണം. അപ്രകാരമുള്ള മുറിയിലെ വായു തീൎച്ചയായും കന്നുകാലികൾക്കു മാത്രമെ ശ്വസിപ്പാൻ പററുകയുള്ളു. മനുഷ്യൎന്നു ശ്വസിപ്പാൻ പററുകയില്ല" എന്നു പറഞ്ഞു.

കൃഷിക്കാരൻ—"ഞങ്ങളുടെ കന്നുകാലികളോടുകൂടെ ഒരേ മുറിയിൽതന്നെ താമസിക്കുകയും ഉറങ്ങുകയും ചെയ്യുന്നതു ഞങ്ങളുടെ പതിവാകുന്നു. അപ്രകാരം ചെയ്യുന്നതു രോഗത്തിന്നു കാരണമായ്തീരുമെന്നത് എനിക്കു മനസ്സിലാകുന്നില്ല. കാരണം, എല്ലാ രോഗവും വരുന്നതു വിധി കൊണ്ടാണെന്നു ഞാൻ വിശ്വസിക്കുന്നു എന്നു നിങ്ങളോടു പറഞ്ഞിട്ടുണ്ടല്ലൊ."

ഇതിന്നു ശേഷം കൃഷിക്കാരൻ കന്നുകാലികൾക്കു തിന്മാനായി അവയുടെ മുമ്പാകെ കുറെ വൈക്കോലും ധാന്യവും വെച്ചു കൊടുക്കുകയും, തനിക്കും സഞ്ചാരിക്കും കുറെ അപ്പം ചുടുകയും കുറെ സസ്യങ്ങൾ പാകം ചെയ്കയും ചെയ്തു.

സഞ്ചാരി—"നിങ്ങൾ നിങ്ങളുടെ കന്നുകാലികൾക്കു തിന്മാൻ വൈക്കോൽ കൊടുക്കുന്നു. എന്നാൽ നിങ്ങൾക്കു കഴിക്കുവാൻ അപ്പം ചുടുകയും സസ്യങ്ങൾ പാകം ചെയ്കയും ചെയ്യുന്നു. നിങ്ങൾ കന്നുകാലികൾ തിന്നുന്ന വൈക്കോൽ തിന്നുന്നില്ലെല്ലൊ."

കൃഷിക്കാരന്നു ഇതു വളരെ വിനോദഭാഷണമായി തോന്നി ഉറക്കെ ചിരിച്ചുംകൊണ്ടു സഞ്ചാരിയോടിപ്രകാരം പറഞ്ഞു. "എന്തു! എന്റെ കന്നുകാലികൾക്കു കൊടുക്കുന്ന വൈക്കോൽ ഞാൻ തിന്നുകയൊ! തരക്കേടില്ല! മനുഷ്യർ അപ്രകാരമുള്ള വൈക്കോൽ തിന്നുന്നതായാൽ അവരുടെ ഇടയിൽ അതു വളരെ രോഗത്തിന്നു കാരണമായിത്തീരുകയും, അവർ തീൎച്ചയായും മരിക്കുകയും ചെയ്യുന്നതാകുന്നു. അപ്രകാരമുള്ള വൈക്കോൽ കന്നുകാലികൾക്കു മാത്രമെ തിന്മാൻ കൊള്ളുകയുള്ളുവെല്ലൊ!"

ഇപ്പോൾ ഉറക്കെ ചിരിപ്പാൻ സഞ്ചാരിക്കു വഴിയായി. അദ്ദേഹം ഇപ്രകാരം പറഞ്ഞു: "അല്ലയൊ സ്നേഹിതരെ, എല്ലാരോഗ

വും വിധികൊണ്ടുണ്ടാവുന്നതാണെന്നു നിങ്ങൾ ഇപ്പോൾ എന്നോടു പറഞ്ഞില്ലെ? കന്നുകാലികൾക്കുമാത്രം കുടിപ്പാൻ കൊള്ളുന്നതായ വെള്ളം നിങ്ങൾ കുടിക്കുന്നതായാൽ അതു നിങ്ങളുടെ ഇടയിൽ വളരെ രോഗത്തിന്നു കാരണമായിത്തീരുമെന്നു ഞാൻ പറയുമ്പോൾ, എല്ലാ രോഗവും വിധികൊണ്ടുണ്ടാവുന്നതാണെന്നു നിങ്ങൾ എന്നോടു മറുവടി പറയുന്നു. പിന്നെ കന്നുകാലികൾക്കുമാത്രം ശ്വാസിപ്പാൻ കൊള്ളുന്നതായ വായു നിങ്ങൾ ശ്വാസിക്കുന്നതായാൽ അതു നിങ്ങളുടെ ഇടയിൽ വളരെ രോഗത്തിന്നു കാരണമായിത്തീരുമെന്നു ഞാൻ പറയുമ്പോഴും, എല്ലാ രോഗവും വിധികൊണ്ടുണ്ടാവുന്നതാണെന്നു നിങ്ങൾ എന്നോടു പിന്നെയും മറുവടി പറയുന്നു. എന്നാൽ കന്നുകാലികൾക്കുമാത്രം തിന്മാൻ കൊള്ളുന്ന വൈക്കോൽ നിങ്ങൾ തിന്നേണ്ടുന്ന കാൎയ്യത്തെപ്പററി ഞാൻ നിങ്ങളോടു പറയുമ്പോൾ, അപ്രകാരം ചെയ്യുന്നതു വളരെ രോഗത്തിന്നും എന്നുമാത്രമല്ല മരണത്തിന്നും കാരണമായിത്തീരുമെന്നു നിങ്ങൾ എന്നോടു പറയുന്നുവല്ലൊ. അതുകൊണ്ടു എല്ലാ രോഗവും വിധികൊണ്ടുണ്ടാവുന്നതാണെന്നു നിങ്ങൾ എന്നോടു പറഞ്ഞതു തീൎച്ചയായിട്ടും തെററാണ്."

കൃഷിക്കാരൻ—"അതെങ്ങിനെയായാലും, എല്ലാ രോഗവും വിധി കൊണ്ടുണ്ടാകുന്നതാണെന്നും, ഒരു മനുഷ്യന്നു രോഗം പിടിക്കുന്നതിൽനിന്നു, തന്നെത്താൻ രക്ഷിക്കുവാൻ, യാതൊന്നും ചെയ്വാൻ കഴിയുകയില്ലെന്നും, ഞാനിപ്പോഴും വിശ്വസിക്കുന്നുണ്ടു."

സഞ്ചാരി—"അല്ലയൊ, സ്നേഹിതരെ! കൊള്ളാം. എന്നെ സംബന്ധിച്ചേടത്തോളം, യാതൊരു രോഗവും വിധി കൊണ്ടുണ്ടാകുന്നതല്ലെന്നാണ് ഞാൻ വിശ്വസിക്കുന്നതു. ഒരാൾക്കു രോഗത്തിൽനിന്നു തന്നെ രക്ഷിക്കേണമെന്നുണ്ടെങ്കിൽ, അവൻ കഴിക്കുന്ന ഭക്ഷണത്തെപററി അവൻ വളരെ ശ്രദ്ധ വെക്കുന്നതു പോലെ തന്നെ, അവൻ കുടിക്കേണ്ടുന്ന വെള്ളത്തെപ്പററിയും, ശ്വാസിക്കേണ്ടുന്ന വായുവെപ്പററിയും, അത്രത്തോളം തന്നെ ശ്രദ്ധിക്കേണ്ടതാകുന്നുവെന്നു ഇതാ ഞാൻ നിങ്ങളോടു പറയുന്നു. എന്നാൽ എല്ലാ രോഗവും വിധി കൊണ്ടുണ്ടാകുന്നതാണെന്നുള്ള നിങ്ങളുടെ വിശ്വാസത്തെ മാററുവാൻ സാധിക്കയില്ലെന്നു കാണുന്നു. എങ്ങിനെയായാലും, ഞാൻ ഇതിപ്പോൾ നിങ്ങളോടു പറയുന്നു: രാജാവു, ഈ രാജ്യത്തിലെങ്ങും, ഒരു കാലത്തു വിദ്യാശാലകൾ സ്ഥാ

പിക്കുകയും, അക്കാലത്തു നിങ്ങളുടെ പുത്രന്മാരും പൌത്രന്മാരും രോഗങ്ങൾ വിധികൊണ്ടുണ്ടാകുന്നതല്ലെന്നു വിശ്വസിക്കുകയും, മനുഷ്യർ ശ്രദ്ധവെക്കുന്നതായാൽ അവക്കു തങ്ങളെ രോഗത്തിൽ നിന്നു രക്ഷിക്കുവാൻ കഴിയുന്നതാണെന്നറിയുകയും, ചെയ്വാൻ ഇട വരും നിശ്ചയം."

ആ കൃഷിക്കാരന്റെ മക്കളിൽ ഒരു കുട്ടിക്കു, ഒരു കണ്ണു പൊട്ടി യിരുന്നു. അതെങ്ങിനെയാണുണ്ടായതെന്നു സഞ്ചാരി കൃഷിക്കാ രനോടു ചോദിച്ചു.

കൃഷിക്കാരൻ—"അതിങ്ങിനെയാണുതുടങ്ങിയതു: ആദ്യം കണ്ണു കുറെ ചുവന്നു തുടങ്ങി. പക്ഷെ അതു അധികം ബുദ്ധിമുട്ടിന്നൊ ന്നും ഇടയായ്തീരാഞ്ഞതു കൊണ്ടു, ഞങ്ങളതിനെപ്പററി ഒന്നും തന്നെ ആലോചിച്ചില്ല. എന്നാൽ വളരെ ആഴ്ചകൾ കഴിഞ്ഞ തിന്നു ശേഷം ചെങ്കണ്ണു വർദ്ധിക്കുകയും, കണ്ണിൽ ഒരു വ്രണ മുണ്ടാവുകയും, അപ്പോൾ കണ്ണിന്നു വളരെ വേദനയായി നീരു വന്നു വീങ്ങുകയും ചെയ്തു. അതുകൊണ്ടു കുട്ടിയെ ഞങ്ങൾ രാജാ വിന്റെ നഗരിയിലുള്ള ആസ്പത്രിയിലേക്കു കൊണ്ടുപോയി. അ വിടെയുള്ള വൈദ്യൻ, കണ്ണിൽ ധാരചെയ്വാനായി, ഒരു ധാരക്ക ഷായം തരികയും, അതു കഴിഞ്ഞാൽ, ഞങ്ങളോടു അങ്ങോട്ടു വീ ണ്ടും ചെല്ലുവാനായി പറയുകയും ചെയ്തു. ഞങ്ങൾ ഒരിക്കൽ ധാര ചെയ്തു നോക്കി. എന്നാൽ അതുകൊണ്ടു കണ്ണു സുഖപ്പെട്ടില്ല. അതു ഹേതുവായി, പിന്നെ ഞങ്ങൾ അതിനെ ഉപയോഗിച്ചതും ഇല്ല".

സഞ്ചാരി—"കണ്ണു വളരെ ആഴ്ചകളോളം സുഖക്കേടിലാ യിരുന്നതിന്നു ശേഷം, ഒരിക്കൽ മാത്രം ധാരചെയ്തതുകൊണ്ടു, അ തിന്നു സുഖം വരുവാൻ കഴിയുമെന്നു നിങ്ങൾ വിചാരിച്ചു കളഞ്ഞു വൊ? കണ്ണിന്നു വളരെ ആഴ്ചകളോളം ദീനം ഉണ്ടായിരു ന്നാൽ, അതു ഭേദമാകുവാനും, വളരെ ആഴ്ചകൾ വേണ്ടിവരു ന്നതാകുന്നു. നിങ്ങൾ കുട്ടിയെ മുൻകൂട്ടിതന്നെ ആസ്പത്രിയി ലേക്കു കൊണ്ടുപോകുകയൊ, നിങ്ങൾ ചികിത്സ തുടങ്ങിയപ്പോൾ, ആ ചികിത്സയെ ഉപേക്ഷിക്കാതെ ചെയ്തു പോരികയൊ, ചെ യ്തിരുന്നുവെങ്കിൽ, ആ കുട്ടിയെ ഈ അന്ധതയിൽനിന്നു രക്ഷി ക്കാമായിരുന്നുവെന്നുള്ളതിന്ന് എനിക്കു യാതൊരു സംശയവു മില്ല."

രാവിലെ സഞ്ചാരി എഴുനീററു, കൃഷിക്കാരനോടു അദ്ദേഹത്തിൻെറ ദയക്കായി വന്ദനം പറഞ്ഞതിന്നു ശേഷം രാജാവിൻെറ നഗരിയിലേക്കു യാത്ര തുടരുകയും ചെയ്തു.

സഞ്ചാരി പോയതിന്നു ശേഷം കൃഷിക്കാരൻ ആ ഗ്രാമത്തിലെ അധികാരിയെ കണ്ടു.

അധികാരി—"ഇന്നലെ രാത്രി നിങ്ങളുടെ കൂടെ താമസിച്ചിരുന്ന ആ സഞ്ചാരി ആരായിരുന്നു?"

കൃഷിക്കാരൻ—"അദ്ദേഹം ആരായിരുന്നുവെന്നു ഞാനറിയുന്നില്ല. അദ്ദേഹം ഒരു അസാധാരണ മനുഷ്യനായിരുന്നു. കാരണം, രോഗം വിധികൊണ്ടുണ്ടാകുന്നതല്ലെന്നാണ് അദ്ദേഹമെന്നോടു പറഞ്ഞതു".

അധികാരി—"അദ്ദേഹം അങ്ങിനെ പറഞ്ഞുവെങ്കിൽ, ഒരു ഭ്രാന്തൻതന്നെയായിരിക്കേണം. ഞാൻ രാജാവിൻെറ നഗരിയിലേക്കു ഉടനെതന്നെ പോവുകയും, ആ നഗരിയിൽ ഒരു സഞ്ചാരി എത്തീട്ടുണ്ടെന്നും, ആയാൾക്കൊരു സമയം ഭ്രാന്തുണ്ടായിരിക്കേണമെന്നും, പ്രധാനമന്ത്രിയോടറിയിക്കുകയും ചെയ്യാം".

അധികാരി വന്നു പ്രധാന മന്ത്രിയോടു സംഗതി പറഞ്ഞപ്പോൾ, അദ്ദേഹത്തിന്നു വളരെ വിനോദമാണുണ്ടായതു. പ്രധാന മന്ത്രി രാജാവിനോടു വിവരമുണർത്തിച്ചു. രാജാവു, "സഞ്ചാരിയെ ഉടനെ ആളയച്ചു വരുത്തി അദ്ദേഹം ആരാകുന്നുവെന്നും എവിടെനിന്നുവരുന്നുവെന്നും നമുക്കന്വേഷിക്കാം" എന്നു പറഞ്ഞു.

സഞ്ചാരി രാജസന്നിധിയിലേക്കു വന്നപ്പോൾ, അദ്ദേഹം രാജാവിനെ നമസ്കരിക്കുകയും, അദ്ദേഹത്തിന്നൊരു മുദ്രയെ കാണിക്കുകയും ചെയ്തു. രാജാവു മുദ്രയെടുത്തു നോക്കിയപ്പോൾ അതിന്മേൽ താഴേ പറയുംപ്രകാരം എഴുതിയിരിക്കുന്നതായി കണ്ടു:—
"രോഗവും മരണവും, അന്ധകാരത്തിൻെറയും അഴുക്കിൻെറയും സന്താനങ്ങൾ; സുഖവും ദീർഘായുസ്സും, വെളിച്ചത്തിൻെറയും വെടിപ്പിൻെറയും പൈതങ്ങൾ".

ഈ വാക്കുകളെ വായിച്ചപ്പോൾ, രാജാവു വളരെ സന്തോഷിച്ചു. കാരണം, ഈ സഞ്ചാരി, ആ രാജ്യത്തിലെ ജനങ്ങളുടെ ശരീര സുഖസ്ഥിതിയെ വർദ്ധിപ്പിക്കുവാനുള്ള നിയമങ്ങളുണ്ടാ

ക്കുന്നതിന്നു തന്നെ സഹായിക്കുവാനായി, മഹാരാജാവിനാലയക്കപ്പെട്ട ജ്ഞാനിയായ വൈദ്യൻതന്നെയായിരുന്നുവെന്നു രാജാവറിഞ്ഞു. രാജാവു അദ്ദേഹത്തെ, പൂൎണ്ണസ്നേഹത്തോടെ സ്വാഗതം പറഞ്ഞു സ്വീകരിക്കുകയും, അദ്ദേഹത്തിന്നു താമസിപ്പാൻ ഒരു ഭവനം തയ്യാറാക്കിക്കൊടുക്കുവാനും, അദ്ദേഹത്തെ ശുശ്രൂഷിപ്പാനായി ഭൃത്യന്മാരെ ഏൎപ്പാടു ചെയ്വാനും, കല്പനകൾ ഉടനെ കൊടുക്കുകയും ചെയ്തു.

---

## 11 - ാം അദ്ധ്യായം.

മലമ്പനി. മലമ്പനിയെങ്ങിനെ ഉണ്ടാകുന്നു എന്നു. രക്തത്തിലുള്ള പ്രാണികൾ. കൊതുക്കൾ മലമ്പനിയുണ്ടാക്കുന്നതെങ്ങിനെയെന്നു. കൊതുക്കൾ വർദ്ധിക്കുന്നതെങ്ങിനെയെന്നു. കൊതുക്കളുടെ വർദ്ധനയെ നിൎത്തുവാൻ ചെയ്യപ്പെടേണ്ട കാൎയ്യങ്ങൾ.

വൈദ്യൻ തന്റെ യാത്രയിൽനിന്നു വിശ്രമിച്ച ശേഷം, പിറേറന്നാൾ, രാജാവു അദ്ദേഹത്തെ ആളയച്ചു വരുത്തി, ഇപ്രകാരം പറഞ്ഞു. "അല്ലയൊ, വൈദ്യരെ! എന്റെ പ്രജകളുടെ ശരീരസുഖസ്ഥിതിയെ നന്നാക്കുവാനായി, ഞാനെന്തെല്ലാമാണു ചെയ്യേണ്ടതെന്നു പറഞ്ഞാലും".

വൈദ്യൻ—"അല്ലയൊ രാജാവെ! ഈ രാജ്യത്തിലെ നിവാസികളെയുപദ്രവിക്കുന്നതായ രോഗങ്ങളുടെ കാരണങ്ങളെ ഒന്നാമതായി ഇവിടേക്കു നല്ലവണ്ണം അറിഞ്ഞിരിക്കേണ്ടതാവശ്യമാകുന്നു. ഇവിടേക്കു ഈ രോഗങ്ങളുടെ കാരണങ്ങളെ നല്ലവണ്ണം അറിയുന്നതായാൽ മാത്രമെ, ഈവക രോഗങ്ങൾ ജനങ്ങളുടെ ഇടയിൽ പരക്കുന്നതിനെ നിൎത്തൽ ചെയ്വാനുള്ള നിബന്ധനകളും നിയമങ്ങളും ഏൎപ്പെടുത്തുവാനിവിടേക്കു സാധിക്കുകയുള്ളു. അതിന്നു പുറമെ ഇവിടുത്തെ രാജ്യത്തിലെ ജനങ്ങളും, അവരെ ഉപദ്രവിക്കുന്നതായ രോഗങ്ങളുടെ കാരണങ്ങളെ, നല്ലപോലെ അറിഞ്ഞിരിക്കേണ്ടതാവശ്യമാകുന്നു. ജനങ്ങൾ, തങ്ങളെ ഉപദ്രവിക്കുന്നതായ രോഗങ്ങളുടെ കാരണങ്ങളെ നല്ലപോലെ അറിഞ്ഞിരിക്കുമ്പോൾ മാത്രമെ, അവരെ ഉപദ്രവിക്കുന്നതായ രോഗങ്ങളെ നിൎത്തൽ ചെയ്യുവാനായി ഭവാൻ ഏൎപ്പെടുത്തുന്നതായ നിബന്ധനകളേയും നിയമങ്ങളേയും, ബുദ്ധിയോടുകൂടെ അനുസരിക്കുവാൻ അവൎക്കു പ്രാപ്തിയുണ്ടായിരിക്കയുള്ളു. ഈ നിബന്ധനകളുടേയും നിയമങ്ങളുടേയും, ഉദ്ദേശവും യുക്തിയും, അപ്പോൾ മാത്ര

മെ അവക്കു പ്രത്യക്ഷമാകയുള്ളു. അതുകൊണ്ടു ഞാൻ ആദ്യം ഇവിടുത്തോടീവകരോഗങ്ങളെപററി സംസാരിക്കുന്നതാകുന്നു. ഞാൻ ഇവിടുത്തോടീവകരോഗങ്ങളെപ്പററി പറയുന്നവയെല്ലാം, ഇവിടുത്തെ പ്രജകളെ അവരുടെ പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കയും വേണം. ഇന്നു നമുക്കു മലമ്പനിയെ കുറിച്ചു സംസാരിക്കാം".

രാജാവു—"അല്ലെയൊ, വൈദ്യരെ! നിങ്ങളാദ്യം മലമ്പനിയെക്കുറിച്ചു സംസാരിക്കാമെന്നു പറഞ്ഞതു തന്നെ വളരെ ബുദ്ധിയുക്തമായിരിക്കുന്നു. കാരണം, എൻെറ ഈ രാജ്യത്തിൽ, ഏതൊരു ദീനത്തേക്കാളും അധികമായി ജനങ്ങളെ കൊല്ലുന്നതു മലമ്പനിയാകുന്നു. ആ ദീനത്താൽ മരിക്കാത്തതായ അസംഖ്യം ജനങ്ങൾ ആ ദീനം പിടിച്ചു കിടപ്പിലാകയും, അവക്കു തങ്ങളുടെ പ്രവൃത്തിചെയ്‌വാൻ സാധിക്കാതെവരികയുംചെയ്യുന്നു. മലമ്പനിയുടെ ഹേതുവെന്തെന്നു പറഞ്ഞാലും".

വൈദ്യൻ—"ധാന്യം വയലുകളിൽ കിടന്നു വദ്ധിച്ചുവരുംപ്രകാരം ഒരു മനുഷ്യൻെറ രക്തത്തിൽ ജീവിച്ച് അവിടെ വദ്ധിച്ചു വരുന്നതായ ചില പ്രാണികളാൽ ഉണ്ടാക്കപ്പെടുന്നതാകുന്നു മലമ്പനി".

രാജാവു—"എന്നാൽ വിതക്കുന്നവൻ വിതച്ചിട്ടല്ലാതെ ധാന്യം വയലുകളിൽ കിടപ്പാനാവട്ടെ വദ്ധിപ്പാനാവട്ടെ ഇടവരുന്നില്ലല്ലൊ, ഈവക പ്രാണികൾ ആദ്യമായി രക്തത്തിലേക്കു കടന്നുകൂടുന്നതു എങ്ങിനെയെന്നെന്നോടു പറഞ്ഞാലും".

വൈദ്യൻ—"ഒന്നാമതായി ഈവക പ്രാണികളിൽ ചിലതു ഒരു മനുഷ്യൻെറ രക്തത്തിന്നുള്ളിലേക്കു കൊതുക്കളാണു കടത്തുന്നതു".

രാജാവു—"കൊതു ഈ പ്രാണികളെ ഒരു മനുഷ്യൻെറ രക്തത്തിലേക്കു എങ്ങിനെയാണു കടത്തുന്നതു?"

വൈദ്യൻ—"കൊതു ഒരു മനുഷ്യനെ കടിക്കുമ്പോൾ ഈ പ്രാണികൾ കൊതുവിൽനിന്നു മനുഷ്യൻെറ രക്തത്തിലേക്കു കടക്കുന്നു".

രാജാവു.—"മലമ്പനിയെല്ലാം കൊതുക്കൾ കടിക്കുന്നതിനാലാണ് ഉണ്ടാകുന്നതെന്നാണോ നിങ്ങൾ എന്നോടു പറയുന്നതു?"

വൈദ്യൻ—"എൻെറ അറിവിനെ സംബന്ധിച്ചേടത്തോളം പറയുന്നതായാൽ, ഒരു മനുഷ്യൻെറ രക്തത്തിലേക്കു ഈ വക പ്രാണികളെ കടത്തുന്നതായ കൊതുക്കൾ ഒരു മനുഷ്യനെ കടിക്കാതിരിക്കുന്നപക്ഷം, ആയാൾക്കു മലമ്പനി പിടിക്കുന്നതല്ല".

രാജാവു—"അതങ്ങിനെയാണെങ്കിൽ ചിലപ്പോൾ ഒരു മനുഷ്യനെ വളരെ കൊതുക്കൾ കടിക്കുന്നതായാലും, ആയാൾക്കു മലമ്പനി പിടിക്കാതിരിക്കുന്നതായി കാണുന്നുണ്ടല്ലൊ. അതെങ്ങിനെയാണെന്നെന്നോടു പറഞ്ഞാലും."

വൈദ്യൻ—"അതിന്നു കാരണം, എല്ലാ കൊതുക്കളും ഒരു മനുഷ്യനെ മലമ്പനി പിടിപ്പിക്കുന്നതല്ല. മലമ്പനി പിടിപ്പിക്കുവാൻ കഴിയുന്നതായ കുറെ മാതിരി, പ്രത്യേക കൊതുക്കൾതന്നെയുണ്ടു. കാട്ടിലുള്ള വൃക്ഷങ്ങൾക്കും, വള്ളിക്കുടിലുകൾക്കും, എത്ര നാനാ തരങ്ങളായ കായ്കളുണ്ടൊ, അത്ര നാനാ തരങ്ങളായ കൊതുക്കളും ഉണ്ടു. ഒരു കുട്ടി കാട്ടിലേക്കു പോകുകയും, അവിടെയുള്ള വൃക്ഷങ്ങളിലും വള്ളിക്കുടിലുകളിലും കാണുന്നതായ സകല മാതിരികായ്കളെയും, കണ്ണിൽ കണ്ടപ്രകാരം പറിച്ചു തിന്നുകയും ചെയ്യുന്നതായാൽ, ആ കൂട്ടത്തിൽ ഉപദ്രവകരമായവ ഒന്നും ഉണ്ടായിരുന്നില്ലെങ്കിൽ, അവന്നു യാതൊരു അപകടവും നേരിടുകയില്ലായിരിക്കാം. എന്നാൽ കുട്ടി, ഒരൊററക്കായ മാത്രം പറിച്ചു തിന്നുപോയാൽ, അവന്നു വളരെ ദീനം പിടിക്കത്തക്കവണ്ണം അത്ര വിഷകരമായ കായ്കളും കാട്ടുകളിലുണ്ടു. അപ്രകാരം തന്നെ ഒരു മനുഷ്യനെ വളരെ കൊതുക്കൾ കടിക്കുന്നതായാലും, ആ കൂട്ടത്തിൽ മലമ്പനിയുണ്ടാക്കുന്ന മാതിരിയിലുള്ള കൊതുക്കളൊന്നും ആയാളെ കടിച്ചിട്ടില്ലെങ്കിൽ, ആയാൾക്കു മലമ്പനിയുണ്ടാകുന്നതല്ല. എന്നാൽ മലമ്പനിയുണ്ടാക്കുന്നതായ കൊതുക്കളിൽ ഒന്നെങ്കിലും ഒരാളെ കടിച്ചുപോയാൽ, ആയാൾക്കു തീർച്ചയായും മലമ്പനി പിടിക്കുന്നതുമാകുന്നു."

രാജാവു—"ഒരാളെ കൊതുക്കൾ കടിച്ചിട്ടില്ലെങ്കിൽ, ആയാൾക്ക് മലമ്പനി പിടിക്കയില്ലയൊ?"

വൈദ്യൻ—"കൊതുക്കളില്ലാത്തതായ രാജ്യങ്ങളിൽ ജനിക്കുകയും, തങ്ങളുടെ ജീവകാലം മുഴുവനും അവിടെത്തന്നെ താമസിക്കുകയും, ചെയ്യുന്ന ജനങ്ങൾക്കു ഒരിക്കലും മലമ്പനി പിടിക്കുന്നില്ല. ഇതിന്നും പുറമെ, ഈ കാൎയ്യത്തിലുള്ള സത്യാവസ്ഥയെ ആരാഞ്ഞറിഞ്ഞു കണ്ടുപിടിക്കുവാൻ ശ്രമിച്ചിരുന്ന രണ്ടു വൈദ്യന്മാർ,

ധാരാളം മലമ്പനിയുള്ള ഇത്താല്യ രാജ്യത്തിന്റെ ഒരു മലമ്പനി പ്രദേശത്തിൽ താമസിക്കുവാനായി പോയി. അവർ മലമ്പനി പിടിക്കാതിരിപ്പാൻ ഒരൊററ മുൻകരുതൽ മാത്രം ഉപയോഗിച്ചിരുന്നു. കമ്പിവലകൊണ്ടു എല്ലാ വാതിലും ജനലും അടച്ചിരുന്നതായ ഒരു വീട്ടിലായിരുന്നു അവർ താമസിക്കുകയും ഉറങ്ങുകയും ചെയ്യുിരുന്നതു. ദിവസത്തിൽ കൊതുകൾ കടിക്കാത്ത സമയങ്ങളിൽ മാത്രമെ, അവർ വീട്ടിൽനിന്നു പുറത്തേക്കു വന്നിരുന്നുള്ളൂ. അസംഖ്യം കൊതുകൾ ആ വീട്ടിന്നു ചുററും കൂട്ടം കൂട്ടമായി കൂടിയിരുന്നുവെങ്കിലും, ഒരു കൊതുവും അതിന്നുള്ളിലേക്കു കടന്നിരുന്നില്ല. അതുകൊണ്ടു ആ രണ്ടു വൈദ്യന്മാരേയും ഒരിക്കലെങ്കിലും കൊതുകൾ കടിപ്പാൻ ഇടയായില്ല. ആസ്ഥലത്തിന്നു സമീപത്തിൽ താമസിച്ചിരുന്ന മററുള്ളഏവൎക്കും മലമ്പനി പിടിച്ചിരുന്നുവെങ്കിലും, ഇവൎക്കു രണ്ടാൾക്കും,ഒരിക്കൽ പോലും മലമ്പനി പിടിക്കുകയുണ്ടായില്ല."

രാജാവു—"ആ രാജ്യത്തിൽ മലമ്പനിയുണ്ടാകുന്നതു കൊതുകൾ ജനങ്ങളെ കടിച്ചിട്ടായിരുന്നുവെന്നു, ഠരം വൈദ്യന്മാർ നിശ്ചയം വരുത്തിയൊ?"

വൈദ്യൻ—"ആ രാജ്യത്തിൽ മലമ്പനിയുണ്ടാക്കുന്നതു കൊതുക്കളാണെന്നു ആ രണ്ടു വൈദ്യന്മാർ നിൎവ്വിവാദമായി നിശ്ചയം വരുത്തി. എങ്ങിനെയെന്നാൽ, അവർ ആ രാജ്യത്തെ വിടുന്നതിന്നു മുമ്പായി വളരെ കൊതുക്കളെ പിടിക്കുകയും, കമ്പിവല കൊണ്ടുണ്ടാക്കിയ കൂട്ടുകളിൽ അടെക്കുകയും ചെയ്യുിരുന്നു. ഠരം കൊതുക്കളെ അവർ ജീവനോടു കൂടെ സൂക്ഷിക്കുകയും, ഇംഗ്ലാന്തിൽ അവരുടെ സ്വരാജ്യത്തിലേക്കു, അവയെ കൊണ്ടുവരികയും ചെയ്തു. ഇംഗ്ലാന്തിൽ അവർ ഒരു വൈദ്യനെയും അവന്റെ ഭൃത്യനെയും, ഠരം കൊതുക്കളെ കൊണ്ടു കടിപ്പിച്ചു. ആ വൈദ്യനും ഭൃത്യനും അവരുടെ ജീവകാലം മുഴുവനും ഇംഗ്ലാന്തിൽ തന്നെ താമസിച്ചവരായിരുന്നുവെങ്കിലും അവൎക്കു മലമ്പനി പിടിച്ചു. ഇംഗ്ലാന്തിൽ, യാതൊരാൾക്കും മലമ്പനി പിടിക്കാറില്ലെല്ലൊ. അതുകൊണ്ടു ആ വൈദ്യനും ഭൃത്യനും മലമ്പനി പിടിച്ചപ്പോൾ, അവരെ മലമ്പനി പിടിപ്പിച്ചതു ഇത്താല്യരാജ്യത്തിൽനിന്നു കൊണ്ടുവരപ്പെട്ട ആ കൊതുക്കളായിരുന്നുവെന്നുള്ളതിന്നു സംശയമേയുണ്ടായിരുന്നില്ല."

രാജാവു—"മലമ്പനി പിടിപ്പിക്കുന്നതും, പിടിപ്പിക്കാത്തതുമായ കൊതുകൾ തമ്മിൽ വളരെ വ്യത്യാസമുണ്ടോ?"

വൈദ്യൻ—"മലമ്പനി പിടിപ്പിക്കുന്നതും, പിടിപ്പിക്കാത്തതുമായ കൊതുകുകൾ തമ്മിൽ വ്യത്യാസങ്ങളുണ്ടു. പക്ഷെ ഈവക കാൎയ്യങ്ങളിൽ പരിചയമില്ലാത്തൊരു മനുഷ്യന്നു ഈ വ്യത്യാസങ്ങളെ കാണ്മാനെളുപ്പത്തിൽ സാധിക്കുന്നതല്ല."

രാജാ—"കൊതുകുകൾ എവിടെ നിന്നാണു വരുന്നതു?"

വൈദ്യൻ—"എല്ലാ കൊതുകുകളും വെള്ളത്തിലാണ് ജനിക്കുന്നതു. പെൺ കൊതു വെള്ളത്തിന്മേൽ മുട്ടയിടുന്നു. ഓരോ ചെറിയ മുട്ടയിൽ നിന്നും ഓരോ ചെറു പുഴു പുറപ്പെടുന്നു. ഇതു വെള്ളത്തിൽ നീന്തിക്കൊണ്ടു നടക്കുന്നു. ഇതു ഏകദേശം പത്തു ദിവസങ്ങൾക്ക് ശേഷം ഒരു കൊതുവായി പരിണമിക്കുന്നു. അല്പം മണ്ണെണ്ണ വെള്ളത്തിന്മീതെ ഒഴിച്ചാൽ, ഈ ചെറിയ കൃമികൾ എല്ലാം ചത്തുപോകുന്നതാകുന്നു. ഇപ്രകാരം പത്തുപത്തു ദിവസം കൂടുമ്പോൾ, കുറെ മണ്ണെണ്ണ വെള്ളത്തിന്മീതെ ഒഴിച്ചാൽ, അതിൽനിന്നു കൊതുകുകൾ പുറത്തേക്കു വരുന്നതല്ല."

രാജാ—"ഒരാളെ, രോഗജനകമായ പ്രാണികളുള്ളതായ കൊതുകുകൾ കടിക്കുമ്പോൾ മാത്രമെ ആയാൾക്കു മലമ്പനിപിടിക്കുകയുള്ളുവെന്നു നിങ്ങൾ പറയുന്നു. ഈ കൊതുകുകൾക്കു ഈവക പ്രാണികളെ എവിടെനിന്നു കിട്ടുന്നുവെന്നെന്നോടു പറഞ്ഞാലും."

വൈദ്യൻ—"മലമ്പനി മുൻകൂട്ടി ബാധിച്ചിട്ടുള്ള ഒരു മനുഷ്യനെ ഈ കൊതുകുകൾ കടിക്കുമ്പോൾ, അവയുടെ ശരീരത്തിലേക്കു ഈ പ്രാണികൾ കടക്കുന്നു. ഒരു കൊതു മലമ്പനിയുള്ള ഒരു മനുഷ്യനെ കടിച്ചിട്ടില്ലെങ്കിൽ അതിൻെറ ശരീരത്തിൽ ഈ പ്രാണികളിൽ ഒന്നും തന്നെ ഉണ്ടായിരിക്കുകയില്ല. അപ്പോൾ അതു ഒട്ടും തന്നെ അപകടകരവുമല്ല."

രാജാവു—"മലമ്പനി സാധാരണയായി, ആഗസ്റ്റ്, സപ്തമ്പർ, ഒക്ടോബർ, നവമ്പർ, ഈ മാസങ്ങളിലുണ്ടാകുന്നതിന്നു കാരണമെന്തു?"

വൈദ്യൻ—"ഈ ആഗസ്റ്റ്, സപ്തമ്പർ, ഒക്ടോബർ, നവമ്പർ മാസങ്ങളിൽ, കൊല്ലത്തിൻെറ മറ്റുള്ള മാസങ്ങളിലേക്കാൾ, മലമ്പനി പിടിപ്പിക്കുന്നതായ കൊതുകുകൾ, അധികം ഉണ്ടായിരിക്കുന്നതാണു. അതു കൊണ്ടു ഈ മാസങ്ങളിൽ മലമ്പനി ധാരാളമായി ഉണ്ടാകുന്നതാകുന്നു."

രാജാവു—"ശീതം പിടിച്ചാൽ മലമ്പനിയുണ്ടാകയില്ലയൊ എന്നു എന്നോടു പറഞ്ഞാലും. എന്തുകൊണ്ടെന്നാൽ, ഒരു മനുഷ്യന്നു ചിലപ്പോൾ ശീതംപിടിക്കുകയും, കുറെ മണിക്കൂറിന്നുള്ളിൽ, മലമ്പനി ബാധിക്കുകയും ചെയ്യുന്നുവെന്നതു പലപ്പോഴും കാണാറുണ്ടു. കൊല്ലത്തിൽ കൊതുക്കളില്ലാത്ത കാലത്തുതന്നെ ഇതു സംഭവിക്കാറുണ്ടു. അപ്രകാരമുള്ള ജ്വരം, ശീതം കൊണ്ടുണ്ടാകുന്നതാണെന്നും, കൊതുക്കളാലല്ലെന്നുമാണ് എനിക്കുതോന്നുന്നതു."

വൈദ്യൻ—"ശീതം ബാധിച്ച, കുറെ മണിക്കൂറ കഴിയുന്നതിന്നുള്ളിൽ, ഒരാൾക്കു മലമ്പനി ബാധിക്കുന്നതു, സത്യമായും സാധാരണയായ ഒരു കാൎയ്യമാകുന്നു. എന്നാൽ ആ മനുഷ്യൻെറ രക്തത്തിന്നുള്ളിലേക്കു മലമ്പനിയുടെ പ്രാണികളെ കടത്തിയതു ആ ശീതം അല്ല. ആയാൾക്കു ശീതം ബാധിക്കുന്നതിന്നു മുമ്പായിത്തന്നെ ആയാളുടെ രക്തത്തിൽ മലമ്പനിയുടെ പ്രാണികളുണ്ടായിരുന്നു. ആ പ്രാണികൾ, പക്ഷെ കുറേ മാസങ്ങൾക്കു മുമ്പായിത്തന്നെ, അദ്ദേഹത്തിൻെറ രക്തത്തിന്നുള്ളിലേക്കു, ഒരു കൊതുവിനാൽ കടത്തപ്പെട്ടിട്ടുണ്ടായിരുന്നു. ഈവക പ്രാണികൾ, സ്വാഭാവികമായിത്തന്നെ, പലപ്പോഴും ഒരു മനുഷ്യൻെറ രക്തത്തിൽ ഒന്നായി കുറെ മാസങ്ങളോളം, അനങ്ങാതെ കിടക്കുക പതിവാകുന്നു. രക്തത്തിൽ ഈവക പ്രാണികൾ അനങ്ങാതെ കിടക്കുകയും, ആ മനുഷ്യന്നു ശീതം ബാധിക്കുകയൊ, ആയാൾ അധികമായി ക്ഷീണിക്കുകയൊ ചെയ്യുമ്പോൾ, ആയാളുടെ രക്തത്തിൻെറ ശക്തി കുറയുകയും, ഈ പ്രാണികൾ ആയാളുടെ രക്തത്തിൽ പ്രബലപ്പെടുകയും, അവിടെ വൎദ്ധിച്ചുവരികയും, ആയാൾക്കു മലമ്പനി പിടിപ്പിക്കുകയും ചെയ്യുന്നു."

രാജാവു—"തൻെറ രക്തത്തിൽ മുൻകൂട്ടിത്തന്നെ രോഗജനകമായ പ്രാണികൾ കടന്നു കൂടീട്ടില്ലാത്ത ഒരു മനുഷ്യന്നു, ശീതം കൊണ്ടുമാത്രം മലമ്പനിയുടെ ഉപദ്രവമുണ്ടാവുകയില്ലെന്നു നിങ്ങൾക്കു നല്ല തീൎച്ചയുണ്ടൊ?"

വൈദ്യൻ—"തൻെറരക്തത്തിൽ മുൻകൂട്ടിത്തന്നെ, രോഗബീജങ്ങളായ പ്രാണികൾ കടന്നുകൂടീട്ടില്ലാത്ത ഒരു മനുഷ്യന്നു, ശീതം കൊണ്ടു മലമ്പനിയുടെ ഉപദ്രവമുണ്ടാവുകയില്ലെന്നുള്ളതു തീരെ തീൎച്ചതന്നെ. അതിങ്ങിനെയാണ് അറിയപ്പെട്ടിട്ടുള്ളതു. ഇംഗ്ലാ

ന്തിൽ മലമ്പനിയുണ്ടാക്കുന്ന കൊതുക്കൾ ഇല്ല. ഇംഗ്ലാന്തിൽ ജനിച്ചു, ജീവകാലമെല്ലാം അവിടെ തന്നെ കഴിക്കുന്ന ജനങ്ങൾക്കു പലപ്പോഴും ശീതം ബാധിക്കാറുണ്ടെങ്കിലും, അവക്കൊരിക്കലെങ്കിലും, മലമ്പനി പിടിക്കുന്നില്ല. എന്നാൽ ഇന്ത്യയിൽനിന്നു, ഇംഗ്ലാന്തിലേക്കു ചെന്നു അവിടെ താമസിക്കുന്ന ജനങ്ങൾക്കു, അവിടെവെച്ചു ശീതം ബാധിക്കുമ്പോൾ, മിക്കപ്പോഴും മലമ്പനി പിടിക്കുന്നതുമുണ്ടു. ആവക ജനങ്ങൾ ഇന്ത്യയിൽ താമസിച്ചിരുന്ന കാലത്തു തന്നെ, അവരുടെ രക്തത്തിൽ, രോഗജനകമായ പ്രാണികളെ, കൊതുക്കൾ കടത്തീട്ടുണ്ടായിരിക്കേണം."

രാജാവു—"ആകട്ടെ, വൈദ്യരെ ! നിങ്ങളുടെ രക്തത്തിൽ മലമ്പനിയുടെ പ്രാണികളുള്ളപ്പോൾ, മലമ്പനിയുണ്ടാക്കുന്ന വൎഗ്ഗത്തിൽപ്പെട്ട ഒരു കൊതു നിങ്ങളെ കടിക്കുകയും, അതിന്നുശേഷം ഉടനെ തന്നെ, അതു എന്റെ അടുക്കൽവന്നു, എന്നെ കടിക്കുകയും ചെയ്യാൽ, എനിക്കപ്പോൾ മലമ്പനി പിടിക്കുമൊ? "

വൈദ്യൻ—"ഇല്ല. മലമ്പനി പിടിപ്പിക്കുന്ന വൎഗ്ഗത്തിൽ പെട്ട കൊതു, രക്തത്തിൽ മലമ്പനിയുടെ പ്രാണികളുള്ള ഒരു ആളെ കടിച്ചതിന്റെ ശേഷം, ഉടനെ തന്നെ മറ്റൊരാൾക്കു മലമ്പനി കൊടുപ്പാൻ അതിന്നു കഴിയുന്നതല്ല. ഒന്നാമതായി മലമ്പനിയുടെ പ്രാണികൾ, ആ കൊതുവിന്റെ ശരീരത്തിൽ അനേകായിരങ്ങളായി വൎദ്ധിക്കേണ്ടതാണ്. എട്ടു മുതൽ പത്തു ദിവസങ്ങൾക്കുള്ളിൽ ഇതു സാദ്ധ്യമാകുന്നു. അപ്പോൾ ആ കൊതുവിന്നു, അതു ആരെക്കടിച്ചാലും, അവക്കു മലമ്പനി പിടിപ്പിക്കുവാൻ കഴിയുന്നതാകുന്നു. ഹേമന്തകാലത്തിൽ വളരെ തണുപ്പുള്ളതുകൊണ്ടു കൊതുവിന്റെ ശരീരത്തിൽ പ്രാണികൾക്കു പെരുകുവാൻ കഴിയുന്നതല്ല. അതാണു ഹേമന്ത കാലത്തിൽ, പനി നില്ക്കുന്നതു."

രാജാവു—"തന്റെ രക്തത്തിൽ മലമ്പനിയുടെ പ്രാണികളെ കടത്തുന്നതായ കൊതു ഒരാളെ കടിച്ച ഉടനെ തന്നെ, ആയാൾക്കു മലമ്പനി പിടിക്കുന്നതാണൊ?"

വൈദ്യൻ—"അല്ല. ഒന്നാമതായി മലമ്പനി പ്രാണികൾ ആയാളുടെ ശരീരത്തിൽ അനേകായിരങ്ങളായി വൎദ്ധിക്കേണ്ടതാണ്. അപ്പോൾമാത്രമെ, ആയാൾക്കു മലമ്പനി പിടിപ്പിപ്പാൻ, അവക്കു സാധിക്കയുള്ളു. ഇതിന്നു ഏകദേശം രണ്ടുമൂന്നു ആഴ്ച സമയം വേണ്ടിവരും".

രാജാവു—"കൊതുക്കളാണ് മലമ്പനിയുണ്ടാകുന്നതെന്നുള്ള ഈ അറിവു, എൻെറ രാജ്യത്തിലെ നിവാസികളുടെ ഇടയിലുണ്ടാകുന്ന മലമ്പനിയുടെ വദ്ധനയെ നിത്തൽ ചെയ്യേണ്ടുന്നതിന്നു, എനിക്കു വല്ലപ്രകാരത്തിലും ഉപയോഗമായ്തീരുന്നതാണോ?"

വൈദ്യൻ—"ഈ അറിവു, വളരെ ഉപകാരപ്രദമായിരിക്കും. തങ്ങളുടെ ഭവനങ്ങൾക്കു സമീപം അവിടവിടെ, വെള്ളം കെട്ടിനില്പാൻ ജനങ്ങളെത്രത്തോളമനുവദിക്കുന്നുവൊ, കൊതുക്കളെത്രത്തോളം അധികമായ്ത്തീരുന്നതാണെന്നു ജനങ്ങളെ പഠിപ്പിക്കേണ്ടതാണ്. ഇതിന്നുംപുറമെ, ഉപയോഗിക്കാത്ത കിണറുകളെ അടച്ചു വെക്കുന്നതിനാലും, കുളങ്ങളിൽ മണ്ണെണ്ണ ഒഴിക്കുന്നതിനാലും, മുററങ്ങളിലും തെരുവീഥികളിലും കുണ്ടുകളുണ്ടാവാൻ സമ്മതിക്കാത്തതിനാലും, അനേക പട്ടണങ്ങളിലും കൊതുക്കളുടെ സംഖ്യയെ ഏററവും കുറക്കുവാൻ കഴിയുന്നതാകുന്നു."

രാജാവു—"നിങ്ങൾ പറയുന്നതിൽനിന്നു, കൊതുക്കളുടെ സംഖ്യ വളരെ കുറക്കുവാൻ കഴിയുന്നതാണെന്നു ഞാൻ കാണുന്നു. എങ്കിലും, പലപ്പോഴും കൊതു കടിക്കുന്നതിൽനിന്നു, യാതൊരു മനുഷ്യനും രക്ഷപ്പെടുവാൻ കഴിയാതിരിക്കത്തക്കവണ്ണം, മഴക്കാലത്തിൽ കൊതുക്കളുടെ സംഖ്യ അത്ര അധികമായിരിക്കും. അങ്ങിനെയിരിക്കെ, മലമ്പനിയിൽനിന്നു ഒരുവനു രക്ഷപ്പെടുവാൻ യാതൊരു മാൎഗ്ഗവും ഇല്ലയൊ?"

വൈദ്യൻ—"ഒരാളെ അസംഖ്യം കൊതുക്കൾ കടിച്ചിട്ടുണ്ടെങ്കിലും അയാൾക്കു, മലമ്പനിയിൽനിന്നു തന്നെത്താൻ രക്ഷിക്കുവാൻ കഴിയുന്നതായ ഒരു തീൎച്ചയായ മാൎഗ്ഗമുണ്ടെന്നുള്ളതു സത്യമായും ഒരു വലിയ അനുഗ്രഹമായ കാൎയ്യം തന്നെയാണ്."

രാജാവു—"ഒരാളെ അസംഖ്യം കൊതുക്കൾ കടിച്ചിട്ടുണ്ടെങ്കിലും, ആയാൾക്കു മലമ്പനി പിടിക്കുന്നതിൽനിന്നു തന്നെത്താൻ രക്ഷിക്കുവാൻ കഴിയുന്ന മാൎഗ്ഗം ഏതെന്നു എന്നോടു പറഞ്ഞാലും."

വൈദ്യൻ—"ആയാൾ ക്വിനിൻ കഴിക്കുന്നതായാൽ, ആയാൾക്കു മലമ്പനിയിൽനിന്നു തന്നെത്താൻ രക്ഷിക്കുവാൻ കഴിയുന്നതാകുന്നു."

രാജാവു—"എവിടെനിന്നാണ് ഈ കചിനീൻ വരുന്നതെന്നും അതെങ്ങിനെയാണുണ്ടാക്കപ്പെടുന്നതെന്നും എന്നോടു പറഞ്ഞാലും."

വൈദ്യൻ—"ഇവിടേക്കു കചിനീനെന്താണെന്നുള്ള ഒരു പൂൎണ്ണ വിവരം കിട്ടേണ്ടതിലേക്കായി, ഇനിയൊരു ദിവസം ഞാൻ വരുമ്പോൾ, കചിനീൻ ആദ്യമായി കണ്ടുപിടിച്ചതെങ്ങിനെയെന്നുള്ള കഥയെ ഞാൻ ഇവിടത്തോടു പറഞ്ഞു കേൾപ്പിക്കാം"

---

## 12-ാം അദ്ധ്യായം.

വെറു എന്ന രാജ്യം. കചിനീൻ കണ്ടുപിടിക്കപ്പെട്ടതു എങ്ങിനെ എന്നു.

പിറേറന്നാൾ വൈദ്യൻ രാജസന്നിധിയിൽവന്നു കചിനീൻ ആദ്യമായി കണ്ടുപിടിക്കപ്പെട്ട കഥയേയും അതിന്നു കചിനീൻ എന്ന പേർ സിദ്ധിപ്പാനുള്ള കാരണത്തേയും പററി ഇപ്രകാരം പറഞ്ഞു തുടങ്ങി.

കചിനീൻ കണ്ടുപിടിക്കപ്പെട്ട ചരിത്രം.

"അമേരിക്ക എന്ന മഹാവങ്കരയിൽ പെറു എന്ന പ്രസിദ്ധമായ ഒരു രാജ്യമുണ്ടു. ഷാജിഹാനെന്ന മുകൾ ചക്രവൎത്തി ഡൽഹി ഭരിച്ചിരുന്ന കാലത്തിൽ, അതായതു ഉദ്ദേശം 300 കൊല്ലങ്ങൾക്കു മുമ്പായിത്തന്നെ, ഈ രാജ്യത്തിൽ യൂറോപ്യൻ കോയ്മയുടെ ഭരണം സ്ഥാപിക്കപ്പെട്ടിരുന്നു.

ഹിന്തുസ്ഥാനത്തിൽ, പഞ്ചാബ്, ബങ്കാൾ, മദ്ധ്യപ്രദേശങ്ങളെന്നുള്ള വിവിധ സംസ്ഥാനങ്ങളുള്ളതുപോലെ തന്നെ പെറു എന്ന രാജ്യത്തിലും അനേക സംസ്ഥാനങ്ങളുണ്ടായിരുന്നു. ഈ ഓരോ സംസ്ഥാനങ്ങളും ഓരോ ഗവൎണ്ണരുടെ ഭരണത്തിൻ കീഴിലായിരുന്നു. ഈ ഗവൎണ്ണർമാരുടെ നായകനായി രാജ്യമൊട്ടാകെ ഭരിപ്പാൻ ഒരു രാജപ്രതിനിധിയും (വൈസറായി) ഉണ്ടായിരുന്നു. ഈ കഥയുടെ കാലത്തിൽ പെറുവിലെ വൈസറായി ഷിങ്കൺ പ്രഭുവായിരുന്നു. ഷിങ്കൺ യൂറോപ്പിലെ ഒരു വലിയ പട്ടണമത്രെ. വൈസറായിയുടെ കുഡുംബത്തിലേക്കു ചേൎന്നതായി ഈ പട്ടണത്തിന്നു സമീപെ വളരെ ഭൂസ്വത്തുണ്ടായിരുന്നു. ഷിങ്കൺ പ്രഭു വളരെ കീൎത്തിമാനായിരുന്നു. ഇദ്ദേഹം യൂറോപ്പുരാജ്യങ്ങളിലെ വളരെ ചക്രവൎത്തിമാരുടെ ഒരു സ്നേഹിതനുമായിരുന്നു. അദ്ദേ

ഹത്തിൻെറപേരിന്നനുസരിച്ചാണ് ഈ മരുന്നിൻെറയും പേർ. ഇന്ത്യയിലെപോലെതന്നെ പെറു എന്ന രാജ്യത്തിലും മലമ്പനി ധാരാളമുള്ളതുകൊണ്ടു ഈ കാൎയ്യത്തിൽ ഈ രണ്ടുരാജ്യങ്ങളും ഒരുപോലെ തന്നെയാണ്.

ഷിങ്കൺപ്രഭു പെറുവിലെ വൈസറായിയായിരുന്നകാലത്തിൽ *ഡോൺ ലൂയി എന്നൊരാൾ ആ രാജ്യത്തിലെ സംസ്ഥാനങ്ങളിലൊന്നിനെ ഭരിച്ചിരുന്ന ഗവൎണ്ണരായിരുന്നു. അദ്ദേഹത്തിൻെറ സംസ്ഥാനത്തിൽ പലേഭാഗങ്ങളിലൂടെയും സഞ്ചരിച്ചു, ആവക പ്രദേശങ്ങളെ സന്ദൎശിക്കുന്നതിൽ ഡോൺ ലൂയിക്കൊരു പ്രത്യേകമായ അഭിരുചിയുണ്ടായിരുന്നു. ഒരിക്കൽ ഡോൺ ലൂയിയും പരിവാരങ്ങളും മലങ്കാടുകൾ വഴിയായി വളരെ ദിവസങ്ങളോളം സഞ്ചരിച്ചു, തലസ്ഥാന നഗരിയിലേക്കു മടങ്ങിവരുമ്പോൾ മാൎഗ്ഗമദ്ധ്യത്തിൽവെച്ചു ഗവൎണ്ണൎക്കു കലശലായ ജ്വരം ബാധിക്കയുണ്ടായി. ദിവസന്തോറും ഉച്ചതിരിഞ്ഞാൽ ലൂയിക്കു കലശലായ പനി വരുന്നതായി കാണപ്പെട്ടു. അല്പദിവസങ്ങൾക്കുള്ളിൽ അദ്ദേഹത്തിന്നു പനിയാൽ വളരെ ക്ഷീണംതട്ടുകയും കുതിരപ്പുറത്തു സവാരിചെയ്കയെന്നതുഅസാദ്ധ്യമായിത്തീരുകയും ചെയ്തു. ഇങ്ങിനെ ഇരിക്കുമ്പോഴാണ് ഒരുദിവസം സായ്വും പരിവാരങ്ങളും ഒരു വലിയ ഗ്രാമത്തിലെത്തിയതു. അദ്ദേഹത്തിൻെറ ഭൃത്യന്മാരിൽ ചിലർ ഉടനെതന്നെ ചെന്നു ആ ഗ്രാമത്തിലെ അധികാരികളെ കാണുകയും അവരോടു 'ഞങ്ങളൊരുമിച്ചു ഗവൎണ്ണർസായ്വവർകൾ ഇതാ ഇവിടെ എത്തിയിരിക്കുന്നു. ദിനംപ്രതി ഉച്ചക്കുശേഷം അദ്ദേഹത്തെ ബാധിക്കുന്ന ജ്വരംനിമിത്തം സവാരിചെയ്വാൻപോലും അസാദ്ധ്യമാകത്തക്കവണ്ണം അദ്ദേഹം അത്ര ക്ഷീണിച്ചിരിക്കുന്നു. തലസ്ഥാനം ഇവിടെനിന്നും വളരെ ദൂരെയാണല്ലൊ. ആകയാൽ അദ്ദേഹത്തെ സുഖമായി അവിടെക്കു എടുത്തുകൊണ്ടുപോവാനായി വേണ്ടുന്നത്ര കൂലിക്കാരെ ഉടനെ ശേഖരിച്ചുതരുമല്ലൊ', എന്നു പറയുകയും ചെയ്തു. അധികാരികളാകട്ടെ കൂലിക്കാരെ വിളിച്ചുകൊണ്ടുവരുവാനായിഉടനെ കല്പനകൊടുക്കുകയും സായ്വവർകൾക്കു അവരെന്തല്ലാം സഹായമാണ് ചെയ്യേ

* വലിയ ഭൂപടങ്ങളിൽ സ്പാനിയാ രാജ്യത്തിൻെറ തലസ്ഥാനമായ മഡ്രിഡ് എന്ന നഗരിയിൽ നിന്നു 25 നഴിക തെക്കുകിഴക്കായി ഷിങ്കൻ എന്ന പട്ടണം കാണാം. ഇവിടെ പറയപ്പെട്ടിരിക്കുന്ന ഡൊൺലൂയി, ഡൊൺലൂയ് കാനിസറാസ് എന്ന ഒരാളായിരുന്നു. ഠരം കഥയുടെ കാലത്തു അദ്ദേഹം പെറുരാജ്യത്തിലെ ഒരു സംസ്ഥാനത്തിൻെറ ഗവൎണ്ണർ ആയിരുന്നു.

ണ്ടതെന്നറിയുവാനും അദ്ദേഹത്തെ കാണ്മാനുമായി, തങ്ങാംതന്നെ ഉടനെ പുറപ്പെട്ടുകയും ചെയ്തു.

ഡോൺലൂയി താമസിച്ചിരുന്ന തമ്പിലേക്കുചെന്നു അവർ നോക്കിയപ്പോൾ അദ്ദേഹത്തിന്നു അപകടകരമാകുംവിധം രോഗമുള്ളതായികണ്ടു. തന്നിമിത്തം അദ്ദേഹം അപ്പോൾ അവിടം വിട്ടുന്നതു ക്ഷേമകരമല്ലെന്നും സക്കീട്ടു അപ്പോൾ തന്നെ തുടരുന്നതായാൽ അതു ആപൽക്കരമാകുമെന്നും അവർ സവിനയം പറഞ്ഞു. അല്പദിവസങ്ങളോളം സായ്‌വവർകൾ അവിടെ താമസിക്കുന്നതായാൽ അദ്ദേഹത്തെ വേണ്ടുംവിധം അവർ ശുശ്രൂഷിച്ചു അദ്ദേഹത്തിന്റെ പനിമാററുന്നതാണെന്നും അവർ അഭിപ്രായപ്പെട്ടു. അവക്കു ആ പനി മാററുവാനുള്ള ചികിത്സ നല്ലപോലെ അറിഞ്ഞിരുന്നു എന്നും അവിടെയുള്ള കാട്ടുകളിൽ വളരുന്ന ഒരു മാതിരി മരത്തിന്റെ തോൽകൊണ്ടുവന്നു പൊടിച്ചു സേവിച്ചാൽ പനി ഉടനെ മാറുന്നതാണെന്നും, പിന്നെ ആ ദീനം വീണ്ടും ഒരിക്കൽപോലും സായ്‌വവർകളെ ബാധിക്കുന്നതല്ലെന്നും അവർ അറിയിച്ചു.

ഈ ഗ്രാമത്തിലെ നിവാസികൾ സജ്ജനങ്ങളാണെന്നു ലൂയിയുടെ ഭൃത്യന്മാക്കു അറിവുണ്ടായിരുന്നതുകൊണ്ടു അദ്ദേഹത്തോടു അവിടെ താമസിപ്പാൻ അവർ അപേക്ഷിക്കുകയും ചെയ്തു. സായ്‌വവർകൾ അതെപ്രകാരം അവിടെ താമസിക്കാമെന്നു സമ്മതിച്ചാറെ, ഗ്രാമവാസികളിൽ ചിലർ കാട്ടിൽചെന്നു വേഗത്തിൽ ഒരു മരത്തിന്റെതോൽ കുറെ വെട്ടിക്കൊണ്ടുവന്നു. ആ തോലിൻ നിറം ചുവപ്പായിരുന്നു ഈ തോലിൽ കുറെയെടുത്തു അവർ ചെറുകഷ്ണങ്ങളായി മുറിച്ചു ആ ചെറുകഷ്ണങ്ങളെ അവർ ഒരു ചെറിയ ഉരലിൽ ഇട്ടു നല്ലവണ്ണം പൊടിച്ചു വിശേഷമായ ചൂർണ്ണമാക്കിയശേഷം ഈ ചൂർണ്ണത്തെ അവർ അല്പം വെള്ളത്തോട്ടുചേർത്തു സായ്‌വവർകൾക്കു കുടിപ്പാനായി കൊടുത്തു. ഡോൺലൂയി അതു കുടിച്ചു. ഈ ഔഷധം വളരെ കയ്പുള്ളതായിരുന്നു. ഈ മരുന്നു കുടിച്ചു കുറെ മണിക്കൂറു കഴിഞ്ഞശേഷം സായ്‌വവർകൾക്കു അല്പം തലതിരിയുന്നതായി തോന്നി. പിറെറന്നു ഉച്ചക്കു ക്രമപ്രകാരം പനി വരേണ്ടുന്ന സമയത്തു ഭൃത്യന്മാർ ചിലർ സായ്‌വവർകളുടെ സമീപത്തു ചെന്നുനോക്കി. അദ്ദേഹത്തിന്നു പനി തീരെ വിട്ടിരിക്കുന്നതായും സുഖമുള്ളതായും കണ്ടപ്പോൾ അവക്കു വളരെ ആശ്ചയ്യമുണ്ടായി. 'വളരെ അപകടകരമായ പനിയെ

പ്പോലും ഇത്ര നിശ്ചയമായി മാററുവാൻ ശക്തിയുള്ള ഈവൃക്ഷത്തിൻെറതോൽ പനിക്ക ഏററവും പററിയ ഒരു സിദ്ധൌഷധമാണെന്നു' അവരെല്ലാവരും പറയുകയും ചെയ്തു.

'ഈ വൃക്ഷത്തിൻെറ തോൽ അല്പം സേവിച്ചാൽ സായ്‌വവർകൾക്കു തീൎച്ചയായും വീണ്ടും പനി വരുന്നതല്ലെന്നു ഞങ്ങൾ പറഞ്ഞിരുന്നില്ലെ? കുറെ ആഴ്ചയോളം ദിനംപ്രതി രാത്രിയിൽ സായ്‌വവർകൾ ഈതോലിൽ അല്പം ഭാഗം സേവിക്കുന്നതായാൽ അദ്ദേഹത്തിന്നു പൂൎണ്ണസുഖം കിട്ടുന്നതാണു' എന്നു അധികാരികൾ പറഞ്ഞു.

കുറെ ദിവസം കഴിഞ്ഞശേഷം ഡോൺലൂയിക്കു ദീനമെല്ലാം മാറി സുഖം കിട്ടിയപ്പോൾ, അദ്ദേഹം ഗ്രാമത്തിൽനിന്നു ചിലരെ ആളയച്ചു വരുത്തുകയും തന്നോടുകൂടെ കാട്ടിലേക്കു ചെന്നു ആ വൃക്ഷം തനിക്കു പിന്നെ എപ്പോഴെങ്കിലും കണ്ടാലറിയത്തക്കവിധം കാണിച്ചുകൊടുപ്പാനായി അവരോടാവശ്യപ്പെടുകയും ചെയ്തു. ആ വൃക്ഷം വളരെ വിലയേറിയ ഒരു വൃക്ഷമാണെന്നും ലോകമെങ്ങും ഈ മലമ്പനിയെ മാററുവാനായി അതുപയോഗിക്കപ്പെടേണ്ടതാണെന്നും സായ്‌വ പറഞ്ഞു അവരോടൊരുമിച്ചു കാട്ടിലേക്കുചെന്നു. അവിടെ അവർ അദ്ദേഹത്തിന്നു ആ വൃക്ഷം കാണിച്ചുകൊടുത്തു. ആ വൃക്ഷത്തെ വീണ്ടും അറിയുവാൻ തൻെറ കയ്യിശം സൂക്ഷിക്കേണ്ടതിന്നു അദ്ദേഹം അതിൻെറ അനേക പുഷ്പങ്ങളേയും ഇലകളേയും ശേഖരിക്കുകയും അതിൻെറതോൽ കുറെ വെട്ടിയെടുക്കുകയും ചെയ്തു. പെറു എന്ന മഹാരാജ്യത്തിലുള്ള കാടുകളിൽ ഈ വൃക്ഷം പലപ്പോഴും കാണാറുണ്ടു.

ഇതിന്നുശേഷം അല്പകാലം കഴിഞ്ഞാറെ വൈസറായിയായിരുന്ന ഷിങ്കൺ പ്രഭുവിൻെറ പത്നിക്കു പനി പിടിച്ചതു നിമിത്തം അദ്ദേഹത്തിന്നു വളരെ മനോദുഃഖം നേരിട്ടു. പ്രഭ്വി പനികൊണ്ടു മരിച്ചുപോകുമൊ എന്നു കൂടി എല്ലാവരും സംശയിച്ചു തുടങ്ങി. ഈ വിവരം ഡോൺലൂയിയറിഞ്ഞപ്പോൾ അദ്ദേഹത്തിന്നും വളരെ വ്യസനം ഉണ്ടായി. അദ്ദേഹം ഉടനെ കാട്ടിലേക്കാളയച്ചു, ഈ അത്ഭുത വൃക്ഷത്തിൻെറ തോലിൽ കുറെ വരുത്തി. ഡോൺലൂയി ഈ തോലിൻെറ ഗുണങ്ങളെപ്പററിയും അതിന്നു പനി മാററുവാനുള്ള അനിതരസാധാരണമായ അത്ഭുത ശക്തി

യെപ്പററിയും വിവരമായ ഒരു കത്തെഴുതി ആ കത്തും വൃക്ഷത്തിൻ തൊലിയും ഉടനെതന്നെ ഒരു ദൂതൻവശം പ്രഭ്വിയെചികിത്സിക്കുന്ന വൈദ്യന്നയച്ചുകൊടുക്കുകയും ചെയ്തു. ഈ കത്തും തൊലിയും കിട്ടിയ ഉടനെ വൈദ്യൻ കത്തിൽ പറയുംപ്രകാരം തൊലിയെ ശെരിപ്പെടുത്തി ഷിങ്കൺപ്രഭുവിൻെറ പത്നിക്കു സേവിക്കുവാൻ കൊടുത്തു. ഈ മരുന്നു സേവിച്ചു കുറെമണിക്കൂറുകൾ കഴിയുമ്പോഴെക്കു ജ്വരം ശമിച്ചു രോഗിക്കു വേഗത്തിൽ സുഖംകിട്ടി. ഷിങ്കൺപ്രഭു വളരെ കീർത്തിമാനായിരുന്നതുകൊണ്ടു, അദ്ദേഹത്തിൻെറ പത്നിയുടെ മലമ്പനി ഈ വൃക്ഷത്തിൻെറ തൊലിയാൽ ഭേദംവന്നതോടുകൂടി, ഈ വൃക്ഷത്തിൻെറ തൊലിക്കുള്ള ജ്വരശമനശക്തി വളരെ പ്രസിദ്ധപ്പെടുകയും ചെയ്തു. ഷിങ്കൺ പ്രഭു യൂറോപ്പിലേക്കു മടങ്ങിപ്പോയപ്പോൾ അദ്ദേഹത്തിന്റെ കപ്പലിൽ ഈ വൃക്ഷത്തിൻ തൊലി വളരെ കയററിക്കൊണ്ടുപോയിരുന്നു. ഇപ്രകാരമാണ് ഈ ഔഷധം ആദ്യമായി യൂറോപ്പിലേക്കു കൊണ്ടുവരപ്പെട്ടതു. ഷിങ്കൺ പ്രഭുവിൻെറ പേർ പ്രമാണിച്ചു ആ വൃക്ഷത്തിന്നും തൊലിക്കും ഷിങ്കോണ എന്ന നാമധേയമാകുന്നു ഇന്നും വിളിച്ചുവരുന്നതു. ആ തൊലികൊണ്ടുണ്ടാക്കപ്പെടുന്ന ഔഷധത്തിനു കിനിൻ എന്ന പേരും ലഭിച്ചു.

ചിലപ്പോൾ ആ തൊലിക്കു പെറുവതൊലി എന്നുംപറഞ്ഞു വരാറുണ്ടു. കാരണം അതു ആദ്യമായി പെറു എന്ന രാജ്യത്തിൽനിന്നു കൊണ്ടുവരപ്പെട്ടതുതന്നെ. എന്നാൽ ആവൃക്ഷത്തിന്നും തോലിന്നും സാധാരണയായുള്ള പേർ ഷിങ്കോണ എന്നാകുന്നു. എന്തെന്നാൽ ഷിങ്കൺ പ്രഭുവത്രെ ഈ തൊലി ആദ്യമായി യൂറോപ്പിലേക്കു കൊണ്ടുവന്നതു."

വൈദ്യൻ ഈ കഥപറഞ്ഞുകഴിഞ്ഞപ്പോൾ രാജാവു—"അല്ലയൊ വൈദ്യരെ! കിനീൻ മലമ്പനിയെ എങ്ങിനെയാണു മാററുന്നതെന്നറിയുവാൻ ഞാൻ വളരെ ആഗ്രഹിക്കുന്നു. ഭവാൻ ദയവുചെയ്തു എന്നോടു പറയുമൊ" എന്നു ചോദിച്ചു.

വൈദ്യൻ ഇതു കേട്ടപ്പോൾ, "ഇനിയൊരുദിവസം തിരുമനസ്സുകൊണ്ടു എന്നെ വരുത്തുന്നതായാൽ ഞാൻ ഇവിടെ വന്നു, കിനീൻ പനിയെമാററുന്നതെങ്ങിനെയെന്നും അതു സേവിക്കേണ്ടും ക്രമങ്ങളെന്തെല്ലാമെന്നും ഇവിടുത്തോടറിയിക്കാം" എന്നു പറഞ്ഞു.

## 13-ാം അദ്ധ്യായം.

കിനീൻ മലമ്പനി ഭേദപ്പെടുത്തുന്നതെങ്ങിനെ. മലമ്പനി മാററുവാൻ കിനീൻ സേവി ക്കേണ്ടും ക്രമം. മലമ്പനി പിടിക്കാതെ ഒരുവനെ കിനീൻ രക്ഷിക്കുന്നതെങ്ങിനെ. മലമ്പനി പിടിക്കാതിരിപ്പാൻ കിനീൻ സേവിക്കേണ്ടതെങ്ങിനെ. കിനീൻ ഉപദ്രവകരമല്ലെന്നു.

പിററേന്നു വൈദ്യൻ വന്നപ്പോൾ അദ്ദേഹത്തോടു—

രാജാവു—"ഒരുവൻെറ രക്തത്തിൽ മലമ്പനിയുടെ പ്രാണി കളുള്ളപ്പോൾ അവൻ കിനീൻ സേവിക്കുന്നതായാൽ എങ്ങിനെ യാകുന്നു കിനീൻ അവൻെറ പനിയെ ശമിപ്പിക്കുന്നതു?" എന്നു ചോദിച്ചു.

വൈദ്യൻ—"രോഗി, കിനീൻ സേവിച്ചാൽ, കിനീൻ അ വൻെറ ആമാശയത്തിൽ നിന്നു രക്തത്തിലേക്കു കടന്നുചെന്നു അ വൻെറ രക്തത്തിലുള്ള മലമ്പനിയുടെ പ്രാണികളെ കൊന്നുകള യുന്നു" എന്നു ഉത്തരം പറഞ്ഞു.

രാജാവു—"അതു എല്ലാ പ്രാണികളേയും നശിപ്പിക്കുമൊ?"

വൈദ്യൻ—"ഇല്ല; ഒരാൾ ഒരു വലിയ മാത്ര കിനീൻ കഴിക്കുന്നതായാൽ, ആയാളുടെ രക്തത്തിലുള്ള മിക്ക മലമ്പനി പ്രാ ണികളേയും അതു കൊന്നുകളയുന്നു; എന്നാൽ മുഴുവനും നശിച്ചു പോകുന്നതല്ല."

രാജാവു—"കിനീൻ കൊണ്ടു ഉടനെ നശിച്ചുപോകാത്ത വയായ ബാക്കിയുള്ള പ്രാണികൾ വല്ല ദോഷവും ചെയ്യുമൊ?"

വൈദ്യൻ—"ഉവ്വ്. അവ രോഗിയുടെ രക്തത്തിൽ വളരെ വേഗത്തിൽ വർദ്ധിച്ചുവരികയും, അല്പദിവസങ്ങൾക്കുള്ളിൽ രോ ഗിക്കു വീണ്ടും പനി പിടിപ്പിക്കുകയും ചെയ്യുന്നു."

രാജാവു—"എന്നാൽ കിനീൻകൊണ്ടു ഒരുവൻെറ മലമ്പനി മാററുന്നതെങ്ങിനെ?"

വൈദ്യൻ—"കുറെ ആഴ്ചകൾക്കു ദിവസന്തോറും ഒരുവൻ കിനീൻ സേവിക്കുന്നതായാൽ, നിശ്ചയമായും അവൻെറ പനി മാറുന്നതാകുന്നു."

രാജാവു—"ഒരുവന്നു പനിമാററുവാൻ എത്ര കിനീൻ വേ ണ്ടിവരും?"

വൈദ്യൻ—"പനിമാറുവാനായി ഒരു രോഗി രണ്ടാഴ്ച്ചയോളം ദിവസേന മൂന്നു പരന്ന * ഗുളികകൾ പ്രകാരവും പിന്നെ നാലാഴ്ച്ചയോളം ഓരോ ആഴ്ച്ചയിലും രണ്ടു ദിവസം ഈരണ്ടു പരന്ന ഗുളികകൾ പ്രകാരവും സേവിക്കുന്നതായാൽ മതിയാവുന്നതാകുന്നു. ഇതിനാൽ അവൻെറ രക്തത്തിലുള്ള മലമ്പനിയുടെ പ്രാണികളെല്ലാം നശിച്ചുപോവുകയും, അവൻെറ പനി മാറുകയും ചെയ്യും."

രാജാവു—"ദിവസം ഏതുസമയത്താണ് രോഗി ക്വിനീൻ കഴിക്കേണ്ടതു?"

വൈദ്യൻ—"മൂന്നുപരന്നഗുളികകൾ കഴിക്കും ദിവസങ്ങളിൽ, രാവിലെ ഒന്നും, ഉച്ചക്കൊന്നും, രാത്രിയൊന്നുമായി കഴിക്കേണ്ടതാകുന്നു. ദിവസം രണ്ടു പരന്ന ഗുളികകൾ പ്രകാരം കഴിക്കുമ്പോൾ ആ രണ്ടും രാത്രിയിൽതന്നെയാണു കഴിക്കേണ്ടതു. ഭക്ഷണത്തിന്നു ശേഷം മരുന്നു കുറെ വെള്ളത്തോടുകൂടെ കഴിക്കേണ്ടതാകുന്നു."

രാജാവു—"സ്ത്രീകൾക്കായാൽ ക്വിനീൻ കഴിക്കേണ്ടുന്ന ക്രമമെങ്ങിനെ?"

വൈദ്യൻ—"പുരുഷന്മാരുടെ കണക്കപ്രകാരംതന്നെ. അഞ്ചു വയസ്സുമുതൽ പത്തു വയസ്സുവരെയുള്ള കുട്ടികൾക്കു രാവിലേയും രാത്രിയിലും ഓരോ പരന്ന ഗുളികപ്രകാരം കൊടുക്കേണ്ടതാണു. മൂന്നു മുതൽ അഞ്ചുവയസ്സുവരെ പ്രായമുള്ള കുട്ടികൾക്കു കാലത്തും, രാത്രിയിലും അരേരശ ഗുളികപ്രകാരവും കൊടുക്കേണ്ടുതാകുന്നു. ചെറിയ ശിശുക്കൾക്കു ദിവസേന രാത്രിയിൽ പകുതി ഗുളികപ്രകാരം കൊടുക്കേണ്ടതാണ്. കുട്ടികൾക്കു ക്വിനീൻ കൊടുക്കുന്നതു സ്വല്പം പാലിലൊ, ചക്കരയിലോ ആയിരിക്കണം."

രാജാവു—"ഒരാൾ ക്വിനീൻ സേവിച്ചു പനി മാററുവാൻ ശ്രമിക്കുന്നതായാൽ, ആയാൾ വയറിളക്കുന്നതു നല്ലതൊ?"

വൈദ്യൻ—"ക്വിനീൻചികിത്സ തുടങ്ങുന്നതിന്നു മുമ്പു വയറിളക്കുന്നതും ദിവസം ഒരിക്കലെങ്കിലും ശോധനയുണ്ടായിക്കൊണ്ടിരിക്കുന്നതും നല്ലതു."

രാജാവു—"ഒരാൾ ക്വിനീൻ സേവിക്കുമ്പോൾ കഴിക്കേണ്ട ഭക്ഷണമെന്ത്?"

---

* ഇവിടെ പറഞ്ഞിരിക്കുന്ന പരന്ന ക്വിനീൻ ഗുളികകൾ ലാഹോറിൽ ഗവൎമ്മെണ്ടുവക ക്വിനീൻ യന്ത്രശാലയിൽ ഉണ്ടാക്കുന്ന മാതിരിയാണ്. ഓരോ ഗുളികയിൽ 5 ഗ്രയിൻ ക്വിനീൻ അടങ്ങിയിരിക്കുന്നു.

വൈദ്യൻ—"കിനീൻ കഴിക്കുന്നൊരാൾക്ക ആയാളുടെ ദിനചൎയ്യപ്രകാരമുള്ള ഭക്ഷണം കഴിക്കാവുന്നതാകുന്നു. പക്ഷെ പനിയുള്ള സമയത്തു, മയമുള്ള ഭക്ഷണമൊ പാലൊ മോരൊ മാത്രമേ കഴിക്കാവൂ. പനിയുള്ളപ്പോൾ ഒരുവനും ഗുരുത്വമായ ഭക്ഷണം ദഹിക്കുന്നതല്ലല്ലൊ."

രാജാവു—"ഒരാൾക്ക പനിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ കിനീൻ സേവിക്കാമൊ?"

വൈദ്യൻ—"ഓഹോ കഴിക്കാം; ഒരാൾക്ക മലമ്പനിയുണ്ടെങ്കിൽ പനിക്കുമ്പോൾതന്നെ ആയാൾ രീതിയായും കിനീൻ കഴിക്കേണ്ടതാകുന്നു. ഒരുവന്നു പനിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, കഴിക്കുന്ന ഭക്ഷണം ഗുരുത്വമായതൊ അല്ലാത്തതൊ ആയിരുന്നാലും, പാൽ കിട്ടുവാൻ കഴിയുമെങ്കിലും ഇല്ലെങ്കിലും, ആമാശയം ദിവസം പ്രതി ശോധനവരുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, ഈവക യാതൊന്നുമാലോചിക്കാതെ, മലമ്പനി മാറേണമെന്നുണ്ടെങ്കിൽ ആയാൾ കിനീൻ കഴിക്കേണ്ടതാകുന്നു. പനിമാറേണമെന്നാഗ്രഹിക്കുന്നാൾക്ക കിനീൻ കഴിക്കുക എന്ന ഒരുകാൎയ്യമെ ചേയ്യേണ്ടതുള്ളു. ഏതുപോലെ എന്നാൽ, കത്തി വെണ്ണീറടിക്കുവാൻ പോകുന്ന ഒരു ഭവനത്തിൽ സ്വസ്ഥനായിരിക്കുന്നൊരുവൻ ധനികനൊ ദരിദ്രനൊ, ശക്തനൊ അശക്തനൊ, ശരീരസുഖമുള്ളവനൊ രോഗിയൊ, ആരായിരുന്നാലും വേണ്ടതില്ല, ദഹിക്കുവാൻ പോകുന്ന ഭവനത്തിൽനിന്നു തന്നെ രക്ഷിക്കേണമെങ്കിൽ നിശ്ചയമായും ആ വീട്ടിൽനിന്നു പുറത്തുപോരേണ്ടതല്ലയൊ? ചിലർ രാജാക്കന്മാരായും, മററു ചിലർ സാധുക്കളായ കൃഷിക്കാരായും ജനിക്കുന്നു. ഏതു തരക്കാരായാലും, എല്ലാവരും ജനിക്കയും എല്ലാവരും മരിക്കയും ചെയ്യേണ്ടതു എത്ര നിശ്ചയമായിരിക്കുന്നുവൊ അതേപ്രകാരംതന്നെ, പനി രാജാവിന്നാകട്ടെ കൃഷിക്കാരന്നാവട്ടെ ആൎക്കു വരുന്നതായാലും, അതുമാറേണമെന്നുണ്ടെങ്കിൽ അവർ രീതിയായുംകിനീൻ സേവിക്കേണ്ടതാകുന്നു."

രാജാവു—"ഒരാൾക്ക കിനീൻ കൊണ്ടു തന്റെ മലമ്പനിയെ മാററുവാൻ കഴിയുന്നതെങ്ങിനെയെന്നു നിങ്ങളിപ്പോഴെന്നോടു പറഞ്ഞുവല്ലോ. എന്നാൽ കിനീൻകൊണ്ടു പനിപടിക്കാതെതന്നെ കഴിച്ചുകൂട്ടുവാൻ മാൎഗ്ഗമുണ്ടെന്നു നിങ്ങളീയിടയിലെന്നോടു പറഞ്ഞി

രിക്കുന്നു. അതെങ്ങിനെയാണു സാധിക്കുന്നതെന്നു എന്നോട്ടു പറഞ്ഞാലും.”

വൈദ്യൻ—“ഇവിടങ്ങളിൽ മലമ്പനി പിടിക്കുന്നതു ആഗസ്റ്റ്, സപ്തംബർ, ഒക്ടോബർ, നവെമ്പർ എന്നീമാസങ്ങളിലാകുന്നു. ഈ മാസങ്ങളിൽ ഒരുവൻ, ആഴ്ച്ചതോറും രണ്ടുദിവസങ്ങളിൽ ദിവസം രണ്ടു ഗുളികപ്രകാരം കിനീൻ സേവിക്കുന്നതായാൽ, അവന്നു മലമ്പനി പിടിക്കുകയേയില്ല.”

രാജാവു—“കിനീൻ കഴിക്കുന്നതുകൊണ്ടു ഒരുവന്നു മലമ്പനി പിടിക്കാതിരിക്കുന്നതെങ്ങിനെ?”

വൈദ്യൻ—“ആഴ്ച്ചതോറും രണ്ടുദിവസങ്ങളിൽ ഓരോ ദിവസം രണ്ടു പരന്നഗുളികപ്രകാരം ഒരുവൻ കിനീൻ കഴിക്കുന്നതായാൽ, ആയാളുടെ രക്തത്തിലെപ്പോഴും കിനീൻ ഉണ്ടായിരിക്കുന്നതാണ്. മലമ്പനിയുണ്ടാക്കുന്ന കൊതുക്കൾ ഒരുവന്റെ ശരീരത്തിൽ കടിച്ച്, ജ്വരത്തെയുണ്ടാക്കുന്ന പ്രാണികളെ അവന്റെ രക്തത്തിലേക്കു കടത്തുമ്പോൾ, അവന്റെ രക്തത്തിലുള്ള കിനീൻ ആവക പ്രാണികളെ ഉടനെതന്നെ കൊന്നുകളയുന്നു. ആകയാൽ മലമ്പനിയുണ്ടാകുന്നകാലത്തു പനി പിടിക്കാതിരിപ്പാൻ വേണ്ടി ഒരാൾ താൻതന്നെ കിനീൻ കഴിക്കുകയും തന്റെ കുഡുംബത്തിലുള്ള ജനങ്ങൾക്കും കിനീൻ കൊടുക്കുകയും ചെയ്യുന്നതത്യന്താവശ്യമാകുന്നു.”

രാജാവു—“ഇവിടങ്ങളിലുള്ള ചില ജനങ്ങൾ കിനീൻ ഉഷ്ണമേറിയ ഒരു വസ്തുവാണെന്നു വിചാരിച്ചു സേവിക്കുകയില്ലല്ലൊ.”

വൈദ്യൻ—“കിനീൻ അല്പമുഷ്ണമുള്ള ഒരു വസ്തുവായിരുന്നാൽ തന്നെ അതു ഒരു വിരോധത്തേയും ചെയ്യുന്നതല്ല. പനികൊണ്ടു വലഞ്ഞു ശരീരം ക്ഷയിച്ചു മരിച്ചുപോകുന്നതിനേക്കാൾ അല്പംഉഷ്ണമുള്ള ഒരു മരുന്നു സേവിച്ച് സുഖപ്പെടുന്നതല്ലേ നല്ലതു? ദഹിച്ചുപോകുന്ന ഒരു വീട്ടിലിരിക്കുന്ന മനുഷ്യനോടു പുറത്തേക്കു വരുവാൻ ചില സ്നേഹിതന്മാരാവശ്യപ്പെടുമ്പോൾ പുറത്തു മഴപെയ്യുന്നുണ്ടെന്നും അതുനിമിത്തം തന്റെ വസ്ത്രങ്ങൾ നനഞ്ഞുപോകുന്നതാണെന്നും അതുകൊണ്ടു പുറത്തേക്കു വരുവാൻ തനിക്കു കഴികയില്ലെന്നും അയാൾ പറയുന്നതായാൽ 'വിഡ്ഢി നിന്റെ ഭവനത്തിൽ കിടന്നു തീയ്യിൽ ദഹിച്ചുപോകുന്നതിനേക്കാൾ പുറ

ത്തേക്കു വന്നു സ്വല്പം മഴകൊണ്ടാലും രക്ഷപ്പെടുന്നതല്ലയൊ നല്ല തു' എന്നു അയൽവക്കക്കാർ വിളിച്ചു പറയുകയില്ലയൊ?"

രാജാവു—"ക്വിനിൻ ക്ഷീണത്തേയും ധാതുക്ഷയത്തേയും ഉണ്ടാക്കുന്നതാണെന്നു ഇവിടങ്ങളിൽ ചിലക്കു അഭിപ്രായമുണ്ട്. ഇതു സത്യമൊ?"

വൈദ്യൻ—"ക്വിനീൻ ഒരു മനുഷ്യന്നു ക്ഷീണത്തേയൊ, ധാതുക്ഷയത്തേയൊ ഉണ്ടാക്കുന്നതല്ല. ഇംഗ്ലാണ്ടിൽ മലമ്പനിയില്ലെങ്കിലും, വൈദ്യന്മാർ ക്വിനീൻ വളരെ കൊടുക്കുന്നുണ്ടു."

രാജാവു—"ഇംഗ്ലാണ്ടിൽ മലമ്പനിയില്ലെന്നറിഞ്ഞിരിക്കെ വൈദ്യന്മാർ എന്തിന്നായിട്ടാണ് ക്വിനീൻ കൊടുക്കുന്നതു?"

വൈദ്യൻ—"ക്ഷീണവും രോഗവും ഉളള ജനങ്ങൾക്കു ശക്തിയും ഓജസ്സും ഉണ്ടാക്കുവാനായി ഇംഗ്ലാണ്ടിൽ വൈദ്യന്മാർ ക്വിനീൻ കൊടുക്കുന്നു."

രാജാവു—"ക്വിനീൻ മനുഷ്യന്നു ഉപദ്രവത്തെ ചെയ്കയില്ലയൊ?"

വൈദ്യൻ—"ക്വിനീൻ മനുഷ്യന്നു യാതൊരു ഉപദ്രവവും ചെയ്കയില്ല."

രാജാവു—"മലമ്പനിക്കു കാരണഭൂതമായ പ്രാണികളെ നശിപ്പിക്കുന്നതായ ക്വിനീൻ ഒരു മനുഷ്യന്നു യാതൊരു ഉപദ്രവവും ചെയ്കയില്ലെന്നുളളതാശ്ചര്യമല്ലയൊ?"

വൈദ്യൻ—"അല്ല, അതിലെന്തുമാത്രമാണാശ്ചര്യമുളളതു? അതേപ്രകാരം തന്നെ പ്രകൃതിയിൽ ഇനിയും അനേക വസ്തുക്കളുണ്ടു. കീരിയെപററിത്തന്നെ നാം ആലോചിക്കുക. അതു സപ്പത്തിൻെറ പരമശത്രുവും ഒരു സപ്പത്തെ കാണുന്നതായാൽ തീച്ചയായുമതിനെ കൊല്ലുന്നതുമാകുന്നു എങ്കിലും അതു മനുഷ്യന്നു യാതൊരുപദ്രവവും ചെയ്യുന്നതല്ല. അതേപ്രകാരംതന്നെയാകുന്നു ക്വിനീൻ. ക്വിനിൻ മലമ്പനിയുടെ പരമശത്രുവും, മലമ്പനിയുണ്ടാക്കുന്ന പ്രാണികളെ കണ്ടമാത്രത്തിൽ അവയെ നശിപ്പിക്കുന്നതുമാകുന്നു. എന്നാൽ മനുഷ്യന്നു യാതൊരുപദ്രവവും ചെയ്യുന്നതുമല്ല."

രാജാവു—"ഇന്ത്യയിൽ കൊല്ലന്തോറും മലമ്പനിയാൽ എത്ര ജനങ്ങൾ മരിക്കുന്നുണ്ടു?"

വൈദ്യൻ—"പത്തുലക്ഷത്തിൽ പരം ജനങ്ങൾ, ഇന്ത്യയിൽ കൊല്ലംപ്രതി മലമ്പനിയാൽ മരിക്കുന്നുണ്ട്. ക്വിനീൻ സേവിച്ചു അവക്കേവക്കും രക്ഷപ്പെടുവാൻ കഴിയുന്നതായിരുന്നു."

രാജാവു—"മലമ്പനിയിൽനിന്നു എൻെറ രാജ്യനിവാസികളെ രക്ഷിക്കേണ്ടും ക്രമം ഇപ്പോളെനിക്കു മനസ്സിലായി. എന്നാൽ ഇപ്പോൾ കുറെ കൊല്ലങ്ങളായി ഇവിടങ്ങളിൽ പ്ലേഗിനാൽ അസംഖ്യം ജനങ്ങൾ മരിച്ചുപോയിട്ടുണ്ടു. എൻെറ രാജ്യക്കാക്കു പ്ലേഗ് ബാധയിൽനിന്നു രക്ഷപ്പെടുവാനുളള മാഗ്ഗമെന്തെന്നു നിങ്ങൾ പറയുമൊ?"

വൈദ്യൻ—"പ്ലേഗ് എന്ന മഹാമാരിയുണ്ടാകുവാനുളള കാരണങ്ങളും, അതിൽനിന്നു ജനങ്ങൾക്കു രക്ഷ കിട്ടുവാനുളള മാഗ്ഗങ്ങളും സവിസ്തരം ഇനിയൊരവസരത്തിൽ അറിയിച്ചുകൊളളാം."

---

## 14-ാം അദ്ധ്യായം.

പ്ലേഗ് എലിയാൽ ഉണ്ടാക്കപ്പെടുന്നതു. സുൽത്താൻ, പ്ലേഗ്, എലി, ഇവരുടെ കഥ.

പിറേറന്നു വൈദ്യൻ തിരുമുമ്പാകെ വന്നപ്പോൾ ഒരു മനുഷ്യന്നു പ്ലേഗ് എന്ന മഹാമാരിയുണ്ടാകുന്നതെങ്ങിനെയെന്നു പറയുവാനായി രാജാവ് അദ്ദേഹത്തോടാവശ്യപ്പെട്ടു.

വൈദ്യൻ—"പ്ലേഗ് എന്ന മഹാമാരി എലികളെ ബാധിക്കുന്ന ഒരു മഹാരോഗമാകുന്നു. എലികളിൽ നിന്നത്രെ അതു മനുഷ്യന്നു പകരുന്നതു. ഒരു പട്ടണത്തിലൊ ഗ്രാമത്തിലൊ എലികളില്ലെങ്കിൽ അവിടങ്ങളിൽ നിവസിക്കുന്ന ജനങ്ങളുടെ ഇടയിൽ പ്ലേഗ് പകരുകയില്ല."

രാജാവു—"പ്ലേഗ് എലികളെ ബാധിക്കുന്ന രോഗമാണെന്നും, അതു എലികളിൽനിന്നാണു ജനങ്ങൾക്കു പകരുന്നതെന്നും, എപ്പോഴാണു കണ്ടുപിടിച്ചതു?"

വൈദ്യൻ—"വളരെ പുരാതന കാലങ്ങളിൽതന്നെ, അനേകായിരം കൊല്ലങ്ങൾക്കു മുമ്പു, പ്ലേഗ് എലികളെ ബാധിച്ചിരുന്ന ഒരു രോഗമായിരുന്നുവെന്നും എലികളിൽനിന്നാണു അതു മനുഷ്യരിലും ബാധിച്ചിരുന്നതെന്നും അറിഞ്ഞിരുന്നു. ഇതു പുരാതന കാലങ്ങളിൽ രചിക്കപ്പെട്ട അനേക ഗ്രന്ഥങ്ങളിലും പ്രസ്താവിച്ചു കാണുന്നുണ്ട്. ഇതു വളരെക്കാലങ്ങൾക്കു മുമ്പായിതന്നെ അറി

ഞ്ഞിട്ടുള്ളതാണെന്നു തെളിയിക്കുന്നതായി, ഒരു മഹാനായ മുഹമ്മദീയ ചക്രവത്തിയുടെ ഒരു കഥതന്നെയുണ്ട്. തിരുമനസ്സിലേക്കു ആ കഥ ശ്രദ്ധിച്ചു കേൾപ്പാനിഷ്ടമുണ്ടെങ്കിൽ ആ കഥ ഇവിടെ പറയുകയും ചെയ്യാം."

രാജാവു—"കേൾക്കട്ടെ."

വൈദ്യൻ—"ആ മുഹമ്മദീയ ചക്രവത്തിയുടെയും, പ്ലേഗിന്റെയും എലിയുടെയും കഥ ഇപ്രകാരമാണ്:—പൂർവ്വകാലത്തു കേൾവിപ്പെട്ടതായ ഒരു നഗരിയിൽ അതീവ പരാക്രമിയായി ഒരു മുഹമ്മദീയ ചക്രവത്തി വാണുകൊണ്ടിരുന്നു. ഈ കഥയുടെ കാലത്തു ആ രാജ്യത്തിൽ പ്ലേഗ് ഉത്ഭവിക്കുകയും ചക്രവത്തി താമസിച്ചിരുന്ന പ്രധാന നഗരിക്കു ചുററുമുള്ള ഗ്രാമങ്ങളിൽ വ്യാപിക്കുകയും ചെയ്തിരുന്നു.

ആ നഗരിയിൽ പ്ലേഗ് ബാധിച്ചാൽ തന്റെ പ്രജകളിലസംഖ്യം ജനങ്ങൾ മരിച്ചുപോകുമെന്നും തൻനിമിത്തം തന്റെ പട്ടണം ജനശൂന്യമായിത്തീരുമെന്നും ഓത്തു രാജാവിന്നു മനസ്സിൽ വളരെ വിഷാദമുണ്ടായി. രാജാവു ഉടനെതന്നെ മന്ത്രിയെ ആളയച്ചു വരുത്തി അദ്ദേഹത്തോടു ഇപ്രകാരം പറഞ്ഞു: 'നമ്മുടെ വലിയ നഗരിയുടെ അയൽപ്രദേശങ്ങളിൽ പ്ലേഗ് ബാധിച്ചിരിക്കുന്നുവെല്ലൊ. ഈ രോഗവദ്ധനയെ ഉടനെതന്നെ നിത്തൽചെയ്യാതിരുന്നാൽ അല്പ ദിവസങ്ങൾക്കുള്ളിൽ ഠരം വലിയ നഗരിയിലും അതു കടന്നുകൂടുന്നതാകുന്നു. വല്ല പ്രകാരത്തിലും ഠരം രോഗത്തെ തടുക്കുവാൻ കഴിയുമൊ എന്നു പറഞ്ഞാലും.'

മന്ത്രി—'ഠരം രോഗത്തിന്റെ സ്വഭാവത്തെപ്പററി എനിക്കു യാതൊരറിവും ഇല്ല. ഇതേവരെ ഞാൻ ഇങ്ങിനെ ഒരു രോഗം കണ്ടിട്ടും ഇല്ല. എന്നാൽ ചീന, ടിബെററ് മുതലായ കിഴക്കൻ ദിക്കുകളിലെല്ലാം സഞ്ചരിച്ചിട്ടുള്ള ജ്ഞാനിയും വിദ്വാനുമായ ഒരു സഞ്ചാരി നമ്മുടെ പട്ടണത്തിൽ കുറെ ദിവസം മുമ്പു എത്തീട്ടുണ്ടായിരുന്നു. ആ രാജ്യങ്ങളിൽ സാധാരണയായി പ്ലേഗ് കഠിനമായി ഉണ്ടാകുന്നതാണ് എന്നു ഞാൻ കേട്ടിട്ടുണ്ടു. അതുകൊണ്ടു അദ്ദേഹത്തിന്നു ഠരം രോഗത്തെപ്പററി നിശ്ചയമായും അറിവുണ്ടായിരിക്കേണം. അദ്ദേഹം ഇവിടം വിട്ടിട്ടില്ലെങ്കിൽ അദ്ദേഹത്തെ ആളയച്ചു വരുത്തി ചോദിക്കുന്നതായാൽ ഠരം രോഗം ഇനി വ്യാപിക്കാതിരിക്കുവാനുള്ള മാർഗ്ഗങ്ങൾ അദ്ദേഹം നമ്മോടു പറയുമായി

രിക്കാം. അദ്ദേഹം ഇപ്പോൾ ഇവിടെയുണ്ടോ എന്നറിയുവാനായി
അദ്ദേഹം താമസിച്ചിരുന്ന വീട്ടിലേക്ക ഞാൻ ഇപ്പോൾ തന്നെ
ആളെ അയച്ചുകളയാം.'

അതുപ്രകാരം മന്ത്രി ആളെ അയച്ചു അന്വേഷിച്ചപ്പോൾ സ
ഞ്ചാരി അവിടം വിട്ടുപോയിട്ടില്ലെന്നറിഞ്ഞു. അതിനാൽ മന്ത്രി,
സഞ്ചാരിക്കാളയച്ചു വരുത്തി അദ്ദേഹത്തെ രാജസന്നിധിയിലേക്കു
കൂട്ടിക്കൊണ്ടുപോകയും ചെയ്തു.

മ. ചക്രവൎത്തി—'ഇതര രാജ്യങ്ങളിൽ ഈ പ്ലേഗ് രോഗത്തെ
അധികമായി കണ്ടു നിങ്ങൾക്കു പരിചയമുണ്ടോ ?. ഈ നഗരിയെ
പ്ലേഗിൽനിന്നു രക്ഷിപ്പാനുള്ള വല്ല മാൎഗ്ഗവും ഞങ്ങളോടു നിങ്ങൾക്കു
പറയുവാൻ കഴിയുമൊ ?'

സഞ്ചാരി—'ഞാൻ മററു രാജ്യങ്ങളിൽ പ്ലേഗ് ധാരാളമായി
കണ്ടിട്ടുണ്ടു. ഞാൻ ആവശ്യപ്പെടുന്നപ്രകാരമെല്ലാം ചെയ്വാനായി
തിരുമനസ്സുകൊണ്ടു പ്രധാനമന്ത്രിയോടു കല്പിക്കുന്നതായാൽ, ഈ
നഗരിയിൽ പ്ലേഗുണ്ടാവുകയില്ലെന്നു ഇതാ ഞാൻ സത്യമായി
പറയുന്നു.'

മ ചക്രവൎത്തി—'നിങ്ങൾ ഇപ്പോൾ പറഞ്ഞ വാക്കുകൾ
വളരെ കടന്നുപോയൊ എന്നു ഞാൻ സംശയിക്കുന്നു. ഏതായാ
ലും നിങ്ങളുടെ ആവശ്യപ്രകാരമെല്ലാം പ്രവൃത്തിച്ചു കൊൾവാനായി
ഞാൻ ഇതാ എൻെറ മന്ത്രിപ്രവരനെ ഏല്പിച്ചുകഴിഞ്ഞു. ഈ നഗ
രിയിൽ പ്ലേഗ് ബാധിക്കുന്നതിനെ നിൎത്തുവാൻ നിങ്ങൾക്കു കഴി
യുന്നതായാൽ, ഞാൻ നിങ്ങൾക്കു വളരെ സമ്മാനങ്ങൾ തരുന്ന
താകുന്നു, പക്ഷെ നിങ്ങൾക്കതു സാധിക്കാതെ വരുന്നതായാൽ,
അതു നിങ്ങളുടെ നാശകാരണമായിരിക്കുമെന്നുംകൂടി ഞാൻ നിങ്ങളെ
മുൻകൂട്ടി അറിയിച്ചുകൊള്ളുന്നു.'

സഞ്ചാരി—'ഈ രാജ്യത്തിൽ എത്ര ആഭരണവ്യാപാരിക
ളുണ്ടു ?'

പ്രധാനമന്ത്രി—'അഞ്ഞൂറിൽ പരമുണ്ടു.'

സഞ്ചാരി—'എന്നാൽ അവരിൽ യോഗ്യന്മാരായ 200 വ്യാപാ
രികളെ ആളയച്ചുവരുത്തി, അവരോടു, അതീവ തേജസ്സും വിലയും
ഉള്ളതായ 200 വൈരക്കല്ലുകൾ ചക്രവൎത്തിയുടെ സന്നിധാനത്തി

ങ്കലേക്കു കൊണ്ടുവരുവാൻ ഏല്പിക്കണം. അവയുടെ വലിപ്പം ഒരു ബാല്ലി മണിയോളവുമായിരിക്കേണം'.

സഞ്ചാരിയുടെ ആവശ്യപ്രകാരം മന്ത്രി ഉടനെ കല്പന കൊടുക്കുകയും വ്യാപാരികൾ 200 വൈരക്കല്ലുകൾ ഉടനെ തിരുമുമ്പാകെ ഹാജരാക്കുകയും ചെയ്തു. പിന്നെ ആ നഗരിയിൽനിന്നു 200 എലികളെ ജീവനോടെ പിടിച്ച്, ഓരോന്നിനേയും ഇരിമ്പു കമ്പികൊണ്ടുണ്ടാക്കിയ ഓരോ കൂട്ടിലടച്ച് കൊണ്ടുവരുവാനായി സഞ്ചാരി ആവശ്യപ്പെട്ടു. അതേപ്രകാരം 200 എലികളെ ജീവനോടെ പിടിച്ചു, ഓരൊന്നിനേയും ഓരോകൂട്ടിലിട്ടടച്ചു സഞ്ചാരിയുടെ മുമ്പാകെ ഹാജരാക്കുകയും ചെയ്തു. സഞ്ചാരി ഒരെലിയെ പിടിച്ചു അതിൻെറ വയററിന്നു സമീപമുള്ള അയവുള്ള തോൽ, മൂർച്ചയേറിയ ഒരു കത്തികൊണ്ടു വെടിപ്പായി സ്വല്പം കീറി വൈരക്കല്ലുകളിൽ ഒന്നിനെ അതിന്നുള്ളിൽ നിക്ഷേപിക്കുകയും ചെയ്തു. ഇതിന്നു ശേഷം ആ എലിയെ അതിൻെറ കൂട്ടിൽ തന്നെയാക്കി. ഇതേപ്രകാരം ഇദ്ദേഹം ഇരുന്നൂറെലികളിലും പ്രവൃത്തിച്ചു. അതിൽ പിന്നെ ഓരോ കൂട്ടിലും കുറെ ധാന്യങ്ങളും വെള്ളവും വെച്ചു കൊടുപ്പാനായി അദ്ദേഹം ആവശ്യപ്പെട്ടു. അതിന്നുശേഷം കൂടുകളെടുത്തു ഒരു മുറിയിൽ വെപ്പാനും, മുറിയുടെ വാതിലടച്ചു, മുദ്രവെച്ച്, അവിടെ പാറാവു ചെയ്വാൻ, ഭടന്മാരെ ഏൎപ്പെടുത്തുവാനും, അദ്ദേഹം മന്ത്രിയോടാവശ്യപ്പെട്ടു. ഇദ്ദേഹത്തിൻെറ ഈ രംവക പ്രവൃത്തികളെ പററി, മന്ത്രിക്കാശ്ചൎയ്യമാണുണ്ടായതു. എങ്കിലും അദ്ദേഹം സഞ്ചാരി ആവശ്യപ്പെട്ടതെല്ലാം ഒന്നും പിഴക്കാതെ ചെയ്കയും ആ മുറിയുടെ വാതിലടച്ച്, പൂട്ടി, മുദ്രയും വെച്ചു താക്കോൽ തൻെറ കയ്യശം തന്നെ സൂക്ഷിക്കയും ചെയ്തു.

രണ്ടു ദിവസങ്ങൾ കഴിഞ്ഞ ശേഷം ഒരുനാൾ അൎദ്ധരാത്രിയിൽ സഞ്ചാരി മന്ത്രിയുടെ അടുക്കൽചെന്നു ഇപ്രകാരം പറഞ്ഞു.

'എഴുനിററു നിങ്ങളുടെ വിശ്വസ്തഭൃത്യന്മാരിൽ പത്താളുകളെ വിളിച്ചു അവരോടുകൂടി എൻെറ ഒരുമിച്ചുപോന്നു, എലികളുള്ള കൂടുകൾവെച്ച മുറിതുറക്കുക. നമ്മളൊരുമിച്ച് ഒരു വിളക്കുകൊണ്ടുവരുവാൻ ഒരു ഭൃത്യനോടു ആജ്ഞാപിച്ചാലും.'

അദ്ദേഹത്തോടാവശ്യപ്പെട്ടപ്രകാരം മന്ത്രി ചെയ്കയും അവരെല്ലാവരും മുറിയിലേക്കുവരികയും ചെയ്തു. ആ മുറിയുടെ വാതിൽക്കൽ പാറാവു ചെയ്തു, കാത്തുകൊണ്ടിരുന്നവർ, മുദ്രകൾയാതൊരാളും

പൊട്ടിച്ചിട്ടില്ലെന്നു, മന്ത്രിക്കു കാണിച്ചു കൊടുത്ത ശേഷം, സഞ്ചാരി മന്ത്രിയോട് മുദ്രപൊട്ടിക്കുവാനും, വാതിൽ തുറക്കുവാനും ആവശ്യപ്പെട്ടു. അവർ മുറിയിൽ കടന്നാറെ, സഞ്ചാരി വെളിച്ചമെടുത്തു ഓരോ എലിയേയും നോക്കുകയും, അവയുടെ ശരീരത്തിലുണ്ടാക്കിയ മുറികളെല്ലാം തീരെ ഉണങ്ങിയതായും, വൈരക്കല്ലുകൾ അവയുടെ തോലിന്നുള്ളിൽ ഭദ്രമായി വെക്കപ്പെട്ടിരിക്കുന്നതായും കാണുകയും ചെയ്തു.

സഞ്ചാരി, മന്ത്രിയോടു—'ഭൃത്യന്മാരിലോരോരുത്തരോടും, ഇരുപതു കൂടുകൾ പ്രകാരമെടുത്തു എന്റെ കൂടെ പട്ടണത്തിലേക്കുവരുവാൻ ആജ്ഞാപിച്ചാലും.'

അതുപ്രകാരം മന്ത്രിയും എലികളുള്ളകൂടുകളുമെടുത്തു പത്തു ഭൃത്യന്മാരും സഞ്ചാരിയൊരുമിച്ച് ആ നഗരിയുടെ തെരുവീഥികളിലേക്കു പോയി. അല്പദൂരം ചെന്നശേഷം സഞ്ചാരികൂടുകളിലൊന്നിൽനിന്നു എലിയെ പുറത്തേക്കു എടുത്തു വിടുകയും ആ ജന്തു വളരെ സന്തോഷത്തോടുകൂടി ഇരുട്ടു ബാധിച്ചിട്ടുള്ള പ്രദേശത്തിലേക്കു ഓടിപ്പോകയും ചെയ്തു. സഞ്ചാരി ഇതേപ്രകാരം പട്ടണത്തിന്റെ പലഭാഗങ്ങളിലും ചെന്നു, എലികളെ എല്ലാം ഓരോന്നോരോന്നായി അവിടവിടെ വിട്ടുകളഞ്ഞു.

ഇദ്ദേഹം ഇപ്രകാരം എലികളെയെല്ലാം വിട്ടതുകണ്ടപ്പോൾ, മന്ത്രിക്കും, ഭൃത്യന്മാൎക്കുമുണ്ടായ ആശ്ചൎയ്യം അളവില്ലാതെയായി. പിറെറന്നാൾ രാവിലെ സഞ്ചാരി, മന്ത്രിയോടു, ഓരൊന്നിന്റെയും തലക്കിന്നുള്ളിൽ വളരെ വിലയേറിയതും, തിളങ്ങിപ്രകാശിക്കുന്നതും, ബാല്ലി മണിയോളം വലിപ്പമുള്ളതുമായ ഓരൊ വൈരക്കല്ലു വെക്കപ്പെട്ടിട്ടുള്ള 200 എലികളെ പട്ടണത്തിൽ വിട്ടിട്ടുണ്ടെന്നും, അവയെ പട്ടണവാസികളിലാരെന്നാലും പിടിച്ചു കൊല്ലുന്നതായാൽ അവയുടെ ശരീരങ്ങളിലുള്ള വൈരക്കല്ലുകൾ, ഒരം കൊല്ലുന്നവർ എടുത്തു അവരുടെ ഇഷ്ടപ്രകാരം പ്രവൃത്തിച്ചുകൊള്ളാവുന്നതാണെന്നും ആനഗരിയിൽ മുഴുവനും വിളംബരം ചെയ്വാനാവശ്യപ്പെട്ടു.

ഒരം വിളംബരം പ്രസിദ്ധപ്പെടുത്തിയപ്പോൾ പട്ടണവാസികളിൽ മിക്ക ജനങ്ങളും ഇതിനെ വെറും കളിവാക്കായി എണ്ണി കേവലം വിശ്വസിക്കാതെയിരുന്നു. എങ്കിലും ദരിദ്ര്യന്മാരായ ചിലർ

എലികളെ കൊല്ലുവാനും അവയുടെ ശരീരങ്ങളിൽ പ്രസ്തുത വൈരക്കല്ലുകളുണ്ടോ എന്നു പരിശോധിപ്പാനുമാരംഭിച്ചു. അന്നേ ദിവസം വൈകുന്നേരം താൻ കൊന്നതായ ഒരെലിയുടെ ശരീരത്തിൽനിന്നു ദരിദ്രവാനായ ഒരുവന്നു ഒരു വൈരക്കൽകിട്ടുകയും ചെയ്തു. ഇവനാകട്ടെ വൈരക്കല്ലിനെ ഉടനെ വില്ക്കുകയുംതനിക്കു താമസിപ്പാനായി ഒരു നല്ല ഭവനം വിലക്കുവാങ്ങുകയും ചെയ്തു. ഈ നൂതന വൎത്തമാനം പട്ടണത്തിൽ പരന്നപ്പോൾ ജനങ്ങളുടെ ഇടയിലുണ്ടായ അത്യാഗ്രഹത്തിന്നും, പരിഭ്രമത്തിന്നും, കയ്യുംകണക്കുമുണ്ടായിരുന്നില്ല. ഗൃഹസ്ഥൻ തന്റെ എഴുത്തു പ്രവൃത്തിയും, കച്ചവടക്കാരൻ തന്റെ വ്യാപാരവും ഉപേക്ഷിച്ചു. ചുരുക്കിപ്പറയുന്നതായാൽ, ഉൽകൃഷ്ടനും നികൃഷ്ടനും, ധനികനും ദരിദ്രനും, യജമാനനും ഭൃത്യനും, പുരുഷന്മാരും സ്ത്രീകളും കുട്ടികളും യാതൊരുവക ഭേദവുമെന്യേ അവരവരുടെ പ്രവൃത്തികളും കളികളുമുപേക്ഷിച്ച് എലിനായാട്ടിന്നൊരുമ്പെട്ടു. ഭവനത്തിന്റെ മേൽപ്പുരകളിൽനിന്നും, മരങ്ങളുടെ ഉള്ളിൽനിന്നും, തറകളുടെ അടിയിൽനിന്നും, ധാന്യശേഖരം ചെയ്യുന്നപാത്രങ്ങളിൽനിന്നും എലികളെ ആട്ടിത്തെളിച്ചു ജനങ്ങൾ കൊന്നുതുടങ്ങി. പ്രാണരക്ഷാൎത്ഥം ഓവുചാലുകൾ, മടകൾ ഇവകളിൽ രക്ഷപ്രാപിച്ച എലികളെക്കൂടിയും, നഗരവാസികൾ ആരാഞ്ഞു പിടിച്ചു, കല്ലുകൊണ്ടെറിഞ്ഞും, വടികൊണ്ടടിച്ചും, കത്തികൊണ്ടു കുത്തിയും കൊന്നുതുടങ്ങി. അല്പം ദിവസങ്ങൾക്കു പട്ടണത്തിൽ മററുള്ള പ്രവൃത്തികളെല്ലാം തീരെനിന്നുപോയി. വലിയ കൂലി കൊടുത്താൽ പോലും ആവശ്യാൎത്ഥം കൂലിക്കാരെ കിട്ടാതെയായിത്തുടങ്ങി. എലിക്കെണികളുണ്ടാക്കുന്നവരായ ആശാരിമാർ കെണികളെ എത്രവലിയ വിലക്കാണു വിററുവന്നിരുന്നതെന്നു പറയുവാൻ പ്രയാസം. പൂച്ചകൾക്ക് ഒട്ടകത്തിന്റെ വിലപോലും കിട്ടിവന്നു തുടങ്ങി. ആ പ്പാടെ ഒരാഴ്ചക്കുള്ളിൽ ലക്ഷോപലക്ഷമെലികളുടെ പ്രാണനാശം വരികയും ചെയ്തു. ദിവസംതോറും അഞ്ചാറെ, ഏഴെട്ടോ എലികളുടെ ശരീരങ്ങളിൽനിന്നു വൈരക്കല്ലുകൾ കിട്ടാതെയും വന്നിരുന്നില്ല. രണ്ടാഴ്ച കഴിയുമ്പോഴക്കു പട്ടണത്തിലുള്ള എലികളെല്ലാം നശിച്ചുപോകയും ചെയ്തു. പക്ഷെ വൈരക്കല്ലുകൾ മുഴുവനും കിട്ടാതെ വന്നതിനാൽ ജനങ്ങളിലാരെങ്കിലും ഒരെലിയെ കണ്ടാൽ വല്ല പ്രകാരത്തിലും അതിനെ പിടിച്ചു കൊല്ലാതെ വിടാതെയുമായിത്തുടങ്ങി.

ഇപ്രകാരമുള്ള മൂഷികവധത്തിന്നു ശേഷം സഞ്ചാരി, രാജസന്നിധിയിൽവന്നു. അദ്ദേഹത്തോടു, 'ൟ പട്ടണത്തിൽ പ്ലേഗ് ബാധിക്കുന്നതിനെ ഞാൻ നിൎത്തൽ ചെയ്യുമെന്നു ഇവിടത്തോടു സത്യമായി പറഞ്ഞില്ലെ ? ഇനി പ്ലേഗുണ്ടാവുമെന്നോൎത്തു യാതൊരു ഭയവും ഇവിടേക്കരുത്. ഇയ്യിടയിൽ ചെയ്തു എന്റെ സൂത്രപ്രയോഗത്താൽ പട്ടണത്തിലുള്ള എലികളെയെല്ലാം, പട്ടണവാസികളെക്കൊണ്ടു ഞാൻ കൊല്ലിച്ചിരിക്കുന്നു. പ്ലേഗ് എലികളിലുള്ള ഒരു രോഗമത്രെ. ആദ്യമായി പ്ലേഗ് ഒരു പട്ടണത്തിലുള്ള എലികളിലാണുണ്ടാകുന്നതു. ആ എലികളിൽനിന്നത്രെ ൟ ഭയങ്കരരോഗം മനുഷ്യൎക്കു പകരുന്നതു. ഒരു പട്ടണത്തിൽ എലികൾ തന്നെയില്ലെങ്കിൽ അവിടെ ഒരിക്കലും പ്ലേഗ് ബാധിക്കയില്ല. തന്നിമിത്തം അവിടെയുള്ള നിവാസികൾക്കു ൟ രോഗത്തിൽനിന്നു രക്ഷപ്പെട്ടിരിക്കുകയും ചെയ്യാം'.

അതിന്നു ശേഷം വളരെക്കാലങ്ങൾ കഴിഞ്ഞിട്ടും ആ മഹാനഗരിയിൽ പ്ലേഗ് ബാധിക്കയുണ്ടായില്ല. അപ്പോൾ ചക്രവൎത്തിക്കു ആ സഞ്ചാരിയുടെ വാക്കുകളെല്ലാം സത്യമെന്നു തോന്നുകയും സഞ്ചാരിക്കു ഖജാനയിൽനിന്നു വളരെ സ്വാത്തുകളെടുത്തു സമ്മാനമായി കൊടുക്കുവാൻ കല്പിക്കുകയും ചെയ്തു. സഞ്ചാരി ആ പട്ടണത്തിൽ തന്റെ സ്ഥിരതാമസമാക്കി. ഇദ്ദേഹം ആരാജ്യത്തിലെ രാജാവു തുടങ്ങി കൃഷിക്കാരൻ വരെയുള്ള സൎവ്വ ജനങ്ങളുടെയും ബഹുമാനത്തിന്നും, ആദരവിന്നും പാത്രമായി വളരെ കാലത്തോളം അവിടെത്തന്നെ സുഖമായി പാൎത്തിരുന്നു. ആ രാജ്യത്തിൽ ചെല്ലുന്ന ജനങ്ങൾക്ക് ഇദ്ദേഹത്തിന്റെ യോഗ്യതസ്ഥിതിയും ബഹുമാനപദവിയും കാണുമ്പോൾ ഇദ്ദേഹമാരാണെന്നറിയുവാൻ വളരെ ആഗ്രഹം ജനിച്ചിരുന്നു. പട്ടണവാസികളോടു ഇദ്ദേഹത്തെ പററി ആരെങ്കിലും അന്വേഷിച്ചാൽ, പ്ലേഗ് എന്ന മഹാമാരി അവരുടെ പട്ടണത്തിലുണ്ടാവാറായപ്പോൾ, ബുദ്ധിയേറിയ ഒരു കൌശല പ്രയോഗത്താൽ, അവിടത്തെ സകല എലികളെയും കൊല്ലിച്ചു, അവരെ ആ ഭയങ്കരരോഗത്തിന്റെ വായിൽനിന്നു രക്ഷിച്ച ഒരു മഹാത്മാവാണെന്നു പറയുകയായിരുന്നു പതിവു."

വൈദ്യൻ കഥയിത്രത്തോളം പറഞ്ഞറിയിച്ചപ്പോൾ, പ്ലേഗ് ബാധിച്ച ഒരെലിയിൽനിന്നു ആ രോഗം മനുഷ്യന്നു പകരുന്നതെങ്ങിനെയെന്നു രാജാവു അദ്ദേഹത്തോടുചോദിച്ചു.

ആ സംഗതിയെപററിയും, പ്ലേഗം ബാധിക്കാതിരിക്കേണ്ടതിന്നു ജനങ്ങളെന്തെല്ലാമാണു ചെയ്യേണ്ടതെന്നുള്ള സംഗതിയെക്കുറിച്ചും ഞാൻ ഇനിയൊരു ദിവസം ഉണർത്തിച്ചുകൊള്ളാമെന്നു പറഞ്ഞു പിരിയുകയും ചെയ്തു.

---

## 15 - ാം അദ്ധ്യായം.

ജനങ്ങൾക്കു എലികളിൽനിന്നു പ്ലേഗു പിടിക്കുന്നതെങ്ങിനെ. എലികളുടെ ശരീരത്തിലുള്ള ഠരംച്ചുകൾ. പ്ലേഗു പിടിച്ച എലി മടയിൽനിന്നു പുറത്തേക്കുവന്നു ചാകുന്നതെന്തിന്നായിട്ട് എന്നു.

പിറെറ ദിവസവും വൈദ്യൻ രാജ സന്നിധിയിലേക്കുവന്നു. അപ്പോൾ രാജാവു അദ്ദേഹത്തോടു, "പ്ലേഗുരോഗമുള്ള എലികളിൽനിന്നു ആ രോഗം മനുഷ്യർക്കു ബാധിക്കുന്നതെങ്ങിനെ?" എന്നു ചോദിച്ചു.

വൈദ്യൻ—"രക്തത്തിൽ ജീവിക്കുന്ന ചില സൂക്ഷ്മമായ പ്രാണികളാലൊ ബീജങ്ങളാലൊ ആണ് പ്ലേഗുണ്ടാകുന്നതു. ഒരെലിക്കു പ്ലേഗു ബാധിച്ചിരിക്കുമ്പോൾ അതിൻെറ ശരീരത്തിലുള്ള ഓരൊ ചെറിയ രക്തത്തുള്ളിയിലും അനേകായിരം ഠരംവക പ്രാണികളൊ, ബീജങ്ങളൊ ഉണ്ടായിരിക്കുന്നതാണ്. എലികളുടെ ശരീരങ്ങളിലിരുന്നു അവയെ കടിക്കുകയും അവയുടെ രക്തം പാനം ചെയ്കയും ചെയ്യുന്നവയായി വളരെ ഠരംച്ചുകളുണ്ടു. എലിക്കു പ്ലേഗു പിടിച്ചിരുന്നാൽ അതിനെ കടിക്കുകയും അതിൻെറ രക്തത്തെ പാനം ചെയ്കയും ചെയ്യുന്നവയായ ഠരംച്ചുകൾ ആ രക്തത്തോടുകൂടെ ഠരംവക അനേകായിരം പ്രാണികളെയൊ, ബീജങ്ങളെയൊ വലിച്ചെടുക്കുന്നു. ആ എലി ചത്താൽ ഠരംച്ചുകൾ അതിനെ വിടുകയും മററുള്ള എലികളെ പ്രാപിച്ചു അവയെ കടിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. അവക്കു മററുള്ള എലികളെ കടിപ്പാനായി കാണ്മാൻ സാധിക്കാതെവരുമ്പോൾ അവ മനുഷ്യരെ പ്രാപിക്കുകയും അവരെ കടിച്ചു അവക്കു പ്ലേഗു പിടിപ്പിക്കുകയും ചെയ്യുന്നു."

രാജാവു—"ആദ്യം എലികൾക്കു പ്ലേഗുപിടിക്കുന്നു. അവയുടെ മേലുള്ള ഠരംച്ചുകൾ എലികളുടെ രക്തത്തെ പാനം ചെയ്കയും പ്ലേഗിൻെറ പ്രാണികളേയൊ ബീജങ്ങളേയൊ വലിച്ചെടുക്കുകയും ചെയ്യുന്നു. പിന്നെ ആ ഠരംച്ചുകൾ ജനങ്ങളെ കടിക്കുമ്പോൾ അവക്കു പ്ലേഗു പിടിക്കുകയും ചെയ്യുന്നു. അങ്ങിനെ തന്നെയല്ലേ?"

വൈദ്യൻ—"ഇവിടേക്കു കാൎയ്യം ശരിയായി മനസ്സിലായിരിക്കുന്നു."

രാജാ—"എലികളെ കടിച്ചു ജീവിക്കുന്ന രംച്ചുകളും മനുഷ്യരെ കടിച്ചു ജീവിക്കുന്ന രംച്ചുകളും ഒരേവക തന്നെയാണൊ?"

വൈദ്യൻ—"അല്ല. മനുഷ്യരുടെ ശരീരങ്ങളിലുള്ള രംച്ചുകളും എലികളുടെ ശരീരങ്ങളിലുള്ള രംച്ചുകളും ഒരേവകയല്ല."

രാജാ—"എലികളെ കടിക്കുന്ന രംച്ചുകൾ ഒരു പ്രത്യേകവകയാണെങ്കിൽ അവ മനുഷ്യരെ കടിക്കുന്നതെന്തുകൊണ്ട്?"

വൈദ്യൻ—"എലികളെ ബാധിക്കുന്ന രംച്ചുകൾക്കു മററു എലികളെ കടിക്കുവാൻ കിട്ടാത്തപ്പോൾ മാത്രമേ മനുഷ്യരെ കടിക്കുന്നുള്ളു."

രാജാ—"ഒരു മടയിൽ ഒരെലിയുണ്ടെങ്കിൽ സാധാരണയായി അവിടെ മററും വളരെ എലികളുണ്ടായിരിക്കുന്നതാണല്ലൊ? പ്ലേഗിനാൽ ഒരെലി ചത്താൽ അതിൻെറ ശരീരത്തിൽനിന്നു വിട്ടുപോകുന്ന രംച്ചുകൾ മനുഷ്യരെ ബാധിച്ചു കടിക്കുന്നതിന്നു പകരം മററുള്ള എലികളെ എന്തുകൊണ്ടു കടിക്കുന്നില്ല?"

വൈദ്യൻ—"കാരണം, പ്ലേഗു ബാധിച്ച ഒരെലി സാധാരണയായി അതിൻെറ മടയിൽ മററുള്ള എലികളുടെ ഇടയിൽ കിടന്നു ചാകുന്നില്ല. എന്നാൽ മടയിൽനിന്നു പുറത്തേക്കുവന്നു പുറത്തു വല്ല ഭാഗത്തും കിടന്നുചാകുന്നു. സാധാരണയായി വല്ല മുറികളുടെയും തറമേൽ കിടന്നാണ് രം എലിചാകുന്നതു. അതിന്മേലുണ്ടായിരുന്ന രംച്ചുകൾ അതിനെ വിട്ടുപോൾ തറയിൽനിന്നു ആ മുറിയിൽ താമസിക്കുന്ന മനുഷ്യരുടെ കാലിന്മേലും ശരീരത്തിന്മേലും പറന്നു കയറി അവരെ കടിക്കുന്നു."

രാജാ—"പ്ലേഗു ബാധിച്ച എലികൾ ചാകുവാനായി അവയുടെ മടകളിൽനിന്നു പുറത്തേക്കു വരുന്നുവെന്നു എൻെറ ഗ്രാമങ്ങളിലുള്ള ജനങ്ങൾ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു. ഇതെനിക്കത്ഭുതമായി തോന്നുന്നു. അവ ചാകുവാനായി തങ്ങളുടെ മാളങ്ങളിൽനിന്നു എന്തിനായിട്ടാണ് പുറത്തേക്കു വരുന്നതെന്നറിഞ്ഞിട്ടുണ്ടോ?"

വൈദ്യൻ—"ജന്തുക്കൾക്കു തങ്ങളുടെ യോഗക്ഷേമാവസ്ഥയെ സംബന്ധിച്ച കാൎയ്യങ്ങളിൽ വേണ്ടതു പ്രവൃത്തിക്കുവാൻ തക്ക

അറിവും സാമൎത്ഥ്യവും പ്രകൃത്യാതന്നെ നല്കപ്പെട്ടിട്ടുണ്ട്. അല്ലയൊ, രാജശിഖാമണെ! ഉറുമ്പുകളേയും മാഞ്ചകളേയും ശ്രദ്ധിച്ചുനോക്കിയാലും; അവ തങ്ങളുടെ ഭവനസ്ഥാപനയെപററി നിരൂപണം ചെയ്യുന്നതിലും അവയെ കെട്ടിയുണ്ടാക്കുന്നതിലും എത്രവലിയ സാമൎത്ഥ്യമാണ് കാണിക്കുന്നതു. അവയുടെ യോഗക്ഷേമത്തിന്നു വേണ്ടുന്നതായ നിയമങ്ങൾ അവ എത്രഐകമത്യത്തോടെയാണ് അനുസരിച്ചു നടക്കുന്നതു. എലികളെസംബന്ധിച്ചും അപ്രകാരം തന്നെ. എലികളിൽ ഒന്നിന്നു പ്ലേഗുപിടിച്ചതായി കാണുമ്പോൾ, അതു മടയിൽ കിടന്നു ചാകുന്നതായാൽ, അതിൻെറ ശരീരത്തെ വിട്ടുന്ന മാഞ്ചകളിൽനിന്നു മററുള്ള എലികൾക്കും പ്ലേഗു പിടിക്കുന്നതാണെന്നു അവ അറിയുകയും, അതുകൊണ്ട്, അവ പ്ലേഗു പിടിച്ച എലിയെ മടയിൽനിന്നു പുറത്തുപോയിക്കിടന്നു ചാകുവാനായി ആട്ടിക്കളയുകയും ചെയ്യുന്നു."

രാജാ—"അയ്യോ മനുഷ്യനു അത്രത്തോളം പ്രകൃതിജമായ ജ്ഞാനമുണ്ടായിരുന്നുവെങ്കിൽ അവക്കു എത്രയൊ കഷ്ടതയിൽനിന്നും രോഗത്തിൽ നിന്നും രക്ഷപ്പെടാമായിരുന്നു."

വൈദ്യൻ—"പക്ഷേ, താണ ജന്തുക്കൾക്കുള്ളപ്രകാരം പ്രകൃതിജമായ ജ്ഞാനം മനുഷ്യനു നല്കപ്പെട്ടിട്ടില്ലെങ്കിലും, അവന്നു താണ ജന്തുക്കൾക്കില്ലാത്തതായ എത്രയോ വിലയേറിയ ദാനങ്ങൾ ലഭിച്ചിട്ടുണ്ട്. മനുഷ്യനു ബുദ്ധിചാതുൎയ്യവും മനോശക്തിയും ഉണ്ട്. അവൻെറ ബുദ്ധിചാതുൎയ്യത്തെ ഉപയോഗപ്പെടുത്തുകമാത്രം ചെയ്യുന്നതായാൽ സൎവ്വ രോഗങ്ങളുടേയും കാരണങ്ങളെ അവന്നു ആരാഞ്ഞറിയുവാൻ കഴിയുന്നതും, അവയിൽനിന്നു തന്നെ താൻ രക്ഷ പ്രാപിക്കുവാനുള്ള അറിവു ലഭിക്കുവാൻ സാധിക്കുന്നതുമാകുന്നു. അവൻെറ രണ്ടാമത്തെ ദാനമായ മനോനിശ്ചയം ഉപയോഗപ്പെടുത്തുകമാത്രം ചെയ്യുന്നതായാൽ, തന്നെ രോഗത്തിൽനിന്നു രക്ഷിക്കുവാനായി മുൻ പറഞ്ഞ അറിവു ഉപയോഗപ്പെടുത്തുവാനും കഴിയുന്നതാകുന്നു."

രാജാ—"നിങ്ങൾ പറഞ്ഞതു സത്യം തന്നെ. ഈ രാജ്യത്തിലെ നിവാസികൾ ഒന്നാമതായി, തങ്ങൾക്കു രോഗം പിടിക്കാതിരിപ്പാനുള്ള മാൎഗ്ഗങ്ങളെല്ലാം മനസ്സിലാക്കിയ ശേഷം, അവർ തങ്ങളുടെ ജ്ഞാനത്തെ, ന്യായമായി ഉപയോഗിച്ചു ഈ രാജ്യത്തിൽനിന്നു

രോഗങ്ങളെ തീരെ അകററിക്കളവാൻ, അവരുടെ മനോനിശ്ചയത്തെ ദൃഢീകരിക്കുകയും ചെയ്യുകൊള്ളുമെന്നു നമുക്കാശിക്കാം. ഒരു ഗ്രാമത്തിൽനിന്നു മറെറാരു ഗ്രാമത്തിലേക്കു എങ്ങിനെയാണ് പ്ലേഗ്ഗ കൊണ്ടുപോകപ്പെടുന്നതെന്നു എന്നോടു പറഞ്ഞാലും."

വൈദ്യൻ—"ഒരു ഗ്രാമത്തിൽനിന്നു മറെറാരു ഗ്രാമത്തിലേക്കു പ്ലേഗ്ഗ കൊണ്ടുപോകപ്പെടുന്നതിപ്രകാരമാണ്. പ്ലേഗ്ഗരോഗം ബാധിച്ചിട്ടുള്ളതായ ഒരു ഗ്രാമത്തിൽനിന്നു ഒരുവൻ ആ രോഗമില്ലാത്തതായ മറെറാരു ഗ്രാമത്തിലേക്കു പോകുന്നു. അവൻെറ വസ്ത്രത്തിലൊ, ശയനസാമാനത്തിലൊ, പ്ലേഗ്ഗരോഗത്താൽ ചത്തുപോയതായ എലികളിൽനിന്നു വന്നിട്ടുള്ളവയായ കുറെ ദംശ്ചകളുണ്ടായിരിക്കുവാനിടയുണ്ടു. ഈ ദംശ്ചകളിൽ പ്ലേഗ് ജനകമായ പ്രാണികളൊ, ബീജങ്ങളൊ ഉണ്ടായിരിക്കുന്നതാണ്. ആയാൾ മറെറ ഗ്രാമത്തിലേക്കു ചെന്നാൽ, തൻെറ ശയനസാമാനത്തെ വല്ല വീട്ടിലും വെക്കുന്നു. മിക്കപ്പോഴും അവൻ അതിനെ വല്ല തറമേലും വിരിക്കുന്നു. പ്ലേഗ്ഗരോഗജങ്ങളായ പ്രാണികളൊ, ബീജങ്ങളൊ, ഉള്ളിലുള്ളതായ ദംശ്ചകൾ അവൻെറ കിടക്കയിൽനിന്നു പുറപ്പെട്ട്, ആ വീട്ടിലുള്ള ചില എലികളെ കടിക്കുകയും, അപ്പോൾ ആ എലികൾക്കു പ്ലേഗ്ഗ പിടിക്കുകയും, എലികൾ പ്ലേഗ്ഗകൊണ്ടു ചാകുവാൻ തുടങ്ങിയ ശേഷം, ആ ഗ്രാമത്തിലെ ജനങ്ങൾക്കു പ്ലേഗ്ഗ തുടങ്ങുകയും ചെയ്യുന്നു. മിക്കപ്പോഴും, തൻെറ കിടക്കയിൽ, എലികളെ ബാധിക്കുന്ന ദംശ്ചകളെ കൊണ്ടുവന്നതായ ആ മനുഷ്യന്നു തന്നെ പ്ലേഗ്ഗ പിടിക്കുന്നു. ഇതു, അവൻെറ കിടക്കയിൽതന്നെ ദംശ്ചകളുണ്ടായിരിക്കുന്നതുകൊണ്ടും, അവ അവനെ കടിക്കുന്നതുകൊണ്ടും തന്നെ. അല്ലെങ്കിൽ ആയാൾ മറെറ ഗ്രാമം വിടുന്നതിന്നു മുമ്പായിതന്നെ, പ്ലേഗ് രോഗജങ്ങളായ പ്രാണികളൊ, ബീജങ്ങളൊ ഉള്ള ദംശ്ചകൾ ആയാളെ കടിച്ചിട്ടുണ്ടായിരിക്കാം."

രാജാ—"ജനങ്ങൾക്കു, പ്ലേഗ് എന്ന മഹാമാരിയിൽനിന്നു തങ്ങളെത്തന്നെ രക്ഷിക്കുവാനുള്ള ഏററവും വിശേഷമായ മാൎഗ്ഗങ്ങൾ ഏവയെല്ലാമെന്നെന്നോടു പറഞ്ഞാലും."

വൈദ്യൻ—"ഇനിയൊരു ദിവസം, ജനങ്ങൾക്കു തങ്ങളെത്തന്നെ പ്ലേഗിൽനിന്നു രക്ഷിക്കുവാനുള്ള ഉത്തമമാൎഗ്ഗങ്ങളെക്കുറിച്ചു ഞാൻ ഇവിടുത്തോടുണൎത്തിക്കുന്നതാകുന്നു."

## 16 - ാം അദ്ധ്യായം.

പ്ലേഗു കൊണ്ടു മരിക്കുന്നതിൽനിന്നു രക്ഷപ്പെടുവാനുള്ള അഞ്ചുമാൎഗ്ഗങ്ങൾ. എലികൾ ചെയ്യുന്ന നാശം. മനുഷ്യന്റെയും എലിയുടെയും കഥ. എലികളെ കെണിയിൽ പിടിക്കേണ്ടതെങ്ങിനെ. എലികളെ വിഷം കൊടുത്തു കൊല്ലേണ്ടതെങ്ങിനെ. ഗ്രാമന്തോറും പ്ലേഗു വ്യാപിക്കുന്നതു നിൎത്തൽ ചെയ്യേണ്ടതെങ്ങിനെ. എലികൾ ചത്തിട്ടുള്ള ഭവനമാകട്ടെ ഗ്രാമമാകട്ടെ വിടുന്നതുചിതം. പ്ലേഗു ബാധിച്ചിട്ടുള്ള വീട്ടിൽ രാത്രിപോകുന്നതിനാലുള്ള അകപടം. പ്ലേഗു ബാധിച്ച ഭവനത്തെ ശുചീകരിക്കേണ്ടതെങ്ങിനെ. പ്ലേഗു കീറിവെക്കുന്നതിനാലുള്ള ഗുണം. പ്ലേഗു ബാധിച്ച ജനങ്ങളെ ശുശ്രൂഷിക്കുകയും ൟ രോഗം ബാധിച്ചവരെ മരണത്തിൽനിന്നു രക്ഷിക്കുകയും ചെയ്യേണ്ടുന്ന ക്രമങ്ങൾ.

പിറേറന്നാൾ വൈദ്യൻ തിരുമുമ്പാകെവന്നപ്പോൾ രാജാവദ്ദേഹത്തോടിപ്രകാരം ചോദിച്ചു.

രാജാ—"പ്ലേഗിൽനിന്നു രക്ഷപ്പെടുവാൻ ജനങ്ങളെന്താണു ചെയ്യേണ്ടതു?"

വൈദ്യൻ—"പ്ലേഗ് എന്ന മഹാമാരിയുടെ ദ്രോഹത്തിൽനിന്നു രക്ഷപ്പെടുവാൻ അഞ്ചു പ്രത്യേക മാൎഗ്ഗങ്ങളുണ്ട്.

ഒന്നു—പ്ലേഗ് ഒരു ഗ്രാമത്തിൽ വ്യാപിക്കേണമെങ്കിൽ അവിടെ ൟ രോഗത്താൽ ബാധിക്കപ്പെടേണ്ടതിന്നു തീൎച്ചയായും എലികളുണ്ടായിരിക്കേണം. എലികളില്ലെങ്കിൽ ഒരിക്കലും ൟ രോഗം അവിടെയുണ്ടായിരിക്കുന്നതല്ല. ആകയാൽ ഒരു ഗ്രാമത്തിലുള്ള എലികളുടെ സംഖ്യ കഴിയുന്നത്ര കുറക്കുവാൻ ശ്രമിക്കേണം.

രണ്ടു—പ്ലേഗുള്ളതായ ഒരു ഗ്രാമത്തിൽനിന്നു വല്ല സാംഗതിവശാല്യം ൟ രോഗം മറെറാരു ഗ്രാമത്തിലേക്കു കൊണ്ടുവരപ്പെട്ടിട്ടില്ലെങ്കിൽ, അതു അവിടെയുള്ള എലികളുടെ ഇടയിൽ ഒരിക്കലും പരക്കുന്നതല്ല. ആകയാൽ ഒരു ഗ്രാമത്തിൽ പ്ലേഗു ബാധിച്ചിട്ടുണ്ടെങ്കിൽ അവിടെയുള്ള ജനങ്ങളെ ഇതര ഗ്രാമങ്ങളിലേക്കു വരുവാനും, അങ്ങിനെ ആ ഗ്രാമങ്ങളിലുള്ള എലികൾക്കു പ്ലേഗു പിടിപ്പിക്കുവാനും സമ്മതിക്കരുതു.

മൂന്നു—എലികളുടെ ഇടയിൽ പ്ലേഗു ബാധിച്ചിട്ടുണ്ടെന്നുവരികിലും ആ എലികളിൽനിന്നു വരുന്നതായ ൟച്ചകൾ മനുഷ്യരെ കടിക്കുന്നില്ലെങ്കിൽ അവൎക്കു പ്ലേഗു ബാധിക്കുന്നതല്ല. അതുകൊണ്ടു എലികളുടെ ഇടയിൽ എപ്പോഴെങ്കിലും പ്ലേഗു ബാധിക്കുമ്പോൾ, ജനങ്ങൾ, ആവക എലികളെ ബാധിക്കുന്ന ൟച്ചകളിൽനിന്നു ദൂരെയായിരിക്കത്തക്കവണ്ണം, അവരവരുടെ വീടുകൾവിട്ടു വയൽപ്രദേശങ്ങളിൽ ചെന്നു താമസിക്കേണ്ടതാകുന്നു. അതിന്നും പുറമെ

ആവക വീടുകളിലുളള എല്ലാ ംരംച്ചകളേയും ചുട്ടുകൊണ്ടു കൊന്നു കളയുന്നതുവരെ അവർ അവിടേക്കു മടങ്ങിവരികയും അരുതു.

നാലു—ഒരു പട്ടണത്തിലൊ ഗ്രാമത്തിലൊ പ്ലേഗു ബാധിക്കുന്നതായാൽ, പ്ലേഗു കീറിവെപ്പിച്ചിട്ടുളള ജനങ്ങളുടെ ഇടയിൽ അതു ബാധിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നതിനേക്കാൾ എത്രയോ അധികമായി പ്ലേഗു കീറിവെക്കാത്ത ജനങ്ങളുടെ ഇടയിലാണ് ഉപദ്രവം കാണുന്നതു. അതുകൊണ്ടു ഓരോരുത്തരും അവശ്യം പ്ലേഗു കീറിവെപ്പിക്കേണ്ടതാകുന്നു.

അഞ്ചു—ജനങ്ങൾക്കു തീർച്ചയായും പ്ലേഗു ബാധിച്ചുപോയി എന്നു വന്നാൽ അവർ സ്വസ്ഥരായിരുന്നു വൈദ്യന്മാരുടെ തക്കതായ ഉപദേശപ്രകാരം മരുന്നു സേവിക്കുന്നതായാൽ അവരിൽ അധിക ജനങ്ങൾക്കും സുഖം കിട്ടുന്നതാകുന്നു. അതുകൊണ്ടു പ്ലേഗു ബാധിക്കുന്ന എല്ലാവരും വളരെ സ്വസ്ഥന്മാരായിരിക്കുകയും, കഴിയുമെങ്കിൽ നല്ലമരുന്നു സേവിച്ചു ചികിത്സിക്കയും വേണ്ടതാകുന്നു."

രാജാ—"ഒരു ഗ്രാമത്തിൽ എലികളില്ലെങ്കിൽ അവിടെ പ്ലേഗ് എന്ന മഹാരോഗം ഉണ്ടാവുകയില്ലെന്നും, അതുകൊണ്ടു ഒന്നാമതായി ഒരു ഗ്രാമത്തിലെ എലികളുടെ സംഖ്യ കുറക്കേണ്ടതാണെന്നുമാണല്ലൊ നിങ്ങളെന്നോടു പറയുന്നതു. ഒരു സ്ഥലത്തേക്കു എലികളെ ആകർഷിക്കുന്ന വസ്തുക്കളെന്തെല്ലാമാണെന്നെന്നോടു പറഞ്ഞാലും."

വൈദ്യൻ—"എലികൾ അത്യാർത്തിയോടെ തിന്നൊടുക്കുന്ന ധാന്യങ്ങളാണ് അവയെ ആകർഷിക്കുന്നതു. അശ്രദ്ധയോടെ ധാന്യം ശേഖരിച്ചുവെച്ചിട്ടുളള ഭവനത്തിൽ അസംഖ്യമെലികളുണ്ടായിരിക്കുന്നതാകുന്നു. അതുകൊണ്ടു ധാന്യം എലികൾക്കു കടക്കുവാൻ സാധിക്കാത്ത പത്തായങ്ങളിൽ സൂക്ഷ്മത്തോടെ ശേഖരിച്ചു വെക്കേണ്ടതാണ്. അതിന്നും പുറമേ, ധാന്യങ്ങൾ സൂക്ഷിച്ചിട്ടുളള പത്തായങ്ങൾ ജനങ്ങൾ പെരുമാറുകയും ഉറങ്ങുകയും ചെയ്യുന്ന മുറികളിൽ ഒരിക്കലും വെക്കരുതു. ധാന്യം ശേഖരിച്ചിട്ടുളള പത്തായങ്ങൾ ജനങ്ങൾ അധിവസിക്കുന്ന മുറികളിൽനിന്നു ദൂരേയായും വീട്ടിൻെറ മുററത്തിന്നു സമീപമുളള തുറസ്സായുളള ഒരു താഴ്വാരത്തിൻ കീഴിലായും വെക്കേണ്ടതാകുന്നു. ഭക്ഷണത്തിൻെറ ഉച്ഛിഷ്ടങ്ങൾ അങ്ങുമിങ്ങും കിടക്കുന്നതായ മുറികളിലും എലികൾ വരുന്നതാകുന്നു. അതു

കൊണ്ടു ഭക്ഷണസാധനങ്ങൾ എല്ലാം എലികൾക്കു കയറിക്കൂടുവാൻ സാധിക്കാത്ത വിധമുള്ള സ്ഥലത്തു വെക്കേണ്ടതാണ്. ഇതിന്നു പുറമെ, എലികൾക്കു ചളി വളരെ ഇഷ്ടമാണ്. അവ അവെക്കായി, കുപ്പക്കുന്നുകളുടെ അടിയിൽ മടകൾ ഉണ്ടാക്കുകയും അവിടെ പെരുകുകയും ചെയ്യുന്നു. അതുകൊണ്ടു എല്ലാ വീടുകളും ഗ്രാമങ്ങളും വൃത്തിയായി വെക്കേണ്ടതും, അവയിലൊ അവക്കു സമീപമായൊ യാതൊരു കുപ്പയും കിടക്കുവാൻ സമ്മതിക്കാതിരിക്കേണ്ടതും ആവശ്യം. പ്ലേഗിനെ ഉണ്ടാക്കുന്നതിന്നു പുറമെ, ധാന്യത്തെ തിന്നും വസ്തുക്കളെ കടിച്ചും എലികൾ മനുഷ്യൎക്കു വളരെ നഷ്ടമുണ്ടാക്കുന്നു. ഒരെലി ഒരാഴ്ചയിൽ കാൽസേർ ധാന്യംമാത്രം തിന്നുന്നതായാൽ തന്നെ ഒരു കൊല്ലത്തിൽ അതു പന്ത്രണ്ടുസേർ തിന്നൊടുക്കും. ഒരു എലി ഒരു കൊല്ലത്തിൽ 12 സേർ ധാന്യം തിന്നുന്നതായാൽ, ഒരു കൊല്ലത്തിൽ 40 എലികൾ 480 സേർ അല്ലെങ്കിൽ 12 മന്നു വിശേഷമായ ധാന്യം തിന്നൊടുക്കുന്നതാകുന്നു. വളരെ ഭവനങ്ങളിലും 40 എലികൾ ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം അവ വളരെ നാശത്തെ ചെയ്യുന്നു. മനുഷ്യൻെറയും എലിയുടെയും കഥയെന്നു പറയപ്പെടുന്ന ഒരു പഴങ്കഥ തന്നെയുണ്ട്:—

ഒരിക്കൽ ഒരാൾ തൻെറ വീട്ടിൽ താമസിച്ചിരുന്ന എല്ലാ എലികളേയും തൻെറ മുമ്പാകെ വരുത്തി അവയോടിപ്രകാരം പറഞ്ഞു: 'അല്ലയൊ എലികളേ! നിങ്ങൾ എന്തിനായിട്ടാണ് എൻെറ വീട്ടിൽവന്നു താമസിക്കുന്നതു? കൊല്ലംപ്രതി എൻെറ കുഡുംബം പുലൎത്തുവാനായി ഞാൻ സ്വപ്രയത്നത്താൽ എൻെറ വയലുകളിൽ നിന്നു കൃഷി ചെയ്യെടുക്കുന്നതായ ധാന്യത്തിൽ പത്തിൽ ഒരംശം നിങ്ങൾ തിന്നുകളയുന്നുവല്ലൊ.' അപ്പോൾ ആ എലികൾ ആ മനുഷ്യനെ നോക്കി ചിരിച്ചുകൊണ്ട് അദ്ദേഹത്തോടിപ്രകാരം പറഞ്ഞു: 'നിങ്ങളുടെ ഭവനത്തിലുള്ള ധാന്യത്തിൽ പത്തിലൊരംശത്തെ ഞങ്ങൾ തിന്നുകളയുന്നതിൽ നിങ്ങൾ എന്തിനായിട്ടാണ് അതൃപ്തിയോടെ പിറുപിറുക്കുന്നതു? കൊല്ലംതോറും നിങ്ങളുടെ കുഡുംബത്തിൽ ഉള്ള ആളുകളിൽനിന്നു ചുരുങ്ങിയപക്ഷം പത്തിൽ ഒരാളെങ്കിലും പ്ലേഗു രോഗത്താൽ മരിക്കത്തക്കവണ്ണം ഞങ്ങൾ നിങ്ങളുടെ വീട്ടിലേക്കു പ്ലേഗു രോഗത്തെ കൊണ്ടുവരികയും ചെയ്യുന്നില്ലയൊ? ഞങ്ങൾ നിങ്ങളുടെ ധാന്യത്തെ സത്യമായും തിന്നൊടുക്കുന്നുണ്ട്. എന്നാൽ നിങ്ങൾക്കു ഭക്ഷണം കൊടുക്കുവാനുള്ള ആളുകളുടെ സംഖ്യ വളരെ കുറഞ്ഞുവരത്തക്കവണ്ണം ഞങ്ങൾ ദൃഷ്ടിവെച്ചുംവരുന്നുണ്ടല്ലോ'.

അപ്പോൾ ആ മനുഷ്യൻ എലികളുടെ നേരെ വളരെ ദ്വേഷ്യപ്പെട്ട് അവയെ തന്റെ വീട്ടിൽനിന്നാട്ടിക്കളഞ്ഞു. അതിൽ പിന്നെ അയാളുടെ വീട്ടിലേക്ക് ഒരു എലിവന്നാൽ ആയാൾ അതിനെ കൊന്നുകളയുക പതിവായിരുന്നു. അതു മുതൽ പിന്നെ ആയാൾക്കു ധാന്യം ഒട്ടും നഷ്ടംവന്നതുമില്ല. അതിന്നും പുറമെ, തന്റെ കുഡുംബത്തിൽനിന്നു ആരും പ്ലേഗു രോഗത്താൽ മരിച്ചതും ഇല്ല."

വൈദ്യൻ ഈ കഥ പറഞ്ഞു കഴിഞ്ഞപ്പോൾ രാജാവു, "ഒരാൾക്കു തന്റെ ഭവനത്തിൽ എലികളില്ലാതാക്കുവാൻ എങ്ങിനെയാണു കഴിയുന്നതു" എന്നു ചോദിച്ചു.

വൈദ്യൻ—"എലികളെ കെണിവെച്ചു പിടിച്ചും വിഷം കൊടുത്തും കൊന്നുകളയാവുന്നതാകുന്നു. കൊല്ലം മുഴുവനും തുടരെയായി എലിക്കെണികൾ ഉപയോഗപ്പെടുത്തേണ്ടതാകുന്നു. എലിക്കെണികളിൽ അപ്പപ്പൊട്ടുകളൊ, നെയ്യൊ, ചക്കരയൊ, ഫലങ്ങളൊ, നെയ്യിൽ വറുത്ത മാംസമൊ, എലികൾക്കിഷ്ടമുള്ള മററു വല്ല ഭക്ഷണസാധനമൊ വെക്കുന്നതിനാൽ എലികളെ കെണികളിലേക്കു വശീകരിക്കാവുന്നതാകുന്നു. എലി വളരെ കൌശലശീലമുള്ള ഒരു ജന്തുവാണ്. അതുകൊണ്ടു ഓരോ രാത്രിയും കെണികളിൽ വ്യത്യാസപ്പെട്ട മാതിരിയിലുള്ള ഇര വെക്കേണ്ടതും എലിക്കെണികളെ കുറെ 'ഒലീവ്' എണ്ണകൊണ്ടു തുടച്ചു വൃത്തിയാക്കേണ്ടതുമാകുന്നു. എലികളെ വിഷം കൊടുത്തു കൊല്ലുവാനുള്ള ഗുളികകൾ, തീപ്പെട്ടിക്കോലിന്റെ അററത്തുള്ള പ്രകാശജത്തെ ചുരണ്ടിയെടുത്തു മാവും ചക്കരയും കൂടെ ചേർത്തു കൂട്ടിക്കുഴച്ചുണ്ടാക്കാവുന്നതാണ്. എലികളെ കൊല്ലുവാനുള്ള പ്രത്യേക മാതിരി വിഷം തന്നെ തകരപ്പെട്ടികളായി വാങ്ങുവാനും കിട്ടും. ഒരു തകരപ്പെട്ടി എലിവിഷവും ഒരു റേർ ചക്കരയും, നല്ലവണ്ണം പശ പിടിപ്പാൻമാത്രം മാവും, കൂട്ടിച്ചേർത്തു കുഴച്ചുണ്ടാക്കുന്നതുകൊണ്ടു 1,600 ഗുളികകൾ ഉണ്ടാക്കാവുന്നതാകുന്നു, വൈകുന്നേരത്ത് ഈ ഗുളികകൾ എലിമടകളുടെ ഉള്ളിലും, പത്തായങ്ങളുടെ അടിയിലും, അവയെ തിന്മാനായി എലികൾ വരാവുന്നതായ എല്ലാ സ്ഥലങ്ങളിലും, ഇടേണ്ടതാകുന്നു. എന്നാൽ കുട്ടികൾക്കൊ ജന്തുക്കൾക്കൊ ഈ ഗുളികകൾ കിട്ടുവാൻ തക്കവണ്ണമുള്ള യാതൊരു സ്ഥലത്തും അവയെ ഇടരുതു. എന്തെന്നാൽ കുട്ടികൾക്കും ജന്തുക്കൾക്കും അവ വലിയ വിഷമാകുന്നു. എലികൾ ഗുളികകളെല്ലാം തിന്നുകഴിയുന്നതുവരെ അവയെ അവിടെതന്നെ ഇടേണ്ടതാകുന്നു."

രാജാ—"ഠരം വിഷം എല്ലാ എലികളേയും ഉടനെ തന്നെ കൊന്നുകളയുമോ?"

വൈദ്യൻ—"ഇല്ല. വിഷം എല്ലാ എലികളെയും ഉടനെതന്നെ കൊല്ലുന്നതല്ല. ചിലവ ഓടിപ്പോയി രക്ഷ പ്രാപിക്കുന്നു. പിന്നെ വളരെ വേഗത്തിൽ പെരുകുന്നതിനാൽ വീണ്ടും എലികൾ വളരെയായി തീരുന്നു. ഒരു ഗ്രാമത്തിലുള്ള എലികളുടെ സംഖ്യ ശരിവരെ കുറച്ചുകളയേണമെന്നുണ്ടെങ്കിൽ മാസം പ്രതി ഒരിക്കൽ ഒരേ രാത്രിയിൽതന്നെ ഗ്രാമത്തിലുള്ള ഏവരും തങ്ങളുടെ ഭവനങ്ങളിൽ എലി വിഷത്തെ ഉപയോഗിക്കേണ്ടതാകുന്നു."

രാജാ—"എന്നാൽ എലികൾ വിഷംതിന്നു ചാകുമ്പോൾ ഠരംച്ചുകൾ അവയുടെ ശരീരത്തെ വിട്ടു ആ വീട്ടിൽ താമസിക്കുന്ന ജനങ്ങളെ കടിക്കുകയില്ലയൊ?"

വൈദ്യൻ—"അവ കടിക്കുന്നതായാൽ പോലും, യാതൊരപകടവും ഇല്ല. പ്ലേഗു രോഗംകൊണ്ടു ചത്തുപോകുന്ന എലിയുടെ ശരീരത്തിൽനിന്നുവരുന്ന ഠരംച്ചുകൾമാത്രമെ അപകടം ചെയ്കയുള്ളു. വിഷം തിന്നു ചാകുന്നതായ എലിയുടെ ശരീരത്തിൽ നിന്നുവരുമ്പോൾ അവ യാതൊരപകടത്തേയും ചെയ്യുന്നതല്ല."

രാജാ—"ഠരം രാജ്യത്തിൽ, ഒരിക്കൽ ഒരു ഗ്രാമത്തിൽ പ്ലേഗുണ്ടായാൽ, അതേ ഗ്രാമത്തിൽ തണുപ്പു കാലങ്ങൾതോറും ആ ദീനം വീണ്ടുമുണ്ടാകുന്നതു വളരെ സാധാരണയാണ്."

വൈദ്യൻ—"ഒരുഗ്രാമത്തിൽ തണുപ്പുകാലങ്ങൾതോറും വീണ്ടും വീണ്ടും പ്ലേഗുണ്ടാകുന്നതിന്നുള്ള കാരണം പ്ലേഗു രോഗജനകമായ പ്രാണികളൊ, ബീജമൊ ആ ഗ്രാമത്തിൽ അദൃശ്യമായ വിധത്തിൽ കിടക്കുന്നതുകൊണ്ടു മാത്രമാകുന്നു. ആ രോഗത്തിന്നു പററിയ കാലം വീണ്ടും വരുമ്പോൾ, അദൃശ്യമായി കിടന്നിരുന്ന പ്ലേഗു ബീജം വീണ്ടും എലികളുടെ രക്തത്തിലേക്കു കടക്കുകയും, എലികൾ പ്ലേഗു രോഗത്താൽ ചത്തുപോവുകയും, പിന്നെ അതേ രോഗത്താൽ തന്നെ മനുഷ്യരും മരിച്ചുപോവുകയും ചെയ്യുന്നു. ഒരു ഗ്രാമം ശുചിയായും അതിൽ എലികളില്ലാതേയും ഇരിക്കുന്നതായാൽ ഠരം വിധം സംഭവിക്കുന്നതല്ല. ഒക്ടോബർ, നവെമ്പർ ഠരം മാസങ്ങളിലാണ് പ്ലേഗുണ്ടാകുന്നതു. അതുകൊണ്ടു എലികളെ തീച്ചയായും സപ്ത്ലെ

സർമാസത്തിൽ തന്നെ വിഷംകൊടുത്തു കൊല്ലേണ്ടതാണ്. ഫി ബ്രവരിമാസത്തിലും എലികളെ വിഷംകൊടുത്തു കൊല്ലേണ്ടതാകുന്നു. കാരണം, വസന്തവും പ്ലേഗു വൎദ്ധിക്കുവാനുള്ള തക്ക കാലമാണ്."

രാജാ—"പ്ലേഗിൻെറ ഉപദ്രവത്തിൽനിന്നു ജനങ്ങൾക്കു തങ്ങളെതന്നെ രക്ഷിക്കുവാനുള്ള അഞ്ചു മാൎഗ്ഗങ്ങളിൽ ആദ്യത്തെ മാൎഗ്ഗത്തെ നിങ്ങളിപ്പോളെനിക്കു നല്ലവണ്ണം മനസ്സിലാക്കിതന്നിരിക്കുന്നു. രണ്ടാമത്തെ മാൎഗ്ഗം, പ്ലേഗു രോഗമില്ലാത്ത ഒരു ഗ്രാമത്തിലേക്കു പ്ലേഗു രോഗമുള്ള ഒരു ഗ്രാമത്തിൽനിന്നു ഒരുവൻ ചെന്നു, ആ ഗ്രാമത്തിലെ എലികളുടെ ഇടയിൽ പ്ലേഗിനെ ആരംഭിപ്പിക്കാതിരിക്കേണ്ടതിന്നു, ആ ഗ്രാമത്തിലെ നിവാസികൾ വളരെ ജാഗ്രതകന്മാരായിരിക്കേണ്ടതാണെന്നല്ലെ നിങ്ങൾ പറഞ്ഞതു. ഈ രാജ്യക്കാരാൽ പരിശുദ്ധമായി വിചാരിച്ചുവരുന്ന ഔദാൎയ്യമെന്ന ധൎമ്മത്തെ ഉപേക്ഷിക്കാതെ, അപ്രകാരം അവരുടെ ഗ്രാമത്തിലേക്കു വരുന്ന ഒരാളുടെ വരവിനെ എങ്ങിനെയാണു നിൎത്തൽചെയ്വാൻ കഴിയുക എന്നു എന്നോടു പറഞ്ഞാലും."

വൈദ്യൻ—"അതിപ്രകാരം സാധിക്കാവുന്നതാണ്. ഓരോ ഗ്രാമത്തിലേയും നിവാസികൾ അവരുടെ ഗ്രാമത്തിന്നു പുറമേയായി ഒന്നോ രണ്ടോ താവളങ്ങൾ കെട്ടിയുണ്ടാക്കേണ്ടതാകുന്നു. പ്ലേഗുള്ള ഗ്രാമത്തിൽനിന്നു അവരുടെ അടുക്കലേക്കുവരുന്ന ഒരാളെ, അഞ്ചോ ആറൊ ദിവസങ്ങൾക്കു ഈ താവളങ്ങളിലൊന്നിൽ താമസിപ്പിക്കേണ്ടതും, ഈ ദിവസങ്ങളിൽ ആയാൾ ദിനംപ്രതി തൻെറ ഭാണ്ഡങ്ങളേയും വസ്ത്രങ്ങളേയും വെയിലത്തുവെച്ചു കാററു കൊള്ളിപ്പിക്കേണ്ടതുമാകുന്നു. ഇതിനാൽ ആയാളുടെ വസ്ത്രങ്ങളിലൊ ശയന സാധനങ്ങളിലൊ ഉള്ള ഈച്ചകൾ എല്ലാം ചത്തുപോകും. അതിയായ സൂൎയ്യപ്രകാശത്താൽ ചത്തുപോകുന്നവയാണല്ലോ ഈച്ചകൾ. നാലൊ അഞ്ചോ ദിവസങ്ങൾക്കു ശേഷം ആയാളെ ഗ്രാമത്തിന്നുള്ളിലേക്കു വരുവാനും അവിടെ താമസിപ്പാനും അനുവദിക്കുന്നതിൽ യാതൊരപകടവുമുണ്ടാകുന്നതല്ല."

രാജാ—"പ്ലേഗു വൎദ്ധനയെ നിൎത്തേണ്ടതിന്നുള്ള അഞ്ചു മാൎഗ്ഗങ്ങളിൽ രണ്ടാമത്തെ മാൎഗ്ഗം, എനിക്കിപ്പോൾ മനസ്സിലായി. ഒരു ഗ്രാമത്തിലെ എലികളിൽ പ്ലേഗു ബാധിച്ചാൽ ആവക എലികളെ ബാധിക്കുന്ന ഈച്ചകളാൽ ജനങ്ങൾ കടിക്കപ്പെടാതെ അവർ

രക്ഷ പ്രാപിക്കേണ്ടുന്നതാണ് മൂന്നാമത്തെ മാർഗ്ഗം എന്നു നിങ്ങൾ പറഞ്ഞുവല്ലോ. അവർക്കിതെങ്ങിനെ ചെയ്വാൻ കഴിയും? ”

വൈദ്യൻ—“ഒരു ഗ്രാമത്തിൽ പ്ലേഗു രോഗത്താൽ ഒരെലി ചത്തുപോയ ഉടനെ അവിടെയുള്ളവരെല്ലാവരും തങ്ങളുടെ ഭവനങ്ങൾ വിട്ടുപോകുകയും, പുറത്തുള്ള വയൽ പ്രദേശങ്ങളിൽചെന്നു താമസിക്കുകയും ചെയ്യേണ്ടതാകുന്നു. കാരണം, ഗ്രാമത്തിൽ എലികൾ പ്ലേഗു രോഗത്താൽ ചാകുമ്പോൾ അവയുടെ ശരീരത്തിൽനിന്നു വരുന്നതായ അനേകായിരം ഈച്ചകൾ ഭവനങ്ങളുടെ തറകളിന്മേൽ ഉണ്ടായിരിക്കുന്നതാണ്. ഇവ ജനങ്ങളെ കടിച്ചു അവർക്കു പ്ലേഗു പിടിപ്പിക്കുവാൻ ഒരുങ്ങിയിരിക്കുന്നവയുമാകുന്നു. അതുകൊണ്ടു, ജനങ്ങൾ ആവക വീടുകളിൽ താമസിക്കുന്നതായാൽ ആവക ഈച്ചകളിൽ ചിലതു അവരെ കടിച്ചു അവർക്കു പ്ലേഗു പിടിപ്പിക്കും എന്ന അപകടം ചില്ലറയല്ല. ”

രാജാ—“ തങ്ങളുടെ വീടുകൾ വിട്ടുപോയി കുറെ ആഴ്ചകൾക്കു വയലുകളിൽ താമസിക്കേണമെന്നുള്ളതു അതി കഠിനമായൊരു ബുദ്ധിമുട്ടാണെന്നു വളരെ ജനങ്ങൾ പറയുന്നു. ”

വൈദ്യൻ—“ അപ്രകാരം വിസ്തിതം പറയുന്ന എല്ലാവരോടും, രാജാവേ! ഭവാൻ ഇപ്രകാരം പറഞ്ഞാലും: ‘ഒരു മനുഷ്യൻ തന്റെ വീട്ടിലേക്കു വീണ്ടും മടങ്ങിവരുവാൻ ഒരിക്കലും സാധിക്കാത്തവിധം തന്റെ വീട്ടിൽനിന്നു പ്ലേഗ് രോഗത്താൽ മരിച്ചു അവനെ എടുത്തുകൊണ്ടു പോകുന്നതിനെക്കാൾ, അതിൽ നിന്നു ജീവനോടെ പുറത്തുപോയി കുറെ ആഴ്ചകൾക്കു വയലുകളിൽ താമസിച്ച് അതിന്നു ശേഷം തന്റെ വീട്ടിലേക്കു തന്നെ വീണ്ടും മടങ്ങിവരുന്നതാകുന്നു എത്രയോ അധികം നല്ലതു’ ”.

രാജാ—“ അല്ലയോ വൈദ്യരേ! ഭവാൻ പറഞ്ഞതു വളരെ യുക്തിയായിരിക്കുന്നു. എന്നാൽ ഗ്രാമത്തിന്നു പുറത്തായി ജനങ്ങൾ എത്രകാലമാണു താമസിക്കേണ്ടതു? ”

വൈദ്യൻ—“ഒരു വീട്ടിൽ എലികൾ ചത്താൽ ആ വീട്ടിന്നുള്ളിലേക്കു ചുരുങ്ങിയതു പത്തു ദിവസങ്ങൾക്കു യാതൊരാളും ചെല്ലുകയൊ താമസിക്കുകയൊ അരുതു. എലികൾ ചത്തിട്ടുള്ള വീട്ടിലേക്കു രാത്രിയിൽ പോകുന്നതും വളരെ അപകടകരമാകുന്നു. കാര

ണ്ടം ഈച്ചകൾ പകലത്തേക്കാൾ രാത്രിയിലത്രെ അധികമായി കുടിക്കുന്നതു. ജനങ്ങൾ ചുരുങ്ങിയപക്ഷം പത്തു ദിവസങ്ങൾക്കു ഗ്രാമത്തിൽനിന്നു പുറത്തു താമസിക്കേണ്ടതാകുന്നു. എന്നാൽ രണ്ടു മാസങ്ങളോളം പുറത്തു തന്നെ താമസിക്കുന്നതായിരിക്കും അവൎക്കധികം നല്ലതു."

രാജാ—"അതിന്നു ശേഷം അവൎക്കു അവരുടെ വീട്ടുകളിലേക്കു മടങ്ങിപ്പോകാമോ? അതോ ആ വീട്ടുകളിൽതന്നെ ആദ്യമായി വല്ലതും ചെയ്യേണ്ടതുണ്ടോ?"

വൈദ്യൻ—"അവർ വീട്ടുകളിലേക്കു മടങ്ങിപ്പോകുന്നതിന്നു മുമ്പായി വീട്ടുകളിലുള്ള എല്ലാ ഈച്ചകളേയും കൊല്ലേണ്ടതു ആവശ്യമാകുന്നു. മുറികളുടെ തറമേൽ തീ കത്തിക്കുന്നതിനാലും ആ കോലായമേലും എല്ലാ മൂക്കുകളിലും, അരുകുകളിലും തീക്കനൽ പരത്തി ഇടുന്നതിനാലും, തറമേലുള്ള സൎവ്വ ഈച്ചകളും ചാവുന്നതാണ്. അവർ അതിന്നുശേഷം എല്ലാ എലിമടകളും അടച്ചു കളയേണ്ടതും മുറിയുടെ എല്ലാ ഭാഗവും മണ്ണുകൊണ്ടു അടച്ചു തേക്കേണ്ടതുമാകുന്നു. അപ്പോൾമാത്രമെ ആവക വീട്ടുകളിൽ വീണ്ടും താമസിക്കുന്നതു രക്ഷയായിരിക്കയുള്ളൂ."

രാജാ—"പ്ലേഗിന്റെ ദ്രോഹത്തിൽനിന്നു ജനങ്ങൾക്കു തങ്ങളെ തന്നെ രക്ഷിക്കുവാൻ കഴിയുന്ന അഞ്ചു മാൎഗ്ഗങ്ങളിൽ നാലാമത്തേതു പ്ലേഗു കീറിവെക്കുകയാകുന്നുവെന്നു നിങ്ങളെന്നോടു പറഞ്ഞുവല്ലൊ?"

വൈദ്യൻ—"ശരി, അങ്ങിനെതന്നെ. ഇന്ത്യയിൽ പ്ലേഗുള്ള എല്ലാ ഭാഗങ്ങളിലും പ്രതിവൎഷം അനേകായിരം ജനങ്ങൾക്കു പ്ലേഗു കീറിവെക്കുന്നുണ്ടു്. ഇവരിൽ പ്ലേഗു രോഗത്താൽ ചുരുക്കം ചിലർ മരിക്കുന്നു. എന്നാൽ പ്ലേഗ് കീറിവെക്കാത്തതായ ജനങ്ങളുടെ ഇടയിൽനിന്നു അസംഖ്യം ആളുകൾ പ്ലേഗിനാൽ മരിച്ചുപോകുന്നതായി കാണുന്നുണ്ടു്."

രാജാ—"പ്ലേഗു കീറിവെക്കുന്നതിൽനിന്നു വല്ല അപകടവും ഉണ്ടാകുമൊ?"

വൈദ്യൻ—"പ്ലേഗു കീറിവെക്കുന്നതിൽ നിസ്സാരമായ അല്പം വേദനയല്ലാതെ യാതൊരപകടവുമില്ല. പ്ലേഗു രോഗത്താൽ മരിക്കുന്നതിനെക്കാൾ അല്പം വേദന അനുഭവിക്കുന്നതു എത്ര

റയൊ നല്ലതായിരിക്കുമെന്നാണ് എല്ലാവരും അഭിപ്രായപ്പെടുക. അതുകൊണ്ടു എല്ലാവരും പ്ലേഗു കീറിവെപ്പിക്കേണ്ടതാണ്. പ്ലേഗുകീറിവെക്കുന്നതിനാൽ ദൃഷ്ടിക്കേറവൊ ധാതുക്ഷയമൊ ഉണ്ടാകുമെന്നുള്ളതു തീരെ അവാസ്തവംതന്നെ. പ്രതിവഷം അനേകായിരം ഇന്ത്യക്കാർ പ്ലേഗു കീറിവെപ്പിക്കുകയും, തന്നിമിത്തം പ്ലേഗു രോഗത്തിൽനിന്നു രക്ഷ പ്രാപിക്കുകയും ചെയ്യുന്നുണ്ടു. എന്നാൽ അവരിൽ യാതൊരാൾക്കും ഒരു പ്രകാരത്തിലും യാതൊരപകടവും നേരിടുന്നില്ല. ജനങ്ങളോടു കാഴ്ച ശക്തി കുറയുമെന്നും ധാതുക്ഷയമുണ്ടാകുമെന്നുമുള്ള കഥകളെ പറഞ്ഞു ധരിപ്പിക്കുന്നവർ ദ്രോഹവിചാരമുള്ളവരാകുന്നു. പ്ലേഗു കീറിവെപ്പിക്കുന്നവൻ ആ രോഗത്തിൽനിന്നു തന്നെ രക്ഷിക്കുകയത്രെ ചെയ്യുന്നതു. അതുകൊണ്ടു രാജ്യത്തിൽ വല്ലേടത്തും പ്ലേഗു രോഗമുണ്ടെങ്കിൽ ആ പ്രദേശങ്ങളിൽ താമസിക്കുന്നവർ പ്ലേഗു കീറി വെപ്പിക്കേണ്ടതാകുന്നു. എന്തുകൊണ്ടെന്നാൽ അവർ പ്ലേഗു ദീനം പിടിച്ചു മരിക്കുന്നതിൽനിന്നു അതവരെ മിക്കവൊറും നിശ്ചയമായി രക്ഷിക്കുന്നതാണല്ലോ."

രാജാ—"പ്ലേഗു രോഗം പിടിച്ചു മരിച്ചുപോകുന്നതിൽനിന്നു ജനങ്ങൾക്കു രക്ഷപ്രാപിക്കുവാനുള്ള ഉപായമാഗ്ഗങ്ങളിൽ അവസാനത്തേതു് അവൎക്കു പ്ലേഗു ബാധിക്കുമ്പോൾ അവർ സ്വസ്ഥന്മാരായിരിക്കുകയും തക്കതായ ചികിത്സ ചെയ്കയും ആണെന്നു നിങ്ങളെന്നോടു പറഞ്ഞുവല്ലൊ?"

വൈദ്യൻ—"പ്ലേഗു പിടിക്കുന്ന അനേകം ജനങ്ങൾ, മരിച്ചുപോകുന്നതു, അവരെ ഇരുട്ടുമുറിയിൽ കിടത്തുന്നതിനാലും തക്കതായ ചികിത്സ ചെയ്യാത്തതിനാലുമാണ്. പ്ലേഗു ബാധിക്കുന്ന ഓരോരുത്തരേയും, ഉടനെ തന്നെ വീട്ടിൽനിന്നു പുറത്തേക്കെടുത്തുകൊണ്ടുപോയി മാറത്തൊ, വെണ്മാടത്തിന്റെ മുകളിലൊ, ശുദ്ധവായുസഞ്ചാരമുള്ള ഒരു ദിക്കിൽ, ഒരു കിടക്കമേൽ കിടത്തേണ്ടതാകുന്നു. ഇരുട്ട് ഒരു രോഗിയെ കൊല്ലുവാനുപകരിക്കയാണു ചെയ്യുന്നതു. വെളിച്ചവും ശുദ്ധവായുവും അവന്റെ പ്രാണരക്ഷക്കു ഉതകുന്നു. പ്ലേഗ് രോഗികളെയെല്ലാം ഉടനെതന്നെ ശുദ്ധവായുസഞ്ചാരമുള്ള ബഹിർഭാഗങ്ങളിലേക്കു കൊണ്ടുപോകേണ്ടതും, അവൎക്കു ഭേദം കിട്ടുന്നതുവരെ രാവും പകലും അവിടെ തന്നെ കിടത്തേണ്ടതുമാ

ണ്. ഇരുട്ടുമുറി ഏററവും അപകടകരമത്രെ. പ്ലേഗു രോഗി വീട്ടിന്റെ പുറത്തു കിടക്കുമ്പോൾ ആയാളെ ശുശ്രൂഷിക്കുന്നവക്കു യാതൊരപകടവും നേരിടുന്നതല്ല. പ്ലേഗു രോഗം പിടിച്ചിട്ടുള്ള ജനങ്ങൾ വളരെ വേഗത്തിൽ അത്യന്തം ക്ഷീണിച്ചു പോകുന്നു. അതുകൊണ്ട് അവരെ എല്ലായ്പോഴും കിടക്കയിൽതന്നെ കിടത്തേണ്ടുതാണ്. എന്തുകൊണ്ടെന്നാൽ, അവർ അങ്ങോട്ടു മിങ്ങോട്ടും ഇളകുന്നതിനാൽപോലും അവർ പെട്ടെന്നു മരിച്ചുപോകുവാനിടയുണ്ട്. അവരുടെ ശക്തിയെ നിലനിത്തുവാൻവേണ്ടി ധാരാളം പാലും, സൂപ്പും കൊടുക്കേണ്ടതാകുന്നു. ഇരുട്ടുമുറികളിൽ കിടത്തുന്നതിനാൽ മരിച്ചുപോകുവാനിടയുള്ള അനേകം പ്ലേഗു രോഗികൾക്ക്, ഇപ്പോൾ പ്രസ്താവിച്ച വിഷമമില്ലാത്ത നിയമങ്ങളെമാത്രം ആചരിക്കുന്നതിനാൽ, വീണ്ടും സുഖം കിട്ടുന്നതാകുന്നു. പ്ലേഗുരോഗത്തിന്നു പററുന്നതായ വളരെ ഔഷധങ്ങളുമുണ്ടു. അതുകൊണ്ടു തരമുണ്ടെങ്കിൽ ഒരു വൈദ്യനെ ഉടനെ ആളയച്ചു വരുത്തേണ്ടതുമാകുന്നു."

രാജാ—"പ്ലേഗിന്റെ ദ്രോഹത്തെ തടുത്തു നിത്തുവാനുള്ള അഞ്ചു വഴികളും എനിക്കിപ്പോൾ നല്ലവണ്ണം മനസ്സിലായി.

ഒന്നു—ഒരു പട്ടണത്തിലൊ ഗ്രാമത്തിലൊ ഉള്ള എലികളുടെ സംഖ്യ കുറക്കുക.

രണ്ടു—പ്ലേഗു, മുൻകൂട്ടി ബാധിച്ചിട്ടുള്ള ഒരു സ്ഥലത്തുനിന്നു, ഒരു പട്ടണത്തിലേക്കോ, ഗ്രാമത്തിലേക്കൊ ഒരാൾ പ്ലേഗു രോഗത്തെ ഉണ്ടാക്കുന്ന ഈച്ചകളെകൊണ്ടുവന്നു, എലികളുടെ ഇടയിൽ പ്ലേഗ് ആരംഭിപ്പിക്കാതിരിക്കേണ്ടതിൽ ദൃഷ്ടി വെക്കുക.

മൂന്നു—ഒരു പട്ടണത്തിലൊ, ഗ്രാമത്തിലൊ ഉള്ള എലികളുടെ ഇടയിൽ പ്ലേഗു ബാധിക്കുന്നതായാൽ, അവിടെയുള്ള ജനങ്ങൾക്കു അതു ബാധിക്കാതിരിക്കേണമെങ്കിൽ ആവക എലികളെ ബാധിക്കുന്ന ഈച്ചകളിൽനിന്നു അവർ ദൂരെപോകുക. അതായതു് അവർ അവരുടെ വീടുകൾവിട്ടു വയൽ സ്ഥലങ്ങളിൽചെന്നു താമസിക്കുക.

നാലു—ഒരാളുടെ വാസസ്ഥലത്തിന്നു സമീപത്തിൽ പ്ലേഗു ബാധിക്കുന്നതായാൽ ഉടനെ അയാളും വീട്ടുകാരും പ്ലേഗു കീറിവെപ്പിക്കുക.

അഞ്ച്—ജനങ്ങൾക്കു പ്ലേഗു പിടിച്ചാൽ അവരെ രക്ഷിപ്പാൻ വേണ്ടി അവരെ സ്വസ്ഥമായിരുത്തുകയും തക്കതായ ഔഷധംകൊണ്ടു ചികിത്സിക്കയും ചെയ്ക.

രാജ്യത്തിലുള്ള ഏററവും ദരിദ്രന്നും, നികൃഷ്ടന്നും, തീൎച്ചയായും പ്ലേഗിൽനിന്നു രക്ഷപ്പെടുവാനായി, ഈ നിയമങ്ങളെ അനുസരിക്കേണ്ടതിന്നു, അവക്കു മനോനിശ്ചയം മാത്രമുണ്ടെങ്കിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നതല്ല.”

വൈദ്യൻ—“അല്ലയോ രാജാവേ! ഭവാൻ പറഞ്ഞതു സത്യം തന്നെ. എന്തുകൊണ്ടെന്നാൽ ഇന്ത്യയിൽ, പ്ലേഗുരോഗം നേരിടുവാനിടയുള്ളവരെല്ലാം ഈ നിയമങ്ങളനുസരിച്ചു പ്രവൃത്തിക്കുവാൻ തീൎച്ചപ്പെടുത്തിയാൽ, ഇന്ത്യയിൽനിന്നു ഈ രോഗം നാളെമുതൽ മാറിപ്പോകുന്നതാകുന്നു. ഈ നിയമങ്ങൾ ഗ്രഹിച്ചിട്ടുള്ള ജനങ്ങളുടെ സംഖ്യ, ഏററവും ചുരുക്കമായേ ഉള്ളുവെന്നതാണ് വ്യസനകരമായിരിക്കുന്നതു. പക്ഷേ, അതിലും എത്രയോ കുറഞ്ഞൊരു ജനമേ, ഇവസത്യമെന്നു വിശ്വസിക്കുന്നുള്ളുവെന്നതാണ് അതിലും കഷ്ടം. അതിലും എത്രയോ കുറഞ്ഞ ഒരു ജനസംഖ്യക്കുമാത്രമേ, ഈ നിയമങ്ങളനുസരിച്ചു പ്രവൃത്തിക്കുവാൻ, മനോബലമുള്ളുവെന്നതാണ് ഏററവും വ്യസനിക്കേണ്ടതായൊരവസ്ഥ. എങ്കിലും ഈ പ്ലേഗിന്റെ കാൎയ്യത്തിൽ യാതൊരാളും നിരാശപ്പെടേണ്ടതില്ല. പ്ലേഗിൽനിന്നു രക്ഷപ്പെടുവാനുള്ള മാൎഗ്ഗം, ഓരോ മനുഷ്യന്റെയും സ്വാധീനത്തിലുള്ളതാകുന്നു. അല്ലയോ രാജാവേ! ഈ രാജ്യത്തിൽ അധിവസിക്കുന്ന ഇംഗ്ലീഷുകാരെ നോക്കിയാലും—പ്ലേഗുരോഗം അവക്കു ചുററും, ബാധിക്കുന്നതായാൽപോലും അവർ ആ രോഗത്താൽ കഷ്ടപ്പെടുകയോ മരിച്ചുപോവുകയോ ചെയ്യുന്നില്ല. എന്തുകൊണ്ടു്? ആ രോഗം ബാധിക്കാതിരിക്കുവാൻ വേണ്ടുന്ന സകല മുൻകരുതലുകളും അവക്കു കഴിയുംവിധം അവർ ചെയ്യുന്നുണ്ടു്. അവരുടെ വീടുകളിൽ എലികളില്ലാതിരിക്കുവാൻവേണ്ടി നല്ലവണ്ണം ശ്രദ്ധവെക്കുന്നു. മുഖ്യമായി അവരുടെ ഭവനങ്ങളെ ശുചിയായിവെക്കുകയും, അവയുടെ ഉള്ളിലേക്കു സൂൎയ്യന്റെ വെളിച്ചവും ശുദ്ധവായുവും കടപ്പാനുള്ള ഏൎപ്പാടുകൾ ചെയ്കയും ചെയ്യുന്നു. അവരുടെ വാസസ്ഥലത്തിന്നു സമീപത്തിൽ പ്ലേഗുണ്ടാകുന്നതായാൽ അവർ ഉടനെതന്നെ തങ്ങൾക്കു പ്ലേഗു കീറിവെപ്പിക്കുന്നു. അവക്കു പ്ലേഗു

പിടിക്കുന്നതായാൽ തന്നെ, ഉടനെ വൈദ്യനെ ആളയച്ചുവരുത്തുകയും സുഖംകിട്ടുവാൻ തക്ക ഔഷധങ്ങാം സേവിക്കുകയും ചെയ്യുന്നു. അവർ മുൻപ്രസ്താവിക്കപ്പെട്ട നിയമങ്ങളെ നല്ലവണ്ണം മനസ്സിലാക്കുകയും, അവയെ വിശ്വസിക്കുകയും, അവയെ അനുസരിച്ചു പ്രവൃത്തിപ്പാൻ തീൎച്ചപ്പെടുത്തുകയും ചെയ്യുന്നതിനാൽ മാത്രമാണ്, ഇന്ത്യയിൽ അധിവസിക്കുന്ന ഇംഗ്ലീഷുകാർ പ്ലേഗുകൊണ്ടു മരിക്കാത്തതു. ഇംഗ്ലീഷുകാരെ പ്ലേഗു ദീനത്തിൽനിന്നു രക്ഷിക്കുന്നതായ കാൎയ്യങ്ങാം ഇന്ത്യക്കാരേയും അതേപ്രകാരം ആരോഗത്തിൽനിന്നു രക്ഷിക്കുമെന്നുള്ളതിന്നു പക്ഷാന്തരമുണ്ടാകുന്നതല്ല. വാസ്തവമായി ഈ നിയമങ്ങളെ മനസ്സിലാക്കുകയും, അവയെ വിശ്വസിക്കുകയും, അവയെ അനുസരിച്ചുപ്രവൃത്തിക്കുകയും ചെയ്യുന്നവർ ഇംഗ്ലീഷുകാരൊ, ഇന്ത്യക്കാരൊ, ഉൽകൃഷ്ടരൊ, നികൃഷ്ടരൊ, ധനികരൊ, ദരിദ്രന്മാരൊ ആരായാലും വേണ്ടതില്ല, അവൎക്കു നിസ്സംശയമായും ഈ പ്ലേഗ് എന്ന മഹാമാരിയിൽനിന്നു രക്ഷ കിട്ടുന്നതാകുന്നു.''

വൈദ്യൻ ഇപ്രകാരം പ്ലേഗിനെക്കുറിച്ചു പറഞ്ഞു കഴിഞ്ഞു, രാജസന്നിധിയിൽനിന്നു പോകുവാൻ ഭാവിച്ചപ്പോാം, പ്രധാനമന്ത്രി ആ മുറിയിലേക്കു ഓടിക്കടന്നു ഒരു നഗരിയിലെ കോട്ടുവാാം കോവിലകത്തേക്കു വന്നിട്ടുണ്ടെന്നും, നഗരത്തിൽ വിഷൂചിക ബാധിച്ചിരിക്കുന്നുവെന്നു തന്നെ അറിയിച്ചിരിക്കുന്നുവെന്നും രാജാവിനോടുണൎത്തിച്ചു.

രാജാ—"കോട്ടുവാളിനെ ഇങ്ങോട്ടു വിളിച്ചാലും."

---

## 17-ാം അദ്ധ്യായം.

വിഷൂചിക—വിഷൂചിക പരക്കുന്നതെങ്ങിനെ. വിഷൂചികയെ തടുക്കേണ്ടതെങ്ങിനെ. അശുചിയായ വെള്ളത്താലും പഴുക്കാത്ത പഴത്താലുമുണ്ടാകുന്ന അപകടം. വിഷൂചികക്കു ചികിത്സിക്കേണ്ടും ക്രമം.

കോട്ടുവാാം രാജസന്നിധിയിൽ വന്നപ്പോാം രാജാവു ആയാളോടു "ഈ നഗരിയിൽ വിഷൂചിക പ്രവേശിച്ചിരിക്കുന്നുവെന്നു ഈ കേഠംക്കുന്നവൎത്തമാനമെന്തു?" എന്നു ചോദിച്ചു.

കോട്ടുവാാം—"രണ്ടാളുകാം ഇന്നു വിഷൂചികയാൽ മരിച്ചതായി ഇതാ ഞാൻ കേട്ടിരിക്കുന്നു. അവർ രണ്ടാളും നഗരത്തിന്റെ രണ്ടു

ഭാഗങ്ങളിൽ താമസിച്ചിരുന്നവരാണ. ആകയാൽ വിഷൂചിക നഗരത്തിൽ പരന്നിട്ടുണ്ടൊ എന്നോൎത്തു ഞാൻ ഭയപ്പെടുന്നു. ഈ വൎത്തമാനത്തെ വേഗത്തിൽ മന്ത്രിയോടു ബോധിപ്പിക്കുവാനും ഈ ഗൌരവമായ കാൎയ്യത്തിൽ എന്തു പ്രവൃത്തിക്കണമെന്നുള്ള അദ്ദേഹത്തിൻെറ കല്പനകളെ അറിയുവാനുമായിട്ടാണ ഞാൻ ഇങ്ങോട്ടു ധൃതിയിൽ വന്നതു."

രാജാ—"ഈ വൎത്തമാനം ഉടനെതന്നെ ഞങ്ങളെ അറിയിച്ചതു വളരെ നന്നായി. ഒരു പട്ടണത്തിലൊ ഗ്രാമത്തിലൊ വിഷൂചിക ആദ്യമായുണ്ടാകുമ്പോൾ അതിന്നു തക്കതായ പ്രതിവിധി ഉടനെതന്നെ ചെയ്യുന്നതായാൽ ഈ ഭയങ്കരമായ രോഗത്തിൻെറ വൎദ്ധനയെ നിൎത്തുവാൻ അതു വളരെ ഉപകരിക്കുന്നതാണ. അതല്ലാതെ നഗരിയിലൊ, പട്ടണത്തിലൊ, ഗ്രാമത്തിലൊ, പലേടത്തും, ഈ ദീനം പരക്കുന്നതുവരെ യാതൊരുവിവരവും അറിയിക്കാതെയും യാതൊരു പ്രതി ശാന്തിയും ചെയ്യാതെയും ഇരുന്നാൽ ഈ രോഗത്തിൻെറ വൎദ്ധനയെ നിൎത്തുവാൻ പിന്നെ വളരെ പ്രയാസമായി തീരുന്നതാകുന്നു. അതുകൊണ്ടു ഇപ്പോൾ നഗരിയിൽ മരിച്ചയാളുകൾ താമസിച്ചിരുന്നതായ രണ്ടു വീട്ടുകളിലേക്കു പ്രധാനമന്ത്രിയേയും വൈദ്യനേയും കൂട്ടിക്കൊണ്ടുപോവുക. പിന്നെ വൈദ്യനും പ്രധാനമന്ത്രിയും കല്പിക്കുന്നതെല്ലാം ജാഗ്രതയോടെ നിവൃത്തിക്കയും ചെയ്ക."

അതിന്നുശേഷം വൈദ്യനും പ്രധാന മന്ത്രിയും കോട്ടുവാളോടു കൂടി നഗരിയിലേക്കു സവാരിചെയ്തു.

കോട്ടുവാൾ—"ആദ്യം നാം പീടികക്കാരനായ ചന്തുവിൻെറ വീട്ടിലെക്കാണ ചെല്ലേണ്ടതു. ആയാളുടെ മകൻ രാമൻ ഇന്നു വിഷൂചികയാൽമരിച്ചിരിക്കുന്നു."

അവർ ചന്തുവിൻെറ വീട്ടിലെത്തിയപ്പോൾ, അന്നുച്ചക്കാണ രാമൻ വിഷൂചികയാൽ മരിച്ചുപോയതെന്നും, ആയാളുടെ സ്വജനങ്ങൾ ശവ ശരീരത്തെ ദഹിപ്പിക്കുവാനായി കൊണ്ടുപോയിരിക്കുന്നുവെന്നും അറിഞ്ഞു. വീട്ടിൽ രാമൻെറ അനുജനായി വീരബാഹു എന്നൊരാളെ കണ്ടു. വീരബാഹുവിന്നും കലശലായി വിഷൂചിക പിടിച്ചിരുന്നു. എന്നാൽ അപ്പോൾ അല്പം സുഖപ്പെട്ടുവരികയായിരുന്നു.

പ്രധാനമന്ത്രി വീരബാഹുവിനോട്:—

"നിനക്കും നിന്റെ ജ്യേഷ്ഠനായ രാമന്നും എങ്ങിനെയാണ വിഷൂചിക പിടിച്ചതു?"

വീരബാഹു—"അതു ഞാൻ പറയാം. കഴിഞ്ഞ മാസാവസാനത്തിൽ എന്റെ അച്ഛനായ ചന്തുവും ജ്യേഷ്ഠനായ രാമന്നും ഞാന്നും കൂടെ ഇവിടെനിന്നു നാലു ദിവസത്തെ വഴി ദൂരമുള്ള ഒരു സ്ഥലത്തുകൂടുന്ന വലിയ ഒരു ചന്തയിലെക്കു പോയിരുന്നു. ഞങ്ങളൊരുമിച്ചു ഈ നഗരിയിലെ തട്ടാൻമാരായ ശിവദാസന്നും കരുണാകരന്നുംകൂടി വന്നിരുന്നു. ഞങ്ങൾ അഞ്ചുപേരും ചന്തയിൽ ഒരു ദിക്കിൽതന്നെ താമസിക്കുകയും, അപ്പോൾ ഞങ്ങളുടെ സ്നേഹിതനായ ദേവിദാസനെന്ന ഒരു പട്ടാളക്കാരന്നും വന്നുചേരുകയും ചെയ്തു. ഇദ്ദേഹം ബർമ്മയിലെ ഒരു സൈന്യത്തിലുള്ള പട്ടാളക്കാരനാണ്; കല്പനയെടുത്തു തന്റെ വീട്ടിലേക്കു മടങ്ങിവരികയായിരുന്നു. ഞങ്ങൾ അവിടെ ചെറിയ മുറ്റമുള്ള ഒരു മുറി വാടകക്കു വാങ്ങി, അവിടെ താമസിച്ചു ഭക്ഷണം പാകംചെയ്തു കഴിച്ചുപോന്നു. ഞങ്ങൾ ചന്തയിലായിരുന്നപ്പോൾ അവിടെ വളരെജനങ്ങൾ വിഷൂചിക പിടിച്ചു മരിക്കുന്നതായികേട്ടു. ഞങ്ങൾക്കു ഒരു മാതിരി സുഖം തന്നെയായിരുന്നു. അങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം ഉച്ച തിരിഞ്ഞു എന്റെ അച്ഛനായ ചന്തുവിന്നു പെട്ടന്നു ദീനം പിടിച്ച് അദ്ദേഹം ഛർദ്ദിക്കുകയും അതിസരിക്കുകയും ചെയ്തു മൂന്നു മണിക്കൂറിന്നുശേഷം മരിച്ചുപോയി. അദ്ദേഹം വിഷൂചിക പിടിച്ചുതന്നെയാണ മരിച്ചുപോയെന്നുള്ളതിന്നു സംശയമില്ല."

പ്രധാനമന്ത്രി—"എന്നാണ നിന്റെ അച്ഛൻ മരിച്ചതു?"

വീരബാഹു—"ഇന്നു ഈ മാസം 12-ാംനുയാണെല്ലൊ. എന്റെ അച്ഛൻ ഇമ്മാസം 5-ാംനു വൈകുന്നേരത്താണ മരിച്ചതു. അന്നു വൈകുന്നേരം അദ്ദേഹം മരിച്ച ഉടനെ, ഞങ്ങൾ അദ്ദേഹത്തിന്റെ ശവം എടുത്തുകൊണ്ടുപോയി ദഹിപ്പിക്കുകയും ചെയ്തു. 6-ാംനു രാവിലെ, ഞങ്ങളെല്ലാവരും വീട്ടിലേക്കു മടങ്ങി. ഇമ്മാസം 7-ാംനു ഉച്ചതിരിഞ്ഞപ്പോൾ, ഞങ്ങൾ ഇവിടെനിന്നു രണ്ടു ദിവസത്തെ വഴിദൂരമുള്ള ഒരു സ്ഥലത്തുവന്നു താമസിച്ചു. അന്നു വൈകുന്നേരം തട്ടാന്മാരിൽ ഒരുവനായ ശിവദാസന്നു വിഷൂചിക പിടിക്കുകയും അല്പം മണിക്കൂറിന്നുള്ളിൽ ആയാൾ മരിച്ചുപോകയും

ചെയ്തു. ഞങ്ങാം അന്നു വൈകുന്നേരം തന്നെ അയാളുടെ ശരീരവും ദഹിപ്പിച്ചു. ശിവദാസൻ മരിച്ച പിറെറന്നാൾ രാവിലെ ഞങ്ങാം യാത്ര വീണ്ടും പുറപ്പെട്ടു. ദേവിദാസൻെറ വീട്ടിലേക്കുള്ള വഴി വേറൊരു മാർഗ്ഗത്തിലൂടെ ആയിരുന്നതുകൊണ്ടു അന്നു ആയാൾ ഞങ്ങളെ പിരിയുകയും ചെയ്തു. ഇമ്മാസം 9-ാംനു, ഉച്ചതിരിഞ്ഞ് ബാക്കിയുള്ളവരായ തട്ടാൻ കരുണാകരനും, ഞാനും എൻെറ ജ്യേഷ്ഠനായ രാമനും ഠരം നഗരിയിലെത്തുകയും ചെയ്തു. കരുണാകരൻ അവൻെറ വീട്ടിലേക്കു പോകുകയും, ഞാനും ജ്യേഷ്ഠനും ഇങ്ങോട്ടു പോരികയും ചെയ്തു. അന്നു രാത്രി എൻെറ ജ്യേഷ്ഠനായ രാമന്നും, എനിക്കും വിഷൂചിക കലശലായി ബാധിച്ചു. ഇന്നുച്ചക്കു ജ്യേഷ്ഠൻ മരിക്കുകയും, ഞങ്ങളുടെ സ്നേഹിതന്മാർ അദ്ദേഹത്തിൻെറ ശവത്തെ സംസ്കരിപ്പാനായിക്കൊണ്ടുപോവുകയും ചെയ്യിരിക്കുന്നു. എന്നാൽ എനിക്കിപ്പോഴും വയറിളകിപ്പോകുന്നുണ്ടെങ്കിലും ദൈവകടാക്ഷത്താൽ അല്പാല്പമായി സുഖം കിട്ടിവരുന്നുണ്ടു."

പ്രധാനമന്ത്രി—"തട്ടാനായ കരുണാകരൻ താമസിക്കുന്നതെവിടെ?"

വീരബാഹു—"പച്ചക്കറി സാമാനങ്ങാം വില്ക്കുന്ന അങ്ങാടിക്കു സമീപെയുള്ള തെരുവീഥിയിലാണ്."

കോട്ടുവാൾ—"വിഷൂചികകൊണ്ടു ഇന്നു മരിച്ച മററ ആൾ ആയാൾ തന്നെയാണ്. എന്തുകൊണ്ടെന്നാൽ, ആയാളുടെ പേരും താമസസ്ഥലവും ഇപ്പോൾ പറഞ്ഞപ്രകാരം തന്നെയാണ്."

വീരബാഹു—"അയ്യയ്യൊ! ചന്തയിൽ ഒന്നായി താമസിച്ചിരുന്നതായ ആറാളുകളിൽ ഞാനും ദേവിദാസനുംമാത്രമൊ ഇനി ബാക്കി ജീവിച്ചിരിക്കുന്നുള്ളു. പട്ടാളക്കാരനായ ദേവിദാസൻ ഇവിടെനിന്നു ഒരു ദിവസത്തെ വഴിദൂരെയുള്ള ഒരു കുന്നിൻെറ അടിവാരത്തിന്നു സമീപമുള്ള ഒരു ഗ്രാമത്തിലാണു പാക്കുന്നതു."

പ്രധാനമന്ത്രി—"പക്ഷെ ആയാൾക്കും ഒരു സമയം വിഷൂചിക പിടിച്ചിട്ടുണ്ടായിരിക്കാം. അതുകൊണ്ടു വൈദ്യരും ഞാനും ആയാളെപ്പററി അന്വേഷിച്ചു വിവരം അറിവാനായി, നാളെ ആ ഗ്രാമത്തിലേക്കു പോകുന്നതാണ്."

വൈദ്യൻ—"നിങ്ങാം ചന്തയിൽ എന്തു വെള്ളമാണു കുടിച്ചിരുന്നതു?"

വീരബാഹു—"ചന്ത കൂടുന്നതു ഒരു വലിയ കുളത്തിന്നു ചുററുമാകുന്നു. ആ കുളത്തിലെ വെള്ളംതന്നെയാണു ഞങ്ങളെല്ലാവരും കുടിച്ചിരുന്നതു."

വൈദ്യൻ—"നിങ്ങൾ ചന്തയിൽവെച്ച് അധികം പഴം തിന്നിരുന്നുവൊ?"

വീരബാഹു—"ചന്തയിൽ വളരെ മാമ്പഴങ്ങളും, വത്തക്കയും വിററിരുന്നു. അവ, വളരെ കുറഞ്ഞ വിലക്കു വിററിരുന്നതുകൊണ്ടു ഞങ്ങൾ അവ ധാരാളമായി വാങ്ങിതിന്നു."

വൈദ്യൻ—"കുളത്തിലെ വെള്ളം കുടിച്ചതും അത്ര വളരെ പഴം തിന്നതും രണ്ടും വളരെ ചീത്തകാൎയ്യങ്ങളായിരുന്നു. വിഷൂചികയുടെ പ്രാണികളൊ, ബീജങ്ങളൊ മിക്കപ്പോഴും അശുദ്ധജലത്തിൽ ഉണ്ടായിരിക്കുന്നതാകുന്നു. അതിന്നുപുറമെ, വല്ല സ്ഥലത്തും വിഷൂചികയുണ്ടെങ്കിൽ യാതൊരാളും വേവിക്കാത്ത പഴം ഒരിക്കലും തിന്നരുതു. കാരണം പഴം അതിസാരത്തെ വളരെ എളുപ്പത്തിൽ ഉണ്ടാക്കുന്നതും, അല്പം അതിസാരമുള്ള മനുഷ്യന്നു വിഷൂചിക എളുപ്പത്തിൽ ബാധിക്കുന്നതുമാകുന്നു. അതുമല്ലാതെ, വിഷൂചികയുടെ പ്രാണികളൊ, ബീജങ്ങളൊ, പലപ്പോഴും പഴങ്ങളിന്മേൽ ഉണ്ടായിരിക്കുന്നതാണ്. കാരണം, ശ്രദ്ധയില്ലാത്ത ജനങ്ങൾ പലപ്പോഴും പഴങ്ങളെ അശുചിയായ വെള്ളത്തിൽ കഴുകുന്നതുതന്നെ. ഒരു സ്ഥലത്തു വിഷൂചികയുണ്ടെങ്കിൽ ശുദ്ധമായ വെള്ളമെ ജനങ്ങൾ കുടിക്കുവാൻ പാടുള്ളു. വേവിക്കാത്ത പഴങ്ങളൊ സസ്യാദികളൊ ഒരിക്കലും തിന്നുകയും അരുതു. ഒരു മനുഷ്യന്റെ ആമാശയത്തിലേക്കു കടന്നു, ആയാൾക്കു വിഷൂചിക വരുത്തുന്നതായ പ്രാണികൾക്കൊ, ബീജങ്ങൾക്കൊ ആയാളുടെ ആമാശയത്തിലേക്കു ഭക്ഷണത്തോടുകൂടിയൊ, ജലത്തോടുകൂടിയൊ മാത്രമെ കടക്കുവാൻ കഴികയുള്ളു. എന്നാൽ വിഷൂചികയുടെ പ്രാണികളെയൊ, ബീജങ്ങളെയൊ ഉഷ്ണത്താൽ കൊല്ലുവാൻ കഴിയുന്നതാകുന്നു. അതുകൊണ്ടു ഒരു സ്ഥലത്തു വിഷൂചികയുണ്ടെങ്കിൽ തിളപ്പിച്ച വെള്ളംമാത്രം കുടിക്കുന്നതു നല്ലതാകുന്നു. പാലും സസ്യാദികളും മററുള്ള ഭക്ഷണ സാധനങ്ങളും നല്ലവണ്ണം വേവിച്ച ശേഷംമാത്രമെ കഴിക്കാവു."

മന്ത്രി—"ഈ ദീനം പരക്കുന്നതിനെ നിൎത്തുവാനായി നാം ഇനി എന്താണു ചെയ്യേണ്ടതു?"

വൈദ്യൻ—"വിഷൂചിക ബാധിച്ച ഒരു മനുഷ്യൻ ഛൎദ്ദിക്കുന്നതിലും അതിസരിക്കുന്നതിലും വിഷൂചികയുടെ പ്രാണികളൊ ബീജ

ങ്ങളൊ ഉണ്ടായിരിക്കുന്നതാകുന്നു. വീരബാഹുവിന്നു ഇപ്പോഴും വയറിളകിപ്പോകുന്നതുകൊണ്ടു, ഉണങ്ങിയ മണ്ണൊ കുമ്മായമൊ നിറച്ചിട്ടുള്ള വലിയ ചട്ടികൾ കൊണ്ടുവന്നു, ആയാൾ ഛർദ്ദിക്കുകയും അതിസരിക്കുകയും ചെയ്യുന്നതെല്ലാം കോലായിലാകാതെ ഈ പാത്രങ്ങളിലേക്കാകത്തക്കവണ്ണം ഏൎപ്പാടു ചെയ്യണം. പിന്നീടു ആ ചട്ടികൾ അവയിലുള്ള എല്ലാ സാധനങ്ങളോടുംകൂടി ഭൂമിയിൽ കുഴിച്ചിടേണ്ടതാകുന്നു. എന്നാൽ ഇങ്ങിനെ കുഴിച്ചിടുന്നതു, വല്ല കിണറുകൾക്കു സമീപമൊ, കുടിക്കുന്ന വെള്ളം വരുന്ന ഉറവുകൾക്കു സമീപമൊ ആയിരിക്കരുതു.

ഈ മുറിയിൽവെച്ചു യാതൊരാളും വല്ല ഭക്ഷണവും പാകം ചെയ്കയൊ കഴിക്കയൊ ചെയ്യരുതു. പിന്നെ രോഗിക്കു കുറെ സുഖമായതിന്റെശേഷം തറമേൽ തീകത്തിക്കുകയും മുറിമുഴുവനും ജ്വലിക്കുന്നതായ തീക്കനലുകൾ പരത്തുകയും, നിലവും ചുമരുകളും മണൽ തേക്കുകയും ചെയ്യേണ്ടതാകുന്നു. അവന്റെ ശയന സാമാനങ്ങളും, മരിച്ചുപോയിട്ടുള്ള അവന്റെ ജ്യേഷ്ഠന്റെ കിടക്കയും, വളരെ ദിവസങ്ങൾക്കു വെയിലത്തിട്ടുണക്കുകയൊ അവയെ കത്തിച്ചുകളകയൊ ചെയ്യേണ്ടതാകുന്നു. രാമന്റെ ശവശരീരത്തെ ദഹിപ്പിപ്പാനായി എടുത്തുകൊണ്ടുപോയവർ വല്ല ഭക്ഷണവും കഴിക്കുന്നതിന്നു മുമ്പായി, അവരുടെ കൈകളും ശരീരങ്ങളും നല്ലവണ്ണം തേച്ചു കഴുകേണ്ടതുമാകുന്നു.

ഈ വീട്ടിന്നു സമീപമുള്ള കിണറുകൾക്കുള്ളിൽ, വിഷൂചികയുടെ പ്രാണികളൊ, ബീജങ്ങളൊ കടന്നുകൂടിയിരിക്കാമെന്നുള്ള ഒരപകടംകൂടി ഇവിടെ ഉണ്ടു. അതുകൊണ്ടു ഈ വീട്ടിന്നു സമീപമുള്ള എല്ലാ കിണറുകളും "പൊട്ടാസിയം പെർമാൻഗനേററ്" എന്നു പറയുന്ന ചുവന്ന നിറത്തിലുള്ള ആ സാധനംകൊണ്ടു ശുദ്ധീകരിക്കേണ്ടതാകുന്നു.*

---

* ഒരു കിണററിലെയൊ, കുളത്തിലെയൊവെള്ളത്തെ (സാംക്രമികരോഗങ്ങളിൽനിന്നു) ശുദ്ധീകരിക്കുവാൻ ആ കിണററിൽ പൊട്ടാസിയം പെർമാൻഗനേററ് ഇടേണ്ടതാകുന്നു. വെള്ളം അസാരം ചുവപ്പുനിറമുള്ളതായി തീരുവാൻ വേണ്ടിവരുന്നത്ര മരുന്നു കിണററിൽ ചേൎക്കേണ്ടതാണു. ഒരു കിണററിനെ ശുദ്ധീകരിക്കുവാൻ ഒരു പറ വെള്ളത്തിൽ രണ്ടു ഔൺസ് പെർമാൻഗനേററ് ചേൎത്തി, മരുന്നു മുഴുവനും അലിഞ്ഞു വെള്ളത്തോടു ചേരുന്നതുവരെ പാത്രം നല്ലവണ്ണം കുലുക്കുകയും, പിന്നെ ആ ദ്രാവകത്തെ കിണററിൽ ഒഴിക്കുകയും വേണം. കിണററിലെ വെള്ളം മുഴുവനും അസാരം ചുവപ്പുവൎണ്ണമുള്ളതായി തീരുന്നതുവരെ ഈ പ്രവൃത്തി ആവൎത്തിക്കുക. രണ്ടു മണിക്കൂറുകൾക്കു, കിണറിനെ വെറുതെയിടുകയും, പിന്നെ കിണററിലെ വെള്ളം അല്പംമാത്രം നിറഭേദമുള്ളതായി കാണപ്പെടുന്നതുവരെ മുക്കിക്കളകയും വേണം. പിന്നെ ആ കിണററിലെ വെള്ളം ഉപയോഗിക്കാവുന്നതാണ്.

നഗരിയിലുള്ള ഓരോ കിണററിനെയും നോക്കുവാനായി രണ്ടു തണ്ണീക്കാർ ഉണ്ടായിരിക്കേണം. അവർവക്കൽ ആകിണററിൽ നിന്നു വെള്ളം എടുപ്പാനായി തീയിലിട്ടു ചുട്ടു ശുദ്ധപ്പെടുത്തിയ ഒരു വൃത്തിയായ പാത്രം കൊടുക്കേണ്ടതാണ്. കിണററിന്നുള്ളിലേക്കു ആ പാത്രംമാത്രമെ ഇടുവാൻ പാടുള്ളു. ആ കിണററിൽനിന്നു ആ തണ്ണീക്കാരെ ഒഴികെ മററു യാതൊരാളുകളെയും വെള്ളം കോരുവാൻ അനുവദിക്കയും അരുതു.

ഈ കാര്യങ്ങളെല്ലാം ചെയ്വാനായി കോട്ടുവാളിനോടു കല്പിച്ചാലും. ഇതുകൂടാതെ ആയാളോടു ദിവസവും ചന്തയിൽചെന്നു പഴക്കാത്തവയായും, ചീത്തയായുമുള്ള പഴങ്ങളെവില്ക്കുന്നതു നിൎത്തൽ ചെയ്വാനായും കല്പിക്കുക.

കരുണാകരൻ മരിച്ചതായ വീട്ടിലേക്കുചെന്നു, അവിടേയും നമ്മൾ പറഞ്ഞപ്രകാരമെല്ലാം ചെയ്വാൻ കോട്ടുവാളിനോടു കല്പിക്കണം.

പട്ടാളക്കാരനായ ദേവിദാസൻ പോയിട്ടുള്ള ഗ്രാമത്തിലേക്കു നാളെ നമുക്കുപോകാം."

---

## 18 - ാം അദ്ധ്യായം.

കുടിക്കുന്ന വെള്ളമെടുക്കുന്നതായ കിണറുകൾക്കൊ, ഉറവുകൾക്കൊ സമീപം വസ്തുങ്ങൾ നനച്ചിടുന്നതിനാലുള്ള അപകടം.

പിറെറന്നു രാവിലെ വൈദ്യനും പ്രധാന മന്ത്രിയും പട്ടാളക്കാരനായ ദേവിദാസൻ പോയിട്ടുണ്ടായിരുന്ന ഗ്രാമത്തിലേക്കു വളരെ വേഗത്തിൽ കുതിരയോടിച്ചുപോയി. അവർ അവിടെ എത്തിയപ്പോൾ, ആ ഗ്രാമത്തിൽ വളരെ ജനങ്ങൾ വിഷൂചികയാൽ മരിച്ചുപോകുന്നതായും തന്നിമിത്തം അവിടുത്തെ നിവാസികൾ വളരെ ബുദ്ധിമുട്ടിൽ പെട്ടിരിക്കുന്നതായും കണ്ടു.

പ്രധാന മന്ത്രി—(അധികാരിയോടു) "ഈ ഗ്രാമത്തിൽ ആൎക്കാണ് ആദ്യം വിഷൂചിക ബാധിച്ചതെന്നും, ആയാൾ എപ്പോളാണു മരിച്ചതെന്നും എന്നോട് പറഞ്ഞാലും."

അധികാരി—"വിഷൂചികയാൽ ഇവിടെ ആദ്യമായി മരിച്ച ആൾ ബൎമ്മയിലുള്ള പട്ടാള സൈന്യത്തിൽനിന്നു കല്പനയെടുത്തു വീട്ടിലേക്കു മടങ്ങി വന്നിരുന്ന ദേവിദാസൻ എന്ന ഒരാളായിരുന്നു. ആയാൾ ഈ ഗ്രാമത്തിൽ ഈ മാസം 9 - ാംനുയാണ്

എത്തിയത്. അന്നു രാത്രിതന്നെ അയാൾ വിഷൂചികകൊണ്ടു മരിക്കുകയും ചെയ്തു."

പ്രധാനമന്ത്രി—"ആയാൾക്കെങ്ങിനെയാണു വിഷൂചിക ബാധിച്ചത്?"

അധികാരി—"ഇവിടെനിന്നു നാലു ദിവസത്തെ വഴിദൂരെയുള്ള ഒരു സ്ഥലത്തു കൂടുന്ന വലിയ ചന്തയിൽ, ആയാൾ കുറച്ചു ദിവസം താമസിച്ചിരുന്നുവെന്നും ആ ചന്തയിൽ ആയാളൊരുമിച്ചു താമസിച്ചിരുന്നവരിൽ ചിലർ വിഷൂചിക പിടിച്ചു മരിച്ചുപോയിരുന്നുവെന്നും, അവരിൽനിന്നു ആയാൾക്കും ഈ ദീനം പിടിച്ചതായിരിക്കേണമെന്നും ആയിരുന്നു, ആയാൾ മരിക്കുന്നതിന്നു മുമ്പായി ഞങ്ങളോടു പറഞ്ഞതു."

പ്രധാന മന്ത്രി—"അതിന്നു ശേഷം എത്ര ജനങ്ങൾക്കു വിഷൂചിക പിടിച്ചിട്ടുണ്ട്?"

അധികാരി—"അതിന്നു ശേഷം കഴിഞ്ഞ ഈ അല്പ ദിവസങ്ങൾക്കുള്ളിൽ, അറുപതെഴുപത് ആളുകൾക്കു വിഷൂചിക ബാധിക്കുകയും, അവരിൽ വളരെ ആളുകൾ ഇതിന്നുമുമ്പായി മരിച്ചുപോകയും ചെയ്തിരിക്കുന്നു. എന്നാൽ ഇതിൽ ഒരു വിശേഷം കൂടിയുണ്ട്. ഈ ഗ്രാമം വരണ്ടുകിടക്കുന്ന ഒരു ചാലിനാൽ രണ്ടു ഭാഗങ്ങളാക്കി വിഭജിക്കപ്പെട്ടിരിക്കുന്നതായി നിങ്ങൾ കാണുന്നുവല്ലൊ. ഇതേവരെ വിഷൂചിക ബാധിച്ചിട്ടുള്ള ജനങ്ങളെല്ലാം ദേവിദാസൻ താമസിച്ചിരുന്നതും ചാലിൻെറ ഈ കരയിൽ ഉള്ളതും ആയ ഭാഗത്തു താമസിച്ചിരുന്നവരായിരുന്നു. ചാലിൻെറ അക്കരയിൽ ഒരാൾക്കുപൊലും ദീനം ബാധിച്ചിട്ടില്ല."

വൈദ്യൻ—"ഈ ഗ്രാമത്തിൽ രണ്ടു ഭാഗങ്ങളിലും അധിവസിക്കുന്ന ജനങ്ങൾ ഒരേ വെള്ളംതന്നെയാണോ കുടിക്കുന്നതു?"

അധികാരി—"അല്ല! ചാലിൻെറ അക്കരയിൽ താമസിക്കുന്നവൎക്കു അവരുടെ സ്വന്തം ഉറവുണ്ടു. ഇക്കരയിൽ താമസിക്കുന്നവൎക്കു ഇവരുടെ സ്വന്തമായ ഒരു ഉറവും ഉണ്ടു."

വൈദ്യൻ—(മന്ത്രിയോടു) "ഇക്കരയിലുള്ളതായ ഉറവിൽ, വിഷൂചികയുടെ പ്രാണികളൊ ബീജങ്ങളൊ നിസ്സംശയമായും കടന്നുകൂടീട്ടുണ്ടു. ചാലിൻെറ ഇക്കരയിലുള്ള ഉറവിൽനിന്ന് ഇനി വെള്ളം ഒട്ടും എടുക്കരുതെന്നു അധികാരിക്കു കല്പനകൊടുത്താലും. ഇതിന്നു മുമ്പായി വെള്ളം കോരിവെച്ചിട്ടുണ്ടെങ്കിൽ, അതിനെ ദൂരെ

ക്കളേയേണ്ടതുമാണ. ആ ഉറവിനെ 'പൊട്ടാസിയം പെർമാൻ ഗനേററ്' എന്ന വിഷബീജഹാരിയായ ഔഷധം കൊണ്ടു ശുദ്ധമാക്കുകയും ചെയ്യട്ടെ."

പ്രധാനമന്ത്രി ആ ഗ്രാമത്തിലെ അധികാരിക്കു ഠരം കല്പനകഠം കൊടുത്ത ശേഷം, ദേവിദാസൻ മരിച്ചിട്ടുള്ള വീട്ടിലേക്കു, വൈദ്യരൊരുമിച്ചു പോകയും ചെയ്തു. അവർ ആ വീട്ടിൽ എത്തിയപ്പോഠം അവിടെ ദേവിദാസന്റെ അമ്മയെക്കണ്ടു.

വൈദ്യൻ—(ആ സ്ത്രീയോടു) "ദേവിദാസൻ മരിക്കുമ്പോഠം ധരിച്ചിരുന്ന വസ്ത്രങ്ങഠം എനിക്കു കാണിച്ചുതന്നാലും."

അപ്പോഠം ആ സ്ത്രീ വീട്ടിന്നുള്ളിലേക്കു ചെന്നു്, ആ വസ്ത്രങ്ങളെ പുറത്തേക്ക് എടുത്തുകൊണ്ടുവന്നു വൈദ്യന്നും പ്രധാനമന്ത്രിക്കും കാണിച്ചു കൊടുക്കുകയും ചെയ്തു. അപ്പോഠം, വസ്ത്രങ്ങഠം വളരെ വൃത്തിയായിരുന്നു.

വൈദ്യൻ—"നിങ്ങളുടെ മകൻ ദേവിദാസൻ ഇവിടെ എത്തിയതു വളരെ ദീർഘമായ ഒരു സഞ്ചാരം ചെയ്തിട്ടായിരുന്നുവല്ലൊ. ആയാഠം ഇവിടെ എത്തിയപ്പോഠം ആയാളുടെ വസ്ത്രങ്ങഠം വളരെ അഴുക്കുള്ളവയായിരുന്നിരിക്കണം. അവ ഇപ്രകാരമായിരിപ്പാൻ കഴികയില്ലായിരുന്നു."

സ്ത്രീ—"അതെ; അതു ശരിതന്നെ; അവൻ ഇവിടെവന്നപ്പോഠം ഠരം വസ്ത്രങ്ങഠം വഴിയാത്രകൊണ്ടു വളരെ അഴുക്കുള്ളവയായിരുന്നു. അതിന്നും പുറമെ അവന്നു ദീനം പിടിച്ചപ്പോഠം അവൻ ഛർദ്ദിക്കുകയും അതിസരിക്കുകയും ചെയ്തതിനാൽ ഠരം വസ്ത്രങ്ങളിൽ വളരെ അഴുക്കു പിടിച്ചിരുന്നു. അതുകൊണ്ട് അവന്റെ മരണശേഷം ഞാൻ ഠരം വസ്ത്രങ്ങളെ കൊണ്ടുപോയി, ഉറവിങ്കൽ നനച്ചിടുകയും ചെയ്തു."

മന്ത്രി—"ഏതുറവിങ്കലാണു നിങ്ങഠം അവയെ നനച്ചിട്ടത്?"

സ്ത്രീ—"ചാലിന്റെ ഠരം ഭാഗത്തിൽ ഞങ്ങഠം കുടിക്കുന്ന വെള്ളം എടുക്കുന്നതായ ഒരുറവുമാത്രമല്ലെയുള്ളു. അവിടെത്തന്നെയാണ് ഞാൻ ഠരം വസ്ത്രങ്ങഠം നനച്ചിട്ടത്."

വൈദ്യൻ—(മന്ത്രിയോടു) "അതാ! അതു ഞാൻ പറഞ്ഞ പ്രകാരം തന്നെ. ഠരം സ്ത്രീ മരിച്ചുപോയ ശിപായിയുടെ വസ്ത്രങ്ങളെ ഉറവിങ്കൽ നനച്ചിട്ടപ്പോഠം വിഷൂചികയുടെ പ്രാണികളൊ, ബീജങ്ങളൊ നിസ്സംശയമായും ആ ഉറവിൽ കടന്നിരിക്കണം. ഠരം ഗ്രാമ

ത്തിൽ വിഷൂചിക ബാധിച്ചത്, ഀ ഉറവിടത്തിലെ വെള്ളം കുടിച്ച ജനങ്ങളുടെ ഇടയിൽമാത്രമായിരുന്നു. ചാലിൻെറ മറുകരയിൽ താമസിക്കുന്ന ജനങ്ങളുടെ ഇടയിൽ വിഷൂചിക ഉണ്ടായിട്ടേയില്ലല്ലോ. കാരണം, അവർ അവരുടെ ഉറവിടത്തിൽനിന്നു വിഷളുമാകാത്തതായ വെള്ളം കുടിച്ചിരുന്നതുകൊണ്ടുതന്നെ."

ഇതിന്നു ശേഷം വൈദ്യരും മന്ത്രിയും ആ ഗ്രാമത്തിലെ അധികാരിയുമായി, ആ സ്ത്രീ വസ്ത്രം നനച്ചിട്ടതായ ഉറവിങ്കൽപോയി. അതിനെ "പൊട്ടാസിയം പെർമാൻഗനേററ്" കൊണ്ടു ശുദ്ധമാക്കി. ശുദ്ധി ചെയ്തതിന്നു ശേഷം ആ ഗ്രാമത്തിൽ ഒരാളെങ്കിലും, വിഷൂചിക പിടിച്ചു മരിച്ചതെയില്ല.

വൈദ്യരും മന്ത്രിയും ആ ഗ്രാമത്തിൽ വളരെ ദിവസം താമസിക്കുകയും, അവിടെ യാതൊരാളും വിഷൂചിക പിടിച്ചുപിന്നെ മരിക്കുന്നില്ലെന്നു കാൺകയും ചെയ്യുപ്പോൾ, വൈദ്യൻ മന്ത്രിയോടിപ്രകാരം പറഞ്ഞു:—"ഇനി.വല്ലവക്കും വിഷൂചികപിടിക്കുമെന്നുള്ള അപകടം ഇവിടെയില്ല. വിഷൂചികയുടെ പ്രാണികളൊ, ബീജമൊ ആ ഉറവിലെ വെള്ളത്തിൽ ഉണ്ടായിരുന്നു. എന്നാൽ നാം 'പൊട്ടാസിയം പേർമാൻഗനററ്' കൊണ്ടു ആപ്രാണികളെ എല്ലാം നശിപ്പിച്ചുകളഞ്ഞു. അല്ലയൊ മന്ത്രി! വിഷൂചിക പിടിച്ചു മരിച്ചിട്ടുള്ള ഒരുവൻെറ വസ്ത്രങ്ങളെ, കുടിക്കുന്നവെള്ളത്തിൻെറ ഉത്ഭവസ്ഥാനത്തിന്നു സമീപത്തുപോലും, കൊണ്ടുപോകുന്നതു എത്ര അപകടകരമാണെന്നു ഭവാൻ കാണുന്നില്ലയൊ? വിഷചിക ബാധിച്ചിട്ടുള്ളവൻ, ഉപയോഗിച്ചവസ്ത്രങ്ങളാവട്ടെ, ശയനസാമാനങ്ങളാവട്ടെ, ഭക്ഷണപ്പാത്രങ്ങളാവട്ടെ, എന്തിന്നേറെപ്പറയുന്നു, ആ മനുഷ്യനാൽ ഉപയോഗിക്കപ്പെട്ടതൊ, ആയാളുടെ സമീപത്തിൽ ഉണ്ടായിരുന്നതൊ ആയ യാതൊരു സാധനവുമാകട്ടെ, കഴിക്കേണ്ടതൊ, കുടിക്കേണ്ടതൊ ആയ യാതൊരു സാധനത്തിൻെറയും സമീപെ കൊണ്ടുവരുവാൻ ഒരിക്കലും സമ്മതിക്കരുതു. ഀ ഗ്രാമത്തിൽ സംഭവിച്ചത് എന്തെന്നുതീരെ വ്യക്തമായി അറിഞ്ഞിരിക്കുന്നു. ദേവിദാസനെന്ന പട്ടാളക്കാരൻ ഇവിടെ എത്തുകയും ഉടനെ തന്നെ വിഷൂചികയാൽ മരിക്കുകയുംചെയ്തു. അവൻ ഛർദ്ദിച്ചതൊ അതിസരിച്ചതൊ ആയ വസ്തുവിൽ വിഷചികയുടെ പ്രാണികളുണ്ടായിരുന്നു. അവൻ ഛർദ്ദിച്ചതും അതിസരിച്ചതും ആയ വസ്തുവിൽ അധികം ഭാഗവും അവൻെറ വസ്ത്രത്തോടു പററിയിരുന്നു.

അതുകൊണ്ടു അവന്റെ വസ്ത്രങ്ങളിൽ വിഷൂചികയുടെ പ്രാണികളൊ ബീജമൊ അധികം ഉണ്ടായിരുന്നു. അവന്റെ അമ്മ ആ വസ്ത്രങ്ങളെ ആ ഉറവിങ്കൽ നനച്ചിട്ടു. വിഷൂചികയുടെ പ്രാണികളൊ, ബീജമൊ ആ വസ്ത്രങ്ങളിൽനിന്നു വെള്ളത്തിലെക്കു കടന്നുകൂടി, അവ അനേകായിരങ്ങളായി വർദ്ധിക്കുകയും ചെയ്തു. മരിച്ച ശിപായിയുടെ വസ്ത്രം അവിടെ നനച്ചിട്ട ദിവസം മുതൽ, പൊട്ടാസിയം പെർമാൻഗനേററ് കൊണ്ട് ആ ഉറവിലെ വെള്ളത്തെ നാം ശുദ്ധീകരിച്ച ദിവസംവരെ ഉറവിലെ വെള്ളം കുടിച്ചതായ ജനങ്ങളിൽ 64 ആളുകൾക്കു വിഷൂചിക പിടിക്കുകയും അവരിൽ 37 ആളുകൾ മരിക്കുകയും ചെയ്തിരിക്കുന്നു." *

ഇതിന്നു ശേഷം വൈദ്യനും മന്ത്രിയും ഈ വസ്തുതകളെ രാജാവിനെ ഉണർത്തിപ്പാനായി തലസ്ഥാന നഗരിയിലേക്കു മടങ്ങുകയും ചെയ്തു.

---

## 19-ാം അദ്ധ്യായം.

### വിഷൂചിക ബാധിക്കാതിരിപ്പാൻ സൂക്ഷിക്കേണ്ടതെങ്ങിനെയെന്നും, വിഷൂചിക ബാധിച്ചാൽ അതിനെയമർത്തേണ്ടതെങ്ങിനെയെന്നും.

വൈദ്യൻ വീണ്ടും രാജസന്നിധിയിലേക്കു ചെന്നപ്പോൾ നഗരിയിലും ഗ്രാമത്തിലും അവർ കണ്ടിരുന്നതായ വിഷൂചികയെപ്പററി ആയാൾ രാജാവിനോടു വിവരമുണർത്തിച്ചു.

രാജാ—"അല്ലയൊ വൈദ്യരെ! ഒരു പട്ടണത്തിലേയൊ ഗ്രാമത്തിലേയൊ ജനങ്ങൾക്കു വിഷൂചികയുടെ ദ്രോഹത്തിൽനിന്നു രക്ഷപ്പെടുവാൻ എങ്ങിനെയാണുസാധിക്കുന്നത് ?"

വൈദ്യൻ—"ഒരു പട്ടണത്തിലേയൊ ഗ്രാമത്തിലേയൊ ജനങ്ങൾക്കു അധികമായി അതിസാരമുള്ളപ്പോഴാണ്, അവരുടെയിടയിൽ വളരെ വേഗത്തിൽ വിഷൂചികയും ബാധിക്കുന്നതു. ജനങ്ങൾക്കതിസാരത്തിന്റെ ഉപദ്രവമില്ലെങ്കിൽ അവരുടെയിടയിൽ വിഷൂചിക എളുപ്പത്തിൽ ബാധിക്കുന്നതല്ല. അതുകൊണ്ടു അതിസാരമുണ്ടാകുവാനുള്ള കാരണങ്ങളെല്ലാം വിഷൂചികയുടെ വർദ്ധനക്കും അനുകൂലമായിത്തീരുന്നു."

---

* കുടിക്കുന്ന ജലം എടുക്കുന്ന ഉറവിൽ രോഗത്താൽ മലിനതപ്പെട്ട വസ്ത്രങ്ങൾ കഴുകിയിരുന്നു എന്ന ഒരേ കാരണത്താൽ തന്നെ, മേൽവിവരിച്ചപ്രകാരമുള്ള ഒരു വിഷൂചിക ബാധ കുറെ വർഷങ്ങൾക്കു മുമ്പ് കാംഗ്റാ താഴ്വരയിൽ ബയിജ്നാഥിന്നു സമീപമുള്ള ഒരു ഗ്രാമത്തിൽ കലശലായി വ്യാപിക്കയുണ്ടായി.

രാജാ—"അതിസാരമുണ്ടാകുവാൻ അനുകൂലമായി തീരുന്ന കാരണങ്ങളെന്തെല്ലാമാണ്?"

വൈദ്യൻ—"അശുചിയായ ജലം, ചീത്തയും പഴക്കാത്തതുമായ പഴം, ചളി, ഠരംച്ചകം ഇവയത്രെ അതിസാരത്തെ ഉണ്ടാക്കുവാനുള്ള മുഖ്യകാരണങ്ങൾ. ഠരം വസ്തുക്കളുള്ള ദിക്കിലെ ജനങ്ങൾക്ക അധികമായും അതിസാരമുണ്ടാകുന്നതാകുന്നു. അവിടെ വിഷൂചിക ഒരിക്കൽ കടന്നുകൂടിയാൽ വളരെ വേഗത്തിൽ അതു പരക്കുകയും ചെയ്യും. നല്ല കിണറുകളും, നിൎമ്മല ജലവും, പഴക്കാത്തതായും ചീത്തയായും ഉള്ള പഴങ്ങൾ വില്ക്കുവാൻ സമ്മതിക്കയില്ലെന്നുള്ള നിബന്ധനയും, എല്ലാ വീടുകളും തെരുവീഥികളും ദിവസം തോറും അടിച്ചു വാരി അഴുക്കും ഠരംച്ചയും അവിടങ്ങളിലുണ്ടാകുവാൻ സമ്മതിക്കാതിരിക്കുന്ന ഏൎപ്പാടും, ഏതൊരു ഗ്രാമത്തിലുണ്ടോ അവിടെ നിവസിക്കുന്ന ജനങ്ങൾക്ക അതിസാരം ഉണ്ടാകുന്നതല്ല. അവരുടെയിടയിൽ വിഷൂചിക വ്യാപിക്കുന്നതുമല്ല. ഏതു കാലങ്ങളിലും എല്ലാ സ്ഥലങ്ങളിലും ഠരംവക കാൎയ്യങ്ങളിൽ ശ്രദ്ധയും ആലോചനയും ഉപയോഗിക്കേണ്ടതാകുന്നു. ഒരു ദിക്കിൽ വിഷൂചിക വ്യാപിക്കുന്നതുവരെ ഠരം കാൎയ്യങ്ങളിൽ ശ്രദ്ധിക്കാതിരിക്കുന്നതു തെററാണ്."

രാജാ—"ജനങ്ങൾക്ക വിഷൂചിക ബാധിക്കാതെ ഇരിക്കേണമെങ്കിൽ ആദ്യമായി ചെയ്യേണ്ട കാൎയ്യം അതിസാരം പിടിക്കാതെ നോക്കുക തന്നെ. അല്ലേ?".

വൈദ്യൻ—"അങ്ങിനെതന്നെ. അതിന്നു പുറമെ, ഒരു ദിക്കിൽ വിഷൂചികയുണ്ടാകുവാൻ പോകുന്നുവെന്നുള്ള ഭയം നേരിടുമ്പോഴൊ, അല്ലെങ്കിൽ അവിടെ യഥാൎത്ഥമായി ബാധിച്ചിട്ടുള്ളപ്പോഴൊ, എല്ലാ കിണറുകളേയും ഉറവുകളേയും ശുദ്ധീകരിക്കുകയും, അവയിൽ വല്ല അഴുക്കും ചെന്നു ചേരാതിരിപ്പാൻ ദൃഷ്ടിവെക്കുകയും വേണം. അതുകൊണ്ട് ഒരു ദിക്കിൽ വിഷൂചിക ബാധിച്ചിരിക്കുമ്പോഴും, അവിടെയുള്ള വിഷൂചികയുടെ പ്രാണികൾ വല്ല കിണറുകളിലും കടന്നുകൂടിയിരിപ്പാനിടയുള്ളപ്പോഴും ആ കിണറിനെ പൊട്ടാസിയം പെർമാൻഗനേററ് കൊണ്ട് ശുദ്ധീകരിക്കേണ്ടതാണ്. ഓരോ കിണററിൽനിന്നൊ ഉറവിൽനിന്നൊ, തീയിലിട്ടു ശുദ്ധിപ്പെടുത്തിയതായ ഒരു ശുചിയായ പാത്രത്തിൽ വെള്ളം വലിച്ചെടുപ്പാനായി രണ്ടു തണ്ണീക്കാരെ നിശ്ചയിക്കുക.

ആ കിണററിൽ വേറെ യാതൊരു പാത്രവും താഴ്ത്തരുതു. ആ തണ്ണീക്കാർമാത്രമല്ലാതെ വേറെ യാതൊരാളും ആ കിണററിൽനിന്നു വെള്ളം മുക്കിയെടുക്കുവാൻ സമ്മതിക്കുകയും അരുതു. അതിന്നുംപുറമെ, ഒരു ദിക്കിൽവിഷൂചിക ഉണ്ടെങ്കിലും ഇല്ലെങ്കിലും, കുടിപ്പാനുപയോഗിക്കുന്ന വെള്ളമെടുക്കുന്നതായ യാതൊരു കിണററിൻെറയൊ ഉറവിൻെറയൊ കുളത്തിൻെറയൊ സമീപെ യാതൊരു വസ്ത്രങ്ങളും നനച്ചിടുവാൻ സമ്മതിക്കുകയും അരുതു. കുടിക്കുവാൻ വെള്ളമെടുക്കുന്നതായ ഒരു പുഴയുടെ മുകൾ ഭാഗത്തിൽ എവിടെയെങ്കിലും യാതൊരു വസ്ത്രങ്ങളും നനച്ചിടുവാനും ഒരിക്കലും സമ്മതിക്കരുതു ”.

രാജാ—“ ജനങ്ങളെ വിഷൂചികയിൽനിന്നു രക്ഷിക്കുവാനുള്ള രണ്ടാമത്തെ മാൎഗ്ഗം, എല്ലാ കിണറുകളേയും ഉറവുകളേയും ശുദ്ധീകരിക്കുകയും, അവയെ വൃത്തിയായിതന്നെ വെക്കുകയും ചെയ്യേണ്ടുന്നതാണെന്നു എനിക്കിപ്പോൾ മനസ്സിലായി. ”

വൈദ്യൻ—“ അങ്ങിനെതന്നെയാണ്. വിഷൂചിക ബാധിച്ച രോഗികൾ ഛർദ്ദിക്കുന്നതും അതിസരിക്കുന്നതും ആയ വസ്തുവിൽ വിഷൂചികയുടെ പ്രാണികളൊ ബീജമൊ ഉണ്ടായിരിക്കുന്നതാണെന്നും, ആവക വിഷൂചികയുടെ പ്രാണികളൊ ബീജമൊ വല്ല വെള്ളത്തിലൊ ഭക്ഷണത്തിലൊ കടന്നുകൂടുന്നതായാൽ ആ വെള്ളത്തേയൊ ഭക്ഷണത്തേയൊ കഴിക്കുന്ന ജനങ്ങൾക്കു അവ വിഷൂചിക പിടിപ്പിക്കുന്നതാണെന്നും, ഓൎമ്മവെക്കേണ്ടതാണ്. ഇതു ഒടുവിൽ പറയപ്പെട്ടതാണെങ്കിലും ഒട്ടും അപ്രധാനമായ കാൎയ്യമല്ല. അതുകൊണ്ട്—

(എ) മററു ജനങ്ങൾക്കു കഴിക്കുവാനെടുത്തുവെച്ചിട്ടുള്ള ഭക്ഷണത്തിൻെറയൊ പാനീയത്തിൻെറയൊ സമീപേ വിഷൂചിക ബാധിച്ചിട്ടുള്ള യാതൊരു മനുഷ്യനേയും ചെല്ലുവാൻ സമ്മതിക്കരുതു.

(ബി) വിഷൂചിക ബാധിച്ചിട്ടുള്ള മനുഷ്യൻ കിടക്കുന്ന മുറിയിൽ യാതൊരാളും ഭക്ഷണം പാകംചെയ്കയൊ കഴിക്കുകയൊ ചെയ്യരുതു.

(സി) വിഷൂചിക ബാധിച്ചിട്ടുള്ള ഒരു രോഗി ഉപയോഗിച്ചതൊ സ്പൎശിച്ചതൊ ആയ യാതൊരു സാധനവും,

എന്ന് വേണ്ടാ, വിഷൂചിക ബാധിച്ചിട്ടുള്ള ഒരു രോഗിയുടെ സമീപെയുണ്ടായിരുന്ന യാതൊരു സാധനവും, മററു ജനങ്ങൾക്കായി വെച്ചിട്ടുള്ള വല്ല ഭക്ഷണത്തിൻെറയൊ ജലത്തിൻെറയൊ സമീപേ ഒരിക്കലും കൊണ്ടുവരരുതു.

(ഡി) ഇതിന്നെല്ലാററിന്നുംപുറമെ, കുടിപ്പാനായൊ ഭക്ഷണം പാകംചെയ്യുന്ന പാത്രങ്ങൾ കഴുകുവാനായൊ ഉപയോഗിക്കുന്ന വെള്ളമെടുക്കുന്ന വല്ല ഉറവിൻെറയൊ കിണററിൻെറയൊ നദിയുടെയൊ സമീപെ വിഷൂചിക ബാധിച്ചിട്ടുള്ള ഒരു രോഗിയുടെ യാതൊരു വസ്ത്രങ്ങളൊ കിടക്കയൊ ഒരിക്കലും നനച്ചിട്ടുവാൻ സമ്മതിക്കരുതു.

(ഇ) വിഷൂചിക ബാധിച്ചിട്ടുള്ള രോഗികളെ ശുശ്രൂഷിക്കുന്ന സർവ്വ ആളുകളും, വല്ല ഭക്ഷണത്തേയും തൊടുകയൊ കഴിക്കുകയൊ ചെയ്യുന്നതിന്നു മുമ്പായി, തങ്ങളുടെ കൈകളെ വളരെ ശ്രദ്ധയോടെ കഴുകേണ്ടതാണ്.

(എഫ്) വിഷൂചിക ബാധിച്ചിട്ടുള്ള രോഗി ഛർദ്ദിക്കുകയും അതിസരിക്കുകയും ചെയ്യുന്നതു ഉണങ്ങിയ മണ്ണോ ചുണ്ണാമ്പോകൊണ്ടു പകുതി നിറച്ചിട്ടുള്ളതായ ചട്ടികൾക്കുള്ളിലേക്കായിരിക്കേണ്ടതാണ്. പിന്നെ ആ വക മണ്ണും ചട്ടികളും നിലത്തു കുഴിച്ചിടേണ്ടതാണ്. എന്നാൽ വെള്ളം എടുക്കുന്ന ഉറവിന്നു സമീപെ ഒരിക്കലും കുഴിച്ചിടരുതു.

(ജി) വിഷൂചിക ബാധിച്ചയാൾ, മരിച്ചുപോയെങ്കിലും സുഖപ്പെട്ടെങ്കിലും, ആയാളുടെ കട്ടിലും കിടക്കയും വസ്ത്രങ്ങളും, സൂർയ്യൻെറ ഉഷ്ണവും വെളിച്ചവും തട്ടി അവയിൽ ഉള്ളതായ വിഷൂചികയുടെ പ്രാണികളെല്ലാം നശിച്ചുപോകത്തക്കവണ്ണം വളരെ ദിവസങ്ങൾക്കു വെയിലത്തിട്ടുണക്കേണ്ടതാണ്."

രാജാ—"വിഷൂചികയുടെ ദ്രോഹത്തിൽനിന്നു ഒരു നഗരിയിലേയൊ ഗ്രാമത്തിലേയൊ പട്ടണത്തിലേയൊ ജനങ്ങൾക്കു രക്ഷ

പ്പെട്ടുവാനുള്ള മുഖ്യമായ മൂന്നു മാൎഗ്ഗങ്ങൾ എനിക്കിപ്പോൾ മനസ്സിലായിരിക്കുന്നു :

ഒന്നു- -ജനങ്ങളുടെ ഇടയിൽ അതിസാരത്തെ ഉണ്ടാക്കുന്ന സകല കാൎയ്യങ്ങളേയും തടുക്കുക.

രണ്ടു—എല്ലാ കിണറുകളേയും, ഉറവുകളേയും, കുളങ്ങളേയും ശുദ്ധീകരിക്കുകയും അവയെ വൃത്തിയായിത്തന്നെ വെക്കുകയും ചെയ്ക.

മൂന്നു—വിഷൂചിക ബാധിച്ചിട്ടുള്ള ഒരു രോഗിയിൽനിന്നു ആ രോഗത്തിന്റെ പ്രാണികൾ വല്ല ഭക്ഷണത്തിലൊ കുടിക്കുന്ന വെള്ളത്തിലൊ ചെന്നു ചേരാതെ സൂക്ഷിക്കുക."

വൈദ്യൻ—"ഇവിടേക്കു ഈ കാൎയ്യങ്ങൾ ശരിയായി മനസ്സിലായിരിക്കുന്നു".

രാജാ—"കീറിവെക്കുന്നതിനാൽ വസൂരിയെ തടുത്തു നിൎത്തുവാൻ കഴിയുന്നതാകുന്നു. മലമ്പനിയും പ്ലേഗും വിഷൂചികയും എങ്ങിനെയാണു തടുക്കപ്പെടേണ്ടതെന്നും നിങ്ങൾ എന്നോടു പറഞ്ഞിട്ടുണ്ട്. വസൂരി, മലമ്പനി, പ്ലേഗു, വിഷൂചിക ഈ നാലു വലിയ രോഗങ്ങളും തടുക്കപ്പെട്ടുവാൻ കഴിയുന്ന രോഗങ്ങളാകുന്നു. അല്ലയൊ വൈദ്യരേ! എന്റെ രാജ്യത്തിൽ തടുക്കപ്പെട്ടുവാൻ കഴിയുന്നതായി ഇനിയും വല്ല രോഗങ്ങളുമുണ്ടൊ?"

വൈദ്യൻ—"ഈ രാജ്യത്തിൽ തടുക്കപ്പെട്ടുവാൻ കഴിയുന്നതായിനിയും വളരെ അധികം ദീനങ്ങളുണ്ട്. ഇനി ഒരു ദിവസം ഇവിടുത്തോടു ആവക രോഗങ്ങളെപററി ഞാൻ പറയുന്നതാകുന്നു."

---

## 20 - ാം അദ്ധ്യായം.

വൃത്തികേടായ ആചാരങ്ങൾ. ദീനംപിടിച്ച നായ്ക്കളാൽ ഉണ്ടാകുന്ന അപകടം. തുപ്പുന്നതിനാലുള്ള അപകടം. ക്ഷയം. ക്ഷയ രോഗത്തെ തടുക്കേണ്ടതെങ്ങിനെ. മലിനമായ പല്ലുകളാലുണ്ടാകുന്ന അപകടം. ക്ഷയ രോഗത്തിന്നുള്ള ചികിത്സ. ക്ഷയ രോഗം മാറുവാനുള്ള രണ്ടു വലിയ മരുന്നുകൾ. സമാപ്തി.

വൈദ്യൻ പിന്നൊരു പ്രാവശ്യം രാജസന്നിധിയിലേക്കു വന്നപ്പോൾ—

രാജാ—"അവസാനമായി, തടുക്കപ്പെടുവാൻ കഴിയുന്ന രോഗങ്ങളെ കുറിച്ചാണല്ലൊ നാം സംസാരിച്ചിരുന്നതു. ൟ സംഗതികളെ പററി എന്നോടു, വിവരിച്ചു പറഞ്ഞാലും."

വൈദ്യൻ—"ൟ രാജ്യത്തിൽ, എവിടെയിരുന്നും മലവിസൎജ്ജനം ചെയ്യാൻ ലജ്ജയില്ലാത്ത വളരെ ജനങ്ങളുണ്ട്. പലപ്പോഴും ഒരാൾ തൻെറവാതിലിന്നരികെ തന്നെ മലവിസൎജ്ജനം ചെയ്യുന്നു. ചില കുട്ടികൾക്കു ഇക്കാൎയ്യത്തിൽ ലജ്ജ ഒട്ടും തന്നേയില്ല. അവരുടെ മാതാപിതാക്കന്മാർ ൟ കാൎയ്യത്തിൽ ലജ്ജയുണ്ടെന്നു അവരെ ആദ്യമായിത്തന്നെ പഠിപ്പിക്കാത്തത് എന്തുകൊണ്ടു? പരിഷ്കൃത ജനങ്ങളുടെ സ്വഭാവം ഇതാണൊ? ഇപ്രകാരം ഉള്ള കാൎയ്യങ്ങൾ വളരെ രോഗത്തെ ഉണ്ടാക്കുന്നു. ൟ രാജ്യത്തിൽ തന്നെ ൟവക നടവടികളെ കാണുമ്പോൾ അറെക്കുന്നവരായ വളരെ പരിഷ്ക്കാരികളായ യോഗ്യന്മാരുണ്ടെന്നു ഞാൻ നല്ലവണ്ണം അറിയുന്നുണ്ടു. അപ്രകാരം ഉള്ള ജനങ്ങൾ ൟവക വൃത്തിയില്ലാത്ത സ്വഭാവങ്ങളെ എപ്പോഴെങ്കിലും കാണുമ്പോൾ, അവയെ ശരിപ്പെടുത്തുവാൻ തങ്ങളുടെ സ്വാധീനത്തെ ഇടവിടാതെ ഉപയോഗിക്കേണ്ടതാണ്. ഓരോ ഗ്രാമങ്ങളെ ചുററിക്കൊണ്ടു വളരെ വയലുകളുണ്ടല്ലൊ. മലമൂത്രവിസൎജ്ജനം ചെയ്വാൻ ജനങ്ങൾ അവരുടെ ഗ്രാമങ്ങളിൽനിന്നു കുറെ ദൂരം പോകേണ്ടതാണ്. ധാരാളം മണ്ണുവാരിയിട്ടു മലത്തെ എല്ലായ്പോഴും മൂടിക്കളയേണ്ടതുമാണ്. വല്ല മനുഷ്യൻെറയും മലത്തിന്മേൽ മുൻകൂട്ടിയിരുന്നതായ ൟച്ചകൾ ഒരുവൻെറ ഭക്ഷണത്തിന്മേൽ വന്നിരിക്കുന്നതുനല്ലതല്ലെന്നു മാത്രമല്ല, ശരീര സുഖത്തിന്നു വളരെ അപകടകരവും ആകുന്നു."

രാജാ—"നിങ്ങൾ പറഞ്ഞതു സത്യംതന്നേ. ൟവക സംഗതികളെ, എൻെറ പ്രജകൾക്കു, അവരുടെ സ്കൂളുകളിൽ തീൎച്ചയായും പഠിപ്പിക്കേണ്ടതാണ്."

വൈദ്യൻ—"വളരെ ഗ്രാമങ്ങളിലും കൂട്ടം കൂട്ടമായി കൂടുന്ന അനേകം നായ്ക്കളെ നോക്കിയാലും അവ മിക്കപ്പോഴും പട്ടിണികിടക്കുന്നു. അവയുടെ ശരീരം ചൊറികൊണ്ടും, ചെള്ളു കൊണ്ടും നിറയപ്പെട്ടിരിക്കുന്നു. അവ ജീവിച്ചുകൊള്ളട്ടെ എന്നു വെക്കുന്നതു ദയയല്ല. അവക്കു പലപ്പോഴും ഭ്രാന്തു പിടിക്കുന്നു. അപ്പോൾ അവ കടിക്കുന്നതായ മനുഷ്യൎക്കും കന്നുകാലികൾക്കും വലിയ ആപത്തു നേരിടുന്നു."

രാജാ—"അതു ശരിതന്നെ. അപ്രകാരമുള്ള നായ്ക്കളെ നശിപ്പിക്കേണ്ടതാകുന്നു."

വൈദ്യൻ—"വളരെ ദീനത്തിന്നു കാരണഭൂതമായി വേറെ ഒരു നടവടി കൂടിയുണ്ടു. അതു, തുപ്പുന്നതത്രെ."

രാജാ—"തുപ്പുന്നതു എന്തു ദീനത്തെയാണ് ഉണ്ടാക്കുന്നതു?"

വൈദ്യൻ—"തുപ്പുന്ന ജനങ്ങൾ പലപ്പോഴും രോഗജനകമായ പ്രാണികളെ അങ്ങുമിങ്ങും പരത്തുന്നു. അവയാകട്ടെ മനുഷ്യന്റെ ശ്വാസകോശത്തിലേക്കു കടന്നു വളരെ ഭയങ്കരമായ ക്ഷയരോഗത്തെ ഉണ്ടാക്കുന്നു."

രാജാ—"എന്റെ രാജ്യത്തിൽ വലിയ പട്ടണങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ ഇടയിൽ ക്ഷയരോഗം വളരെയുണ്ടു."

വൈദ്യൻ—"അതു ശരിതന്നെ: അതിന്നുകാരണം ഇതാകുന്നു. പട്ടണങ്ങളിൽ ശുദ്ധവായു കടക്കാത്തതും ഇരുട്ടുള്ളതും ചളിയുള്ളതുമായ വീടുകളിൽ വളരെ ജനങ്ങൾ തിങ്ങിപ്പാക്കുന്നുണ്ടു. ആവക സ്ഥലങ്ങളിൽ താമസിക്കുന്നവരിൽ അധികം ജനങ്ങളും, സൂര്യന്റെ വെളിച്ചവും ശുദ്ധവായുവും ഉള്ള പുറമേയുള്ള സ്ഥലങ്ങളിലേക്കുപോകുന്നതുതന്നെ ദുല്ലഭമാണ്. അങ്ങിനെയുള്ള ജനങ്ങൾ വിളപ്പും, ക്ഷീണവും, രോഗവും ഉള്ളവരായിത്തീരുന്നു. അവർ അവരുടെ ശ്വാസകോശത്തിലേക്കു ക്ഷയരോഗത്തിന്റെ വല്ല പ്രാണികളേയും ശ്വസിക്കുമ്പോൾ അവക്കു കഠിനമായ ഒരു കുര പിടിക്കുകയും, അവർ ചോര തുപ്പുകയും, ക്ഷീണിച്ചു വരികയും, അവരുടെ ശരീരം ക്ഷയിച്ചു അല്പമാസങ്ങൾക്കുള്ളിൽ അവർ മരിച്ചുപോകുകയും ചെയ്യുന്നു."

രാജാ—"ക്ഷയരോഗത്തിന്നുള്ള കാരണമെന്തു?"

വൈദ്യൻ—"ഒരു മനുഷ്യന്റെ ശ്വാസകോശങ്ങളിലേക്കു കടന്നു, ചിതൽ മരത്തെ തിന്നൊടുക്കും പ്രകാരം, അവയേയും സാവധാനത്തിൽ തിന്നൊടുക്കുന്നതായ ചില പ്രാണികൾ ആണ് ക്ഷയരോഗത്തെ ഉണ്ടാക്കുന്നത്. ക്ഷയരോഗമുള്ള ഒരുവൻ കുരച്ചു തുപ്പുന്നതായ വസ്തു ഈവക പ്രാണികളെക്കൊണ്ടു നിറയപ്പെട്ടിട്ടുള്ളതാകുന്നു. അപ്രകാരമുള്ള മനുഷ്യൻ അങ്ങുമിങ്ങും തുപ്പുന്നതായാൽ, കുരച്ചു തുപ്പുന്നതായ വസ്തു ഉണങ്ങുകയും, അതിലെ പ്രാണികൾ

സൂക്ഷ്മമായ ധൂളിയെപ്പോലെ അങ്ങുമിങ്ങും പാറുമ്പോൾ മററു ജനങ്ങൾ അവയെ ശ്വാസിക്കയും, അങ്ങിനെ അവക്കും ആ രോഗം പിടിക്കുകയും ചെയ്യുന്നു, ഈ കാരണത്താൽ ക്ഷയരോഗമുള്ളതായ ഒരാളോടുമിച്ച ഒരേ മുറിയിൽ താമസിക്കുന്നതിലും ഉറങ്ങുന്നതിലും വളരെ അപകടമുണ്ടു.”

രാജാ—“ക്ഷയരോഗത്തെ തടുക്കുവാൻ കഴിയുന്നതാണോ?”

വൈദ്യൻ—“ഉണങ്ങിയതായും, വൃത്തിയുള്ളതായും, ധാരാളം ശുദ്ധവായുവും സൂൎയ്യന്റെ വെളിച്ചവും കടക്കുന്നതായും, ഉള്ള വീടുകളിൽ താമസിക്കുന്ന ജനങ്ങൾക്കു ദുൎല്ലഭമായെ ക്ഷയരോഗം പിടിക്കുന്നുള്ളൂ. ഇരുട്ടും, അഴുക്കും, വീടുകളിൽ ജനങ്ങൾ തിങ്ങിത്താമസിക്കുന്നതും, തുപ്പുന്നതുമത്രെ ക്ഷയരോഗത്തിനു അനുകൂലമായ കാരണങ്ങൾ. സൎവ്വ രോഗങ്ങളുടേയും ശത്രുക്കളായിരിക്കുന്ന സൂൎയ്യപ്രകാശവും, ശുദ്ധവായുവും, എല്ലാററിനെക്കാളും ക്ഷയരോഗത്തിന്റെ വലിയ ശത്രുക്കൾ ആകുന്നു.”

രാജാ—“ക്ഷയ രോഗത്തിന്നനുകൂലമായിരിക്കുന്ന മററ വല്ല കാൎയ്യങ്ങളും ഉണ്ടോ?”

വൈദ്യൻ—“മലിനമായ ദന്തങ്ങളും ക്ഷയരോഗത്തിന്നു അനുകൂലികളാണ്. പല്ലുകൾ മലിനമായിരിക്കുമ്പോൾ അവയുടെമേൽ പ്രാണികൾ ഉണ്ടാകുന്നതും, അവയിൽനിന്നു ഈ പ്രാണികൾ ശ്വാസകോശത്തിലേക്കു ചെല്ലുന്നതും, വളരെ സാധാരണയാകുന്നു. അതുകൊണ്ടു, രാവിലേയും വൈകുന്നേരത്തും മരത്തിന്റെ വൃത്തിയായ തോലുകൊണ്ടു പല്ലുകളെ മുഴുവനും നല്ലവണ്ണം ശോധന വരുത്തേണ്ടതാകുന്നു.”

രാജാ—“ക്ഷയ രോഗം മാററുവാൻ കഴിയുന്നതാണൊ?”

വൈദ്യൻ—“ക്ഷയരോഗം വളരെ അധികരിച്ച സ്ഥിതിയിൽ എത്തീട്ടില്ലെങ്കിൽ ആ രോഗത്തെ മാററുവാൻ കഴിയുന്നതായ രണ്ടു മരുന്നുകൾ ഉണ്ടു. എന്നാൽ ആ മരുന്നുകൾ രണ്ടും വലിയ മാത്രകളായി സേവിക്കേണ്ടതാവശ്യമാകുന്നു.”

രാജാ—“എന്നാൽ ക്ഷയരോഗം ഒരു ദരിദ്ര്യന്നു ഭേദമായി കിട്ടുവാൻ യാതൊരു മാൎഗ്ഗവും ഉണ്ടാകുന്നതല്ലല്ലോ. അത്ര അധികം മരുന്നിന്നു വിലകൊടുക്കുവാനവന്നു കഴിവില്ലല്ലോ.”

വൈദ്യൻ—"ക്ഷയ രോഗത്തെ മാററുന്നതായ രണ്ടു മരുന്നുകളും അധികം വില പിടിച്ചവയല്ല."

രാജാ—"ക്ഷയ രോഗത്തെ മാററുന്നതായ ആ രണ്ടു മരുന്നുകളുടെയും പേരുകൾ എന്നോടു പറഞ്ഞാലും; ഞാൻ അവയെ ധാരാളമായി വാങ്ങി എൻെറ എല്ലാ ആസ്പത്രികൾക്കും അയച്ചു കൊടുക്കാം."

വൈദ്യൻ—"ക്ഷയരോഗത്തെ മാററുന്നവയായ രണ്ടു മരുന്നുകളേയും വിലകൊടുത്തു വാങ്ങുവാനൊ, അവയെ അങ്ങുമിങ്ങും എടുത്തുകൊണ്ടുപോകുവാനൊ കഴിയുന്നതല്ല. അവ ഉള്ള ദിക്കിൽ വെച്ചു തന്നെ അവയെ തീരെ ശുദ്ധമായി ഉപയോഗിക്കേണ്ടതാകുന്നു."

രാജാ—"അയ്യയ്യൊ! അങ്ങിനെയെങ്കിൽ ൟ സാധുക്കളായ ജനങ്ങൾക്കു ആ മരുന്നുകൾ എങ്ങിനെ കിട്ടുവാൻ കഴിയും?"

വൈദ്യൻ—"അല്ലയൊ രാജൻ ഭയപ്പെടേണ്ടതില്ല. ആ സാധുക്കളായ ജനങ്ങൾക്കു എല്ലാം ഇനാമായി തന്നെ വരുന്നതാണ്. എന്തുകൊണ്ടെന്നാൽ, ക്ഷയരോഗത്തെ മാററുന്നവയായ രണ്ടു മരുന്നുകൾ, സൂൎയ്യൻെറ വെളിച്ചവും ശുദ്ധവായുവും ആകുന്നു. ൟ രോഗം പിടിച്ചിട്ടുള്ളവരെല്ലാം ചൂടുള്ള വസ്ത്രങ്ങൾ ധരിക്കുകയും, കാലസ്ഥിതി ഒന്നും ആലോചിക്കാതെ രാവും പകലും പുറത്തു ശുദ്ധവായുസഞ്ചാരമുള്ളവിടെ തന്നെ കഴിക്കേണ്ടതുമാണ. പകൽ സമയത്ത് അവരുടെ കിടക്കകൾ വല്ല വയൽ സ്ഥലങ്ങളിൽ വെയിലത്തൊ വൃക്ഷത്തിൻ നിഴലിൻ കീഴിലൊ ആയി ഇടേണ്ടതാണ. രാത്രിയിൽ അവരുടെ കിടക്കകൾ വീട്ടിൻെറ മുകളിൽ ഇടേണം. മഴയൊ, മഞ്ഞൊ ഉണ്ടെങ്കിൽ വായു സഞ്ചാരമുള്ള ഒരു താഴ്വാരത്തിൻെറ അടിയിലായി വിരിക്കാം. അവൎക്കു മററു യാതൊരു മരുന്നുകളും പ്രത്യേകിച്ച് ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ, സൂൎയ്യൻെറ വെളിച്ചവും ശുദ്ധവായുവും ൟ ദീനത്തെ മാററുവാനുള്ള ഏററവും മുഖ്യമായ മരുന്നുകളാണ്. മുറിയിൽ കിടത്തുന്നതായാൽ തീച്ചയായും മരിച്ചുപോകുവാനിടയുള്ള അനേകം ജനങ്ങൾക്കു ഇങ്ങിനെ ചെയ്യുന്നതായാൽ സുഖം കിട്ടുന്നതാകുന്നു."

രാജാ—"അവസ്ഥാഭേദങ്ങളുള്ള ൟ ലോകത്തിൽ ചിലർ ധനികന്മാരായും ചിലർ ദരിദ്രന്മാരായും ജനിക്കുന്നു. എന്നാൽ ൟ വി

ശത്തിൻെറ നാഥനായ സൎവ്വശക്തനായ ദൈവം, അനവധി ദ്രവ്യം ചിലവു ചെയ്യാൽപോലും ഒരിക്കലും വാങ്ങുവാൻ കഴിയാത്തവയായ അനേക സാധനങ്ങളെ, സാധുക്കൾക്കു പ്രദാനം ചെയ്തിരിക്കുന്നതായി കാണുന്നു. "

വൈദ്യൻ—"അല്ലയൊ രാജാവേ! ഞാൻ ഇവിടുത്തെ രാജ്യത്തിലേക്കു വന്നതുമുതൽ ഇതുവരെ ഇവിടുത്തോടു പറഞ്ഞിട്ടുള്ള എല്ലാ കാൎയ്യത്തെപ്പററിയും ഇവിടുന്നു നല്ലവണ്ണം ആലോചിച്ചു നോക്കുന്നതായാൽ, ഒരു ധനികനു രോഗത്തിൽനിന്നു രക്ഷപ്പെടുവാൻ എത്ര എളുപ്പത്തിൽ കഴിയുമൊ, അതേപ്രകാരം തന്നെ ഒരു ദരിദ്രനും അതു സാധിക്കുന്നതാണെന്നു ഇവിടേക്കു മനസ്സിലാകും. "

രാജാ—"നിങ്ങളെന്നോടു പറഞ്ഞിട്ടുള്ളതായ സൎവ്വകാൎയ്യത്തിൻെറയും സത്യം എത്ര വലിയതാണെന്നു ഞാൻ ഇപ്പോൾ കാണുന്നു. "

പിന്നെ വൈദ്യൻ രാജാവിനോടു യാത്ര പറയുന്നതോടുകൂടി അദ്ദേഹത്തോടിപ്രകാരം പറഞ്ഞു:—

"നിങ്ങളുടെ പ്രജകളുടെ പുത്രന്മാരും അവരുടെ പൌത്രന്മാരും ഈ സത്യാവസ്ഥകളെ അറിയുവാനും, അവയെ അവരുടെ വീടുകളിലും നിത്യ ജീവിതസ്ഥിതികളിലും ഉപയോഗിക്കുവാനും തക്കവണ്ണം ഈ സത്യാവസ്ഥകളെ നിങ്ങളുടെ പാഠശാലകളിലെല്ലാം പഠിപ്പിക്കുക.

അപ്രകാരം ചെയ്യുന്നതിനാൽ ഈ രാജ്യമൊട്ടാകെ അധികം ഗുണംവരത്തക്കവണ്ണമുള്ള വലിയ മാററങ്ങളെ അവർ വരുത്തുന്നതാണു. ഈ ഗുണങ്ങളെ സമ്പാദിക്കുവാൻ പണം ആവശ്യമെയില്ല. സമാധാനവും അഭ്യുദയവും വിളങ്ങിക്കൊണ്ടിരിക്കുന്ന കാലമെല്ലാം, ഈ കാൎയ്യങ്ങളെല്ലാം സ്ഥിരോത്സാഹംകൊണ്ടു തന്നെ സാധിപ്പാൻ കഴിയുന്നതാകുന്നു.

ആകയാൽ ഒന്നാമതായി ഓൎക്കേണ്ടതെന്തെന്നാൽ, തൻെറ ശക്തിയേറിയ കപ്പൽ സേനകളാൽ, ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും സമാധാന രക്ഷക്കാവശ്യമായവയെ സദാ നിവൃത്തിപ്പിച്ചുപോരുന്ന, ഇന്ത്യയുടെ ചക്രവൎത്തിയായ കരുണാവാരിധിയായ അഞ്ചാം ജോൎജ്ജു രാജപരൻെറ ഔദാൎയ്യ സമേതമായ പരിപാലനംകൊണ്ടു, ഫലപുഷ്ടിയോടുകൂടിയ ഈ രാജ്യം സമാധാന സമ്പത്തോടെ സ്വസ്ഥമായിരിക്കുന്നുവെന്നുള്ള കാൎയ്യംതന്നെ.

ഇന്ത്യയിലുള്ള തന്റെ എല്ലാ പ്രജകളാലും അത്യന്തം സ്നേഹിക്കപ്പെട്ടുകയും, തന്റെ മരണത്താൽ അവരെയെല്ലാവരെയും ദുഃഖസാഗരത്തിൽ മുഴുകുമാറാക്കുകയും ചെയ്തു, കരുണാവാരിധിയായ ഏഴാം എഡ്വേർഡ് ചക്രവൎത്തി, നിങ്ങളുടെ രാജ്യത്തിൽ പ്ലേഗെന്ന മഹാരോഗം അതി കഠിനമായി പ്രബലപ്പെട്ട് നിങ്ങളുടെ പ്രജകൾ കഷ്ടപ്പെട്ടുകൊണ്ടിരുന്നകാലത്ത്, നിങ്ങളുടെ പ്രജകൾക്ക് അവരെ ധൈൎയ്യപ്പെടുത്തുന്നതായും, അവരോടു സഹതപിക്കുന്നതായുമുള്ള ഒരു ദൂതയച്ചു കൊടുത്തതിന്റെ വാക്കുകൾ ഇന്നും ഇന്ത്യയിലുള്ള ഏവരുടെയും ഓൎമ്മയിൽ ഒരു നൂതനവിഷയം എന്നപോലെ വൎത്തിക്കുന്നുണ്ടല്ലൊ.

നിങ്ങളുടെ പ്രജകളുടെ എല്ലാ കഷ്ടപ്പാടുകളിലും, അവരോടു സഹതപിക്കുന്ന ഒരു ഹൃദയമാകുന്നു നമ്മുടെ ചക്രവൎത്തിയുടേത്. അവിടുത്തെ സംരക്ഷണയുടെ കീഴിൽ, ശത്രുഭയം കൂടാതെ സമാധാനമനുഭവിച്ചുകൊണ്ടു് നിങ്ങളുടെ പ്രജകൾ ജ്ഞാനപൂൎവ്വമായ അഭ്യസനത്താലും, വിശേഷമായി വിഴവചിക്കപ്പെട്ട വിദ്യാഭ്യാസത്താലും, കാലക്രമേണ അവരുടെ ക്ഷേമം, സുഭിക്ഷത, അഭ്യുദയം എന്നിവക്കുതകുന്ന എല്ലാ അറിവും ലഭിച്ചവരായിത്തീരണമെന്നുള്ളതാണ് തിരുമനസ്സിലെ വാഞ്ഛ.

ജനങ്ങളുടെ ഇടയിൽ കഠോരനാശത്തെ ചെയ്യുന്ന എല്ലാ രോഗങ്ങളുടെയും കാരണങ്ങളെ, ഇന്ത്യാനിവാസികൾ എല്ലാവരും മനസ്സിലാക്കിക്കഴിയുമ്പോൾ, ആ രോഗങ്ങളിൽനിന്നുള്ള രക്ഷാമാൎഗ്ഗം മിക്കവാറും അവരോടടുത്തിരിക്കുന്നതാണെന്നും, ആ മാൎഗ്ഗത്തിലേക്കു പ്രവേശിപ്പാൻ അവൎക്കനായാസേന സാധിക്കുന്നതാണെന്നുമുള്ള ആ വലിയ സത്യത്തെ കാണ്മാൻ അവരുടെ കണ്ണുകൾ തുറക്കപ്പെടുന്നതാകുന്നു.

ശുഭം ഭവതു."

G.57
250656